B 22/124



222

B 72/124
B-189.

# തിരുമുമ്പിൽ

അഥവാ

## പീററർ ജൂലിയൻ ഏമാർഡ്.

★

പരിഭാഷകന്മാർ:

ഫാദർ ജെ. പുതിയാപറമ്പിൽ, ബി. എ.
,, എ. പവ്വത്തു്.
,, എ. പുത്തൻകളം.
,, എം. പൊയ്യത്തുരുത്തി.

LIBRARY 15458

★

പ്രകാശനം എസ്. എച്ച്. ലീഗിന്.

കോപ്പി 1000. — വില 1—10—0

---

PRINTED AT THE
MAR THOMA SLEEHA PRESS,
ALWAYE. 1949.

M/208-222
PUT

*Nihil Obstat:*

Fr. AURELIAN O. C. D.

*Ap. Seminary.*
*Alwaye, 15-2-1949.*

*Imprimatur:*

✝ JOSEPH ATTIPETTY,
Abp. of Verapoly.

*Ernakulam,*
*25-2-1949.*

# പ്രസ്താവന.

ഒരു ജീവചരിത്രമാണ് ഈ ഗ്രന്ഥം. "വൈദികന്മാരുടെ ദിവ്യകാരുണ്യസഖ്യം" "അൽമായരുടെ ദിവ്യകാരുണ്യസഖ്യം" എന്നിവയുടെ സ്ഥാപകനും, "ദിവ്യകാരുണ്യത്തിൻെറ അപ്പസ്റ്റോലൻ" എന്ന അപരനാമത്താൽ ലോകത്തിനു അറിയപ്പെട്ടുന്നവനുമായ, അനുഗൃഹീതനായ പീററർ ജൂലിയൻ ഏമാർഡാണ് ഈ ഗ്രന്ഥത്തിലെ കഥാപുരുഷൻ. "Blessed Peter Julian Eymard" എന്ന ഇംഗ്ലീഷ് ഗ്രന്ഥമാണ് ഈ പരിഭാഷയുടെ മൂലം. അതിസൂക്ഷ്മങ്ങളായ ചില വിവരങ്ങൾ വിട്ടുകളഞ്ഞിട്ടുണ്ടെങ്കിലും മൂലത്തെ ഞങ്ങൾ കഴിയുന്നതും അനുകരിച്ചിട്ടുണ്ട്.

ഈ ഗ്രന്ഥരചനയിൽ ഞങ്ങൾ ചിലരോടെല്ലാം കടപ്പെട്ടിട്ടുണ്ട്. അവരിൽ പ്രഥമസ്ഥാനം അർഹിക്കുന്നതു് അവതാരികാകർത്താവുതന്നെയാണ്. പ്രൗഢമായ ഒരു അവതാരികയാൽ ഈ ഗ്രന്ഥത്തിന് ഒരു തൊട്ടുകുറി ചാർത്തിയതിന് ഞങ്ങൾ അദ്ദേഹത്തോട്ട് എന്നും കൃതജ്ഞതയുള്ളവരായിരിക്കും. ഈ ഗ്രന്ഥത്തിൻെറ അസ്തിത്വത്തിനു കാരണഭൂതൻ റവ. ഫാദർ സഖറിയാസ് ഒ. സി. ഡി. അവർകളാണ്. അദ്ദേഹത്തിനു ഞങ്ങളുടെ കൂപ്പുകൈ. കയ്യെഴുത്തുപ്രതികൾ നോക്കി ഭാഷാസംബന്ധമായ തിരുത്തലുകൾ ചെയ്തതിനു മിസ്റ്റർ എം. ഒ. ജോസഫ് നെടുങ്കുന്നം അവർകൾക്ക് ഞങ്ങളുടെ ഹൃദയംഗമമായ നന്ദി. ഇതിൻെറ മുദ്രണം നിർവ്വഹിച്ചതിന് റവ. ഫാദർ മാത്യൂ വടക്കേലിനോടും മാർ തോമ്മാ ശ്ലീഹാ പ്രസ്സ് ഭാരവാഹികളോടും ഞങ്ങൾ കടപ്പെട്ടവരാണ്.

"വൈദികന്മാക്കവേണ്ടി എന്തും ചെയ്യാൻ ഞാൻ സന്നദ്ധനാണ്" എന്നൽഘോഷിച്ച അനുഗ്രഹീതനായ പീററർ ജൂലീയൻ എമാർഡിൻെറ ഈ ജീവചരിത്രഗ്രന്ഥത്തെ, ഞങ്ങളുടെ പൗരോഹിത്യപദപ്രാപ്തിയുടെ എളിയ സ്മാരകമായി സമപ്പിച്ചുകൊള്ളുന്നു.

എന്ന്,

രചയിതാക്കൾ.

# അവതാരിക.

സുപ്രസിദ്ധമായ മംഗലപ്പുഴ സെമ്മിനാരിയിൽനിന്നു പ്രകാശനംചെയ്യുന്ന "തിരുമുമ്പിൽ" അഥവാ "അനുഗൃഹീതനായ പീററർ ജൂലിയൻ എമാർഡ്" എന്ന വിശിഷ്ടഗ്രന്ഥം സഹൃദയന്മാരുടെ സന്നിധാനത്തിൽ അവതരിപ്പിക്കുന്നതിന് എനിക്ക് അനല്പമായ സന്തോഷമുണ്ട്. പ്രസ്തുത സെമ്മിനാരി കേരളീയരുടെ സാഹിത്യപരവും സാംസ്കാരികവും സാന്മാർഗ്ഗികവുമായ സമുത്കർഷത്തിനുവേണ്ടി ചെയ്തുകൊണ്ടിരിക്കുന്ന നാനാമുഖങ്ങളായ സേവനങ്ങൾ സുവിദിതങ്ങളാണല്ലോ. ആശയഗംഭീരങ്ങളും ആലോചനാമൃതങ്ങളുമായ എത്രയെത്ര ഗ്രന്ഥതല്ലജങ്ങളാണ് അവിടെനിന്നും പ്രസിദ്ധീകൃതങ്ങളായിട്ടുള്ളതു്! അവയിൽ സമുന്നതമായ ഒരു സ്ഥാനമർഹിക്കുന്ന ഒന്നാണ് "തിരുമുമ്പിൽ" എന്ന ഈ വിശിഷ്ടഗ്രന്ഥം.

'ദിവ്യകാരുണ്യസഭ'യുടെ സ്ഥാപകനായ പീററർ ജൂലിയന്റെ ത്യാഗസമ്പന്നവും കീർത്തിസുരഭിലവുമായ ജീവിതത്തെ അധികരിച്ച് റവ. ഫാദർ ആൽബർട്ട് തെസ്സ്നീയർ എസ്സ്. എസ്സ്. എസ്സ്. എന്ന പണ്ഡിതൻ ഫ്രഞ്ചു ഭാഷയിൽ മനോഹരമായ ഒരു ജീവചരിത്രഗ്രന്ഥം വിരചിച്ചിട്ടുണ്ട്. കഥാനായകന്റെ മഹിമാതിശയത്താലും പ്രതിപാദനരീതിയുടെ ഹൃദയംഗമത്വത്താലും പ്രസ്തുത കൃതി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ജനങ്ങളുടെ സവിശേഷമായ ശ്രദ്ധയ്ക്കു് അചിരേണ പാത്രമായിത്തീൎന്നു. തന്മൂലം പല ഭാഷകളിലേയ്ക്കും ഈ കൃതി തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ സുന്ദരമായ ഒരു വിവർത്തനംകൊണ്ടു കൈരളിയും ഇപ്പോൾ ധന്യയായിത്തീൎന്നിരിക്കുന്നുവെന്നുള്ളതു് ഏററവും ചാരിതാർത്ഥ്യജനകമാണ്.

ഭാഷാസാഹിത്യത്തിലെ ജീവചരിത്രശാഖ ഇനിയും വേണ്ടപോലെ അഭിവൃദ്ധി പ്രാപിച്ചിട്ടില്ലെന്നുള്ളതു് ശോചനീയമായ ഒരു പരമാർത്ഥം മാത്രമാണ്. മഹാന്മാരുടെ മാതൃകാ

പരമായ ജീവിതം ഹൃദ്യമായ രീതിയിൽ വിവരിക്കുന്ന ഉത്തമ കൃതികൾ ഏതൊരു സാഹിത്യത്തിനും ഭൂഷണവും ജനങ്ങൾക്കു മാർഗ്ഗദർശകവുമാണെന്നുള്ളതു് നിർവിവാദമാണ്. മഹാത്മജി, ജവഹർലാൽ നെഹ്റു തുടങ്ങിയ രാഷ്ട്രീയനേതാക്കന്മാരുടേയും സി. വി. രാമൻപിള്ള, പി. കെ. നാരായണപിള്ള തുടങ്ങിയ സാഹിത്യകാരന്മാരുടേയും ജീവചരിത്രങ്ങൾ കൈരളിക്ക് അഭിമാനംകൊള്ളാവുന്ന നേട്ടങ്ങളാണെന്നിരുന്നാലും ആദ്ധ്യാത്മികപ്രഭാപൂരംപൊഴിയുന്ന മഹാന്മാരുടെ ജീവിതകഥകൾ മലയാളഭാഷയിൽ ഇന്നും അംഗുലീപരിമിതമായിട്ടാണിരിക്കുന്നതു്. ഉൽകൃഷ്ടമായ ഈ ഗ്രന്ഥം ഭാഷാസാഹിത്യത്തിലെ ശുഷ്കമായ ജീവചരിത്രശാഖയെ പരിപോഷിപ്പിക്കുമെന്നു നമുക്കു ന്യായമായി പ്രതീക്ഷിക്കാം.

അനുഗൃഹീതനായ ജൂലിയൻ ഐമാർഡിൻെറ ജീവിതം മഹനീയമായ ഒരു ആദ്ധ്യാത്മികസന്ദേശത്തെ ആവഹിച്ചിരുന്നു. ജഡികവും ലൗകികവുമായ പ്രലോഭനങ്ങളാൽ വലയം ചെയ്യപ്പെട്ടിരിക്കുന്ന മനുഷ്യാത്മാവിനു സ്ഥായിയായ സൗഭാഗ്യം അനുഭവപ്പെടുന്നതു് അതിൻെറ പരമാന്ത്യമായ സ്രഷ്ടാവിനെ പ്രാപിക്കുമ്പോൾ മാത്രമാണ്. "കർത്താവേ, അങ്ങുന്നു ഞങ്ങളെ അങ്ങേയ്ക്കായി സൃഷ്ടിച്ചു; അങ്ങയിൽ വിശ്രമിക്കുന്നതുവരെ ഞങ്ങളുടെ ഹൃദയം അസ്വസ്ഥമായിരിക്കും," എന്ന് വി. അഗസ്റ്റിൻ സ്വാനുഭവത്തെ ആസ്പദമാക്കി പ്രസ്താവിച്ചിട്ടുള്ള സുസ്മരണീയങ്ങളായ വാക്കുകളിൽ അന്തർലീനമായിരിക്കുന്ന ഈ തത്വത്തിൻെറ ആവിഷ്കരണമാണ് ജൂലിയൻ ഐമാർഡിൻെറ ജീവിതം. ഈശോയെ സമീപിക്കുക, ഈശോയോടു സംസാരിക്കുക, ഈശോയെ അനുഭവിക്കുക — ഈദൃശമായ അഭിനിവേശമാണ് ബാല്യംമുതലേ ഈ പുണ്യാത്മാവിനെ ആവേശംകൊള്ളിച്ചിരുന്നതു്. കേവലം ഒരു പിഞ്ചുപൈതലായിരുന്നപ്പോൾത്തന്നെ ദിവ്യകാരുണ്യസ്ഥിതനായ ഈശോയുടെ പ്രഭാഷണാമൃതം ആസ്വാദിക്കുവാൻവേണ്ടി ആരും അറിയാതെ ബലിപീഠത്തിൽ ഇഴഞ്ഞുകയറി ദിവ്യസക്രാരിയിന്മേൽ തലയും ചായിച്ചിരിക്കുന്ന കാഴ്ച ഏതൊരു ഹൃദയത്തേയാണ് ആദ്ധ്യാത്മികചൈതന്യനിർഭരമാക്കാത്തതു് ! കാലത്തിൻെറ

തികവിൽ ഈ പുണ്യാത്മാവ് ദിവ്യകാരുണ്യസ്ഥാപകനെന്ന നിലയിൽ അഖിലലോകപ്രശസ്തനായിത്തീൎന്നെങ്കിൽ അതിൽ ഒട്ടും അത്ഭുതപ്പെടേണ്ടതില്ല.

ഇങ്ങനെ ആദ്ധ്യാത്മികചൈതന്യം തുളുമ്പുന്ന പുണ്യചരിതങ്ങളുടെ പ്രചാരം ആധുനികകാലത്ത് ഏററവും അത്യാവശ്യമാണെന്നുകൂടി പറയേണ്ടിയിരിക്കുന്നു. മനുഷ്യഹൃദയങ്ങളിൽനിന്നു ദൈവവിശ്വാസത്തേയും സന്മാൎഗ്ഗബോധത്തേയും വേരോടെ പിഴുതുകളയുവാൻവേണ്ടി രാഷ്ട്രം, ശാസ്ത്രം, സാഹിത്യം എന്നീ ഉപാധികളിൽക്കൂടി സുസംഘടിതവും സുശക്തവുമായ ശ്രമം നടന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. അപഥസഞ്ചാരത്തിൻെറ ഫലമായി മനുഷ്യസമുദായത്തിൽ അടിക്കടി വിനാശകരങ്ങളായ അനൎത്ഥങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നുണ്ടെങ്കിലും ലോകായതികത്വം ഉപേക്ഷിച്ച് ആദ്ധ്യാത്മികത്വത്തിലേയ്ക്കു തിരിച്ചുവരുവാൻ ഇന്നും പരിഷ്കൃതലോകം സന്നദ്ധമായിക്കാണുന്നില്ല. ലോകമെങ്ങുമുള്ള സാമാന്യജനങ്ങൾ അന്യോന്യവിരുദ്ധങ്ങളായ ജീവിതതത്വശാസ്ത്രങ്ങളുടെ വടംവലിയിൽക്കുടുങ്ങി നട്ടംതിരിയുകയാണ്. ഈ സ്ഥിതിയിൽനിന്നും മാനവവംശത്തെ സമുദ്ധരിക്കുന്നതിന് ആദ്ധ്യാത്മികമായ ഒരു പുനരുജ്ജീവനം കൂടിയേ കഴിയൂ. അതു സാധിതപ്രായമാക്കുവാൻ ജൂലിയൻ ഏമാർഡിനെപ്പോലെയുള്ള മഹാത്മാക്കളുടെ ജീവചരിത്രപഠനം സാരമായി സഹായിക്കുമെന്നുള്ളതു നിസ്സംശയമാണ്.

എന്നാൽ ഈദൃശഗ്രന്ഥങ്ങളുടെ നേരെ ഒരു കൂട്ടം പുരോഗമനസാഹിത്യപ്രണയികൾ നെററി ചുളിച്ചുവെന്നു വന്നേക്കാം. അസാന്മാൎഗ്ഗികത്വത്തിലേയ്ക്കും നിരീശ്വരത്വത്തിലേയ്ക്കുമുള്ള പ്രയാണമാണു യഥാൎത്ഥ പുരോഗമനമെന്നു തെററിദ്ധരിച്ചിട്ടുള്ള ചില സാഹിത്യകാരന്മാർ ദൂഷിച്ച ആശയങ്ങളെ ഗൎഹണീയമായ രീതിയിൽ പ്രതിപാദിച്ചു പ്രചരിപ്പിക്കുന്നതിൽ അത്യുത്സുകരായി വൎത്തിച്ചുപോരികയാണിപ്പോൾ. എങ്കിലും സാഹിത്യത്തിൻെറ ഈ വഴിപിഴച്ച പോക്കു കണ്ട് അസ്വാസ്ഥമായിരിക്കുന്ന സഹൃദയലോകം ഈ ഗ്രന്ഥത്തിലെ പ്രശസ്യമായ കഥാവസ്തുവിലും ലളിതവും അക്ലിഷ്ടവുമായ

ഭാഷാരീതിയിലും, മൂലഗ്രന്ഥത്തിന്റെ ഭംഗിയും പ്രൌഢിയും ഒട്ടും നഷ്ടപ്പെടുത്താതെ നിർവ്വഹിച്ചിട്ടുള്ള പരിഭാഷയിലും ഒരുത്തമ സാഹിത്യഗ്രന്ഥത്തിന്റെ ഗുണപൌഷ്കല്യം ദർശിക്കുമെന്നും തദർഹമായ ഒരു സ്വീകരണം ഇതിനു നല്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

പൌരോഹിത്യപദം തന്റെ ജീവിതത്തിന്റെ പ്രഥമ ലക്ഷ്യമായിക്കരുതുകയും തന്റെ മാർഗ്ഗമദ്ധ്യേ പരിതസ്ഥിതി സൃഷ്ടിച്ചുവച്ച പ്രതിബന്ധങ്ങളെയെല്ലാം ജയിച്ച് ഒടുവിൽ ഉൽകൃഷ്ടമായ ആ ലക്ഷ്യം പ്രാപിക്കുകയും ചെയ്ത ഒരു മഹാത്മാവിന്റെ ജീവിതത്തെ അധികരിച്ചുള്ള ഒരു ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണംകൊണ്ടു തങ്ങളുടെ വൈദികസ്ഥാനാരോഹണത്തിന് അനുയോജ്യമായ ഒരു സ്മാരകം നിർമ്മിച്ചിട്ടുള്ള ഗ്രന്ഥകാരന്മാർ തികച്ചും അഭിനന്ദനാർഹരാണ്. മഹനീയമായ പൌരോഹിത്യപദലബ്ധിയിൽ അവരെ ഞാൻ ഹൃദയപൂർവ്വം അനുമോദിക്കുന്നു. വാസനാസമ്പന്നരായ ഈ യുവസാഹിത്യകാരന്മാരുടെ പ്രയത്നവല്ലിയിൽ ഉൽകൃഷ്ടങ്ങളായ സാഹിത്യകുസുമങ്ങൾ വീണ്ടുംവീണ്ടും മൊട്ടിട്ടു വിടർന്നു വികസിച്ച്, കത്തോലിക്കാസാഹിത്യാരാമത്തെ സൌരഭ്യപൂരിതമാക്കുമെന്നു പ്രത്യാശിച്ചുകൊണ്ടും ഈ ഗ്രന്ഥത്തിനും തൽകർത്താക്കൾക്കും സകല വിജയങ്ങളും ആശംസിച്ചുകൊണ്ടും ഈ ഗ്രന്ഥത്തെ ഞാൻ ബഹുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

ഫാദർ സേവ്യർ കണിയാമ്പുറത്ത്,
എൽ. പി എച്ച്., എസ്. റ്റി. എൽ., എം. ഏ.,
പ്രിൻസിപ്പാൾ, സെൻറ് ആൽബർട്ട്സ് കോളേജ്,
എറണാകുളം.

സെൻറ് ആൽബർട്ട്സ് കോളേജ്,
എറണാകുളം,
19 മാർച്ച് 1949.

# തിരുമുമ്പിൽ

അഥവാ

## അനുഗൃഹീതനായ പീററർ ജൂലിയൻ ഏമാർഡ്.

---

## ഒന്നാം അദ്ധ്യായം

### ബാല്യവും യൗവനവും.

---

"ദിവ്യകാരുണ്യസഭയിൽ അംഗമാകുവാനുള്ള ഭാഗ്യം എനിക്കു നല്കി എന്നതു ദൈവം എന്നെ എത്രമാത്രം സ്നേഹിക്കുന്നുവെന്നുള്ളതിനു ലക്ഷ്യമാകുന്നു. അവിടുന്ന് എനിക്കു തന്നിട്ടുള്ള അനുഗ്രഹങ്ങൾ എല്ലാംതന്നെ ഈ ഉദ്ദേശ്യത്തെ ലാക്കാക്കിയുള്ളവയാണ്. ഈശോ എന്നിലും ഞാൻ ഈശോയിലും വസിക്കുന്നതിനുള്ള മഹാഭാഗ്യത്തിനു കാരണഭൂത, വത്സല മാതാവായ പരിശുദ്ധ കന്യകാമറിയമത്രേ." ഈ വാക്കുകൾ ദിവ്യകാരുണ്യസഭാസ്ഥാപകനായ പീററർ ജൂലിയൻ ജീവിത സായാഹ്നകാലത്ത് ഒരിക്കൽ ഡയറിയിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. അനുഗൃഹീതനായ ജൂലിയൻെറ ഈ വചനങ്ങൾ എപ്രകാരമാണു നിവൃത്തിയായതെന്ന് ഈ ഗ്രന്ഥത്തിൻെറ തുടർന്നുള്ള പക്ഷങ്ങളിൽനിന്നു നമുക്കു ഗ്രഹിക്കാൻ സാധിക്കും. പരിശുദ്ധ കന്യകയുടെ മാദ്ധ്യസ്ഥ്യംമൂലം ദിവ്യകാരുണ്യഭക്തിയും അതുവഴി പ്രസാദവരങ്ങളും കഥാനായകനിൽ എപ്രകാരം മൊട്ടിട്ടു വികാസം പ്രാപിച്ചുവെന്നറിയുവാൻ അദ്ദേഹത്തിൻെറ ജീവിതസംഭവങ്ങളുടെ ദിങ്മാത്രകഥനം മാത്രം മതിയാകുന്നതാണ്.

1811 ഫെബ്രുവരി നാലാം തീയതി 'ലാമൂരേദേതുസേരേ' എന്ന സ്ഥലത്തു കഥാനായകൻ ഭൂജാതനായി. ജ്ഞാനസ്നാനത്തിൽ പീററർ ജൂലിയൻ എന്ന നാമധേയമാണ ശിശുവിനു നല്കപ്പെട്ടത്. വി. കുർബാനയുടെ വാഴ്വിനുള്ള സമയം സൂചിപ്പിക്കുന്ന മണിനാദം അന്തരിക്ഷത്തിൽ മാറെറാലിക്കൊള്ളുമ്പോൾ ജൂലിയൻെറ മാതാവ് അവനെ തൊട്ടിലിൽനിന്നു മെടുത്തു ദേവാലയത്തിലെത്തി ദിവ്യകാരുണ്യനാഥനു സമർപ്പിക്കും. ഭക്തയായ ഈ മാതാവു ദീർഘസമയം ദേവാലയത്തിൽ ചെലവഴിക്കുക പതിവായിരുന്നു. എന്നാൽ ശിശുവായ ജൂലിയനാകട്ടെ ദേവാലയംവിട്ടു പോകുവാൻ ശാഠ്യപ്പെടുകയോ, അമ്മയുടെ പ്രാർത്ഥനയ്ക്കു തടസ്സം വരുത്തിവയ്ക്കുകയോ ചെയ്തിരുന്നില്ല. ഇപ്രകാരമുള്ള ദിവ്യകാരുണ്യസന്ദർശനമാണ തൻെറ ദൈവാനുഗ്രഹസിദ്ധിക്കു കാരണമായതെന്നും സകല ക്രൈസ്തവമാതാക്കളും ഈ മാതൃക അനുകരിക്കുന്നത് ഉത്തമമായിരിക്കുമെന്നും പില്ക്കാലത്തു ജൂലിയൻ പറയുകയുണ്ടായി. ബാല്യകാലം മുതല്ക്കേ ജൂലിയൻ തൻെറ ഹൃദയത്തിൽ ദിവ്യകാരുണ്യത്തിന് അതിപ്രധാനമായ സ്ഥാനം കൊടുത്തിരുന്നു. നമ്മുടെ മദ്ധ്യേ വാണരുളുന്ന ദിവ്യനാഥനുമായുള്ള പിരിയാത്ത സഖിത്വവും മനുഷ്യരക്ഷയ്ക്കായുള്ള അവിടുത്തെ നിത്യബലിയിൽ അവിടുന്നുമായുള്ള പരമൈക്യവുമാണ്, ദിവ്യകാരുണ്യഭക്തിയുടെ രണ്ട് അവശ്യഘടകങ്ങളെന്ന് ആ ഇളംപ്രായത്തിൽതന്നെ അവൻ ഗ്രഹിച്ചിരുന്നു.

ജൂലിയന് അഞ്ചു വയസ്സായിരിക്കുകയിൽ ഒരു ദിവസം ആരുമറിയാതെ അവൻ വീട്ടിൽനിന്നും ഇറങ്ങിപ്പോയി. അവൻെറ സഹോദരി തിടുക്കത്തിൽ അന്വേഷണം തുടങ്ങി. ദേവാലയത്തിൽ ദിവ്യസക്രാരിയിന്മേൽ തലചായിച്ചുകൊണ്ടിരിക്കുന്നതായി അവനെ കണ്ടെത്തി. "പ്രിയ കുഞ്ഞേ, നീ എന്താണീ ചെയ്യുന്നത്" ശകാരപൂർവ്വമായ സ്വരത്തിൽ അവൾ ചോദിച്ചു.

"ഞാൻ പ്രാർത്ഥിക്കുകയാണ്."

"പ്രാർത്ഥിക്കുന്നതിന് ഇത്ര ഉയരത്തിൽ കയറണമെന്നുണ്ടോ?"

"എൻെറ ഈശോയോടു സംസാരിക്കുന്നതിനും അവിടു

ത്തെ കേൾക്കുന്നതിനും ഇതാണു കൂടുതൽ സൗകര്യം."

അതേ, ജൂലിയൻ ദിവ്യനാഥനുമായി നമ്മസംഭാഷണത്തിൽ ഏർപ്പെട്ടിരിക്കയായിരുന്നു. അവിടുത്തെ മധുരവചസ്സുകൾ ശ്രവിക്കുകയായിരുന്നു. ദൈവജനനിയും മഗ്ദലേനാമറിയവും ചെയ്തതുപോലെ അവൻ ഇതാ ശ്രേഷ്ഠതരമായ ഭാഗം തെരഞ്ഞെടുത്തിരിക്കുന്നു. ദിവ്യസക്രാരിയുടെ സമീപം ഇരുന്ന് അവിടുത്തെ ശ്രവിക്കുന്നതുകൊണ്ടു മാത്രം ജൂലിയൻ സംതൃപ്തനായില്ല. ഈശോയെ ഹൃദയത്തിൽ സ്വീകരിക്കുന്നതിന് അതിയായി അവൻ ആഗ്രഹിച്ചു. സഹോദരി 'മരിയാനെ' വി. കുർബാന കൈക്കൊള്ളുന്നതു കണ്ടു ജൂലിയൻ ഇപ്രകാരം പറഞ്ഞു; "പലപ്പോഴും ഈശോയെ സ്വീകരിക്കുന്ന നീ ഭാഗ്യവതി തന്നെ. ദയവായി എനിക്കുവേണ്ടി ഒരു പ്രാവശ്യം ഈശോയെ സ്വീകരിക്കാമോ?"

"നിനക്കുവേണ്ടി എന്താണു ഞാൻ ചോദിക്കേണ്ടത്?"

"ഞാൻ സൗമ്യനും ശാന്തശീലനും നിഷ്കളങ്കനും ഒരു വൈദികനും ആകുന്നതിന്."

വൈദികനാകുക-അതായിരുന്നു ആ നിർമ്മലബാലൻെറ ബാല്യം മുതൽ ഹൃദയത്തിൽ അങ്കുരിച്ചിരുന്ന ഏകാഭിലാഷം. മിശിഹായുടെ മുന്തിരിത്തോട്ടത്തിൽ ജോലി ചെയ്യുവാൻ ശേഷിയും ജീവിതവിശുദ്ധിയും ഉള്ള ആത്മാക്കൾ അനവധിയുണ്ട്. എന്നാൽ ഭവനവും പരിസരങ്ങളും അവരുടെ ദൈവവിളിക്കു പലപ്പോഴും പ്രതിബന്ധങ്ങളായി നിലകൊള്ളുന്നു. ജൂലിയൻെറ സ്ഥിതി ഇതിനു നേരെ വിപരീതമായിരുന്നു. അവൻെറ വത്സലമാതാവ് അവനു പ്രാർത്ഥനയ്ക്കു വേണ്ട അഭ്യസനവും അവസരവും നല്കിയതോടൊപ്പം സുകൃതാഭ്യസനത്തിനും ആത്മപരിത്യാഗത്തിനും പ്രചോദനവും നല്കിയിരുന്നു. ശിശുവിൽ ഇന്ദ്രിയനിഗ്രഹത്തിൻെറയും തപസ്സിൻെറയും ചൈതന്യം ഉളവാക്കുന്നതിന്, തൊട്ടിലിൽ കിടത്തുന്നതിനു പകരം, വെള്ളിയാഴ്ചതോറും വയ്ക്കോലിൽ ആണ് അവനെ കിടത്തിയിരുന്നത്. കുഞ്ഞിൻെറ ഹൃദയം ഫലഭൂയിഷ്ഠമായ ഒരു ഭൂമിയായിരുന്നു. അതിൽ സുകൃതങ്ങളാകുന്ന വിത്തുകൾ കിളുത്തു ഫലങ്ങൾ പുറപ്പെടുവിക്കുവാൻ തുടങ്ങി. ജൂലിയനെ വളർത്തുന്ന

തിൽ അവൻെറ മാതാവിനു യാതൊരു ബുദ്ധിമുട്ടും നേരിട്ടില്ല. ജൂലിയൻ പരിപൂൎണ്ണതയുടെ അത്യുച്ചിയിൽ എത്തിയിരുന്നുവെന്ന് ഇതുകൊണ്ട് അൎത്ഥമാക്കരുത്. ശിശുസഹജമായ ജിജ്ഞാസയുടെ ഫലമായി ചില്ലറ കുററങ്ങൾ, നിസ്സാരമായ അനുസരണക്കേടുകൾ, വ്യൎത്ഥാഭിമാനം മുതലായ മാനുഷിക ബലഹീനതകൾക്ക് അവനും വിധേയനായിരുന്നു. എന്നാൽ ഇത്തരം തെററുകൾ അവയുടെ ആരംഭത്തിൽതന്നെ മാതാവിനു ദൃശ്യമാകയും അവസ്ഥ തക്ക ശിക്ഷ ജൂലിയനു ലഭിക്കയും ചെയ്തിരുന്നു. ജൂലിയൻെറ ജീവിതത്തിൽ ഒരു വലിയ പാപമായി അവൻ പരിഗണിച്ചിരുന്നതും മരണത്തിനു കുറച്ചു ദിവസങ്ങൾക്കു മുൻപുവരെ തക്ക പരിഹാരം ചെയ്തിരുന്നതുമായ ഒരു പ്രവൃത്തി നമ്മുടെ ശ്രദ്ധയ്ക്കു വിഷയമാകേണ്ടതാണ്. 'നെപ്പോളിയൻ ബോണപാർട്ട്' ഏതാനും യോദ്ധാക്കളോടുകൂടി 'എൽബായി'ൽ നിന്നും 'ലാമൂരേ'യിൽ കൂടി കടന്നുപോയിട്ടു മൂന്നു ദിവസങ്ങൾ കഴിഞ്ഞിരിക്കുന്നു. സൈനികപ്രകടനങ്ങൾ വീക്ഷിക്കുന്നതിൽ കുട്ടികൾക്കു അസാധാരണമായ കൗതുകം ഉളവാകുന്നതു സഹജമാണ്. പടയാളികളുടെ ഉഷ്ണീഷത്തിൽ ധരിക്കുന്ന തൂവൽ ആയുധസംഭരണശാലയിൽ കിടക്കുന്നതായി ഒരിക്കൽ ജൂലിയൻ കണ്ടു. അതു കൈവശപ്പെടുത്തുവാൻ അവന് അതിയായ ആഗ്രഹമുളവായി. സംഭരണശാലയിൽ ആരുമില്ലാതിരുന്ന തക്കം നോക്കി അതിൽ പ്രവേശിച്ചു തൂവൽ കരസ്ഥമാക്കി. എന്നാൽ വാതിൽപ്പടി കടക്കുന്നതിനു മുമ്പു തന്നെ അവൻ തൻെറ പ്രവൃത്തിയെപ്പററി പശ്ചാത്തപിക്കുകയും തിരിച്ചുചെന്നു തൂവൽ കിടന്ന സ്ഥലത്തുതന്നെ ഇട്ട ശേഷം വായുവേഗത്തിൽ സ്ഥലം വിടുകയും ചെയ്തു.

ജഡികാഭിലാഷങ്ങളാൽ ലോകത്തോടു നാം ബന്ധപ്പെട്ടിരിക്കുന്നിടത്തോളം കാലം പാപങ്ങൾക്കു വശംവദരാകാൻ എളുപ്പമധികമുണ്ട്. ഈ വസ്തുതയ്ക്കു വിശുദ്ധർപോലും വ്യത്യസ്തരായിരിക്കുന്നില്ല. എന്നാൽ പാപത്തിൽനിന്നു വിട്ടകലുന്നതിനും ചെയ്ത പാപത്തിനു പരിഹാരം ചെയ്യുന്നതിനും അവൎക്കു നല്ലവണ്ണം അറിയാം.

## II

പീററർ ജൂലിയൻ എട്ടാമത്തെ വയസ്സു മുതൽ ദൃഢമന സ്സോടുകൂടി സുകൃതപഥത്തിൽ സഞ്ചരിക്കാൻ തുടങ്ങി. അവ ൻെറ ഡയറിയിൽ ഇപ്രകാരം കാണുന്നു. “ദിവ്യകാരുണ്യ സ്വീകരണം – എട്ടാമത്തെ വയസ്സിൽ എനിക്കുണ്ടായിരുന്ന വലിയ ആഗ്രഹം–എൻെറ എല്ലാ പ്രയത്നങ്ങളുടേയും ലക്ഷ്യം.” ഈ ആഗ്രഹം അവൻെറ ഹൃദയത്തിൽ ഉളവാക്കുന്നതിനു ദൈവം ഉപയോഗിച്ച ഉപാധി വിശുദ്ധന്മാരുടെ ജീവചരിത്ര പാരായണമായിരുന്നു. ഈ കാര്യത്തിൽ കുഞ്ഞുങ്ങളെ പ്രോത്സാ ഹിപ്പിക്കണമെന്ന് അവരുടെ മാതാപിതാക്കന്മാരെയും, ഗുരു ക്കന്മാരെയും, പീററർ ജൂലിയൻ വൈദികനായ ശേഷം, ഉദ് ബോധിപ്പിച്ചിരുന്നു. അദ്ദേഹം പറഞ്ഞിരുന്നതിപ്രകാരമാണ്. “കുഞ്ഞുങ്ങൾക്കു വിശുദ്ധരുടെ ജീവചരിത്രം പാരായണം ചെയ്യുന്നതിന് അവസരം കൊടുക്കുക. വി. അലോഷ്യസ് ഗൊൺസാഗായുടെ ജീവചരിത്രം പോലെയുള്ള പുസ്തകങ്ങൾ കുഞ്ഞുങ്ങളെ അതിവേഗം സാന്മാർഗ്ഗിക ജീവിതത്തിലേക്കാനയി ക്കുന്നു. എനിക്ക് എട്ടു വയസ്സായിരിക്കയിൽ ഞാൻ അതു വാ യിക്കുകയും എന്നിൽ അതനേകം വികാരങ്ങൾ ഉളവാക്കുകയും ചെയ്തത് ഇപ്പോഴും ഞാൻ ഓക്കുന്നു.”

വിശുദ്ധന്മാരെപ്പോലെ ധ്യാനം നടത്തുവാൻ ആഗ്രഹം ഉളവായതിനാൽ അതു നടത്തേണ്ട വിധത്തെപ്പററി ജൂലിയൻ സ്വസഹോദരിയോടു ചോദിച്ചു. ധ്യാനാനുഷ്ഠാനത്തിൻെറ സാ ധാരണ രീതി അവൾ അവനെ മനസ്സിലാക്കി; “ഓ, ഇത്രയേ ഉള്ളോ” എന്നു പ്രതിവചിച്ചുകൊണ്ടു വിശുദ്ധരുടെ ഈ അനു ഷ്ഠാനം ദൈവം തന്നെ പഠിപ്പിച്ചിട്ടുണ്ടെന്ന് അവൻ അവളെ സ്വവാക്കുകളാൽ മനസ്സിലാക്കി. വി. ലിഖിതങ്ങൾ സാക്ഷിക്കു ന്നതുപോലെ, നിഷ്കളങ്കരോടും നിരപരാധികളോടും സംസാ രിക്കുന്നതിനു ദൈവത്തിനു ഒരു പ്രത്യേക താല്പര്യമുണ്ട്.

പീററർ ജൂലിയൻ ദിവസവും ദിവ്യബലിയിൽ സംബ ന്ധിച്ചിരുന്നു. ദിവ്യനാഥനുമായി അടുത്തു പെരുമാറുന്നതിനു വേണ്ടി കുർബാനയ്ക്കു ശുശ്രൂഷിക്കുന്ന കുഞ്ഞുങ്ങളുടെ കൂട്ടത്തിൽ

തന്നെയും ചേക്കണമെന്ന് അവൻ അപേക്ഷിച്ചു. ഈ കൃത്യം എത്ര ഭക്തിയോടും തീക്ഷ്ണതയോടുംകൂടി അവൻ നിവ്വഹിച്ചിരുന്നുവെന്നു നമുക്കു മനസ്സിലാക്കാൻ സാധിക്കുന്നത്, ദേവാലയത്തിലേ അവൻെറ പെരുമാററത്തെപ്പററി സഹപ്രവത്തകനായിരുന്ന ഒരാൾ പറയുന്ന വാക്കുകളിൽനിന്നുമാണ്. "ആധ്യാത്മികനിർവൃതി അനുഭവിക്കുന്ന ഒരു വിശുദ്ധനെപ്പോലെ" എന്നായിരുന്നു ആ സാക്ഷ്യം. 'ലാമൂരേ'യിലെ പതിവനുസരിച്ചു ദിവ്യപൂജ ആരംഭിക്കുന്നതിനു മുൻപു വിശ്വാസികളെ വിളിക്കുന്നതിനായി തെരുവീഥിയിൽക്കൂടി ദേവാലയത്തിലെ ഒരു ചെറിയ മണി അടിച്ചുകൊണ്ടു നടക്കുന്ന ബാലനായിരുന്നു ദിവ്യപൂജയിൽ ശുശ്രൂഷിക്കുവാനുള്ള അവകാശം. സ്നേഹിതന്മാരിൽ ആരുംതന്നെ ഈ അവകാശം കൈവശപ്പെടുത്താതിരിക്കുന്നതിനുവേണ്ടി പീററർ ജൂലിയൻ ചിലപ്പോൾ പ്രസ്തുത മണി രാത്രിയിൽതന്നെ വീട്ടിൽ കൊണ്ടുവന്നു സൂക്ഷിച്ചിരുന്നു. സക്രാരിയിൽ പള്ളികൊള്ളുന്ന സ്നേഹരാജാവായ ഈശോയെ സന്ദർശിക്കുന്നതിനു ദിവസംതോറും രണ്ടു പ്രാവശ്യം ജൂലിയൻ ദേവാലയത്തിൽ പൊയ്ക്കൊണ്ടിരുന്നതായി അവൻെറ സഹോദരി സാക്ഷ്യം നല്കുന്നു.

പീററർ ജൂലിയൻെറ പിതാവ് എണ്ണയാട്ടുന്ന ജോലിയാണു നടത്തിയിരുന്നത്. പിതാവിൻെറ ജോലിയിൽ അദ്ദേഹത്തെ അവൻ ആവോളം സഹായിച്ചിരുന്നു. എണ്ണ വാങ്ങുന്നവരുടെയിടയിൽ എണ്ണ വിതരണം ചെയ്യുകയായിരുന്നു അവൻെറ പ്രധാന ജോലി. പ്രസ്തുത ജോലി നിവ്വഹിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ, ഒരു ദേവാലയം കടന്നുപോകേണ്ടിവന്നാൽ ഉടൻതന്നെ ദേവാലയത്തിൽ കയറി ഒരു കോണിൽ എണ്ണഭരണി വച്ചതിനു ശേഷം, ദിവ്യസക്രാരിയിൽ വസിക്കുന്ന ദിവ്യനാഥനെ ആരാധിക്കാതെ അവൻ കടന്നുപോകാറില്ലായിരുന്നു. എണ്ണ വിതരണത്തിന് അധിക സമയം ആവശ്യമില്ലാതിരുന്ന അവസരങ്ങളിൽ വി. കുർബാനയുടെ വിസീത്ത 'കുരിശിൻെറ വഴി'യോടുകൂടി അവസാനിപ്പിക്കുകയായിരുന്നു പതിവ്. മുട്ടിന്മേൽ നിന്നുകൊണ്ട് ഓരോ സ്ഥലത്തും നിലം ചുംബിച്ചും കുരിശിൻെറ ആകൃതിയിൽ കരങ്ങൾ വിരിച്ചുപിടി

ച്ചുകൊണ്ടുമാണു ജൂലിയൻ 'കുരിശിന്റെ വഴി' നടത്തിയിരുന്നത്. വയലുകളിലായിരിക്കുമ്പോഴും ഈ ഭക്തകൃത്യം അവൻ തുടന്നിരുന്നു. ചുള്ളിക്കൊമ്പുകൾകൊണ്ടു കുരിശുകൾ ഉണ്ടാക്കി നിലത്ത് ഉറപ്പിച്ച ശേഷം, കൂട്ടുകാരെ 'കുരിശിന്റെ വഴി' നടത്തുന്നതിന് അവൻ വിളിച്ചിരുന്നു. പ്രസ്തുത കുരിശുകൾ ജൂലിയന്റെ മരണശേഷവും അദ്ദേഹത്തിന്റെ വീട്ടിൽ സൂക്ഷിച്ചിരുന്നതായി പറയപ്പെടുന്നു.

ഈശോയോടുള്ള സ്നേഹത്തോടൊപ്പം ദൈവജനനിയോടും അവന് അപാരമായ ഭക്തിയുണ്ടായിരുന്നു. വളരെ ചെറുപ്പത്തിൽതന്നെ ഒരു ദിവസം ജൂലിയൻ പരുപരുത്ത ഒരു കയറ് അരയിൽ കെട്ടി പരിശുദ്ധ കന്യകാമറിയത്തിന്റെ അൾത്താരയുടെ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്തു തന്നെ അവൾക്കു മുഴുവനായി സമർപ്പിക്കുകയുണ്ടായി. പത്താമത്തെ വയസ്സിൽ 'ലാവൂസ്' എന്ന സ്ഥലത്തുള്ള മാതാവിന്റെ ദേവാലയത്തിൽ പോയി അവൻ ധ്യാനനിമഗ്നനായി എട്ടു ദിവസം കഴിച്ചുകൂട്ടി. പില്ക്കാലത്തും ജൂലിയൻ ഈ ദേവാലയത്തിൽ പോകുകയും ജീവിതയാത്രയിൽ തനിക്കു നേരിട്ടിരുന്ന വിഷമഘട്ടങ്ങളെ തരണംചെയ്യുന്നതിന് ആ നാഥയുടെ സഹായം അപേക്ഷിക്കുകയും ചെയ്തിരുന്നു.

## III

നിർമ്മലമായ ആത്മാക്കളെ ലഭിക്കുന്നതിനാണ് ഈശോ അതിയായി ആഗ്രഹിക്കുന്നത്. ആകയാൽ ജ്ഞാനസ്നാനം സ്വീകരിച്ചപ്പോൾ ലഭിച്ച ദൈവവരപ്രസാദമാകുന്ന നിർമ്മലവസ്ത്രം, ജീവിതകാലത്ത് ഒരിക്കൽപോലും, പാപക്കറകൊണ്ടു മലീമസമാക്കുവാൻ ജൂലിയൻ അനുവദിച്ചിട്ടില്ല. പ്രഥമദിവ്യകാരുണ്യസ്വീകരണത്തിനു വളരെ നാൾ മുൻപുതന്നെ പാപസങ്കീർത്തനം നടത്തണമെന്നു ജൂലിയൻ ആഗ്രഹിച്ചിരുന്നു. പക്ഷെ ആ ആശ സഫലമാക്കുന്നതിന് അധികാരികൾ അനുവദിച്ചില്ല. പ്രഥമദിവ്യകാരുണ്യസ്വീകരണത്തിനു മുൻപുള്ള നോമ്പുകാലം മുഴുവൻ, ചിരകാലം പ്രതീക്ഷിച്ചിരുന്ന, ആ മഹാദിനത്തിനു

ഒരുക്കമായി, ഉപവസിക്കുന്നതിനു ജൂലിയൻ നിശ്ചയിച്ചു. അതനുസരിച്ചു രാവിലത്തെ ഭക്ഷണം സാധുക്കൾക്കു കൊടുക്കുവാൻ തുടങ്ങി. ഇത്ര കഠിനമായ ആശാനിഗ്രഹം അവൻെറ ആരോഗ്യത്തെ ക്ഷതപ്പെടുത്തി. മദ്ധ്യാഹ്നത്തോടടുക്കുമ്പോൾ ഉണ്ടാകുന്ന വിശപ്പു തടയുന്നതിനുവേണ്ടി പതിനൊന്നുമണിയോടുകൂടി ദേവാലയത്തിൽ ചെന്ന് അതിനു ചുററും നടന്നിരുന്നു. ദൈവാനുഗ്രഹം ലഭിക്കുന്നതിന് ഇന്ദ്രിയനിഗ്രഹം അത്യുത്തമമായ ഒരു പോംവഴിയാകുന്നു. എന്തുകൊണ്ടെന്നാൽ ഭൗമികസുഖഭോഗങ്ങളിൽനിന്നും അകന്നിരിക്കുന്ന ഹൃദയത്തിലാണു വിശുദ്ധിയുടെ നാഥനായ ഈശോ വസിക്കുന്നതിനാഗ്രഹിക്കുന്നതു്. 1823 മാർച്ചുമാസം 16—ാം തീയതി പീററർ ജൂലിയൻ പ്രഥമ ദിവ്യകാരുണ്യസ്വീകരണം നടത്തി. സ്നേഹനാഥനായ ഈശോയുടെ പ്രഥമസന്ദർശനത്തിൽ ആ ദിവ്യനാഥനും അവിടുത്തെ വത്സലദാസനായ ജൂലിയനും തമ്മിൽ നടന്ന നമ്മസംഭാഷണത്തിലെ ഏതാനും ചില വാക്കുകൾ മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളു. അതിപ്രകാരമാണ്. "എൻെറ ഹൃദയത്തിൽ അവിടുന്ന് എഴുന്നെള്ളിയിരിക്കുന്ന ഈ സമയം ഞാൻ അങ്ങയോടു വാഗ്ദാനം ചെയ്യുന്നു, 'ഞാൻ ഒരു വൈദികനായിക്കൊള്ളാ'മെന്ന്. ഇത്രയും പറഞ്ഞപ്പോൾ എൻെറ മാനസാന്തരം പൂൎണ്ണമായി എന്നു ഞാൻ വിശ്വസിച്ചു" അതാണ്ടിൽ തന്നെ ജൂലിയൻ തിരുഹൃദയസഖ്യത്തിൻെറ അംഗമായി ചേൎന്നു. എല്ലാ വ്യാഴാഴ്ചയും രാത്രി പതിനൊന്നു മണിമുതൽ പന്ത്രണ്ടുവരെ, ജൂലിയൻ മുടങ്ങാതെ രാത്ര്യാരാധന നടത്തിയിരുന്നു.

തുടരെത്തുടരെയുള്ള ദിവ്യകാരുണ്യസ്വീകരണത്തിനു ജൂലിയന് ആഗ്രഹമുണ്ടായിരുന്നു; എന്നാൽ പ്രസ്തുത ആഗ്രഹസിദ്ധിക്കു 'ജാൻസനിസ'ത്തിൻെറ ആവിർഭാവം ഒരു പ്രതിബന്ധമായിരുന്നു. അയതിനാൽ മാസത്തിൽ ഒരു പ്രാവശ്യം മാത്രമേ ദിവ്യനാഥനെ കൈക്കൊള്ളുവാൻ സാധിച്ചിരുന്നുള്ളു. ഈ ധമ്മസങ്കടത്തിൽ പരിശുദ്ധ കന്യകാമറിയം തൻെറ ഈ യുവഭക്തന് ആലംബമരുളി. അടുത്തകൊല്ലം ജൂലിയൻ ലാവൂസ് മാതാവിൻെറ ദേവാലയത്തിൽചെന്ന്, ആ വത്സലമാതാവിനോട്

15458

സ്വസങ്കടമറിയിക്കയും തന്റെ ദൈവവിളി ഏതെന്നു നിശ്ച യിക്കുന്നതിനുള്ള വരം അപേക്ഷിക്കയും ചെയ്തു. അവിടെവച്ച ഭക്തനും സുശീലനുമായ ഒരു മിഷ്യനറി വൈദികനെ പരി ചയപ്പെടുന്നതിന് ജൂലിയനു ഭാഗ്യമുണ്ടായി. ഒരു വൈദിക നാകുന്നതിനു ശ്രമിക്കണമെന്നും എല്ലാ ഞായറാഴ്ചയും ദിവ്യകാ രുണ്യം സ്വീകരിക്കണമെന്നും അദ്ദേഹം ജൂലിയനോടു പറഞ്ഞു. ആത്മാക്കളെ ഈശോയുടെ പക്കലേയ്ക്കു ആനയിക്കുന്ന പരിശു ദ്ധ കന്യകാമറിയം തന്നെയാണു ദിവ്യനാഥനെ തുടരെ സ്വീ കരിക്കുന്നതിനുള്ള സാഹചര്യം ജൂലിയനു നല്കിയത്. ഈശോയെ സമീപിക്കുന്നതിനുള്ള എളുപ്പവും സുനിശ്ചിതവു മായ വഴി മനുഷ്യവർഗ്ഗത്തിന്റെ മാതാവായ പ. കന്യകാമറിയം തന്നെയാകുന്നു.

---

# രണ്ടാം അധ്യായം

## ദൈവവിളി

---

### I

ബാല്യകാലം മുതൽ ജൂലിയന്റെ മനസ്സിൽ പൌരോ ഹിത്യം സംബന്ധിച്ചുള്ള വിചാരം കുടികൊണ്ടിരുന്നു. ജൂലി യന്റെ പിതാവ് ഒരുത്തമ കത്തോലിക്കനായിരുന്നു. പക്ഷേ പഠനത്തിന് അവശ്യം വേണ്ടതായ സമയം അവന് അദ്ദേഹം അനുവദിച്ചിരുന്നില്ല. പുതിയതായി സ്ഥാപിച്ചിരിക്കുന്ന ഒരു എണ്ണച്ചക്കിൽ ജോലി ചെയ്യുന്നതിനാണു പിതാവു പുത്രനെ പ്രേരിപ്പിച്ചത്. ദൈവത്തിന്റെ പ്രതിനിധിയായ പിതാവി നോടു വേണ്ട ബഹുമാനവും കീഴ്വഴക്കവും പ്രദർശിപ്പിച്ച

കൊണ്ടു ജൂലിയൻ പിതാവിൻെറ ആജ്ഞാനുസരണം പ്രവൎത്തിച്ചു. എണ്ണ വിതരണം ചെയ്യുന്നതിനായി സഞ്ചരിച്ചുകൊണ്ടിരുന്ന അവസരത്തിൽ ഒരിക്കൽ പുസ്തകം വഹിച്ചുകൊണ്ടു പോകുന്ന ഒരു ബാലനെ ജൂലിയൻ കണ്ടു. അന്വേഷണത്തിൽ അവൻെറ കൈവശമുണ്ടായിരുന്ന പുസ്തകം ഒരു ലത്തീൻ വ്യാകരണമാണെന്നു മനസ്സിലായി; "എങ്ങനെയാണു ലത്തീൻ പഠിക്കുന്നത്" എന്നു ജൂലിയൻ അന്വേഷിച്ചു. പഠിക്കേണ്ട വിധം ശരിയായി ആ ബാലൻ ജൂലിയനെ മനസ്സിലാക്കി. സ്വസമ്പാദ്യമായുണ്ടായിരുന്ന പണംകൊടുത്തു ജൂലിയൻ ഒരു ലത്തീൻ വ്യാകരണം വാങ്ങിച്ചു. ജോലി ഇല്ലാതിരുന്ന ഓരോ വിനാഴികയും, മാതാപിതാക്കന്മാരുടെ അറിവുകൂടാതെ, ലത്തീൻപഠനത്തിനു ചെലവഴിച്ചു.

ജൂലിയനെ വൈദികപഠനത്തിന് അയക്കണമെന്ന ഒരു വിചാരംതന്നെ പിതാവിനില്ലായിരുന്നു. അതിനാൽ പുത്രനുവേണ്ടി അദ്ദേഹം ഒരു വിവാഹാലോചനതന്നെ നടത്തി. നിശ്ചയിച്ചിരിക്കുന്ന വിവാഹത്തെപ്പററി 'എമാർഡ്', ഭാൎയ്യയോടു സംസാരിക്കുന്നത് അടുത്ത മുറിയിൽ ഉറങ്ങാതെ കിടന്നിരുന്ന ജൂലിയൻ കേട്ടു. അവൻെറ ഹൃദയം വിങ്ങിപ്പൊട്ടുമെന്നു തോന്നി. 'ലാവൂസ് മാതാവി'നോടു ദീർഘനേരം പ്രാൎത്ഥിച്ച ശേഷം, വൈദികനാകണമെന്നുള്ളതാണു തൻെറ ഉദ്ദേശ്യമെന്നും, അയതിന് ഒരുക്കമായി കഴിഞ്ഞ മൂന്നു കൊല്ലം ലത്തീൻ പഠിക്കുന്നുണ്ടായിരുന്നുവെന്നുള്ള വസ്തുത, ബഹുമാനത്തോടും ദൃഢനിശ്ചയത്തോടുംകൂടി ജൂലിയൻ മാതാപിതാക്കന്മാരെ അറിയിച്ചു. 'ലാമൂരേ' എന്ന സ്ഥലത്തുള്ള സ്കൂളിൽ പഠനം പൂൎത്തിയാക്കുന്നതിനു തന്നെ അനുവദിക്കണമെന്നു താഴ്മയായി അവൻ പിതാവിനോട് അപേക്ഷിച്ചു. അപ്രകാരമുള്ള പഠനത്തിനു വേണ്ട പണം ചെലവാക്കുവാൻ നിവൃത്തിയില്ലെന്നുള്ള മറുപടികൊണ്ടു പിതാവ് ആ അപേക്ഷ തിരസ്കരിച്ചുകളഞ്ഞു.

ഇതുകൊണ്ടും ജൂലിയൻ നിരാശനായില്ല. യാതൊരു ചെലവും ആവശ്യപ്പെടാതെ മൂന്നു കുട്ടികളെ പ്രസ്തുത സ്കൂളിൽ പഠിപ്പിക്കുവാൻ സ്കൂൾ അധികൃതർ തീരുമാനിച്ചിട്ടുണ്ടെന്നുള്ള

വിവരം അറിഞ്ഞു ജൂലിയൻ ആ സ്ഥലത്തേയ്ക്കു പുറപ്പെട്ടു. ആഗ്രഹിച്ച ലക്ഷ്യം പ്രാപിക്കാൻ സാധ്യമാകുമല്ലോ എന്നുള്ള സമാധാനത്താൽ, അതിൽനിന്നുമുളവാകുന്ന മാനഹാനിയെപ്പററി ജൂലിയൻ ചിന്തിച്ചതേയില്ല. സ്വാധീനശക്തിയുള്ള മാന്യന്മാരുടെ പരിശ്രമത്താൽ ജൂലിയനു സ്കൂളിൽ പ്രവേശനം ലഭിച്ചു. അവൻെറ പഠനാസക്തിമൂലം സഹപാഠികളിൽ ചിലരെ അതിലംഘിക്കുന്നതിനുപോലും അവനു സാധിച്ചു. സൗജന്യവിദ്യാഭ്യാസം ലഭിക്കുന്നതിനു പകരമായി ഉല്ലാസത്തിനും വിനോദയാത്രയ്ക്കും നിശ്ചയിക്കപ്പെട്ടിരുന്ന സമയം, ക്ലാസ്സുമുറികളും കലാശാലാധ്യക്ഷൻെറ മുറിയും വൃത്തിയാക്കുക മുതലായ ജോലികൾക്കു ജൂലിയൻ ചെലവഴിക്കേണ്ടിയിരുന്നു.

ഈ വിധത്തിൽ സംഗതികൾ ഒരു കൊല്ലം മുൻപോട്ടുപോയി. ആ ആണ്ടിൻെറ അവസാനം പിതാവിൻെറ കഠിനമായ പ്രതിഷേധം കാരണത്താൽ ജൂലിയനു ലഭിച്ചിരുന്ന സൗജന്യവിദ്യാഭ്യാസവും നഷ്ടപ്പെട്ടു. ഈ ആപത്സന്ധിയിൽ തൻെറ വത്സലദാസനെ സഹായിക്കുന്നതിനു ദൈവം നിശ്ചയിച്ചു. ജൂലിയൻെറ പരിചയക്കാരനായ ഒരു വൈദികൻ 'ഗ്രേനോബിൾ' എന്ന സ്ഥലത്തുള്ള ധർമ്മസ്ഥാപനത്തിൻെറ ചാപ്ലെൻ ആയി ആയിടെ നിയമിക്കപ്പെട്ടിരുന്നു. അദ്ദേഹത്തിൻെറ സെക്രട്ടറിയും അതേസമയംതന്നെ വേലക്കാരനും എന്ന നിലയിൽ ജോലി ചെയ്യുന്ന വിദ്യാർത്ഥിക്കു സൗജന്യമായി ബോർഡിങ്ങിൽ താമസിക്കുന്നതിനും പഠിക്കുന്നതിനും സൗകര്യമുണ്ടാക്കിക്കൊടുക്കാമെന്ന് അദ്ദേഹം നിശ്ചയിച്ചിരുന്നു. അന്വേഷണഫലമായി ജൂലിയൻ അതിനു യോജിച്ച ആളാണെന്നു മനസ്സിലാകുകയും അവൻെറ പിതാവിൻെറ അനുമതിയോടുകൂടി പ്രസ്തുത ജോലിക്ക് അവനെ നിയമിക്കുകയും ചെയ്തു. ഈ സ്ഥാപനം ഭ്രാന്തന്മാരെ ഉദ്ദേശിച്ചുള്ളതായിരുന്നു. താദൃശമായ ഒരു സ്ഥാപനത്തിൽ ജൂലിയന് എന്തെല്ലാം ക്ലേശങ്ങൾ അനുഭവിക്കേണ്ടിയിരുന്നുവെന്നു നമുക്ക് ഏകദേശം ഊഹിക്കാം. പരിതാപകരമായ ഒരു സംഭവം കാരണത്താൽ പെട്ടെന്നു ജൂലിയനു ആ സ്ഥലം വിടേണ്ടിവന്നു. അമ്മയുടെ അതിദാരുണമായ മരണമായിരുന്നു ആ സംഭവം. ജൂലിയൻ 'ലാമൂരേ'യിൽ എത്തു

ന്നതിനു മുൻപുതന്നെ മാതാവിൻെറ ശവസംസ്കാരകർമ്മം കഴിഞ്ഞിരുന്നു.

## II

ദിവസങ്ങൾ പലതു കഴിഞ്ഞു. 1829 മെയ് മാസത്തിൽ "അമലോത്ഭവമറിയത്തിൻെറ ദാസന്മാർ (Oblates of Mary Immaculate) എന്ന സന്യാസസഭയിലേ അംഗങ്ങൾ 'ലാമൂരേ' യിൽ ധ്യാനപ്രസംഗം നടത്തിയിരുന്നു. അതിൽ ജൂലിയനും സംബന്ധിച്ചു. അവിടെവച്ചു മിഷ്യനറിവൈദികരുടെ സുപ്പീരിയർ ആയ ഫാദർ 'ഗ്യൂബർട്ടി'നെ ജൂലിയൻ കാണുകയും വൈദികനാകുന്നതിനുള്ള തൻെറ ആഗ്രഹം അദ്ദേഹത്തെ അറിയിക്കുകയും ചെയ്തു. "ദാസന്മാ"രുടെ സഭയിൽ ചേരുന്നതിന് അദ്ദേഹം ജൂലിയനെ ഉപദേശിക്കുകയും അതിന് ആവശ്യകമായ അനുവാദം വാങ്ങിച്ചുകൊടുക്കുകയും ചെയ്തു. പിതാവിനോടു യാത്രപറഞ്ഞശേഷം, ജൂലിയൻ, സഭാപ്രവേശനത്തിന് ഒരുക്കമായി 'മാർസെയിൽസ്' എന്ന സ്ഥലത്തു 'നൊവിഷ്യിയാത്തു' നടത്തി. 1829 ജൂൺ ഏഴാംതീയതി പന്തക്കുസ്താ തിരുനാളിൽ ജൂലിയൻ സഭാവസ്ത്രം സ്വീകരിച്ചു

ജീവിതവിശുദ്ധിയിലും പഠനത്തിലും ജൂലിയൻ അഭിവൃദ്ധിപ്പെട്ടുവന്നു. പക്ഷെ ആറു മാസത്തിനുള്ളിൽ അവൻ മഹാരോഗിയായിത്തീർന്നു. രോഗം വർദ്ധിച്ചതിനാൽ ഡോക്ടരുടെ അഭിപ്രായപ്രകാരം സുപ്പീരിയർ അച്ചൻ അവനെ വീട്ടിലേയ്ക്കു അയച്ചു. ജൂലിയൻ നിരാശനായി യാത്രപറഞ്ഞു 'ലാമൂരേ'യിലേയ്ക്കു പോയി. അവിടെവെച്ചു ചികിത്സാഫലമായി ജൂലിയൻ പൂർണ്ണസുഖം പ്രാപിച്ചു. പക്ഷേ അപ്പോഴേയ്ക്കും പിതാവു രോഗബാധിതനായി. 1831 മാർച്ച് 3-ാംതീയതി അദ്ദേഹം പരലോകം പ്രാപിച്ചു. അതോടുകൂടി തൻെറ ദൈവവിളി അനുസരിച്ചു പ്രവർത്തിക്കുന്നതിനു ജൂലിയൻ സ്വതന്ത്രനായി. 'ഗ്രേനോബിൾ' എന്ന സ്ഥലത്തെ സെമ്മിനാരിയിൽ പ്രവേശനം ലഭിക്കുന്നതിനാണ് അവൻ ഉടനെ ശ്രമിച്ചത്. ദൈവത്തിൻെറ അനുഗ്രഹത്താലും പരിശുദ്ധ കന്യകാമറിയത്തിൻെറ പ്രത്യേക സഹായത്താലും ജൂലിയന് അവിടെ പ്രവേശനം ലഭിക്കുകയും ചെയ്തു.

## III

ജൂലിയൻെറ സെമ്മിനാരിജീവിതത്തെപ്പററി ഒരു സഹപാഠി ഇപ്രകാരം പറയുന്നു: "അവൻ ഭക്തിയിൽ അഭിവൃദ്ധി പ്രാപിച്ചു. അവൻെറ എല്ലാ പ്രവൃത്തികളിലും ദൈവസ്നേഹം പ്രകാശിച്ചിരുന്നു. ദേവാലയത്തിലെ അവൻെറ പെരുമാററം ഞങ്ങൾക്കേവക്കും മാതൃകാപരമായിരുന്നു. മൂന്നു കൊല്ലത്തിനുള്ളിൽ ഒരു പ്രാവശ്യം മാത്രമേ ജൂലിയൻ നിയമം ലംഘിച്ചതായി ഞാൻ കണ്ടിട്ടുള്ളു." ജൂലിയൻെറ മാതൃകാപരമായ ജീവിതവും പെരുമാററവും സെമ്മിനാരി അധികൃതരുടേയും സഹപാഠികളുടേയും മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രമായിരുന്നു. താമസംവിനാ ജൂലിയന് 'ആസ്ഥപ്പാട്ടപട്ടം' നല്കപ്പെട്ടു. പൗരോഹിത്യപദവിയെ സമീപിക്കുന്തോറും അവൻെറ തീക്ഷ്ണതയും ഭക്തിയും വദ്ധിച്ചുവന്നു. സെമ്മിനാരി തുറന്നപ്പോൾ നടത്തിയ ധ്യാനത്തിൽ അവൻ ആത്മസ്ഥിതി ശരിയായി പരിശോധിച്ചു. തന്നിലുള്ള വീഴ്ചകളും പോരായ്മകളും പരിശോധിച്ചതിൽ, അഹങ്കാരമാണു പ്രധാനമായി നിൽക്കുന്നതെന്നും, തന്മൂലം വിനയം പരിശീലിച്ച് അഹംബുദ്ധിയെ മൂലച്ഛേദം ചെയ്യണമെന്നും, അവൻ മനസ്സിലാക്കി. ഇങ്ങനെ വിനയം അവൻെറ പ്രധാനവും ഏററം അഭിമതവുമായ സുകൃതമായിത്തീന്നു. വിനയസമ്പാദനത്തിനായി പ്രാത്ഥന, പുസ്തകപാരായണം, ദിവ്യകാരുണ്യസ്വീകരണം, തപശ്ചര്യകൾ, ദാനധമ്മങ്ങൾ മുതലായവ അവൻ നിരന്തരം സ്വീകരിച്ചിരുന്നു.

പുണ്യജീവിതത്തിൻെറ ഈ പ്രാരംഭപടിയിൽക്കൂടെയും അവൻെറ ഹൃദയത്തിൻെറ ഏകസ്നേഹാസ്പദവും അവിടത്തെ ഏകച്ഛത്രാധിപതിയും ആകുന്നതിനു ദിവ്യനാഥൻ എന്തുമാത്രം അനുഗ്രഹിച്ചുവെന്നു നാം കണ്ടുകഴിഞ്ഞു. പക്ഷേ ഇപ്രകാരമുള്ള ആനന്ദം അനുഭവിക്കുന്നതിനു സ്വേച്ഛയെ അവഗണിച്ചു ദൈവേഷ്ടത്തിന് അനുരൂപമായി വ്യാപരിക്കേണ്ടതു് അത്യാവശ്യമായിരിക്കുന്നു.

## IV

1833—34 വരെയുള്ള അദ്ധ്യയനകാലം പൌരോഹിത്യ ലബ്ധിക്കുള്ള ഒരുക്കമായിരുന്നു. താമസിയാതെ അതിനു പ്രാരംഭമായിട്ടുള്ള ധ്യാനം സമാഗതമായി. ജൂലിയൻ തൻെറ കഴിഞ്ഞ ജീവിതത്തെ ശരിയായി ഒന്നു പരിശോധിച്ചു. താൻ സ്വീകരിക്കാൻ പോകുന്ന സ്ഥാനത്തിൻെറ മാഹാത്മ്യത്തെപ്പററി മാത്രമല്ല അവൻ ധ്യാനിച്ചത്, പ്രത്യുത ആ സ്ഥാനം അർഹിക്കുന്ന ചുമതലാബോധവും ജീവിതവിശുദ്ധിയുംകൂടെ തൻെറ പരിചിന്തനത്തിനു വിഷയമാക്കി. മനുഷ്യഹൃദയത്തെ ത്രസിപ്പിക്കുന്ന നിത്യസത്യങ്ങൾ അവൻെറ ആത്മീയദൃഷ്ടിക്കു ഗോചരമായിത്തീർന്നു. "നരകം ഉണ്ട്. അവിടെ അനവധി വൈദികരും എത്തിച്ചേർന്നിട്ടുണ്ട്. അവരുടെ ഗണത്തിൽ പെടേണ്ടവനാണോ ഞാൻ? എന്നോടുതന്നെ ബലം പ്രയോഗിക്കയും എൻെറ കുറവുകളെ നിർമ്മൂലനം ചെയ്കയും ചെയ്യില്ലെങ്കിൽ, പ്രാർത്ഥനയിൽ അസംതൃപ്തിയും ക്ലേശങ്ങൾ സഹിക്കുന്നതിനു വൈമനസ്യവും ഞാൻ പ്രദർശിപ്പിക്കുന്നുവെങ്കിൽ, ദൈവത്തെക്കാൾ കൂടുതലായി എൻെറ ബന്ധുക്കളെ സ്നേഹിക്കുന്നുവെങ്കിൽ, ദൈവത്തിനുവേണ്ടി സകലതും സഹിക്കയും പ്രവർത്തിക്കയും ചെയ്യുന്നില്ലെങ്കിൽ, ഞാനും അവരുടെ കൂട്ടത്തിൽ എണ്ണപ്പെടേണ്ടിവരും. നിത്യസൌഭാഗ്യമോ നിത്യനാശമോ ഏതാണ് അനുഭവിക്കേണ്ടത് എന്നു നിശ്ചയിക്കേണ്ടതു ഞാൻ തന്നെയാണ്."

ഏതാദൃശമായ സദ്വിചാരങ്ങളാൽ നിറയപ്പെട്ടവനായി, 1834 ജൂലൈ ഇരുപതാം തീയതി, ജൂലിയൻ ഗുരുപ്പട്ടം സ്വീകരിച്ചു. നവപൂജ അർപ്പിക്കുന്നതിന് അദ്ദേഹം 'ഗ്രേനോബിൾ' നിന്നും മൂന്നു മൈൽ ദൂരമുള്ള ഒബ്ലേററ് വൈദികാശ്രമത്തിലേയ്ക്കു പോയി. പ്രഥമദിവ്യബലിയുടെ സമയത്ത് എത്രമാത്രം ആദ്ധ്യാത്മികാനന്ദവും ഭക്തിയും തീക്ഷ്ണതയും ജൂലിയൻ പ്രദർശിപ്പിച്ചുവോ, അവയെല്ലാം ലേശം കുറവുകൂടാതെ ഭാവിയിൽ അദ്ദേഹം അർപ്പിച്ച ഓരോ ദിവ്യബലിയിലും പ്രകടിതമായിരുന്നു.

ദിവ്യപൂജാപ്പ്ണത്തിനു മുമ്പും പിമ്പും അധിക സമയം അദ്ദേഹം ദേവാലയത്തിൽ ചെലവഴിക്കും. വളരെ ഗൗരവമേറിയ കാര്യങ്ങളിൽ മാത്രമേ ഈ പതിവ് അദ്ദേഹം മുടക്കിയിരുന്നുള്ളു. ദിവ്യപൂജാസമയത്ത് അദ്ദേഹം പ്രകടിപ്പിച്ചിരുന്ന ഭക്തി ഏവരേയും ഹഠാദാകർഷിച്ചു. ദൃക്സാക്ഷികൾ ഇപ്രകാരം പറയുന്നു: "ഫാദർ ഏമാർഡ് ദിവ്യപൂജ അപ്പിക്കുമ്പോൾ ഒരു വൈദികനേയല്ല ഞാൻ കണ്ടിരുന്നത്. അദ്ദേഹം ആ സ്ഥാനമാഹാത്മ്യത്തേയും അതിലംഘിച്ച് ഉയരുന്നതായി എനിക്കു തോന്നി. വിശുദ്ധ കുർബാന കൂദാശചെയ്ത് ഉയർത്തുന്ന സമയം അദ്ദേഹം ദിവ്യനാഥനെ കാണുന്നതായും എനിക്കനുഭവപ്പെട്ടു."

അദ്ദേഹത്തിൻെറ കുർബാനയിൽ ശുശ്രൂഷിച്ചിരുന്ന ഒരു ബാലൻ ഇപ്രകാരം പറയുന്നു: "ഏമാർഡച്ചൻ കുർബാന ചൊല്ലുമ്പോൾ എനിക്കുണ്ടായിരുന്ന ഭക്തിയും തീക്ഷ്ണതയും മററു വൈദികർ കുർബാന ചൊല്ലുമ്പോൾ എനിക്കനുഭവപ്പെട്ടിട്ടില്ല. വിശുദ്ധ കുർബാനയിൽ ശുശ്രൂഷിക്കുമ്പോൾ മററു കുട്ടികളെപ്പോലെ ഞാനും വിവിധവിചാരങ്ങൾക്കു വിധേയനായിരുന്നു. എന്നാൽ ഏമാർഡച്ചൻെറ കുർബാനയിൽ ശുശ്രൂഷിച്ചിരുന്നപ്പോൾ എനിക്കുണ്ടായ അനുഭവം നേരേ വിപരീതമായിരുന്നു."

പ്രഥമദിവ്യപൂജാനന്തരം ഫാദർ ഏമാർഡ് ഒബ്ലേററ് വൈദികന്മാരോടുകൂടി കുറേനാൾ താമസിച്ചു. ആ അവസരത്തിൽ അവരുടെ സഭയിൽ ചേരുന്നതിനുള്ള ആഗ്രഹം അദ്ദേഹം അറിയിച്ചു. എന്നാൽ അധികാരികൾ, ഫാദർ ഏമാർഡിൻെറ അനാരോഗ്യത്തെ പരിഗണിച്ച് അപേക്ഷ തിരസ്കരിക്കയാണു ചെയ്തത്. ഈ അവസരത്തിൽ, വിശ്രമാത്ഥം 'ലാമൂരേ'യിൽ താമസിക്കുന്നതിനു രൂപതാദ്ധ്യക്ഷൻ ഫാദർ ഏമാർഡിനോടു കല്പിച്ചു. ഈ കല്പനയുടെ ഉദ്ദേശ്യം താമസിയാതെ തന്നെ അദ്ദേഹത്തെ എവിടെയെങ്കിലും നിയമിക്കണമെന്നുള്ളതായിരുന്നു. മെത്രാൻെറ കല്പന അനുസരിച്ചു ഫാദർ ഏമാർഡ് 'ലാമൂരേ'യിൽ പോയി സ്വസഹോദരിയോടുകൂടി താമസിച്ചു.

# മൂന്നാം അധ്യായം

## ഇടവക വികാരി.

ഫാദർ ഏമാർഡ് രണ്ടു മാസക്കാലം 'ലാമൂരേ'യിൽ താമസിച്ചപ്പോൾ അദ്ദേഹത്തിൻെറ മെത്രാനിൽനിന്നും ഒരു കല്പന കിട്ടി, 'ചാട്ടെ' എന്ന സ്ഥലത്തുള്ള പള്ളിയിൽ അസിസ്റ്റൻറ് ആയി ജോലി ആരംഭിക്കുവാൻ. ഈ ഇടവകയിലെ ജനസംഖ്യ രണ്ടായിരത്തോളമായിരുന്നു. ദൈവികശുശ്രൂഷകളിൽ തീക്ഷ്ണത പ്രദർശിപ്പിച്ചുകൊണ്ട് അദ്ദേഹം അവിടെ കാലം കഴിച്ചുകൂട്ടി. അദ്ദേഹത്തിൽ വിളങ്ങിയിരുന്ന അനന്യസാധാരണമായ ഭക്തിമൂലം ജനങ്ങൾ അദ്ദേഹത്തെ മറെറാരു വി. അലോഷ്യസ് എന്നാണു വിളിച്ചിരുന്നത്. പാപസങ്കീർത്തനം കേൾക്കുന്നതിലും പ്രസംഗം പറയുന്നതിനും അദ്ദേഹം പ്രത്യേകം ശ്രദ്ധ പ്രദർശിപ്പിച്ചു.

അതിരാവിലേ അദ്ദേഹം ദേവാലയത്തിലെത്തുകയും, നിയമേന പ. കന്യകാമറിയത്തിനായി പ്രതിഷ്ഠിച്ചിട്ടുള്ള അൾത്താരയിൽ കുർബാന ചൊല്ലുകയും ചെയ്തിരുന്നു. ഉച്ചയ്ക്കു മുൻപു വീണ്ടും ദേവാലയത്തിലെത്തി വിശുദ്ധ കുർബാനയുടെ തിരുസന്നിധിയിൽ വളരെ സമയം അദ്ദേഹം ചെലവഴിച്ചിരുന്നു. അവിടെവെച്ചു തൻെറ പ്രതിജ്ഞകൾ എല്ലാം ഈശോയ്ക്കു സമർപ്പിച്ചിരുന്നു. ഈശോയുടെ സന്നിധിയിൽവെച്ചു പഠിക്കുന്നതിനും പ്രസംഗം തയ്യാറാകുന്നതിനും അദ്ദേഹം വളരെ ഇഷ്ടപ്പെട്ടിരുന്നു. മതപ്രസംഗകൻ, വാഗ്മി എന്നീ ബിരുദങ്ങൾ കരസ്ഥമാക്കുവാൻ അദ്ദേഹത്തിനു സാധിച്ചതു് ഈ മാർഗ്ഗത്തിൽ കൂടിയത്രേ. അദ്ദേഹത്തിൻെറ പ്രസംഗം കേൾക്കുന്നതിന് അടുത്തുള്ള ഇടവകകളിൽനിന്നുപോലും ജനങ്ങൾ വന്നിരുന്നു.

വൈകുന്നേരം ഫാദർ ഏമാർഡ് വീണ്ടും ദേവാലയത്തിൽ പോയി വളരെ നേരം പ്രാർത്ഥിക്കയും 'കുരിശിൻെറ വഴി' നടത്തുകയും പതിവായിരുന്നു. ആ സമയം ഇടവകക്കാ

രിൽ ആരെങ്കിലും അൾത്താരയിൽനിന്നു വളരെ അകലെ ഇരുന്നു പ്രാർത്ഥിക്കുന്നതായി കണ്ടാൽ, 'വി. കുർബാനയോട് അടുത്തു വരിക' എന്ന് അദ്ദേഹം അവരെ ക്ഷണിച്ചിരുന്നു. ഞായറാഴ്ച ദിവസങ്ങളിൽ സായാഹ്ന പ്രാർത്ഥനയ്ക്കു ശേഷം 'കുരിശിൻെറ വഴി'യെപ്പററി അദ്ദേഹം ജനങ്ങളോടു പ്രസംഗിച്ചിരുന്നു. ദിവ്യനാഥൻ കുരിശിൽ മരിച്ചുകിടക്കുന്ന ഭാഗം വരുമ്പോഴം അദ്ദേഹം കണ്ണുനീർ പൊഴിക്കുക സാധാരണമായിരുന്നു. ഇങ്ങനെ ഒരു ദിവസം പ്രസംഗിച്ചുകൊണ്ടിരിക്കവെ, "പാവപ്പെട്ട ഈശോ" എന്നു പറഞ്ഞു പൊട്ടിക്കരഞ്ഞുപോയി. പ്രസംഗം തുടരുന്നതിന് അദ്ദേഹത്തിനു സാധിച്ചില്ല.

ദരിദ്രരോടുള്ള അദ്ദേഹത്തിൻെറ അനുകമ്പ സീമാതീതമായിരുന്നു. സാധുക്കളെ സഹായിക്കുന്ന കാര്യത്തിൽ എന്തു ത്യാഗം സഹിക്കുന്നതിനും പണം ചെലവാക്കുന്നതിനും അദ്ദേഹം യാതൊരു ലോപവും പ്രദർശിപ്പിച്ചില്ല. 'മോൺനേർറയാഡ്' എന്ന സ്ഥലത്തേയ്ക്കു മാററം ലഭിച്ചപ്പോൾ പതിനഞ്ചു സെൻറു മാത്രമേ അദ്ദേഹത്തിൻെറ പക്കൽ ധനമായുണ്ടായിരുന്നുള്ളു. അതിൽ അഞ്ചു സെൻറ് ഒരു എഴുത്തിനു തപാൽക്കൂലി കൊടുക്കേണ്ടിവന്നു.

## II

1837 ജൂലൈ രണ്ടാംതീയതി ഫാദർ ഏമാർഡ് 'മോൺനേർറയാഡ്' എന്ന സ്ഥലത്തെ വികാരിയായി നിയമിക്കപ്പെട്ടു. ഫ്രഞ്ചു വിപ്ലവത്തിനു ശേഷം ആ ഇടവകയെ ഭരിക്കുന്നതിന് ആരും നിയുക്തരായിരുന്നില്ല. അതിനാൽ ആദ്ധ്യാത്മികമായി ആ ഇടവകയുടെ സ്ഥിതി വളരെ ശോചനീയമായിരുന്നു. ഇതുകൊണ്ടൊന്നും ഫാദർ ഏമാർഡ് നിരാശപ്പെട്ടില്ല. അദ്ദേഹത്തിൻെറ നിസ്വാർത്ഥമായ അഭ്യർത്ഥനയുടെ ഫലമായി, കേടുഭവിച്ചിരുന്ന ദേവാലയത്തിൻെറ അററകുററങ്ങൾ തീക്കുന്നതിനു ഭീമമായ സംഖ്യ ജനങ്ങളിൽനിന്നും ലഭിച്ചു. ഫാദർ ഏമാഡിൽ പ്രകാശിച്ചിരുന്ന ദൈവദൂതസന്നിഭമായ ഭക്തിയും, ദേവാലയത്തിലെ പെരുമാററവും, ദിവ്യസക്രാരിയുടെ മുൻപിൽ നടത്തുന്ന ആരാധനയും, വിശുദ്ധ കമ്മങ്ങൾ അനുഷ്ഠിക്കുന്ന രീതിയും

വഴിയായി വിശ്വാസികളുടെ പ്രത്യേക ബഹുമാനത്തിനും ആദരത്തിനും അദ്ദേഹം പാത്രമായി.

ചാറേറയിലെന്നപോലെ ഇവിടെയും ദാനംചെയ്യുന്നതിനോ പണമില്ലാതെ വരുമ്പോൾ കൈവശമുള്ള മററു സാധനങ്ങൾ വിതരണംചെയ്യുന്നതിനോ യാതൊരു മടിയും അദ്ദേഹം കാണിച്ചിരുന്നില്ല. സാധുക്കളേയും രോഗികളേയുമാണ് അദ്ദേഹം അധികമായി സ്നേഹിച്ചിരുന്നത്. വിസ്തൃതമായ തൻെറ ഇടവകയിലെ എല്ലാ രോഗികളേയും സാധുക്കളേയും സന്ദർശിച്ച് അവരെ ആശ്വസിപ്പിക്കുകയും അവരുടെ എല്ലാ ആവശ്യങ്ങളിലും ശ്രദ്ധ പതിക്കുകയും ചെയ്യുന്നതിൽ കായക്ലേശങ്ങളൊന്നും അദ്ദേഹം വകവെച്ചതേയില്ല. ശാരീരിക ചികിത്സ പ്രയോജനപ്പെടുന്നതിന് ആത്മികരോഗശാന്തിയിൽ കൂടുതൽ ശ്രദ്ധ പതിക്കണമെന്ന് അദ്ദേഹം അവരോട്ട് ഉപദേശിച്ചിരുന്നു.

ഇപ്രകാരമുള്ള നടപടിമൂലം എല്ലാവരുടെയും പ്രീതി സമ്പാദിക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചു. വിശ്വാസികളുടെ കുമ്പസാരം ഫലപ്രദമായ രീതിയിൽ നടത്തുന്നതിന് അദ്ദേഹത്തിനു പ്രത്യേക ചാതുര്യമുണ്ടായിരുന്നു. പുരുഷന്മാർക്ക് ഏതു സമയവും അദ്ദേഹത്തിൻെറ മുറിയിൽ ചെന്നു കുമ്പസാരിക്കുന്നതിനു സൗകര്യം നല്കി. സാധാരണമായി അദ്ദേഹം ഇപ്രകാരം അവരോടു പറഞ്ഞിരുന്നു: "സ്നേഹിതന്മാരെ, കുമ്പസാരിക്കുന്നതിനു നിങ്ങൾക്കു രാത്രിയും പകലും എൻെറ മുറിയിൽ വരാം. തന്മൂലം എനിക്കു ക്ഷീണമുളവാകുമെന്നു നിങ്ങൾ കരുതേണ്ട. എൻെറ പ്രേഷിതജോലിമൂലം മരിക്കുന്നതിനുപോലും ഞാൻ സന്നദ്ധനാണ്." കുമ്പസാരം കേട്ടുകഴിഞ്ഞു ഫാദർ ഏമാർഡിനെ ദർശിക്കുന്നുവെങ്കിൽ സന്തോഷരശ്മികൾ മുഖത്തു പ്രസരിക്കുന്നതായി കാണാൻ സാധിക്കുമെന്ന് ഒരു ദൃക്സാക്ഷി പറയുന്നു.

## III

ഫാദർ ഏമാർഡ് 'ചാറേറ'യിൽ അസിസ്റ്റൻറു വികാരിയായും 'മോൺവേർറയാഡി'ൽ വികാരിയായും കഴിച്ചുകൂട്ടിയ

കാലയളവിൽ അദ്ദേഹത്തിനു സിദ്ധിച്ച വിജയത്തിനു പ്രധാന കാരണം വെറും നയവിശേഷം ആണെന്ന് അനുമാനിക്കാൻ പാടില്ല. ദൈവാനുഗ്രഹം മാത്രമാണ് ഇതിനു പ്രധാന ഹേതു. എന്നാൽ ഈ അനുഗ്രഹം ആ 'ദിവ്യഗുരു', സ്നേഹത്തിൽ അവിടുത്തോട്ട് ഐക്യപ്പെട്ടിരിക്കുന്നവർക്കും അടിയുറച്ച ആന്തരിക ജീവിതം നയിക്കുന്നവർക്കും മാത്രമേ നല്കുന്നുള്ളൂ. വാനഭ്രത സദൃശനായ ആ സുപ്രസിദ്ധ ദൈവശാസ്ത്രജ്ഞൻ, വി. തോമസ് അക്വിനാസ് അഭിപ്രായപ്പെട്ടിരിക്കുന്നതുപോലെ, ബാഹ്യ പ്രവർത്തനങ്ങൾ ആഭ്യന്തരജീവിതത്തിന്റെ ബഹിഃസ്ഫുരണമാകുന്നു. പ്രേഷിതജീവിതം സ്നേഹത്തിന്റേയും കരുണയുടേയും അടയാളവും ആവിഷ്കരണവും ആകുന്നു.

വിശുദ്ധ കുർബ്ബാനയുടെ സന്നിധിയിലാണ 'മോൺന്റേറയാഡി'ലെ വികാരിയുടെ ഭക്തിശുഷ്ഠാന്തി കത്തി ജ്വലിച്ചത്. 1835-ൽ അദ്ദേഹം നടത്തിയ ധ്യാനാവസരത്തിൽ ദിവ്യ സക്രാരിയിൽനിന്നും രക്ഷാനാഥൻ ഇങ്ങനെ ചോദിക്കുന്നതായി ഫാദർ എമാർഡിന് അനുഭവപ്പെട്ടു. "പത്രോസെ, നീ എന്നെ സ്നേഹിക്കുന്നുവോ"? "പ്രഭോ, അങ്ങേ സ്നേഹിക്കുന്നുവെന്നു പറയുവാൻ എനിക്കു ധൈര്യമില്ല; എന്നാൽ അങ്ങയെ ഞാൻ സ്നേഹിക്കുന്നതാണ്." ഈ അനുഭവത്തിന്റെ ഫലമായി ദൈവേഷ്ടത്തിനു യോജിക്കാത്ത എല്ലാ സ്നേഹങ്ങളും സന്തോഷങ്ങളും ഹൃദയത്തിൽനിന്നും നിഷ്കാസനംചെയ്യുന്നതിന് അദ്ദേഹം നിശ്ചയിച്ചു. അദ്ദേഹം പറഞ്ഞു: "സ്നേഹരാജനായ ഈശോയെ, എന്റെ മനസ്സും ഹൃദയവും ശരീരവും എനിക്കുള്ളവ എല്ലാം അവിടുന്ന് എടുത്തുകൊള്ളുക. നിർമ്മല നിയോഗത്തോടുകൂടി അങ്ങേ അന്വേഷിക്കുന്നതിനും, സ്വാർത്ഥ സ്നേഹത്തിന്റെ കണികപോലുമില്ലാതെ അങ്ങയെപ്പററി പ്രസംഗിക്കുന്നതിനും, അവിടുത്തെ മഹത്വം മാത്രം അന്വേഷിക്കുന്നതിനും, ദിവ്യകാരുണ്യത്തിൽ അങ്ങേ സ്നേഹിക്കുന്നതിനും എന്നെ അനുഗ്രഹിക്കണമെ. എന്റെ നാഥയും രാജ്ഞിയുമായ പരിശുദ്ധ കന്യകാമറിയമെ, അവിടുത്തെയും എന്റെ മദ്ധ്യസ്ഥനായ വിശുദ്ധ അലോഷ്യസെ, അവിടുത്തെയും എന്റെ

കാവൽമാലാഖായെ, അങ്ങയുടെയും സന്നിധിയിൽ എൻെറ പ്രതിജ്ഞകൾ ഞാൻ സമർപ്പിക്കുന്നു."

ദിവ്യകാരുണ്യത്തിൽനിന്നും ലഭിച്ച വരപ്രസാദം നമ്മുടെ കഥാനായകനിൽ അനുനിമിഷം വർദ്ധിച്ചുവന്നു. അതിൻെറ വളർച്ച് ആത്മാവിൽ അദ്ദേഹത്തിന് അനുഭവസിദ്ധമായി. തൽഫലമായി അദ്ദേഹം ഇപ്രകാരം പറഞ്ഞിരുന്നു. "എൻെറ ദിവ്യനാഥൻെറ എളിമയാകുന്ന വസ്ത്രം എനിക്കു ധരിക്കണം. ദിവ്യസക്രാരിയിലെ അവിടുത്തെ ഏകാന്തതയിൽ അവിടുത്തോടൊരുമിച്ച് എനിക്കു വസിക്കണം. എന്നെപ്പററിയോ എൻെറ പ്രവൃത്തികളെപ്പററിയോ ഒരിക്കലും ഞാൻ സ്തുതിച്ചു പറയുകയില്ല. ഞാൻ എന്തായിരിക്കുന്നുവോ അതു ദൈവം കാരണമാകുന്നു."

## IV

ഫാദർ ഏമാർഡ് 'മോൺൻേറയാഡിൽ' ഇടവകഭരണം തുടങ്ങി ഒരു കൊല്ലം കഴിഞ്ഞപ്പോൾ 'ടോക്കെ' എന്ന വൈദികൻ അവിചാരിതമായി അവിടെ വരുന്നതിനിടയായി. തന്നോടുകൂടി കുറേദിവസം ചെലവഴിക്കുന്നതിനു ഫാദർ ഏമാർഡ് അദ്ദേഹത്തെ ക്ഷണിച്ചു. ഫാദർ 'ടോക്കെ' ക്ഷണം സ്വീകരിച്ചു. ഒരു ദിവസം അവർ ഉലാത്തിക്കൊണ്ടിരിക്കവേ, ജ്ഞാനസംവർദ്ധകവും സന്മാർഗ്ഗപരവുമായ ചില സംഭവങ്ങൾ പറയുന്നതിനു നമ്മുടെ കഥാപുരുഷൻ, ഫാദർ 'ടോക്കെ'യോട് ആവശ്യപ്പെട്ടു. അപ്രകാരമുള്ള പല സംഭവങ്ങൾ തൻെറ യാത്രാവേളയിൽ അനുഭവപ്പെട്ടുവെന്നും അതിൽ ഒന്നു ക്രമാതീതമായി തന്നെ ആകർഷിച്ചുവെന്നും ഫാദർ 'ടോക്കെ' പറഞ്ഞു. അങ്ങനെ വന്ദ്യനായ 'ജീൻ ക്ലൗഡേകോളിൻ' അവർകളാൽ അടുത്തകാലത്തു സ്ഥാപിതമായ 'മാരിസ്റ്റ്' വൈദിക'ന്മാരുടെ സഭ അവരുടെ സംഭാഷണവിഷയമായി.

പരിശുദ്ധ കന്യകാമറിയത്തിൻെറ ആ ഭക്തസംഘത്തെപ്പററി കേട്ടപ്പോൾ ഫാദർ ഏമാർഡിന് അതിൽ വലിയ പ്രതിപത്തി ഉളവായി. തൻെറ ഇടവകയുടെ കാര്യങ്ങൾ കുറേ ദിവസത്തേക്കു നോക്കുന്നതിനു ഫാദർ ടോക്കേയോട് അപേക്ഷി

ച്ചതിനു ശേഷം, മാരിസ്റ്റ് സഭയുടെ പ്രവർത്തനങ്ങൾ നേരിട്ട് അന്വേഷിക്കുന്നതിനും അതിൽ പ്രവേശിക്കുവാൻ അനുവാദം ചോദിക്കുന്നതിനുമായി ഫാദർ എമാർഡ് ലയൺസിലേക്കു പോയി. അദ്ദേഹത്തിന്റെ സ്വഭാവവിശേഷങ്ങൾ മനസ്സിലാക്കിയ സഭാശ്രേഷ്ഠനായ ഫാദർ 'കോളിൻ', സഖ്യത്തിൽ ചേരുന്നതിനു ഫാദർ എമാർഡിന് അനുവാദം നല്കി. സന്തോഷഭരിതനായി ഫാദർ എമാർഡ് 'മോൺൻേറയാഡിലേക്കു' തിരിച്ചു. അവിടെ ചെന്നു ഫാദർ ടോക്കേയെ വിവരമെല്ലാം ധരിപ്പിച്ചു.

തന്റെ ഉദ്ദേശ്യത്തിനു പ്രതിബന്ധമായി വരാവുന്ന ഏക സംഗതി മെത്രാൻ തിരുമനസ്സിലെ പ്രതികൂല മനോഭാവമായിരിക്കുമെന്ന് അദ്ദേഹം വിചാരിച്ചു. അത് ഏറെക്കുറെ വാസ്തവവുമായിരുന്നു. അനുവാദം ലഭിക്കുന്നതിനുള്ള പ്രഥമയത്നം നിഷ്ഫലമായി. അനുവാദം കൊടുക്കുന്നതിനു മെത്രാൻ അമാന്തിച്ചു. ദൈവതിരുമനസ്സിനു കീഴ്വഴങ്ങിക്കൊണ്ടു ഫാദർ എമാർഡ് ക്ഷമാപൂർവം കാത്തിരുന്നു. മാരിസ്റ്റ് സഭയിലേക്കു ദൈവം തന്നെ വിളിക്കുന്നുവെന്നു ബോധ്യമായപ്പോൾ, ഫാദർ എമാർഡ് പിന്നെയും മെത്രാന്റെ പക്കൽ അപേക്ഷ ആവർത്തിച്ചു. ഈ പ്രാവശ്യം അദ്ദേഹത്തിന്റെ ആഗ്രഹം സഫലമായി. "ദൈവം വിളിക്കുന്നിടത്തേക്കു നിങ്ങൾ പോകുക. നിങ്ങളുടേയും മററുള്ളവരുടേയും ആത്മരക്ഷയ്ക്കായി ജോലി ചെയ്യുക." എന്നു പറഞ്ഞു മെത്രാൻ അനുവാദം നല്കി.

അനുവാദം ലഭിച്ച ഉടനെ തനിക്കുണ്ടായിരുന്ന വസ്ത്രങ്ങൾ അടുക്കിക്കെട്ടി, ഒരു വിനോദയാത്രയ്ക്കെന്നപോലെ അദ്ദേഹം പുറപ്പെട്ടു. തന്റെ യാത്ര, ഇടവക ജനങ്ങളുടെ ശ്രദ്ധയിൽപ്പെടാതിരിക്കുവാൻ ഇടവഴിയിൽക്കൂടിയാണ് അദ്ദേഹം പോയത്. ഗ്രാമത്തിൽ കുറേ അകലെയാണു കയറേണ്ട വണ്ടി കിടന്നിരുന്നത്. അവിടെ എത്തുന്നതിനു മുമ്പ് 'ഗ്രനോബിളി' ലിൽനിന്നും തിടുക്കത്തിൽ വരുന്ന തന്റെ സഹോദരിയെ കണ്ടുമുട്ടി. സ്നേഹവും സന്താപവും പ്രതിബിംബിക്കുന്ന നയനങ്ങളോടുകൂടി അവൾ അദ്ദേഹത്തെ നോക്കി ഇപ്രകാരം പറഞ്ഞു: "എനിക്കു സകലതും അറിയാം. ഒരു കാര്യം മാത്രമേ

ഞാൻ അവശ്യപ്പെടുന്നുള്ളു. ദയവായി എന്നോടുകൂടെ ഒരു ദിവസം ചെലവഴിക്കുക." അതിനു മറുപടിയായി അദ്ദേഹം പറഞ്ഞു: "ഞാൻ അപ്രകാരം ചെയ്യുന്നുവെങ്കിൽ എൻെറ ദൈവവിളി നഷ്ടപ്പെടും. ദൈവം ഇന്നുതന്നെ എന്നെ വിളിക്കുന്നു. നാളത്തേയ്ക്കു മാററിയാൽ സമയം കഴിഞ്ഞുപോകും."

ദുഃഖഭാരം താങ്ങാൻ വഹിയാതെ ആ പ്രിയസഹോദരി തന്നെ അനുഗമിച്ചിരുന്നവരുടെ കരങ്ങളിലേയ്ക്കു വീണു. സ്വസഹോദരിയുടെ വ്യഥ കണ്ടു ഫാദർ ഏമാർഡിൻെറ ഹൃദയം സന്താപനിമഗ്നമായി. പക്ഷേ തൻെറ വികാരങ്ങളെ അടക്കികൊണ്ടു സന്ദർഭോചിതമായ ഒരു മൂളിപ്പാട്ടും പാടി അദ്ദേഹം പെട്ടെന്നു സ്ഥലം വിട്ടു.

---

# നാലാം അദ്ധ്യായം.

## മാരിസ്ററു സഭയിൽ.

---

### I

ഫാദർ ഏമാർഡ് നവസന്യാസിമാർക്കുള്ള നൊവിഷ്യാത്തു് ആശ്രമത്തിൽ, 1839 ആഗസ്റ്റ് രണ്ടാംതീയതി എത്തിച്ചേർന്നു. പ്രതിവർഷമുള്ള ധ്യാനാവസരങ്ങളിൽ അദ്ദേഹം എഴുതിയിട്ടുള്ള കുറിപ്പുകളിൽനിന്നും വരപ്രസാദത്തിൻെറ ശക്തി എത്രമാത്രം അദ്ദേഹത്തിൽ പ്രകാശിച്ചിരുന്നുവെന്നു നമുക്കു മനസ്സിലാക്കാവുന്നതാണ്. ദിവ്യകാരുണ്യത്തിൽനിന്നും വരപ്രസാദം അദ്ദേഹത്തിലേയ്ക്കു പ്രവഹിച്ചുകൊണ്ടിരുന്നു. പരിശുദ്ധ കന്യകാമറിയത്തിൻെറ സഹായവും അനുഗ്രഹവുമാണു ഫാദർ ഏമാർഡിൻെറ സകല അഭ്യുന്നതിക്കും കാരണം.

ദൈവാഭീഷ്ടം അറിഞ്ഞിരുന്ന ദൈവമാതാവാകട്ടെ ദിവ്യകാരു ണ്യസന്നിധിയിലേയ്ക്കു് അദ്ദേഹത്തെ ആനയിച്ചു. ദൈവം അറി യുന്നതിനായി മാത്രം രേഖപ്പെടുത്തിയിട്ടുള്ള ആ കുറിപ്പുകളിൽ നിറഞ്ഞു തുളുമ്പുന്ന ആർജ്ജവതാവും ഹൃദ്യതയും അല്പമെ ങ്കിലും ഗ്രഹിക്കണമെന്നുണ്ടെങ്കിൽ, ആ അമൂല്യലിഖിതങ്ങൾ തന്നെ നാം വായിച്ചുനോക്കേണ്ടതാണ്. നവസന്യാസിയായി രുന്നപ്പോൾ നടത്തിയ ധ്യാനത്തിൻെറ ആദ്യദിനം അദ്ദേഹം എഴുതുന്നു. "എൻെറ ദൈവമേ, പരിപൂർണ്ണപരിത്യാഗവും നിൻെറ ആരാധ്യമായ തിരുഹിതത്തിനു നിരുപാധികമായ കീഴ്പ്പെഴക്കവും ഞാൻ കൈവരിക്കുന്നില്ലെങ്കിൽ, നീ അനുഗ്രഹ ങ്ങൾ വച്ചു നീട്ടുന്ന കൈ വലിച്ചുകളയുമെന്നു ഞാൻ ഭയപ്പെ ടുന്നു. ഞാൻ നിനക്കു വിധേയനാകുമെങ്കിൽ, നിൻെറ മഹത്വം വർദ്ധിക്കുകയും എൻെറ സഹോദരന്മാർ മാനസാന്തരപ്പെടുകയും, എനിക്ക് അങ്ങുമായി ഉള്ളഴിഞ്ഞ സ്നേഹബന്ധമുണ്ടാകുകയും ചെയ്യും."

പെട്ടെന്നു ദിവ്യകാരുണ്യത്തെക്കുറിച്ചുള്ള വിചാരം അദ്ദേ ഹത്തിൽ സ്ഥലംപിടിക്കുന്നു. മരണത്തെക്കുറിച്ചു ധ്യാനിച്ചു കൊണ്ട് അദ്ദേഹം എഴുതുന്നു. പരിപൂർണ്ണമായ വിശ്വാസത്തോ ടെ എൻെറ മരണവിനാഴിക ഈശോയെ ഞാൻ ഏല്പിച്ചിരി ക്കുന്നു. എൻെറ ദിവ്യകാരുണ്യനാഥനെയും എൻെറ സ്വർഗ്ഗീയ മാതാവിനെയും ഞാൻ ഹൃദയം തുറന്നു സ്നേഹിക്കുന്നപക്ഷം എനിക്കു ഭാഗ്യമരണം പ്രാപിക്കാമെന്നുള്ളതിനു യാതൊരു സംശയവുമില്ല. വീണ്ടും കുറേ ദിവസം കഴിഞ്ഞു അദ്ദേഹം രേഖപ്പെടുത്തുന്നു: "എനിക്കു പ്രിയതമങ്ങളായ രണ്ടു ധ്യാന വിഷയങ്ങളുണ്ട്, സക്രാരിയിലെ ദിവ്യകാരുണ്യനാഥനും കൈ വരാനിരിക്കുന്ന മോക്ഷാനന്ദവും."

ഇപ്രകാരം ഫാദർ ഏമാർഡ് തൻെറ ജീവിതത്തിൻെറ അവിഭാജ്യഘടകമായ സ്വയപരിത്യാഗത്തിന് അടിസ്ഥാനമിട്ടു. അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ അതു ദിവ്യകാരുണ്യഭക്തിയു ടേയും നിരന്തരമായ ആരാധനയുടേയും അനുപേക്ഷണീയ മായ ഉപാധിയായിരുന്നു. "പരിപൂർണ്ണ വിശുദ്ധി നേടാൻ ഞാൻ ശിശുതുല്യനാകണം. എൻെറ ബുദ്ധിയെ ബലികഴി

ക്കണം. മരിച്ചവനെപ്പോലെ ഈശോയിൽ ജീവിക്കണം. എൻെറ ശൂന്യതയിൽ ഞാൻ ജീവിതത്തെ പടുക്കണം. ഈശോ എന്നെ എവിടെയും അനുഗമിക്കുന്നു."

വിണ്ടും ഒരു കുറിപ്പിൽ നാം ഇങ്ങനെ വായിക്കുന്നു. "എൻെറ ഇല്ലായ്മ ഗ്രഹിക്കുന്നതിനും ലൌകികവസ്തുക്കളെ സംബന്ധിച്ചിടത്തോളം മരിച്ചവനെപ്പോലെ ആയിത്തീരുന്നതിനുമായിട്ടാണ് ഈശോ എനിക്കു നിരവധി വരപ്രസാദങ്ങളും സഹനമാർഗ്ഗങ്ങളും അയച്ചു തരുന്നത്. എൻെറ ദൈവമേ, എൻെറ ഹൃദയത്തെ വീണ്ടും നിറയ്ക്കുന്നതിനായിട്ടാണു നീ ഇപ്പോൾ അതിനെ ശൂന്യമാക്കുന്നത്. എൻെറ ഭൗമികാഭിലാഷങ്ങളെ നീ എടുത്തുകളയുന്നതു ദിവ്യസ്നേഹത്തെ തൽസ്ഥാനത്തു പ്രതിഷ്ഠിക്കുവാനാണ്. നിൻെറ സ്നേഹം നയിക്കുന്ന വഴി കണ്ടെത്തുന്നത് എനിക്ക് എത്രമാത്രം ആനന്ദകരമായിരിക്കുന്നു."

## II

നൊവിഷ്യാത്തിൽ പ്രവേശിച്ചു മൂന്നു മാസം കഴിഞ്ഞപ്പോൾ 'ബല്ലി' എന്ന സ്ഥലത്തുള്ള സ്കൂളിൻെറ ആദ്ധ്യാത്മിക നിയന്താവായി ഫാദർ ഏമാർഡ് നിയമിതനായി. ഈ ഉദ്യോഗം അദ്ദേഹത്തിനു തൃപ്തികരമല്ലായിരുന്നുവെങ്കിലും ദൈവേഷ്ടത്തെ മുൻനിറുത്തി പ്രവർത്തനമാരംഭിച്ചു. തൻെറ മുൻഗാമികൾക്കു പരാജയം നേരിട്ടിട്ടുള്ള എല്ലാ പ്രവർത്തനരംഗങ്ങളിലും അദ്ദേഹം വിജയം കണ്ടെത്തി. ദൈവം സ്വാഭീഷ്ടം നിറവേററുന്നതിനു സാധാരണമായി അശക്തങ്ങളായ ഉപകരണങ്ങളാണ് ഉപയോഗിക്കാറുള്ളത്. ഈ ഉപകരണങ്ങൾ അവിടുത്തെ മാർഗ്ഗദർശനത്തിനു കീഴ്പ്പെടുന്നുവെങ്കിൽ, അവർവഴി, അസാധ്യകാര്യങ്ങൾ അവിടുന്നു നിവർത്തിക്കുന്നു. ഫാദർ ഏമാർഡിൽ പ്രശോഭിച്ചിരുന്ന അന്യാദൃശമായ ഭക്തി ഏവരുടേയും പ്രശംസയ്ക്കു പാത്രമായിത്തീർന്നതിനോടൊപ്പം അദ്ദേഹത്തിൻെറ വിനയവും സ്നേഹപൂർവ്വമായ പെരുമാററവും അദ്ദേഹത്തെ അനുസരിക്കുന്നതിനു ഭരണീയർക്കു വഴി തെളിച്ചുകൊടുത്തു. കുട്ടികൾക്ക് അദ്ദേഹം എപ്പോഴും വത്സലപിതാവാ

യിരുന്നു. അനാവശ്യമായി അവരെ കുററപ്പെടുത്തിയിരുന്നില്ല. ഘനമായ തെററുകൾക്കുപോലും ഏററം സൗമ്യമായിട്ടാണ് അവരോടു പെരുമാറിയത്. കുട്ടികളോടുള്ള ഫാദർ ഏമാർഡിൻെറ അനുകമ്പയും വാത്സല്യവും സ്ക്കൂളിലെ അദ്ധ്യാപകന്മാർക്കും വിദ്യാർത്ഥികൾക്കും അനുഭവഗോചരമായി. യാതൊരുണർവും ജീവനും ഇല്ലാതെ, കുട്ടികളുടെ പരിശ്രമത്താൽ നടത്തപ്പെട്ടിരുന്ന അമലോത്ഭവമാതാവിൻെറ സൊഡാലിററി അദ്ദേഹത്തിൻെറ പ്രത്യേകോത്സാഹത്താലും പരിശ്രമത്താലും ശക്തി പ്രാപിച്ചു ഏറെയാകർഷവും പ്രയോജനകരവുമായിത്തീൎന്നു. ഈ ഉദ്യമത്തിലുണ്ടായ അസാധാരണ വിജയം മനസ്സിലാക്കി, ഭദ്രാസന ദേവാലയത്തിലേ ബാലഗായകസംഘത്തിൻെറ ഡയറക്ടർ, അവിടെയും സൊഡാലിററി ഉത്ഘാടനം ചെയ്യുന്നതിനു ഫാദർ ഏമാർഡിനെ ക്ഷണിച്ചു.

## III

ഫാദർ ഏമാർഡിൻെറ സകല വിജയത്തിൻേറയും മൂലകാരണം ദൈവവുമായുള്ള ആത്മൈക്യം മാത്രമായിരുന്നു. നമ്മുടെ ദിവ്യനാഥൻ അദ്ദേഹത്തിനു മനസ്സിലാക്കിക്കൊടുത്തതും വെളിപ്പെടുത്തിയതും വിശുദ്ധിയിൽ പുരോഗമിക്കണമെന്നുള്ള ഏകസംഗതിയാണ്. "എനിക്കു വിശുദ്ധനാകണം. ദൈവമഹത്വം ഉപര്യുപരി വൎദ്ധിപ്പിക്കുന്നതിന് എനിക്കു പുണ്യവാനാകണം" എന്നിങ്ങനെ അദ്ദേഹം പറയുക പതിവായിരുന്നു. ദൈവവുമായുള്ള ഐക്യവും വിശുദ്ധിയും തോളോടുതോൾ ചേൎന്നു വളരുന്നു. ഒന്നിൻെറ അഭാവത്തിൽ മറേറതു വളരുക അസാദ്ധ്യമാണ്.

"വളരെക്കാലം വ്യൎത്ഥമായി എൻെറ ദിവ്യനാഥൻ എന്നെ പിന്തുടൎന്നു. അവിടുത്തോടു സംസാരിക്കുന്നതിനും അവിടുത്തെ ദൎശിക്കുന്നതിനും എന്നെ പ്രേരിപ്പിച്ചു. അവിടുത്തെ തൃപ്പാദത്തിൽ സങ്കേതം പ്രാപിക്കുന്നതിനു വിഘ്നമായി നില കൊണ്ടിരുന്നവയെല്ലാം അവിടുന്നു മാററി. എന്നാൽ ഞാനോ

സമാധാനത്തിൻെറയും സന്തോഷത്തിൻെറയും ഇരിപ്പിടമായ ഈശോയുടെ സാന്നിധ്യത്തിൽ പ്രവേശിക്കുന്നതിനു ബാധകമായി സ്ഥിതിചെയ്യുന്ന നശ്വരങ്ങളും നിസ്സാരങ്ങളുമായ വസ്തുക്കളോട് ഒട്ടിച്ചേൎന്നുനിന്നു. ആ പരമകാരുണികനിൽനിന്നും ഓടി ഒളിച്ചതിനാൽ എനിക്ക് അലഞ്ഞുതിരിയേണ്ടിവന്നു. എനിക്കു കരസ്ഥമായതൊക്കെയും വെറും നിഴലാണെന്ന് എനിക്കു മനസ്സിലായി. എൻെറ ദൈവമേ, അവസാനം ഞാൻ ഇതാ അങ്ങേ തൃപ്പാദത്തിങ്കൽ സാഷ്ടാംഗം പ്രണമിക്കുന്നു. കൎത്താവേ, അവിടുത്തേയ്ക്കുവേണ്ടി അവിടുന്ന് എന്നെ സൃഷ്ടിച്ചു. അങ്ങയിൽ അഭയം പ്രാപിക്കാതെ, വിശ്രമിക്കാതെ, എൻെറ ആത്മാവു സ്വസ്ഥത പ്രാപിക്കയില്ല." എന്നിപ്രകാരം ഫാദർ ഏമാർഡ് പറയുക പതിവായിരുന്നു.

## IV

1844-ൽ ഫാദർ ഏമാർഡ് പ്രൊവിൻഷ്യൽ ആയ നിയമിക്കപ്പെട്ടു. സഭയിലെ ഇതരാംഗങ്ങൾ അതിയായി ആഗ്രഹിച്ചിരുന്ന ഈ ഉദ്യോഗം കാമ്യമായി അദ്ദേഹം കരുതിയില്ല. എന്നാൽ ഫാദർ കോളിൻെറ നിർബന്ധത്തിന് അദ്ദേഹം വഴിപ്പെടേണ്ടിവന്നു. പ്രൊവിൻഷ്യൽ, വിസിററർ ജനറാൾ എന്നീ ഉദ്യോഗങ്ങൾ സുത്യൎഹമാംവണ്ണം നിവ്വഹിച്ച് ഏഴു കൊല്ലം ഫാദർ ഏമാർഡ് 'ലയോൺസിൽ' താമസിച്ചു. ലയോൺസിലേ വാസം ദിവ്യകാരുണ്യഭക്തിക്കും പ്രാൎത്ഥനയ്ക്കും പ്രയോജനപ്രദമായിരുന്നു. ലയോൺസിലുള്ള വിശുദ്ധ പൗലോസിൻെറ ദേവാലയത്തിൽ വിശുദ്ധ കുർബാനയുടെ പ്രദക്ഷിണ സമയത്തു കാമ്മികസ്ഥാനം വഹിക്കുന്നതിനു ഫാദർ ഏമാർഡിനു സാധിച്ചു. ആ സന്ദൎഭത്തിൽ അദ്ദേഹത്തിനു ലഭിച്ച പ്രത്യേകാനുഗ്രഹത്തെപ്പററി ഇപ്രകാരം പറയുന്നു: "വി. പൗലോസിൻെറ ദേവാലയത്തിൽ നടത്തപ്പെട്ട വിശുദ്ധ കുർബാനയുടെ പ്രദക്ഷിണത്തിൽ ഈശോയെ കരങ്ങളിൽ വഹിക്കാൻ സാധിച്ചുവെന്നുള്ളതു ഞാൻ വലിയ ഒരു ഭാഗ്യമായി കരുതുന്നു. വിശുദ്ധ കുർബാനയിൽ ശ്രദ്ധവാസംചെയ്യുന്ന ഈശോയുടെനേരേയുള്ള

സ്നേഹത്താൽ എൻെറ ഹൃദയം തുടിച്ചു. ആ ദിവ്യനാഥനെ എൻെറ കരങ്ങളിൽ വഹിച്ചിരുന്ന രണ്ടു മണിക്കൂർ എനിക്ക് ഒരു വിനാഴികപോലെ തോന്നി. ആ സമയം കത്തോലിക്കാ സഭയേയും ഫ്രാൻസിനേയും മരിയസഭയേയും എന്നെ മുഴുവനേയും അവിടുത്തെ തൃപ്പാദങ്ങളിൽ ഞാൻ സമർപ്പിച്ചു. ഈശോയെ കൂടുതൽ സ്നേഹിക്കുന്നതിന് എല്ലാ മനുഷ്യരുടേയും ഹൃദയങ്ങൾ എൻെറ ഹൃദയത്തിൽ സ്ഥിതിചെയ്യുന്നതിനും വിശുദ്ധ പൗലോസിൻെറ ഭക്തിതീക്ഷ്ണത എനിക്കുണ്ടാകുന്നതിനും ഞാൻ പ്രാർത്ഥിച്ചു. ദിവ്യകാരുണ്യത്തെപ്പററിയുള്ള വിചാരമാണു പ്രധാനമായി ഫാദർ എമാർഡിൻെറ ഹൃദയത്തിൽ കുടികൊണ്ടിരുന്നത്. ദിവ്യകാരുണ്യസഭാസ്ഥാപനത്തിനു മുമ്പുള്ള പത്തുകൊല്ലക്കാലം ഫാദർ എമാർഡിൽ അവാച്യമായവിധം ദിവ്യകാരുണ്യഭക്തി വളർന്നു ശോഭിച്ചിരുന്നു. ഈ സമയം രഹസ്യജീവിതം നയിച്ച ദൈവേഷ്ടത്തിനു തന്നെ മുഴുവനായി സമർപ്പിക്കുന്നതിന് അദ്ദേഹം നിശ്ചയിച്ചു. അതേ സംബന്ധിച്ച് അദ്ദേഹം ഇപ്രകാരം പറയുന്നു: "അജ്ഞാതജീവിതം കഴിക്കുന്നതിനു ദൈവം എന്നെ നിർബ്ബന്ധിക്കുന്നു. ഉപകാരശൂന്യമായ മൈത്രിയും, അത്യാവശ്യമല്ലാത്ത സന്ദർശനവും, ലോകത്തോട് എന്നെ കൂടുതൽ അടുപ്പിക്കുന്ന ഇതര സാഹചര്യങ്ങളും ദൂരീകരിക്കുന്നതിന് ഈശോ എന്നിൽനിന്നും ആവശ്യപ്പെടുന്നു. സ്നേഹനാഥാ, അവിടുത്തെ തിരുവുള്ളം സാധിതമാകുന്നതിനു സകല ജീവജാലങ്ങളേയും പരിത്യജിക്കുന്നതിനു ഞാൻ സന്നദ്ധനായിരിക്കുന്നു."

1847-ലെ ദുഃഖവെള്ളിയാഴ്ച, ഫാദർ എമാർഡ്, തന്നെ പൂർണ്ണമായി ഒന്നു പരിശോധിച്ചു. തന്നിൽ കുടികൊണ്ടിരുന്ന ഉദാസീനതയും ലോകപ്രതിപത്തിയും വ്യർത്ഥാഭിമാനവും പാടേ വിപാടനംചെയ്യുന്നതിന് അദ്ദേഹം നിശ്ചയിച്ചു: അതിനേ തുടർന്ന് അദ്ദേഹം പറയുന്നു: "ദൈവമേ, അനിയന്ത്രിതമായ ഐഹികവിചാരങ്ങൾക്കും വ്യാമോഹങ്ങൾക്കും ഞാൻ ഇനി വഴിപ്പെടുകയില്ല. കുരിശിൽ തൂങ്ങിയവനും ദിവ്യകാരുണ്യത്തിൽ വസിക്കുന്നവനുമായ ഈശോയിൽ ഞാൻ സമ്പൂർണ്ണമായി ലയിക്കുന്നതിനാഗ്രഹിക്കുന്നു."

## V

വിശുദ്ധ കുർബാനയുടെ പ്രദക്ഷിണസമയത്തു ഫാദർ എമാർഡിനു ലഭിച്ച ദൈവികാനുഗ്രഹങ്ങൾ ദിവ്യകാരുണ്യത്തിൽ വസിക്കുന്ന ഈശോയെപ്പററി പ്രസംഗിക്കുന്നതിന് അദ്ദേഹത്തിനു പ്രചോദനം നല്കി. ഏറെത്താമസിയാതെ അദ്ദേഹം സുപ്പീരിയർ ജനറാളിന് ഇപ്രകാരമെഴുതി: "ജനുവരി 21-ാംതീയതി ഞാൻ 'ഫോർവിയരെ' എന്ന സ്ഥലത്തുകൂടി കടന്നുപോകുമ്പോൾ ചില വിചാരങ്ങൾക്കു വിധേയനായി. അതിൽ പ്രധാനമായവ, വൈദികരിൽ കാണുന്ന ഭക്തിമാന്ദ്യം, ഭക്തജനങ്ങൾക്ക് അത്യന്താപേക്ഷിതമായിരിക്കുന്ന ആദ്ധ്യാത്മികനിർദ്ദേശങ്ങളുടെ അഭാവം, ദിവ്യകാരുണ്യത്തോടു പ്രദർശിപ്പിക്കുന്ന അനാശാസ്യമായ ഭക്തിക്കുറവ്, ആരാധനീയമായ വിശുദ്ധ കുർബാനയ്ക്കെതിരായി ചെയ്യപ്പെടുന്ന ദൈവദൂഷണം മുതലായ വിഷയങ്ങളായിരുന്നു. ഈ കുറവുകൾ പരിഹരിക്കുന്നതിനു സ്ത്രീകൾക്കുള്ളതുപോലെ പുരുഷന്മാർക്കും ഒരു ആരാധനാസംഘം രൂപവത്ക്കരിക്കയും, പ്രസ്തുത സംഘം മരിയാസൊസൈററിയോടു യോജിപ്പിക്കയും ചെയ്യാൽ സന്ദർഭോചിതമായിരിക്കുമെന്ന് എനിക്കു തോന്നി."

ഫാദർ എമാർഡിൻെറ ഒടുവിലത്തെ അഭിപ്രായത്തിൽ "ദിവ്യകാരുണ്യ സഭ" ബീജാവാപം ചെയ്യപ്പെട്ടതായി നമുക്കു കാണാവുന്നതാണ്. എന്നാൽ ഈ വിത്തു മുളച്ചു പൃഷ്ടി വളച്ച് പ്രാപിക്കേണ്ടിയിരിക്കുന്നു.

ഫെബ്രുവരി രണ്ടാംതീയതി ഞായറാഴ്ച, മുൻപറഞ്ഞ സംഭവത്തിൻെറ പന്ത്രണ്ടാംദിവസം, ഫാദർ എമാർഡ് 'ലാഫെവൊറൈററ്' എന്ന സ്ഥലത്തേയ്ക്കു വരവേ 'ഫൊർവിയരേ'യിലുള്ള പരിശുദ്ധ കന്യകാമറിയത്തിൻെറ ദേവാലയത്തിൽ പ്രവേശിച്ചു. പന്ത്രണ്ടു ദിവസമായി തൻെറ ഹൃദയത്തിൽ കുടികൊണ്ടിരുന്ന സംഗതി അദ്ദേഹം ആ രാജാധിരാജനെ അറിയിച്ചു. മനുഷ്യഗണത്തോടുള്ള ദിവ്യകാരുണ്യനാഥൻെറ സ്നേഹത്തിനു പ്രതിനന്ദിയായി അവിടുത്തേയ്ക്കു് ഉചിതമായ ആരാധനാസ്തോത്രങ്ങൾ ചെയ്യാൻ ഒരു സന്യാസിസഭയുടെ

അവശ്യകതയാണു ഫാദർ ഏമാർഡ് ആ സ്നേഹമൂർത്തിയെ അറിയിച്ചതു്.

ഇതിനുശേഷം ഫാദർ ഏമാർഡ് തൻെറ ഇംഗിതം 'കോളിൻ' അച്ചനെ ധരിപ്പിച്ചു. ഉദ്ദേശ്യം അഭികാമ്യമെങ്കിലും തല്ക്കാലത്തേക്കു മാററിവയ്ക്കുന്നതാണു നല്ലതെന്നു ഫാദർ കോളിൻ അഭിപ്രായപ്പെട്ടു. അതിനോടു പൂർണ്ണമായി ഫാദർ ഏമാർഡ് യോജിച്ചു.

# അഞ്ചാം അദ്ധ്യായം.

## ലാസെയിനിലെ സുപ്പീരിയർ.

ദൈവവരപ്രസാദം ഫാദർ ഏമാർഡിൽ സഹനത്തിൻെറയും ത്യാഗത്തിൻെറയും ചൈതന്യം ഉളവാക്കിയെന്നു നാം കണ്ടുകഴിഞ്ഞു. 1845—ാമാണ്ടിൻെറ അവസാനത്തോടുകൂടി ഉത്തരവാദിത്വമുള്ള മററു ജോലികൾക്കു പുറമേ 'കന്യകാമറിയത്തിൻെറ മൂന്നാംസഭ'യുടെ മേൽനോട്ടവും അദ്ദേഹം നടത്തേണ്ടിവന്നു. അപ്പോൾ അതിനു് ഏഴോ എട്ടോ അംഗങ്ങൾ മാത്രമേയുണ്ടായിരുന്നുള്ളു. എന്നാൽ അദ്ദേഹത്തിൻെറ പരിലാലനയിൽ സഭയ്ക്കു പരിപൂർണ്ണമായ ഉത്തേജനവും വളർച്ചയും അഭിവൃദ്ധിയുമുണ്ടായി.

1851—ലെ ധ്യാനം കഴിഞ്ഞയുടനേ ഫാദർ ഏമാർഡ് ലാസെയിനിലുള്ള ബോർഡിങ്ങ് സ്കൂളിൽ സുപ്പീരിയർ ആയി നിയമിക്കപ്പെട്ടു. സ്കൂളിൻെറ വിഷമസന്ധിയിലാണു് അദ്ദേഹം ജോലി കയ്യേററതു്. സ്കൂൾ സ്ഥാപിച്ചിട്ടു രണ്ടു കൊല്ലം തികഞ്ഞിട്ടില്ല. വിവിധകാരണങ്ങളാൽ അദ്ധ്യാപകന്മാരും സ്കൂളിനോടു് അടുത്തു ബന്ധമുള്ളവരും തമ്മിൽ ഐക്യവും യോജിപ്പു

മില്ലായിരുന്നു. എന്നാൽ ഫാദർ ഏമാർഡിന്റെ നിസ്തുലസേവനത്താലും അത്മാർത്ഥമായ പരിശ്രമത്താലും, അന്ധകാരത്തിനു ശേഷം പ്രഭാതവും, കൊട്ടങ്കാററിനു ശേഷം ശാന്തതയും ആവിർഭവിച്ചാൽ ഉണ്ടാകുന്ന ആഹ്ലാദംപോലെ, പ്രക്ഷുബ്ധമായിരുന്ന അന്തരീക്ഷത്തിൽ സമാധാനത്തിന്റെ ഇളംകാററു വീശിത്തുടങ്ങി. ഇതിനുവേണ്ടി അദ്ദേഹം സഹിക്കേണ്ടിവന്ന ബുദ്ധിമുട്ടുകളേയും ക്ലേശങ്ങളേയുംപററി അദ്ദേഹം 'ലയോൺസി'ലുള്ള ഒരു സ്നേഹിതനു വളരെ രഹസ്യമായി എഴുതുന്നതു് ഇപ്രകാരമാണു്. "സത്യം പറയുകയാണെങ്കിൽ എന്റെ ജീവിതം പ്രഭാതംമുതൽ പ്രദോഷംവരെയും വിഷമകരം തന്നെ. പൊതുജനസേവനം എന്റെ പ്രവർത്തനത്തിൽ പ്രധാന സ്ഥാനം പിടിച്ചിരുന്നു. പല ആവശ്യങ്ങളും പ്രമാണിച്ചു് ഓരോ വിനാഴികയിലും പലരും എന്റെ കതകിൽ മുട്ടിയിരുന്നു. പുസ്തകം വായിക്കുന്നതിനോ എന്തെങ്കിലും എഴുതുന്നതിനോ ജനങ്ങളുടെ ആവശ്യങ്ങൾ എനിക്കു തടസ്സമായിത്തീൎന്നു."

## II

'ലാസെയി'നിലെ താമസത്തിനിടയിൽ ദിവ്യകാരുണ്യനാഥനോടുള്ള ഭക്തിയും സ്നേഹവും വർദ്ധിച്ചുവരുന്നതായി ഫാദർ ഏമാർഡിനു് അനുഭവപ്പെട്ടു. ഈ വസ്തുതയെ വെളിപ്പെടുത്തുന്ന ഒരു സന്ദർഭം ഉളവായി. 'കൗണ്ട് റേമോൺഡു് ദെ കുരസ്' എന്ന നാവികോദ്യോഗസ്ഥൻ 'ട്ടൂലോൺ' എന്ന സ്ഥലത്തു രാത്രിയും പകലും ആരാധന നടത്തുന്നതിനുവേണ്ടി ഓരോ സഖ്യങ്ങൾ സ്ഥാപിച്ചിരുന്നു. ഇതിൽ ആദ്യത്തേതു പുരുഷന്മാൎക്കും രണ്ടാമത്തേതു സ്ത്രീകൾക്കും വേണ്ടിയുള്ളതായിരുന്നു. ഫാദർ ഏമാർഡ് 'കൗണ്ടി'നെ കാണുന്നതിനിടവരികയും, ദിവ്യകാരുണ്യാരാധനസ്സംബന്ധിക്കുന്ന പരിപാടികളെ സംബന്ധിച്ചു് അവർ തമ്മിൽ ആലോചിക്കയും ചെയ്തു. എന്നാൽ അവിചാരിതമായി മി. കൗണ്ടിനു് 'ബ്രെസ്റ്റ്' എന്ന സ്ഥലത്തേയ്ക്കു മാററംകിട്ടിയതിനാൽ അവരുടെ ആലോചന ഫലപ്രദമായില്ല.

എങ്കിലും സംഘസ്ഥാപകൻെറ അഭാവത്തിൽ ആരാധനാസഖ്യങ്ങൾ നാമാവശേഷമാകുന്നതിനു ദൈവം അനുവദിച്ചില്ല. പുരുഷന്മാരെ ഉദ്ദേശിച്ചു സ്ഥാപിതമായ രാത്യാരാധനാസഖ്യത്തിൻെറ ഉന്നമനത്തിനു ഫാദർ എമാർഡ് പരിശ്രമിക്കയും അതിൻെറ അംഗങ്ങളുടെ സവിശേഷമായ സ്നേഹാദരങ്ങൾക്കു പാത്രീഭൂതനാകയും ചെയ്തു. സഖ്യത്തിൻെറ വിജയത്തിനു ഹേതുവായ പ്രധാന ഉപകരണങ്ങൾ അദ്ദേഹത്തിൻെറ പ്രസംഗങ്ങളും മാതൃകാജീവിതവുമായിരുന്നു. ദൈവദൂതസമാനനായ അദ്ദേഹത്തിൻെറ ഭക്തിയും ദിവ്യകാരുണ്യസന്നിധിയിലുള്ള പെരുമാററവും പ്രസംഗചാതുരിയും ജനങ്ങളിൽ എന്തെന്നില്ലാത്ത ഭക്തിതീക്ഷ്ണത ഉളവാക്കി.

ഒരിക്കൽ 'ടൂളോണിൽ' വിശുദ്ധ കുർബാനയുടെ പ്രദക്ഷിണം നടത്തുന്നതിന് അദ്ദേഹത്തിന്, ഇദംപ്രഥമമായി അവസരം ലഭിച്ചു. ആ സമയം അദ്ദേഹം അരുളിക്കാ വഹിച്ചിരുന്ന വിധവും വിശ്വാസചൈതന്യത്താൽ പ്രദീപ്തമായിരുന്ന അദ്ദേഹത്തിൻെറ മുഖവും ജനങ്ങൾ ദർശിക്കവേ അദ്ദേഹം ഒരു വിശുദ്ധനല്ലയോ എന്ന് അവർ സംശയിച്ചു. ലോകനവീകരണത്തിനുതകിയ മാർഗ്ഗം ദിവ്യകാരുണ്യത്തെപ്പററി പ്രസംഗിക്കുകയാണ് എന്നത്രേ ഫാദർ എമാർഡിൻെറ അഭിപ്രായം. അദ്ദേഹം ഇപ്രകാരം എഴുതുന്നു: "ദൈവത്തിൻെറ ദാനമായ വിശുദ്ധ കുർബാനയെക്കുറിച്ച് ഉണ്ടായിരിക്കുന്ന അജ്ഞതമൂലം ഫ്രാൻസിനും യൂറോപ്പു മുഴുവനും വന്നുകൂടിയിരിക്കുന്ന വിശ്വാസരാഹിത്യത്തെ, വിപാടനംചെയ്തു ദിവ്യകാരുണ്യം വഴിയായി ആത്മാക്കളെ രക്ഷിക്കുന്നതിനു നമുക്കു ജോലി തുടങ്ങണം. ദിവ്യകാരുണ്യനാഥനുമായുള്ള സ്നേഹൈക്യം തങ്ങളുടെ ജീവിതത്തിൻെറ ഏകലക്ഷ്യമായി സ്വീകരിച്ചിട്ടില്ലാത്ത ആത്മാക്കളിൽ സ്നേഹമാകുന്ന ജ്വാല വീശണം. കാൽവരിയിലും ദിവ്യസക്രാരിയിലും അധിഷ്ഠിതമാകാത്ത ഭക്തി യഥാർത്ഥമോ ഫലപ്രദമോ അല്ല. നാം വളരെ വിരളമായി മാത്രമേ ഈ സ്നേഹരഹസ്യത്തെ സമീപിക്കുകയും ഇതിനെ നമ്മുടെ ഉപദേശത്തിൻെറ വിഷയമാക്കുകയും ചെയ്യുന്നുള്ളുവെന്നാണ് എനിക്കു തോന്നുന്നത്."

എല്ലാ ഹൃദയങ്ങളേയും ദിവ്യകാരുണ്യസ്നേഹംകൊണ്ടു ജ്വലിപ്പിക്കണമെന്നായിരുന്നു ഫാദർ ഏമാർഡിൻെറ ആദർശം. അയതിനു ദിവ്യകാരുണ്യത്തെപ്പററി ആരാധനാസഖ്യത്തിലെ അംഗങ്ങളോടും എല്ലാ വിശ്വാസികളോടും ലാസെയിനിലുള്ള തൻെറ ശിഷ്യരോടും പ്രസംഗിച്ചു. അദ്ദേഹത്തിൻെറ ദിവ്യകാരുണ്യപ്രേഷിതവൃത്തിയുടെ ശക്തിയും ഫലവും അദ്ധ്യാപകന്മാരിലും കാണപ്പെട്ടുതുടങ്ങി. വിശുദ്ധ കുർബാന പരസ്യമായി എഴുന്നെള്ളിച്ചുവച്ചുകൊണ്ടുള്ള ആരാധന അവർ ആവശ്യപ്പെട്ടതനുസരിച്ച്, മാസംതോറും നടത്തപ്പെടുന്ന ധ്യാനദിവസം ഒരു മണിക്കൂർ ആരാധനയ്ക്ക് അദ്ദേഹം അവസരം നല്കി.

ഫാദർ ഏമാർഡ് പ്രസംഗിക്കുക മാത്രമല്ല ചെയ്തത്. പ്രത്യുത പ്രസംഗിച്ചതെല്ലാം പ്രവൃത്തിയാൽ ജനങ്ങൾക്കു കാണിച്ചുകൊടുക്കുകയും ചെയ്തു. അദ്ദേഹത്തിന് ഉപയോഗപ്പെടുത്തുവാൻ സാധിച്ചിരുന്ന ഓരോ വിനാഴികയും വിശുദ്ധ കുർബാനയുടെ സന്നിധിയിൽ ആരാധന നടത്തുന്നതിനായി വിനിയോഗിച്ചു. ചിലർ ഇപ്രകാരം പറഞ്ഞിരുന്നു: "സമയത്തിൽ ഭൂരിഭാഗവും വിശുദ്ധ കുർബാനയുടെ സന്നിധിയിൽ സുപ്പീരിയർ അച്ചൻ ചെലവഴിച്ചാൽ എപ്രകാരമാണു സ്കൂൾ അഭിവൃദ്ധിപ്പെടുന്നത്." "സുപ്പീരിയർ സമയമധികവും ദിവ്യകാരുണ്യസമക്ഷം ചെലവാക്കുന്നതിനാലാണു സ്കൂൾ അഭിവൃദ്ധി പ്രാപിക്കുന്നത്" എന്നു മററു ചിലരും.

ജോലിക്കൂടുതൽ നിമിത്തം മതിയാവോളം സമയം ദിവ്യനാഥനുമായി നമ്മസംഭാഷണം ചെയ്യാൻ സാധിക്കാഞ്ഞതിനാൽ ഫാദർ ഏമാർഡ് കുണ്ഠിതപ്പെട്ടു. പക്ഷേ ഇതിന് അദ്ദേഹം നിവൃത്തിമാർഗ്ഗം കണ്ടുപിടിച്ചു. അദ്ദേഹം താമസിക്കുന്ന കെട്ടിടത്തിൻെറ ഒരു മുറി, ചാപ്പലിനോടു വളരെ തൊട്ടായിരുന്നു. ഭിത്തിയിൽ ഒരു ജനാല വെട്ടിയുണ്ടാക്കിയാൽ സക്രാരിയിൽ പള്ളികൊള്ളുന്ന ദിവ്യനാഥനെ എപ്പോഴും കാണാൻ സാധിക്കുമല്ലോ. അദ്ദേഹം അങ്ങനെ തന്നെ ചെയ്തു. ഉദ്ദേശ്യം സാധിച്ചതിൽ അദ്ദേഹത്തിനുണ്ടായ സന്തോഷം അപരിമേയമായിരുന്നു.

## III

സുപ്പീരിയർ അച്ചന്റെ തിരുനാൾ ആഘോഷപൂർവ്വം കൊണ്ടാടുകയെന്നതു ലാസെയിൻ സ്കൂളിലെ ഒരു പതിവായിരുന്നു. വിദ്യാർത്ഥികളുടെ ആനന്ദത്തിനും ആഹ്ലാദപ്രകടനങ്ങൾക്കും യാതൊരു വിധത്തിലും ഭംഗം വരരുതെന്ന് ആ കാരുണ്യശീലൻ നിശ്ചയിച്ചു. തിരുനാൾദിവസം പതിവിന്നെതിരായി കുറേ പുലർന്നതിനു ശേഷമാണ് അദ്ദേഹം ദിവ്യബലി അർപ്പിച്ചത്. അതേപ്പററി അദ്ദേഹം ഇപ്രകാരം പറയുന്നു: "അച്ചന്മാരും വിദ്യാർത്ഥികളും വിനോദയാത്രയ്ക്കു പോയ ശേഷം, ഞാൻ ദിവ്യബലി അർപ്പിച്ചു. ഉപകാരസ്മരണസമയത്തു സ്നേഹരാജനായ ഈശോ എന്നോട് അത്യധികം കരുണയും സ്നേഹവും പ്രദർശിപ്പിച്ചു. എന്റെ നാഥനായ ഈശോയെ കൂടുതൽ പ്രസാദിപ്പിക്കുന്നതിനും അവിടുത്തെ മഹത്വം പ്രകാശിപ്പിക്കുന്നതിനും എന്താണു ഞാൻ ചെയ്യേണ്ടതെന്നു ഞാൻ അവിടുത്തോട് ആരാഞ്ഞു: 'ദിവ്യകാരുണ്യഭക്തിപ്രചരണത്തിനു പരിശ്രമിക്കുക' എന്നായിരുന്നു മറുപടി. ഇത് എപ്രകാരം നിർവ്വഹിക്കും എന്ന് ഒരു ചോദ്യം ഞാൻ ഉന്നയിച്ചു. 'എല്ലാവരേയുമുദ്ദേശിച്ചു നിത്യാരാധന സ്ഥാപിക്കുക', എന്ന് ഈശോ എന്റെ അന്തരാത്മാവിൽ മന്ത്രിച്ചു. ആ സമയം മുതൽ എന്റെ ഹൃദയം സമാധാനത്തിലും ധൈര്യത്തിലും കഴിഞ്ഞുകൂടി. ഈ ശക്തി എന്റെ എല്ലാ പ്രയത്നങ്ങളിലും ധൈര്യവും ഉത്തേജനവും നല്കി. എനിക്കു പരാജയം അനുഭവപ്പെട്ടില്ല." ആരാധനാസംഘം സ്ഥാപിച്ചു വളരെ നാൾ കഴിഞ്ഞപ്പോൾ ഫാദർ ഏമാർഡ് സ്നേഹിതനായ ഫാദർ 'മേയററി'ന് ഇപ്രകാരമെഴുതി: "ആ അനുഗൃഹീതമായ സമയം ഞാൻ ഒരിക്കലും മറക്കുകയില്ല. എനിക്കപ്പോൾ അനുഭവപ്പെട്ട ആനന്ദത്തിന്റേയും ധൈര്യത്തിന്റേയും വികാരങ്ങൾ വളരെ നാളത്തേക്കു നിലനിന്നു." ദൈവഹിതം അറിയുന്നതിന് അദ്ദേഹം തീവ്രമായി പ്രാർത്ഥിച്ചു. പ്രാർത്ഥിക്കുന്നതിനു മററുള്ളവരെ പ്രേരിപ്പിച്ചു. ആരാധനാസംഘസ്ഥാപനത്തിനു കുറച്ചു ദിവസം മുൻപ് അദ്ദേഹം ഇപ്രകാരം മിസ്സ് 'ഗില്ലെട്ടി'ന് എഴുതുന്നു.

"ദിവ്യകാരുണ്യനാഥനെ ആരാധിക്കുന്നതിനു ദൈവം എനിക്കു വെളിപ്പെടുത്തിത്തന്നിട്ടുള്ള ഒരുപാധി പ്രാവൎത്തികമാക്കുന്നതിനു മുൻപ് മരണമടയുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. മാനുഷികശക്തിയാൽ നടത്താവുന്ന ഒരു ജോലി അല്ലാ ഇതു്. എന്നാൽ അതേപ്പററിയുള്ള വിചാരം എന്നെ ഉന്മേഷഭരിതനാക്കുകയും ഏതു ത്യാഗവും സഹിക്കുന്നതിന് എനിക്കു ധൈര്യം നല്കുകയും ചെയ്യുന്നു. അതെന്താണെന്നു നിങ്ങളോട്ട് ഇപ്പോൾ പറയുന്നില്ല. എൻെറ ആഗ്രഹം, ഈശോ തന്നെ നിങ്ങളെ അതു് അറിയിക്കുകയും അവിടുത്തെ ഇഷ്ടം നിങ്ങൾക്കു കാണിച്ചുതരികയും ചെയ്യട്ടെ എന്നുള്ളതാണ്. എൻെറ ഈ എളിയ ആഗ്രഹം ഫാദർ ചാമ്പിയനെ അറിയിക്കുക. എനിക്കുവേണ്ടി പ്രാൎത്ഥിക്കുന്നതിനും എൻെറ ഉദ്ദേശ്യത്തെപ്പററി തൻെറ സ്നേഹിതന്മാരോടു പറയുന്നതിനും അദ്ദേഹത്തിന് എഴുതിയാലും."

# ആറാം അദ്ധ്യായം.

## ദൈവേച്ഛ.

ദിവ്യകാരുണ്യഭക്തിപ്രചരണത്തിനായുള്ള ഏതെങ്കിലും ജോലി തുടങ്ങുന്നതിനു മുൻപ്, വിശ്വാസവും വിവേകവും ഉപദേശിച്ചുകൊടുത്ത എല്ലാ മുൻകരുതലുകളും ഉപയോഗിക്കുന്നതിനു ഫാദർ ഏമാർഡ് പ്രത്യേകം ശ്രദ്ധ പതിപ്പിച്ചു. പ്രസ്തുത സംഗതിയെപ്പററി സുപ്പീരിയർ ജനറാളായ അതിവന്ദ്യ കോളിൻ അച്ചനുമായി ആലോചിച്ചു. പക്ഷേ ഉടനേതന്നെ ഫാദർ കോളിൻ ജോലി രാജിവച്ചുകയാൽ ഇതു സംബന്ധിച്ച് അദ്ദേഹം ഒരു അവസാന തീരുമാനം നല്കിയില്ല. ഫാദർ

കോളിൻെറ രാജിയെ തുടൎന്നു ഫാദർ 'ഫവേരെ' ആ സ്ഥാനത്തു നിയമിതനായി.

ഫാദർ എമാർഡിൻെറ അഭിപ്രായത്തോടു പൂൎണ്ണമായി പുതിയ സുപ്പീരിയർ ജനറാൾ യോജിച്ചു. ഉടൻതന്നെ ഫാദർ എമാർഡ് അനുഗ്രഹവും അനുവാദവും ലഭിക്കുന്നതിനായി തൻെറ അഭിലാഷം മാർപ്പാപ്പാ തിരുമേനിയുടെ സമക്ഷം അവതരിപ്പിച്ചു. "താങ്കളുടെ ഉദ്യമം ശ്ലാഘനീയംതന്നെ. അതു വിജയപ്രദമാകുന്നുവെങ്കിൽ നമ്മുടെ പൈതൃകാശീർവാദം നല്കുന്നതാണ്." എന്ന് ഒൻപതാംപീയൂസ് പാപ്പായുടെ മറുപടിയും ലഭിച്ചു.

ഫാദർ എമാർഡ് സ്നേഹിതനായ ഫാദർ മേയററിന് ഇപ്രകാരമെഴുതി: "ദിവ്യകാരുണ്യഭക്തിപ്രചരണത്തിനുള്ള പ്രാരംഭ ജോലികൾ ആരംഭിച്ചിരിക്കുന്നു. നിയമനിൎമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ദിവ്യനാഥൻ എല്ലായിടത്തും അറിയപ്പെടുകയും ആരാധിക്കപ്പെടുകയും ചെയ്യുന്നതിൽ കൂടുതലായി എനിക്കു യാതൊരാശ്രയവുമില്ല. എന്നെത്തന്നെ മറന്നു ദിവ്യകാരുണ്യഭക്തിപ്രചരണം നടത്തുന്നതിൽ കൂടുതലായി എന്താണ് എനിക്കു സൗഭാഗ്യപ്രദമായിട്ടുള്ളത്."

ദൈവമാതാവിനോടുള്ള സ്നേഹത്തിൻെറ ചിഹ്നമായി ജന്മമെടുക്കാൻ പോകുന്ന പ്രസ്ഥാനത്തിൻെറ പ്രവൎത്തന പരിപാടിയുടെ ഒരു പ്രതി, മാതാവിൻെറ അൾത്താരയിൽ വയ്ക്കുന്നതിനായി അദ്ദേഹം 'ലാവൂസി'ലേയ്ക്കു അയച്ചുകൊടുത്തു. താമസിയാതെതന്നെ മറെറാരു പ്രതി റോമിൽ തൻെറ സ്നേഹിതനായ ഫാദർ ജാൻസലിനും അയച്ചുകൊടുത്തു. അദ്ദേഹമാകട്ടെ അതു പരിശോധിച്ചതിനു ശേഷം "തിരുസംഘ"ത്തിൻെറ ആലോചനക്കാരനായ വന്ദ്യവൈദികനെ ഏല്പിച്ചു. അവസാനം ഫാദർ 'ജാൻഡൽ' നമ്മുടെ കഥാപുരുഷന് ഇപ്രകാരം ഒരു മറുപടി അയച്ചു: "നിയമാവലിയിൽ വിശ്വാസത്തിൻേറയും സ്നേഹത്തിൻേറയും ചൈതന്യം പ്രതിബിംബിക്കുന്നുണ്ട്. ദിവ്യരക്ഷകനോടുള്ള സ്നേഹത്തെ മുൻനിൎത്തിയും, അവിടുത്തെ കൂടുതലായി ആരാധിക്കുന്നതിനും ആരാധനാസ്തോത്രങ്ങൾ സമൎപ്പിക്കുന്നതിനു മററുള്ളവരെ പ്രേരിപ്പിക്കുന്നതിനുവേണ്ടിയും സമാ

രംഭിച്ചിരിക്കുന്ന ഈ പ്രസ്ഥാനത്തെ സ്നേഹനാഥൻ അനുഗ്രഹിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല."

## II

ദിവ്യകാരുണ്യസഭാസ്ഥാപനത്തിനു സുപ്പീരിയർ ജനറാളിനോടു ഫാദർ ഏമാർഡ് അനുവാദം ചോദിച്ചു. പക്ഷേ മരിയസഭയിലെ സുപ്പീരിയർമാർ എല്ലാവരും വിസമ്മതം പ്രകടിപ്പിക്കയാണു ചെയ്തതു്. ജൂലൈ ആരംഭത്തോടുകൂടി സുപ്പീരിയർ ജനറാൾ 'ലാസെയിനി'ൽ വന്നു. ദിവ്യകാരുണ്യസഭാസ്ഥാപനക്കാര്യത്തിൽ മരിയസഭയ്ക്കു കാര്യമായ ചുമതല വഹിക്കുവാൻ സാധ്യമല്ലെന്നാണു സുപ്പീരിയർമാരുടെ അഭിപ്രായമെന്ന് അദ്ദേഹം ഫാദർ ഏമാർഡിനെ അറിയിച്ചു. സഭാസ്ഥാപനത്തിൽ മററാരോടെങ്കിലും സഹകരിച്ചു പ്രവർത്തിക്കുന്നതിനുപോലും ഫാദർ ഏമാർഡിന് അനുവാദം ലഭിച്ചില്ല. പക്ഷേ അദ്ദേഹം ഇതുകൊണ്ടും നിരാശനായില്ല. ഈ സമയം, റോമ്മായിലേയ്ക്കു പോകുന്നവഴി, ഫാദർ 'ടോക്കേ' ലാസെയിനിൽ കുറേദിവസം താമസിച്ചു. ഫാദർ ഏമാർഡ് തൻെറ വിഷമതകൾ അദ്ദേഹത്തെ അറിയിച്ചു. ദിവ്യകാരുണ്യസഭാസ്ഥാപനത്തിൽ തനിക്ക് അഭിമുഖീകരിക്കേണ്ടിവന്നിരിക്കുന്ന വിഘ്നങ്ങളെ എല്ലാം തെളിവായി കാണിച്ച്, ഒൻപതാംപീയൂസ് പാപ്പാസമക്ഷം സമർപ്പിക്കുന്നതിനായി ഒരപേക്ഷ എഴുതി, ഫാദർ ടോക്കിനെ ഏല്പിച്ചു. അപേക്ഷ ഇപ്രകാരമായിരുന്നു.

"അതിവന്ദ്യപിതാവേ, അവിടുത്തെ ആത്മീയമക്കളിൽ ഏററം വിനീതനും, വൈദികനും, മരിയസഭയുടെ അംഗവുമായ ഞാൻ എൻെറ ഒരു എളിയ അഭ്യർത്ഥനയെ അവിടുത്തെ സന്നിധിയിൽ സമർപ്പിക്കുന്നതിനാഗ്രഹിക്കുന്നു. ദിവ്യകാരുണ്യത്തിൽ അഹോരാത്രം വസിച്ചുകൊണ്ടു പാപികളെ മാടി വിളിക്കുന്ന ആ സ്നേഹനാഥനായ ഈശോയുടെ മഹത്വവും സ്തുതിയും പ്രചരിപ്പിക്കുന്നതിന് എന്തോ ദിവ്യശക്തി എന്നെ പ്രേരിപ്പിക്കുന്നതായി, ഈ കഴിഞ്ഞ നാലു കൊല്ലങ്ങളായി എനിക്കനുഭവപ്പെടുന്നു. അവിടുത്തെ തെരഞ്ഞെടുക്കപ്പെട്ട മക്കളായ

കത്തോലിക്കാ വിശ്വാസികളിൽപോലും പലരും ആ സ്നേഹമൂർത്തിയുടെ നേർക്കു കാണിക്കുന്ന സ്നേഹരാഹിത്യത്തെയും, അവിടുത്തെ അജഗണത്തിൽപ്പെടാത്ത അജ്ഞാനികളുടെ ശോചനീയസ്ഥിതിയേയും, തിരുസ്സഭ അഭിമുഖീകരിക്കുന്ന വൈഷമ്യങ്ങളേയും മനസ്സിലാക്കിയപ്പോൾ താഴെപ്പറയുന്ന വിചാരപരമ്പര എന്റെ ഹൃദയത്തിൽ ഉളവായി. എല്ലാ രഹസ്യങ്ങളിലും മഹനീയ രഹസ്യമായ വിശുദ്ധ കുർബാനയുടെ നാമത്തിൽ എന്തുകൊണ്ട് ഒരു സന്യാസസഭ സ്ഥാപിച്ചുകൂടാ? ദിവ്യസക്രാരിയിൽ വസിക്കുന്ന ഈശോയെ നിത്യമായി ആരാധിക്കുന്നതിനും അവിടുത്തോടു സ്തോത്രം ചെയ്യുന്നതിനും പ്രാർത്ഥനാനിരതരായി കഴിഞ്ഞുകൂടുന്ന ഒരു സംഘം ജനങ്ങൾ എന്തുകൊണ്ട് ഉണ്ടായിക്കൂടാ? ഈ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം ലോകമാസകലം ദിവ്യകാരുണ്യസംഘങ്ങൾ സ്ഥാപിച്ച് ഈശോയെ ആരാധിക്കുന്നതിന് ആരാധകരെ നേടുകയെന്നുള്ളതാണ്."

ഈ സഭയിൽ അംഗങ്ങളാകുവാൻ വളരെപ്പേർ ആഗ്രഹിക്കുന്നുണ്ടെന്നും സഭാസ്ഥാപനത്തിനു കെട്ടിടം തയ്യാറാക്കിയിട്ടുണ്ടെന്നും പ്രസ്താവിച്ചതിനുശേഷം അദ്ദേഹം തുടർന്നു പറയുന്നു: "പരിശുദ്ധ പിതാവേ, എന്റെ ആഗ്രഹം ഇതാ അവിടുത്തെ സന്നിധിയിൽ ഞാൻസമർപ്പിച്ചിരിക്കുന്നു. അവിടുത്തെ തീരുമാനം ദൈവനിശ്ചയമായി പരിഗണിച്ച്, ഇതാ ഞാൻ കാത്തിരിക്കുന്നു. എന്റെ അയോഗ്യതയേയും അശക്തിയേയും പരിഗണിക്കാതെ, കത്തോലിക്കാസഭയുടെ അഭിവൃദ്ധിക്കായി ഇത് അവിടുന്ന് അനുവദിക്കുന്നുവെങ്കിൽ, ഞാൻ അവിടുത്തെ നേരേ അതീവകൃതജ്ഞതയുള്ളവനായിരിക്കുന്നതാണ്. പ്രത്യുത, ദൈവമഹത്വത്തെ മുൻനിറുത്തി മററു വിധത്തിലാണ അവിടുന്നു തീരുമാനിക്കുന്നതെങ്കിൽ, അതിനും സവിനയം ഞാൻ കീഴ്പ്പെടുന്നതും അതുകൊണ്ടു തൃപ്തിപ്പെടുന്നതുമാണ്"

## III

ഈ അഭ്യർത്ഥനയുമായി ഫാദർ ടോച്ച് നിത്യനഗരത്തി

ലേയ്ക്കു തിരിച്ചതിനു ശേഷം ജൂലിയനച്ചൻ വിശ്രമാർത്ഥം മൗണ്ട് ഡോറിലേയ്ക്കു പുറപ്പെട്ടു. ക്ഷീണവിവശനായ അദ്ദേഹം എപ്ര കാരമാണ് അനുദിനജീവിതചര്യകൾ അനുഷ്ഠിച്ചിരുന്നതെന്ന് ആളുകൾ അത്ഭുതപ്പെട്ടിരുന്നു. തൻെറ അന്ത്യദിനങ്ങൾ അടു ത്തിരിക്കുന്നുവെന്നുള്ള വൈദ്യൻെറ അഭിപ്രായം ഫാദർ ഏമാർഡ് പരിപൂർണ്ണമായി വിശ്വസിച്ചു. "മരണം എൻെറ ജീവിതത്തെ കരണ്ടെടുത്തുകൊണ്ടിരിക്കുന്നു. അതു പ്രതീക്ഷിച്ചു കൊണ്ട്, അതിനായി ഒരുങ്ങുന്നതിനവസരം ലഭിക്കുകയെന്നത് ഒരു വലിയ കാര്യമാണ്." ഇങ്ങനെയാണദ്ദേഹം ഈ അവസ രത്തിൽ പ്രസ്താവിച്ചത്.

പ്രാർത്ഥനയിലും ഏകാന്തതയിലും സമയം ചെലവഴിച്ചു കൊണ്ടു ഫാദർ ജൂലിയൻ പരിശുദ്ധ പിതാവിൻെറ മറുപടി ക്കായി കാത്തിരുന്നു. ഈ അവസരത്തിൽ അദ്ദേഹം എഴുതുന്നു: "ഞാനിപ്പോൾ വസിക്കുന്നത് അത്യധികം തണുപ്പുള്ള ഒരു സ്ഥലത്താണ്. ഒരു സ്നേഹിതനെപ്പോലും ഇവിടെ കണ്ടുമുട്ടു വാൻ സാധ്യമല്ല. ഞാൻ ഏകനാണ്. അതാണു ഞാൻ ആഗ്ര ഹിക്കുന്നതും. അനന്തമായ ആകാശപ്പരപ്പിനടിയിൽ – പരി ശുദ്ധ സക്രാരിയുടെ സമീപം ഞാൻ സമയം ചെലവഴിക്കുന്നു. അവിടെ എനിക്കാവശ്യമുള്ളതെല്ലാമുണ്ട്." ഇങ്ങനെ ദിവ്യ നാഥനോടടുത്തു വസിച്ചുകൊണ്ട് അദ്ദേഹം തൻെറ അന്തിമ ബലിയ്ക്കു് ആവശ്യമായ സജ്ജീകരണങ്ങൾ ആരംഭിച്ചു.

മരിയസഭയോട് അദ്ദേഹത്തിന് അന്യാദൃശമായ ഒരു സ്നേഹ ബന്ധമാണ് ഉണ്ടായിരുന്നത്. അതിൻെറ അംഗങ്ങൾ അദ്ദേഹത്തിൻെറ നേരെയും അതീവ സ്നേഹബഹുമാനാദര ങ്ങൾ പ്രകടിപ്പിച്ചിരുന്നു. പതിനേഴു കൊല്ലത്തെ പഴക്കമുള്ള ആ നിസ്വാർത്ഥസ്നേഹശൃംഖല വെട്ടിമുറിക്കുക അത്ര എളുപ്പമാ യിരുന്നില്ല. സ്വന്ത ഭവനവുമായുള്ള ബന്ധം വിച്ഛേദിക്കുവാൻ ഒരാൾക്ക് അത്ര വിഷമമുണ്ടായില്ലെന്നുവരാം. എന്തെന്നാൽ പ്രകൃതിദത്തമായ ഒരു സ്നേഹമാണവിടെയുള്ളത്. എന്നാൽ ഭക്തസംഘങ്ങളുടെ അംഗങ്ങളെ തമ്മിൽ സംയോജിപ്പിച്ചിരി ക്കുന്നതു ക്രിസ്തുവാകുന്ന സ്നേഹശൃംഖലകൊണ്ടാണ്. ദൈവ സ്നേഹത്തിൽനിന്നും മുളയെടുത്തിരിക്കുന്ന ഈ പരസ്പരസ്നേഹം

സ്വാഭാവിക സ്നേഹത്തിൽനിന്നുത്ഭവിക്കുന്ന ബന്ധത്തെക്കാൾ ദൃഢതരമായിരിക്കുമെന്നു വി. അംബ്രോസ് പ്രസ്താവിക്കുന്നു: ആദ്യത്തേത് ആദ്ധ്യാത്മികൈക്യത്തിൽനിന്നും രണ്ടാമത്തേതു ശാരീരികബന്ധത്തിൽനിന്നും ഉത്ഭവിക്കുന്നുവെന്നുള്ളതുതന്നെ ഇതിനു കാരണം.

മരിയസഭയുമായുള്ള വേർപാടിനെപ്പററി ചിന്തിക്കുന്നതു പോലും അദ്ദേഹത്തിനു മമ്മഭേദകമായിരുന്നു. മിസ്സ് ഗില്ലോട്ടിന് അദ്ദേഹം എഴുതുന്നു: "മരിയസഭയിൽനിന്നും ഞാൻ പിരിഞ്ഞു പോകുന്നുവെന്ന സംഗതി നിങ്ങളെ അസ്വസ്ഥയാക്കുന്നുണ്ടാവാം; എന്നാൽ എന്നെ അതു് അതിദാരുണമായി പീഡിപ്പിച്ചു കൊണ്ടിരിക്കുന്നു. മരിയസഭയുടെനേരെ എനിക്കുള്ള നിസ്സീമമായ സ്നേഹം, സഭാംഗങ്ങളെപ്പററിയുള്ള നിരന്തരമായ ചിന്ത, അതിൻെറ അധികാരികൾ എന്നോടു കാണിക്കുന്ന സ്നേഹമസൃണമായ പെരുമാററം, ആദ്ധ്യാത്മികവും ശാരീരികവുമായ എൻെറ ബലഹീനതകൾ, മുതലായവ എന്നെ അത്യധികമായി അലട്ടുന്നു. എങ്കിലും ദിവ്യകാരുണ്യ മഹത്വത്തിനും സ്തുതിക്കുമായി വേല ചെയ്യുന്നതിനും മരിക്കുന്നതിനും ദൈവം എന്നെ തെരഞ്ഞെടുക്കുന്നുവെങ്കിൽ, എൻെറ ബലഹീനതയെ പരിഗണിക്കാതെ ഞാനതു സ്വീകരിക്കും: അത്യധികമായി ഞാനതിന് അഗ്രഹിക്കുന്നു. സന്യാസസഭയിൽ പ്രവേശിച്ചപ്പോൾ പിതാവിനേയും സഹോദരിയേയും, വിട്ടുപിരിയേണ്ടതേ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ. അതിമാത്രം ഞാൻ സ്നേഹിക്കുന്ന മരിയസഭയുമായുള്ള ബന്ധം ഉപേക്ഷിക്കുവാനാണു ഞാൻ നിർബന്ധിതനായിരിക്കുന്നത്."

മരിയസഭ എന്നും അദ്ദേഹത്തിന് ഒരു മാതാവുതന്നെ ആയിരിക്കുമായിരുന്നു. ദിവ്യകാരുണ്യസഭാസ്ഥാപനം സംബന്ധിച്ചുള്ള വന്ദ്യമെത്രാന്മാരുടെ തീരുമാനം അറിഞ്ഞപ്പോൾ അദ്ദേഹം എഴുതിയതു് ഇപ്രകാരമാണ്: "മരിയസഭയുടെ അംഗത്വം എനിക്കു നഷ്ടപ്പെടുന്നുവെങ്കിലും, ആദ്ധ്യാത്മികമായി, ഞാൻ എന്നും അതിൻെറ ഉത്തമനും വത്സലനുമായ ഒരംഗമായിരിക്കും. കരുണാവാരിധിയായ ഒരു മാതാവിനെ ആരാണു മറന്നുകളയുക? കന്യകാമറിയം, തൻെറ ഓമന സന്താന

ങ്ങളിലൊന്നിനെ ഈശോസ്സ നല്കുന്നു. ആ സുതൻ സാധുവും ബലഹീനനുമായ ഞാൻ തന്നെ. ഈ പുതിയ ജീവിതത്തിൽ അവൾ എൻെറ കാലടികളെ എപ്പോഴും നയിച്ചുകൊണ്ടിരിക്കും." ഫാദർ ജൂലിയൻെറ യത്നം ദൈവതിരുമനസ്സിനനുയോജ്യമാണെന്നു തെളിയിക്കുന്നതിനുവേണ്ടി, അതു വിജയമകുടം ചൂടുന്നതിനു മുമ്പ്, നിശിതമായ പരീക്ഷണത്തിനു വിധേയമാക്കുവാൻ ദിവ്യനാഥൻ തിരുമനസ്സായി. അത് അദ്ദേഹത്തിൻെറ ദൃഢനിശ്ചയത്തെ ഇളക്കുന്നതിനുപോലും പര്യാപ്തമല്ലേയെന്ന് ആളുകൾ സംശയിച്ചിരുന്നു.

## IV

ഫാദർ ടോച്ച് അഗസ്ററുമാസം 27-ാംതീയതി പരിശുദ്ധ പിതാവിനെ മുഖം കാണിച്ചു. ഏമാർഡച്ചൻെറ സുദീർഘമായ അപേക്ഷയുടെ രത്നച്ചുരുക്കവും അദ്ദേഹം പരിശുദ്ധ പിതാവിനെ അറിയിച്ചു. എല്ലാം സശ്രദ്ധം ശ്രവിച്ച ശേഷം അവിടുന്നു പ്രതിവചിച്ചു: "ദൈവതൃക്കരങ്ങളിൽനിന്നാണ് ഇതു വരുന്നതെന്നു ഞാൻ വിശ്വസിക്കുന്നു. സഭാമാതാവിന് ഇതാവശ്യമാണ്. ദിവ്യകാരുണ്യ മഹത്വത്തിനായി നമ്മുടെ കഴിവുകൾ സകലവും വിനിയോഗിക്കേണ്ടതാണ്. എന്നാൽ അധികാരികളുടെ അഭീഷ്ടാനുസരണം മാത്രമേ എപ്പോഴും പ്രവത്തിക്കുവാൻ പാടുള്ളു. ഏതു രൂപതയിൽ സഭ സ്ഥാപിതമാകുന്നുവോ അവിടത്തെ വൈദികാധികാരിയുടെ അഭിപ്രായാനുസരണം പ്രവത്തിക്കണം. ഈ സഭയോടു നമുക്കു പ്രത്യേക താല്പര്യമുണ്ട്. എന്നാൽ ഇപ്പോൾ ഇതു് അംഗീകരിക്കുവാൻ നിവാഹമില്ല; എങ്കിലും ഭാവിയിൽ അതു ചെയ്തുകൊള്ളാം."

അധികം താമസിയാതെ ഫാദർ ടോച്ച്, പരിശുദ്ധ പിതാവിൻെറ അഭിലാഷം, കഥാനായകനോടൊന്നിച്ചു ദിവ്യകാരുണ്യസഭാസ്ഥാപനത്തിനായി അശ്രാന്തപരിശ്രമം നടത്തിക്കൊണ്ടിരുന്ന ഡിക്രൂസച്ചനെ അറിയിച്ചു. അദ്ദേഹം വിവരങ്ങളെല്ലാംകാണിച്ചു ഫാദർ ഏമാർഡിന് എഴുതി അയച്ചു.

മരിയസഭാംഗങ്ങൾ ജ്ഞാനധ്യാനം നടത്തിക്കൊണ്ടിരുന്ന അവസരത്തിലാണു പ്രസ്തുത കത്തു് ലയോൺസിൽ എത്തിയതു്. ജനറാളച്ചൻ കത്തു തുറന്നു വായിച്ചു. ഏമാർഡച്ചനെ ദിവ്യകാരുണ്യസഭാസ്ഥാപനത്തിനു താൻ അനുവദിക്കുന്നതല്ലെന്നു കാണിച്ചു് അദ്ദേഹം ഡിക്രൂസച്ചനു മറുപടി അയച്ചു. ദിവ്യകാരുണ്യസഭാസ്ഥാപനത്തിനായി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ആളുകളുമായുള്ള സകല വേഴ്ചകളും ഉടനെ അവസാനിപ്പിച്ചുകൊള്ളണമെന്നു ജൂലിയനച്ചനോടു കല്പിക്കുകയും ചെയ്തു. കഥാനായകൻ കല്പന സ്വീകരിച്ചു. കണ്ണുംപൂട്ടിയുള്ള അദ്ദേഹത്തിന്റെ അനുസരണം മററുള്ളവരെ അത്ഭുതമൂകരാക്കിതീർത്തു. സഭാസ്ഥാപനകാര്യം എന്നന്നേയ്ക്കുമായി ഉപേക്ഷിക്കുക നമ്മുടെ കഥാനായകനു മർമ്മഭേദകമായിരുന്നു. അതിനാൽ തന്റെ പ്രവർത്തനങ്ങളുടെ സാധ്യതകളെപ്പററി അധികാരികളോടു സംസാരിക്കുന്നതിനും അനുഭാവപൂർവ്വമായ ഒരു മറുപടി കിട്ടുമോയെന്നു പരീക്ഷിക്കുന്നതിനും ഒന്നുകൂടി ശ്രമിക്കുവാൻ തന്നെ അദ്ദേഹം നിശ്ചയിച്ചു.

തന്റെ അഭ്യർത്ഥനയ്ക്കു് ഒരു മറുപടി ജനറാളച്ചന്റെ പേക്ക് അയയ്ക്കണമെന്നു് അനന്തരം അദ്ദേഹം മാർപ്പാപ്പായോടു് അപേക്ഷിച്ചു. ഈ രണ്ടാമത്തെ അപേക്ഷയുടെ ഉള്ളടക്കം നമുക്കറിഞ്ഞുകൂടാ.

അടുത്ത മാസത്തിൽ സഭാകാര്യങ്ങളെപ്പററി പരിശുദ്ധപിതാവിനെ ഉണർത്തിക്കുന്നതിനായി ഫാദർ ഫവാറെ നിത്യനഗരത്തിലേയ്ക്കു തിരിച്ചു. ദിവ്യകാരുണ്യ സഭാസ്ഥാപനകാര്യവും താൻ പരിശുദ്ധ പിതാവിനോടു പറയാമെന്നു് അദ്ദേഹം ഭരമേററു. പരിശുദ്ധ സിംഹാസനത്തിന്റെ തീരുമാനത്തിനു് ഏമാർഡച്ചൻ വിധേയനാകണമെന്നു ഫവാറെയച്ചൻ നിർദ്ദേശിച്ചു. “പരിപൂർണ്ണ ഹൃദയത്തോടെ”യെന്നായിരുന്നു കഥാപുരുഷന്റെ മറുപടി. ദിവ്യകാരുണ്യസഭാസ്ഥാപനത്തിനു് ഏമാർഡച്ചനെ അനുവദിച്ചാൽ മരിയസഭയുടെ സ്ഥിതി അപകടകരമാകുമെന്നു പരിശുദ്ധ പിതാവിനെ ധരിപ്പിക്കണമെന്നു ഫവാറെയച്ചൻ തീരുമാനിച്ചിരുന്നു. നിശ്ചിത ദിവസംതന്നെ അദ്ദേഹം റോമിൽ എത്തി. മാർപ്പാപ്പാ തിരുമേനിയെ മുഖംകാണിക്കുന്നതിനു

മുമ്പ്, ഇക്കാര്യത്തെപ്പററി അദ്ദേഹം ലോക്കററു മെത്രാനുമായി സംസാരിച്ചു. പരിശുദ്ധ പിതാവുമായുള്ള അഭിമുഖസംഭാഷണം വളരെ ദീർഘമായിരുന്നുവെങ്കിലും, സഭാസ്ഥാപന കാര്യത്തെ സംബന്ധിച്ച് അവിടുത്തോടു പറയുവാൻ അദ്ദേഹം വിട്ടുപോയി. കാഴ്ചമുറിയിൽനിന്നും മടങ്ങിവന്നതിനു ശേഷം മാത്രമാണ് അക്കാര്യം അദ്ദേഹം ഓർത്തതു്. ഇതെപ്പററി മററു പലരോടും അദ്ദേഹം ആലോചിച്ചുനോക്കി.

## V

ഫ്രാൻസിൽ തിരിച്ചെത്തിയ ഫവാറെയച്ചനെ ഏപ്രിൽ 22—ാംതീയതിയാണ് ഏമാർഡച്ചൻ കണ്ടുമുട്ടിയതു്. പല സംഗതികളെ സംബന്ധിച്ചും അവർ സംസാരിച്ചു. ഒടുവിൽ സംഭാഷണം ദിവ്യകാരുണ്യസഭാസ്ഥാപന വിഷയത്തിലേയ്ക്കു പ്രവേശിച്ചു.

"റോമ്മിൽവച്ചു പല മഹാന്മാരുമായി സഭാസ്ഥാപന കാര്യം സംബന്ധിച്ചു ഞാൻ സംസാരിച്ചു. എല്ലാവരും നിങ്ങൾക്കു പ്രതികൂലമായിട്ടാണഭിപ്രായം പറഞ്ഞതു്." ഫവാറെയച്ചൻ പറഞ്ഞുതുടങ്ങി.

"അപ്പോൾ അക്കാര്യം അങ്ങനെ അവസാനിച്ചു; അല്ലെ. എന്നാൽ ഇനി ഞാൻ എന്തു ചെയ്യണം?"

"നിങ്ങളെ വീണ്ടും ലെയോൺസിലേയ്ക്കുതന്നെ അയയ്ക്കുവാൻ തീരുമാനിച്ചിരിക്കയാണ്."

"സഭാസ്ഥാപനം സംബന്ധിച്ചു റോമ്മിൽ എന്തെല്ലാമാണു ചർച്ചചെയ്തതു് എന്നറിഞ്ഞാൽ കൊള്ളാം." തൻെറ സ്നേഹിതരുടേയും പരിചിതരുടേയും അഭിപ്രായം ആരാഞ്ഞുവെന്നു ഫവാറെയച്ചൻ വീണ്ടും പറഞ്ഞു. "പരിശുദ്ധ പിതാവ് എന്തു കല്പിച്ചു. അവിടുത്തെ അനുശാസനം അറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു." ഫാദർ ഏമാർഡ് വീണ്ടും ആവശ്യപ്പെട്ടു. അല്പം മൗനം ദീക്ഷിച്ചിട്ടു ഫവാറെയച്ചൻ തുടന്നു: "പ്രിയ അച്ചാ, പരിശുദ്ധ പിതാവിൻെറ സന്നിധിയിൽ ആനീതനായപ്പോൾ ഞാൻ ദിവ്യകാരുണ്യസഭാസ്ഥാപനകാര്യത്തെപ്പററി

അദ്ദേഹത്തോട്ട് ഉണർത്തിക്കുവാൻ മറന്നുപോയി." "അപ്രകാരം സംഭവിക്കുവാൻ ദൈവം ഇടയാക്കി. അപ്പോൾ യാതൊരു തീരുമാനവും ഉണ്ടായിട്ടില്ല. എന്നെ സംബന്ധിച്ചിടത്തോളം റോമാ എന്നതു മാപ്പ്പാപ്പായല്ലാതെ മററാരുമല്ല." എമാർഡച്ചൻ സബഹുമാനം പ്രതിവചിച്ചു.

ദിവ്യകാരുണ്യസഭയെപ്പററിതന്നെ വീണ്ടും കുറെ സമയം കൂടി അവർ സംസാരിച്ചു. ദൈവസ്വരം നിരസിക്കുക തനിക്കു സാദ്ധ്യമല്ലെന്ന് എമാർഡച്ചൻ വീണ്ടും എടുത്തുപറഞ്ഞു. ദിവ്യകാരുണ്യസഭാസ്ഥാപനത്തിനായി മരിയസഭാംഗത്വം ഉപേക്ഷിക്കുവാൻ പാടില്ലെന്നും, അതിനു താൻ അനുവദിക്കുന്നതല്ലെന്നും ഫവാറെയച്ചൻ അദ്ദേഹത്തോടു തുടന്നു പറഞ്ഞു. കഥാനായകൻ തന്നോടുതന്നെ എത്രവലിയൊരപരാധമാണു ചെയ്യുന്നതെന്നും ഫവാറെയച്ചൻ അദ്ദേഹത്തെ ധരിപ്പിക്കുവാൻ ശ്രമിക്കാതിരുന്നില്ല. എന്നാൽ ഇതുകൊണ്ടൊന്നും അദ്ദേഹത്തിൻെറ നിശ്ചയത്തിന് ഇളക്കം തട്ടിയില്ല. വ്രതവാഗ്ദാനത്തിൽനിന്നും അദ്ദേഹത്തെ ഒഴിവാക്കിക്കൊണ്ടുള്ള രേഖാമൂലമായ അനുവാദം ഒടുവിൽ നല്കപ്പെട്ടു. എങ്കിലും മൂന്നാംസഭയുടെ നിയമസംഹിത ശരിപ്പെടുത്തുന്നതിനും, നവസന്യാസഗുരു അവധിയിലാകയാൽ മറെറാരാളെ പ്രസ്തുത ജോലിയിൽ നിയമിക്കുന്നതുവരെ ആ ജോലി വഹിക്കുന്നതിനുമായി കുറേ ദിവസങ്ങൾകൂടി എമാർഡച്ചൻ അവിടെത്തന്നെ താമസിക്കണമെന്നും ആവശ്യപ്പെട്ടു. അദ്ദേഹം സസന്തോഷം ആ ജോലികൾ നിവ്ഹിച്ചു.

പ്രസ്തുത ജോലികളിൽനിന്നും വിമുക്തനായപ്പോറം എമാർഡച്ചൻ ലെയോൺസിലേയ്ക്കു തിരിച്ചു. അവിടെ നൂതന പ്രതിബന്ധങ്ങൾ അദ്ദേഹത്തിൻെറ മുമ്പിൽ വിലങ്ങടിച്ചു നിന്നിരുന്നു. ഈ അവസരത്തിൽ അദ്ദേഹം വർണ്ണനാതീതമായ വ്യഥയ്ക്ക് അധീനനായി. കുറേക്കൂടി ബുദ്ധിപൂർവം മുന്നോട്ടു പോകണമെന്നുതന്നെ അദ്ദേഹം തീരുമാനിച്ചു. അതിനാൽ വ്രതവാഗ്ദാനത്തിൽനിന്ന് ഒഴിയുന്നതിനു തനിക്കു നല്കപ്പെട്ടിരുന്ന അനുവാദം പിൻവലിക്കണമെന്ന് അദ്ദേഹം ഫവാറെയച്ചനോടഭ്യർത്ഥിച്ചു. അതേസമയംതന്നെ പാരീസിലുള്ള ഒരു

സന്യാസാശ്രമത്തിൽ പോയി പന്ത്രണ്ടു ദിവസത്തേയ്ക്കു ധ്യാനം കഴിക്കുന്നതിനുള്ള അനുവാദവും ചോദിച്ചിരുന്നു. തൻെറ അഗ്രഹാനുസരണം മരിയസഭാംഗമല്ലാത്ത ഒരു ധ്യാനഗുരുവിൻെറ കീഴിൽ ധ്യാനംകഴിക്കുന്നതിന് അദ്ദേഹത്തിന് അനുവാദം ലഭിച്ചു.

## VI

"മറിയത്തിൻെറ വിമലഹൃദയ"സഭാംഗങ്ങളൊന്നിച്ചു വസിച്ചുകൊണ്ട് അദ്ദേഹം ധ്യാനം ആരംഭിച്ചു. "നിർധനരായ സന്യാസികളോടൊന്നിച്ചാണു ഞാനിപ്പോൾ വസിക്കുന്നത്. എന്നാൽ ദിവ്യകാരുണ്യനാഥൻെറ സാന്നിധ്യമുള്ളതിനാൽ എനിക്കു പരമാനന്ദമാണ്." എന്നിങ്ങനെ അദ്ദേഹം ഈ അവസരത്തിൽ എഴുതുകയുണ്ടായി.

തൻെറ ജ്ഞാനധ്യാനോദ്ദേശ്യത്തേയും ആദ്ധ്യാത്മിക നിലയേയും കുറിച്ചു ഫാദർ എമാർഡ് പ്രസ്താവിക്കുന്നു: "എന്നെ വളരെക്കാലമായി അലട്ടിക്കൊണ്ടിരുന്നതും എൻെറ മനസ്സിൽ കുടികൊണ്ടിരുന്നതുമായ ഒരു സംഗതിയെ സംബന്ധിച്ച് ഒരന്തിമതീരുമാനം ചെയ്യുന്നതിനാണു ഞാൻ ഇവിടെ വന്നിരിക്കുന്നത്. ഇതു നിസ്സാരമായ ഒരു സംഗതിയല്ല. ഇതെപ്പററി ആലോചനകൂടാതെ ഒരു തീരുമാനം ചെയ്യുന്നതും ശരിയല്ല. എന്തെന്നാൽ എൻെറ മനസ്സാക്ഷിയെ സംബന്ധിക്കുന്ന ഒരു കാര്യമാണിത്. ഇക്കാര്യത്തിൽ ഒരു പ്രത്യേകമായ ആന്തരിക പ്രചോദനം ലഭിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അപരിചിതനായ ഒരാളുമായി ഇതെപ്പററി സംസാരിക്കുന്നതിനും ഞാൻ അഗ്രഹിക്കുന്നു. തീവ്രമായ പ്രാർത്ഥനയ്ക്കു ശേഷമേ ഞാൻ ആലോചന ചോദിക്കയുള്ളു. സ്വാഭിപ്രായം ബലികഴിച്ചു ദൈവഹിതം അറിയുകയെന്നുള്ളതാണ് ഇതിൽ എൻെറ അഭിലാഷം."

"നന്മസ്വരൂപനായ ദൈവം ഈ കാൽവരിഗിരി കയറുവാൻ എന്നെ നിയോഗിക്കുന്നുവെങ്കിൽ അവിടുത്തെ കൃപാവരത്തിലും ശക്തിയിലും ആശ്രയിച്ചുകൊണ്ടു ഞാൻ അതിനു സന്നദ്ധനാകും. നേരേ മറിച്ച്, ലെയോൺസിലേയ്ക്കു തിരിച്ചുപോകുന്നതിന് അവിടുന്ന് എന്നോടു കല്പിക്കുന്നുവെങ്കിൽ സമാ

ധാനത്തോടും സമചിത്തതയോടും എൻെറ നിസ്സാരതയെപ്പററിയുള്ള അവബോധത്തോടുംക്രൂടി അനുക്ഷണം ഞാൻ അപ്രകാരം പ്രവർത്തിക്കും."

ഈ പ്രതികൂല പരിതസ്ഥിതിയിൽ കാലം മുന്നോട്ടിഴഞ്ഞു പൊയ്ക്കൊണ്ടിരുന്നു. ഏമാർഡച്ചൻ ഈ അവസരത്തിൽ തൻെറ ഹൃദയവികാരങ്ങൾ ഡിബോർ മെത്രാനെ അറിയിച്ചു. "ജ്ഞാനിയും ബുദ്ധിമാനും, എനിക്കു തികച്ചും അപരിചിതനുമായ ഒരാൾക്ക് എൻെറ ഹൃദയം ഞാൻ വെളിപ്പെടുത്തി. പ്രാർത്ഥന മുഖേന ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുവാൻ അദ്ദേഹം എന്നെ ഉപദേശിച്ചു." എന്നിങ്ങനെ ഫാദർ ഏമാർഡ് ഈ അവസരത്തിൽ എഴുതി. അദ്ദേഹത്തിൻെറ അഭിപ്രായം എന്താണെന്നറിയുന്നതിനായി കഥാനായകൻ കാത്തിരുന്നു.

ധ്യാനത്തിൻെറ അന്ത്യദിനങ്ങളായതോടെ ഏമാർഡച്ചൻെറ ഹൃദയം തപിച്ചുതുടങ്ങി. "എൻെറ ഹൃദയം മുഴുവനും ഞാൻ ദൈവത്തിനു അടിയറവച്ചിരിക്കുന്നു. ഇപ്പോൾ ദൈവതൃക്കരങ്ങളിൽ സ്ഥിതിചെയ്യുന്ന ഒരു അചേതനവസ്തു മാത്രമാണു ഞാൻ. ദൈവതിരുമനസ്സിനു പരിപൂർണ്ണമായി വിധേയനാകുന്നതിനു ഞാൻ തീർച്ചയാക്കിയിരിക്കുന്നു." ഇപ്രകാരമാണ് അദ്ദേഹം ഈ അവസരത്തിൽ പ്രസ്താവിച്ചത്.

നിശ്ചിതദിവസം ഡിക്രൂസച്ചനുമൊരുമിച്ചു അദ്ദേഹം ട്രിപ്പോലി മെത്രാനെ സന്ദർശിക്കുവാൻ പുറപ്പെട്ടു. ഡിബോർ മെത്രാപ്പോലീത്തായുടെ വസതിയിൽ അവർ ട്രിപ്പോലി മെത്രാനച്ചനെ പ്രതീക്ഷിച്ചിരുന്നപ്പോൾ മെത്രാപ്പോലീത്തായുമായി സംസാരിക്കുന്നതിനിടയായി. ഏമാർഡച്ചൻെറ വാക്കുകളിൽ അതു നമുക്കു ശ്രവിക്കാം.

"നിങ്ങൾ ആരാണ് എന്നു മെത്രാപ്പോലീത്താ ചോദിച്ചു."

"അപരിചിതരായ രണ്ടു വൈദികർ."

"നിങ്ങൾക്കെന്തുവേണം?"

"ഞങ്ങൾ ട്രിപ്പോലിമെത്രാനച്ചനെ പ്രതീക്ഷിച്ചിരിക്കയാണ്."

"ട്രിപ്പോലിമെത്രാനു ചെയ്യുവാൻ സാധിക്കുന്നതു ഡിബോർ

മെത്രാപ്പോലീത്താസ്സും ചെയ്യാൻ കഴിയും. നിങ്ങൾക്കെന്തു വേണം?"

"ഞങ്ങൾ ദിവ്യകാരുണ്യസഭാസ്ഥാപന കാര്യത്തിൽ ഏപ്പെട്ടിരിക്കയാണ്."

"അപ്പോൾ നിങ്ങൾ മരിയസഭാംഗങ്ങൾ ആണോ?"

"അതെ, വന്ദ്യതിരുമേനി"

"ട്രിപ്പോലി മെത്രാൻ ഇതെപ്പററി എന്നോടു സംസാരിച്ചിട്ടുണ്ട്. ധ്യാനനിരതമായ ഒരു പുതിയ സഭ! അല്ലേ? ഞാൻ അതിനനുകൂലിയല്ല."

"വന്ദ്യതിരുമേനീ, ഞങ്ങളുടെ സംരംഭത്തെ സംബന്ധിച്ച് അങ്ങു തെററിധരിച്ചിരിക്കുന്നു. ഈ സഭ ധ്യാനപരമായതു മാത്രമല്ല. എല്ലാ ദിവസവും ദിവ്യകാരുണ്യാരാധന ഉണ്ടായിരിക്കും. ആരാധകരുടെ എണ്ണം വർദ്ധിപ്പിക്കുവാനും ഞങ്ങൾ ശ്രമിക്കും. എങ്കിലും പ്രായം ചെന്നവരെ പ്രഥമ ദിവ്യകാരുണ്യസ്വീകരണത്തിനൊരുക്കുകയെന്നതു ഞങ്ങളുടെ പ്രവർത്തനപരിപാടിയിൽ ഉൾപ്പെടുന്നു. പാരീസിൽ മാത്രമല്ല, ഫ്രാൻസു മുഴുവനും ദിവ്യകാരുണ്യസ്നേഹാഗ്നി കത്തി എരിഞ്ഞു കാണുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു."

ഇതുകേട്ടപ്പോൾ, മെത്രാപ്പോലീത്തായുടെ മുഖം വികസിച്ചു. "പ്രായംചെന്നവരെ പ്രഥമദിവ്യകാരുണ്യസ്വീകരണത്തിനൊരുക്കുക. ഇതാണ് അവശ്യാവശ്യമായ വേല! ഇതാണു ഞാൻ ആഗ്രഹിക്കുന്നതു്." അദ്ദേഹം പെട്ടെന്നു പറഞ്ഞു.

ഞങ്ങളെ അദ്ദേഹം അകത്തേയ്ക്കു കൊണ്ടുപോയി. അവിടെ ട്രിപ്പോലി മെത്രാനും സെൻറു സൾപ്പീസു ദൈവാലയത്തിലെ വികാരി അച്ചനും ഉണ്ടായിരുന്നു. "ഞങ്ങളുടെ പ്രവർത്തനപരിപാടി ശരിയായി മനസ്സിലാക്കിയപ്പോൾ മെത്രാപ്പോലീത്താ അതിനെ സംബന്ധിച്ചു വളരെ സ്തുതിച്ചു സംസാരിച്ചു. ഇങ്ങനെ ഞങ്ങളുടെ സന്ദർശനം ശുഭമായി തീർന്നു."

പാരീസിലുള്ള ദിവ്യകാരുണ്യസഭാംഗങ്ങളുടെയെല്ലാം നേതൃനായകത്വം ഈ പുതിയ സഭ വഹിക്കുമെന്നുള്ള ട്രിപ്പോലി

മെത്രാൻെറ അഭിപ്രായത്തെ സുൽപ്പീസു വികാരി ബലമായി പിൻതാങ്ങി. അധികം താമസിയാതെ മെത്രാപ്പോലീത്ത തിരു മനസ്സുകൊണ്ട് പുതിയ സഭ അംഗീകരിച്ച് അനുമതി നല്കി. "ഇന്നുമുതൽ നിങ്ങൾ എൻെറ വത്സല സന്താനങ്ങളായിരിക്കും." എന്നിങ്ങനെ ഈ അവസരത്തിൽ അദ്ദേഹം പ്രസ്താവിച്ചു. കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെ ആനന്ദാശ്രുക്കൾ പൊഴിച്ചുകൊണ്ടും ജൂലിയനച്ചൻ സഹപ്രവത്തകനുമൊരുമിച്ചു മെത്രാസനാരമനയിൽനിന്നും ഇറങ്ങി. അനന്തരം സെയിൻറു സുൽപ്പീസിൻെറ ദൈവാലയത്തിൽ പ്രവേശിച്ച് അവർ ദിവ്യകാരുണ്യനാഥൻെറ നേക്കു കൃതജ്ഞതാസ്തോത്രം പ്രകടിപ്പിച്ചു. അവിടെവച്ചു തങ്ങളെത്തന്നെ അവർ ഒരു സ്നേഹോപഹാരമായി ദൈവമാതാവുവഴി ദിവ്യകാരുണ്യനാഥനു സമർപ്പിക്കുകയും ചെയ്തു.

---

# ഏഴാം അധ്യായം.

## ദിവ്യകാരുണ്യസഭാസ്ഥാപകൻ.

---

"ആഴത്തിലേയ്ക്കു നീങ്ങി വല വീശുക" എന്നുള്ള നമ്മുടെ ദിവ്യരക്ഷകൻെറ വാക്കുകളാൽ പ്രേരിതനായ ജൂലിയനച്ചൻ ദൈവത്തിൻെറ അനന്തശക്തിയിൽ പരിപൂർണ്ണമായി വിശ്വസിച്ചുകൊണ്ടു മുന്നോട്ടിറങ്ങി.

സഹനത്തിൻെറ തിക്തത അനുഭവിക്കേണ്ടിവന്ന അവസരങ്ങൾ അദ്ദേഹത്തിനു പലപ്പോഴും ഉണ്ടായിട്ടുണ്ട്; എന്നാൽ ഒരിക്കലും മടുത്തു പിന്മാറിയില്ല. അദ്ദേഹം പറയുന്നു: "ഞാൻ

ഒരു വിശുദ്ധനായിരുന്നുവെങ്കിൽ, ദൈവമഹത്വത്തിൻെറ വദ്ധനവിനും അവിടുത്തെ അനന്തശക്തി കൂടുതൽ അറിയപ്പെടുന്നതിനുമായി എന്നെ സഹനാഗ്നിയിൽ ദഹിപ്പിച്ചു ശൂന്യമാക്കുവാൻ അവിടുത്തോടു പ്രാത്ഥിക്കുമായിരുന്നു.''

സ്വന്ത നിസ്സാരതയെപ്പററി ഏമാർഡച്ചൻ നല്ലവണ്ണം ഗ്രഹിച്ചിരുന്നു; അതുതന്നെയായിരുന്നു അദ്ദേഹത്തിൻെറ വിജയരഹസ്യവും. ദൈവസ്തുതിക്കുവേണ്ടിയുള്ള അദ്ദേഹത്തിൻെറ പ്രവത്തനങ്ങളുടെ അടിത്തട്ടിൽ സ്വന്ത നിസ്സാരതയെപ്പററിയുള്ള ബോധം കുടികൊണ്ടിരുന്നു. "നിസ്സാരതയിൽ എല്ലാം അടങ്ങിയിരിക്കുന്നു'' എന്ന് അദ്ദേഹം ഒരിക്കൽ പറഞ്ഞതിനുള്ള കാരണം ഇതുതന്നെയായിരിക്കണം.

ഏമാർഡച്ചൻ ഏകാന്തധ്യാനം കഴിച്ചതു "മറിയത്തിൻെറ വിമലഹൃദയ''സന്യാസസഭക്കാരുടെ ഭവനത്തിലാണല്ലോ. പ്രസ്തുത ഭവനം പാരീസു മെത്രാപ്പോലീത്തായുടെ വകയായിരുന്നു. ദിവ്യകാരുണ്യസഭയുടെ പ്രാത്ഥനാലയം സ്ഥാപിക്കുന്നതിനായി ഈ ഭവനം, മെത്രാപ്പോലീത്താ കഥാനായകനു വിട്ടുകൊടുത്തു.

1856 ജൂൺ 1—ാംതീയതി ഞായറാഴ്ച ഏമാർഡച്ചൻ തൻെറ സഭയുടെ പ്രഥമ പ്രാത്ഥനാലയം ആരംഭിച്ചു. അന്ന് ഉച്ച കഴിഞ്ഞപ്പോൾ ദിവ്യകാരുണ്യവും സംവഹിച്ചുകൊണ്ട് അദ്ദേഹം മരിയസഭാഭവനം വിട്ടു. തദവസരത്തിൽ ദിവ്യകാരുണ്യസന്യാസസഭാഭവനത്തിലേയ്ക്കു കുറെ മരിയസഭാംഗങ്ങൾ അദ്ദേഹത്തെ അനുഗമിക്കുകയുണ്ടായി. എല്ലാവരും നിശ്ചിത സ്ഥലത്തുകൂടി ദിവ്യകാരുണ്യ പ്രദക്ഷിണം ആരംഭിച്ചു. മരിയസഭാംഗങ്ങളും ഫാദർ ക്രൂവും ഇതിൽ സംബന്ധിച്ചിരുന്നു. പ്രസ്തുത പ്രദക്ഷിണത്തിൽ കഥാനായകനാണു പ്രധാന കാമ്മികത്വം വഹിച്ചതു്. അവിടെ ഒരു ചെറിയ കപ്പേളയിലുണ്ടായിരുന്ന സക്രാരിയിൽ പരിശുദ്ധ കുർബാന സ്ഥാപിക്കപ്പെട്ടു. അന്നത്തെ ആഘോഷങ്ങൾ വിശുദ്ധ തോമ്മായുടെ ദൈവാലയത്തിൽ വച്ചു നടത്തപ്പെട്ട മറെറാരു ചടങ്ങോടുകൂടി അവസാനിച്ചു. നിശാരാധനാസഖ്യത്തിൻെറ അദ്ധ്വാഷിക സമ്മേളനമായിരുന്നു അതു്. തദവസരത്തിൽ ട്രിപ്പോളി മെത്രാൻ ദിവ്യകാരുണ്യസഭാസ്ഥാപനവാത്ത സദസ്യരെ അറിയിച്ചു.

ഈ വാർത്ത എല്ലാവർക്കും അത്യന്തം സന്തോഷസംദായകമായിരുന്നുവെന്ന് അവരുടെ റിപ്പോർട്ടിൽനിന്നും വിശദമാകുന്നുണ്ട്.

നോട്ടർഡാം ദൈവാലയത്തിലെ പ്രസിദ്ധ വാഗ്മിയായ ഫാദർ ഫേലിക്സ് എസ്സ്. ജെ. യാണു പ്രസംഗം നടത്തിയത്. അതിലെ ഒരു ഭാഗം ഇപ്രകാരമായിരുന്നു. "ഏതൊരു സന്യാസസഭയുടേയും അഭിവൃദ്ധിക്കുള്ള പ്രധാനമാർഗ്ഗം അതിൻെറ അംഗങ്ങളുടെ ത്യാഗപരമായ ജീവിതരീതിയാണ്. ഈ ത്യാഗജീവിതം പരിപൂർണ്ണതാസൗധത്തിൻെറ അടിത്തറയായ ദിവ്യകാരുണ്യഭക്തിയിൽ കെട്ടിപ്പടുത്തതായിരിക്കണം. ദിവ്യകാരുണ്യശുശ്രൂഷയ്ക്കായി സ്വയം സമർപ്പിച്ചിരിക്കുന്ന ആളുകളുടെ ഒരു സഭ സ്ഥാപിക്കപ്പെട്ടിരിക്കുന്നുവെന്നുള്ളതു നമുക്ക് ഏററവും ആനന്ദകരമായ ഒരു വസ്തുതയാകുന്നു."

## II

വിശ്വാസത്തിൽ അധിഷ്ഠിതമായ പ്രത്യാശയിലാണ് ഇപ്രകാരമുള്ള എളിയ സ്ഥാപനങ്ങളുടെ ശക്തി സ്ഥിതിചെയ്യുന്നത്. കഥാനായകൻെറ ക്ഷമ, സഹനശക്തി മുതലായവയുടെ മാററുരച്ചുനോക്കുവാൻ പര്യാപ്തങ്ങളായ നിരവധി വിഷമതകൾ സഭാസ്ഥാപനകാര്യത്തിൽ അദ്ദേഹത്തിനനുഭവപ്പെട്ടുകൊണ്ടിരുന്നു. സാമ്പത്തികസ്ഥിതിതന്നെ വളരെ മോശമായിരുന്നു. പ്രഥമപ്രാർത്ഥനാലയത്തിലുള്ള അവരുടെ ജീവിതരീതിയെപ്പററി അദ്ദേഹം പ്രസ്താവിക്കുന്നതു ശ്രദ്ധേയമാണ്: "ഒരു മണലാരണ്യത്തിലായിരുന്നാലെന്നപോലെയാണു ഞങ്ങളുടെ അനുഭവം. ഞങ്ങൾക്ക് ഒരു കസേരയും, ഒരു കൈലും, ഒരു ജോടി ചൗക്കാളവും മാത്രമേയുള്ളു. അത്യാവശ്യം വേണ്ട ചില സാധനങ്ങൾ കിട്ടാതെ ചിലപ്പോഴം ഞങ്ങൾ വിഷമിക്കുന്നുണ്ടെങ്കിലും, ജീവിതാവശ്യങ്ങൾ ലഭിക്കാതെ ഒരിക്കലും ബുദ്ധിമുട്ടേണ്ടിവന്നിട്ടില്ല." "നാലു ഭാഗവും തുറന്നുകിടക്കുന്ന ഒരു ഭവനത്തിലാണു ഞങ്ങൾ വസിക്കുന്നത്. ഇവിടെ ഞങ്ങൾക്ക് അടുക്കള മുറിയോ വേലക്കാരനോ ഇല്ല. ഒരിക്കൽ രണ്ട് അതിഥികൾ ഇവിടെ വന്നു. രണ്ടു സന്യാസികൾ; രണ്ടു വിരുന്നുകാർ;

ഇങ്ങനെ ഞങ്ങൾ നാലുപേരുണ്ട ഭക്ഷണം കഴിക്കുവാൻ. നാലു പേക്കുംകൂടി മൂന്നു കൈലുകൾ മാത്രം. ഞങ്ങൾ എന്തു ചെയ്യും? എന്നാൽ ഞാൻ നേരത്തേ സംഗതി മനസ്സിലാക്കി. അതിനാൽ എനിക്കു ഭക്ഷണം ഉടനെ ആവശ്യമില്ലെന്നു പറഞ്ഞ് ഒഴിഞ്ഞു മാറി. ഇതൊരു സൂത്രമായിരുന്നു. ഇങ്ങനെ പല കാര്യങ്ങളിലും ക്രിസ്തുനാഥനെ അനുകരിക്കുവാൻ ഞങ്ങൾക്കു സാധിക്കുന്നുണ്ട്."

അവിടത്തെ കപ്പേള മോടിപിടിപ്പിക്കുന്നതിനായി കഴിവുള്ള സകല ശ്രമങ്ങളും ഏമാർഡച്ചൻ ചെയ്യാതിരുന്നില്ല. അനാഡംബരമായ അതിലെ അൾത്താരയുടെ ഒരു വിശദ വിവരണം അദ്ദേഹം നമുക്കു നല്കുന്നുണ്ട്: "ഒരു വെറും വെള്ള പ്പലകയാണ് അൾത്താര. അതിനു വിരിയൊന്നുമില്ല. നാലു പലകക്കഷ്ണങ്ങൾ ചേൎന്നതാണു സക്രാരി. ബേസ്ലഹമിന്റെ ശരിയായ ഒരു പ്രതിഛായ. ഇതു കാണുമ്പോൾ എന്റെ ഹൃദയം വികാരതരളിതമാകാറുണ്ട്." ഉദാരമതികളായ പലരുടേയും സഹായം മൂലം കപ്പേള അല്പം പരിഷ്കരിക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചു.

അനുദിനമുള്ള ദിവ്യകാരുണ്യാരാധന നടത്തിക്കൊണ്ടു പോകുവാൻ ആരാധകർ ആവശ്യമാണ്. എങ്കിലും ദൈവവിളിയുടെ അഭാവംമൂലം കുറേക്കാലത്തേയ്ക്കു പുതിയ അംഗങ്ങളെ ഒന്നും ലഭിച്ചില്ല. ഈ സംഗതി ഏമാർഡച്ചന് അത്യധികമായ ഹൃദയവ്യഥയുളവാക്കി. അതേപ്പററി അദ്ദേഹം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "ഇപ്പോഴും ഞങ്ങൾ നാലുപേരു മാത്രമേ ഇവിടെ ഉള്ളു. രണ്ടു സന്യാസികളും രണ്ടു വേലക്കാരും. ദിവ്യകാരുണ്യനാഥൻ പല വൈദികരേയും തന്റെ സഭയിലേയ്ക്കു ക്ഷണിച്ചു. എന്നാൽ പൈശാചിക വശീകരണങ്ങളാലോ ഇഷ്ടജനങ്ങളുടെ തടസ്സം മൂലമോ, എന്തുകൊണ്ടെന്നു നിശ്ചയമില്ല അവർ ക്ഷണം സ്വീകരിച്ചില്ല. സകലവും ഞാൻ ദൈവതൃക്കരങ്ങളിൽ സമൎപ്പിച്ചിരിക്കയാണ്." ദൈവമാണ് അവിടുത്തെ സേവനത്തിന് ആവശ്യമുള്ളവരെ തെരഞ്ഞെടുക്കുന്നത്. അവിടുത്തെ തൃക്കരങ്ങളിൽനിന്നും നാം അവരെ സ്വീകരിക്കുകയേ ചെയ്യേണ്ടതുള്ളു. രാജാവാണ്, ദാസനല്ലാ, ക്ഷണിക്കുന്നത്. ദിവ്യനാഥനോടുകൂടി സദാ വസിക്കുക എന്ന അസുലഭസൌഭാ

ഗ്യമാണ ദൈവവിളി സ്വീകരിക്കുന്നതുമൂലം നമുക്കു കൈവരുന്നത്. ഇതിനെക്കാൾ ആമോദകരമായിട്ടെന്താണുള്ളത്?"

ക്രിസ്തുമസ്സിനു കുറെ ദിവസങ്ങൾക്കു മുമ്പ്, ദിവ്യകാരുണ്യസഭാസന്യാസികൾ നിശാരാധന ആരംഭിച്ചു. ദിവ്യനാഥസന്നിധിയിൽ ആരാധന നടത്തുന്നതിനായി ആളുകളെ അവിടുന്നുതന്നെ തെരഞ്ഞെടുക്കുമെന്ന് അവർ വിശ്വസിച്ചിരുന്നു. അവരുടെ വിശ്വാസം അസ്ഥാനത്തായില്ല. താമസംവിനാ രണ്ടു വൈദികർ സഭയിൽ ചേർന്നു. അകയാൽ പരിശുദ്ധ കുർബാന പരസ്യമായി എഴുന്നെള്ളിച്ചുവച്ചുകൊണ്ടുള്ള ആരാധന തുടങ്ങുന്നതിന് അവർക്കു സാധിച്ചു.

## III

ഡിസംബർ 28-ാംതീയതി, രാത്ര്യാരാധനാസഖ്യത്തിന്റെ ദ്വിതീയസമ്മേളനം സേഗർ മെത്രാന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ദിവ്യകാരുണ്യാരാധനാസഭയിലെ സന്യാസികളെ നേരിട്ടു പരിചയപ്പെടുന്നതിന് ഈ അവസരത്തിൽ സഖ്യാംഗങ്ങൾക്കു സാധിച്ചു. ദിവ്യകാരുണ്യസഭയുടെ ആദർശങ്ങളേയും പ്രവർത്തനപരിപാടിയേയും സംബന്ധിച്ച് ഏമാർഡച്ചൻ ഏററവും ലളിതവും എന്നാൽ കാര്യസമ്പൂർണ്ണവുമായ ഒരു പ്രസംഗം അന്നു ചെയ്യുകയുണ്ടായി: "അന്നൊരിക്കൽ സ്നാപകയോഹന്നാന്റെ പക്കലേയ്ക്ക് ഒരു പ്രതിനിധിസംഘത്തെ യഹൂദപ്രമാണികളും പ്രധാനാചാര്യന്മാരും അയച്ച്, 'നിങ്ങൾ ആരാണ്?' എന്നു ചോദിപ്പിച്ചു. അപ്രകാരം, ഇന്നു സായാഹ്നത്തിൽ 'നിങ്ങൾ ആരാണ്? നിങ്ങളുടെ പ്രവർത്തനം എന്താണ്?' എന്നു നിങ്ങൾ ചോദിക്കുന്നതുപോലെ എനിക്കനുഭവപ്പെടുന്നു." എന്നിങ്ങനെയൊരു മുഖവുരയോടുകൂടിയാണ് അദ്ദേഹം പ്രസംഗം ആരംഭിച്ചത്.

"പ്രഥമ ചോദ്യത്തിന്, ഞങ്ങൾ നിസ്സാരന്മാരാണ്; എങ്കിലും ദൈവകൃപയാൽ എന്തെങ്കിലും പ്രവർത്തിക്കാമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു." എന്നു ഞാൻ സമാധാനം പറയും. സ്വശക്തിയിൽ ഞങ്ങൾക്കു വിശ്വാസമില്ല. പ്രബലരായ ആളു

കളുടെ സംരക്ഷണമല്ല, പ്രത്യുത സർവ്വശക്തന്റെ അനുഗ്രഹമാണു ഞങ്ങളുടെ ശക്തി: രണ്ടാമത്തെ ചോദ്യത്തിനിപ്രകാരം ഞാൻ പ്രത്യുത്തരം നല്കും. "ഞങ്ങളുടെ സഭയുടെ നാമധേയം 'ദിവ്യകാരുണ്യസഭ' എന്നാണ്. സ്നേഹസിംഹാസനത്തിൽ, അനുഗ്രഹവർഷം ചൊരിഞ്ഞുകൊണ്ടു സ്ഥിതിചെയ്യുന്ന ദിവ്യനാഥനായ ഈശോയെ നിരന്തരം ആരാധിക്കുക; അതുല്യദിവ്യദാനമായ പരിശുദ്ധ കുർബാനയ്ക്കു സദാ കൃതജ്ഞതാസ്തോത്രം ചെയ്യുക; ലോകത്തിൽ ചെയ്യപ്പെടുന്ന നിരവധി തിന്മകൾക്ക് അങ്ങയോടൊന്നിച്ചുകൊണ്ടു പരിഹാരബലി അർപ്പിക്കുക; തിരുസ്സഭാമാതാവിന്റെ അഭ്യുദയത്തിനായി പരിശുദ്ധ കുർബാനയുടെ മുമ്പിൽ ഇടമുറിയാതെ പ്രാർത്ഥിക്കുക; ക്രൈസ്തവഭരണാധികാരികളുടെയിടയിൽ സമാധാനം സംസ്ഥാപിതമാകുന്നതിനും പാപികൾ, അവിശ്വാസികൾ, പാഷണ്ഡികൾ മുതലായവരുടെ മാനസാന്തരത്തിനായി തീക്ഷ്ണതാപൂർവ്വം വേല ചെയ്യുക; മുതലായവയാണു ഞങ്ങളുടെ പ്രവർത്തന ലക്ഷ്യം. ഞങ്ങളുടെ വേദപ്രചരണവേല തികച്ചും ദിവ്യകാരുണ്യപരമായിരിക്കും. ദിവ്യനാഥനായ മിശിഹാ ദിവ്യകാരുണ്യംവഴി എല്ലാ സ്ഥലങ്ങളിലും അറിയപ്പെടുന്നതിനും സ്നേഹിക്കപ്പെടുന്നതിനും സേവിക്കപ്പെടുന്നതിനും ഇടവരുത്തുകയെന്നുള്ളതാണു ഞങ്ങളുടെ ജീവിതലക്ഷ്യം." ദിവ്യകാരുണ്യസഭയുടെ ആവശ്യകതയും മാഹാത്മ്യവും വിശദമാക്കിക്കൊണ്ട് അദ്ദേഹം പ്രസംഗം സമാപിച്ചു. ദിവ്യകാരുണ്യസഭക്കാരുടെ കപ്പേളയിൽവച്ചു നടത്തപ്പെട്ട പ്രാധാന്യമർഹിക്കുന്ന പ്രഥമ ചടങ്ങു നിശാരാധനസഖ്യത്തിന്റെ ഈ സമ്മേളനമായിരുന്നു.

1857 ജാനുവരി 6-ാംതീയതി, മൂന്നു രാജാക്കളുടെ തിരുനാൾ ദിനത്തിൽ, ആദ്യമായി വി. കുർബാന പരസ്യമായി എഴുന്നെള്ളിച്ചുവച്ചുകൊണ്ടുള്ള ആരാധന നടത്തിയപ്പോളാണ്, ദിവ്യകാരുണ്യസഭ ഔദ്യോഗികമായി സ്ഥാപിക്കപ്പെട്ടത്. ഇതെപ്പററി ഫാദർ എമാർഡ് ഇങ്ങനെ പ്രസ്താവിക്കുന്നു: "എന്തൊരു സന്തോഷവും സംതൃപ്തിയുമാണ് ആദ്യമായി പരിശുദ്ധ കുർബാന പരസ്യാരാധനയ്ക്കായി എഴുന്നെള്ളിച്ചുവച്ചപ്പോൾ ഞങ്ങൾക്കനുഭവപ്പെട്ടത്! ദിവ്യനാഥൻ സ്നേഹസിംഹാസന

ത്തിൽ എഴുന്നെള്ളിയിരുന്നു. ഞങ്ങൾ അവിടുത്തേയ്ക്കു് അകമ്പടി സേവിച്ചു. എന്നും ഞങ്ങൾ അവിടുത്തെ അംഗരക്ഷകരായിരിക്കും. . . . ഇന്നു ക്രിസ്തുരാജൻ തൻെറ ഈ ഭവനത്തിന്മേലും അതിലെ അംഗങ്ങളുടെമേലും പരിപൂർണ്ണമായ അധികാരം സ്ഥാപിച്ചിരിക്കുന്നു." ഈ ആഘോഷാവസരത്തിൽ ഒരു മിഷ്യനറി മെത്രാനാണു ദിവ്യബലി അർപ്പിച്ചതു്. ദിവ്യപൂജാനന്തരം ആദ്യമായി ഏമാർഡച്ചൻ വിശുദ്ധ കുർബാനയുടെ മുമ്പിൽ 'ഒരു മണിക്കൂർ' പരസ്യാരാധന നടത്തി. ചിരപ്രതീക്ഷിതമായ അദ്ദേഹത്തിൻെറ ആഗ്രഹം അങ്ങനെ ആദ്യമായി നിറവേറി.

സന്യാസികളുടെ കുറവു നിമിത്തം നിത്യാരാധന ഉടനെ തുടങ്ങുക സാദ്ധ്യമല്ലായിരുന്നു. എങ്കിലും ഞായർ ചൊവ്വാ വ്യാഴം ഈ ദിവസങ്ങളിൽ വിശുദ്ധ കുർബാന പരസ്യമായി എഴുന്നെള്ളിച്ചുവച്ച് ആരാധന നടത്തിയിരുന്നു. "അംഗങ്ങൾ വദ്ധിച്ചാൽ ഉടൻ അനുദിനദിവ്യകാരുണ്യാരാധന ഞങ്ങൾ ആരംഭിക്കുന്നതാണ്. അപ്പോൾ ഭൂമി ഞങ്ങൾക്കു സ്വർഗ്ഗസമാനമായിരിക്കും." എന്നു ഫാദർ ഏമാർഡ് പറഞ്ഞിരുന്നു.

## IV

ജാനുവരി മൂന്നാംതീയതി പാരീസ് മെത്രാപ്പോലീത്താ തിരുമേനി ഒരു ഖലനാൽ വധിക്കപ്പെട്ടു. ദിവ്യകാരുണ്യസഭാശിശുവിന് അങ്ങനെ അതിൻെറ ഉപകർത്താവു നഷ്ടപ്പെട്ടു. ഈ അനിഷ്ടസംഭവം ശ്രവിച്ചപ്പോൾ ഏമാർഡച്ചൻ പറയുകയുണ്ടായി: "ഇനിയും ജഗദ്കർത്താവു മാത്രമായിരിക്കും നമ്മുടെ സഭയുടെ സംരക്ഷകൻ." പിന്നീടു പാരീസ് മെത്രാപ്പോലീത്തായായ വന്ദ്യദേഹം ഏമാർഡച്ചനും മിത്രങ്ങളും താമസിക്കുന്ന വസതി, തൻെറ ആസ്ഥാനമാക്കുവാൻ നിശ്ചയിച്ചിരിക്കുന്നതിനാൽ ഉടൻതന്നെ അവിടെനിന്നും മാറിക്കൊടുക്കണമെന്ന് അഡ്മിനിസ്ട്രേറ്റർ അവരെ അറിയിച്ചു.

ഏമാർഡച്ചൻ ഉടൻതന്നെ ഒരു പുതിയ വസതി അന്വേഷിക്കുവാൻ തുടങ്ങി. സൗകര്യപ്രദമായ പല സ്ഥലങ്ങളും കണ്ടുമുട്ടി. ഓരോ കാരണങ്ങളാൽ അവയെല്ലാം ഉപേക്ഷിക്കേണ്ടതാ

യിട്ടാണു വന്നത്. ഡയറിയിൽനിന്നും ഈ ദിവസങ്ങളിൽ അദ്ദേഹത്തിൻെറ ഹൃദയവികാരങ്ങൾ ഏതു തരത്തിലുള്ളവയായിരുന്നുവെന്നു ഗ്രഹിക്കാം. പീഡകളാൽ ഞെളിപിരികൊള്ളുന്ന ഒരാളിൻെറ ദീനരോദനംപോലെ അതിലേ ചില ഭാഗങ്ങൾ നമുക്കനുഭവപ്പെട്ടേക്കാം. പ്രത്യാശയുടേയും ദൈവതിരുമനസ്സിനോടുള്ള സമ്പൂൎണ്ണമായ യോജിപ്പിൻേറയും ലക്ഷണങ്ങളും അതിൽ തെളിഞ്ഞുകാണുന്നുണ്ട്. അദ്ദേഹത്തിൻെറ വാക്കുകൾ ശ്രവിച്ചാലും. "നാഥാ! അങ്ങ് എഴുന്നരുളുവാനാഗ്രഹിക്കുന്ന ഭവനം ഞങ്ങൾക്കു കാണിച്ചുതരിക. അവിടുത്തെ കാസായിൽനിന്നും മതിവരെ ഞങ്ങൾ പാനംചെയ്യാം. എങ്കിലും പ്രലോഭനങ്ങൾ ഞങ്ങളെ അടിപ്പെടുത്താതെ കാത്തുകൊള്ളണമെ. നാഥാ! അങ്ങുന്നു നിദ്രചെയ്യുകയാണോ? ഞങ്ങളുടെ പ്രത്യാശാവഞ്ചി നൈരാശ്യപ്രചണ്ഡമാരുതനിൽ പെട്ടു നശിക്കുവാൻ അങ്ങ് ഇടയാക്കരുതേ."

എത്ര ബുദ്ധിമുട്ടിയിട്ടും വാസയോഗ്യമായ ഒരു ഭവനവും ലഭിച്ചില്ല. ദിവ്യകാരുണ്യം സ്ഥാപിക്കുവാൻ ഉപയുക്തമായ ഒരു പ്രാൎത്ഥനാലയം കൂലിക്കെടുക്കുവാൻ അദ്ദേഹം ഒടുവിൽ തീരുമാനിച്ചു. "ദിവ്യനാഥനു നിവസിക്കുന്നതിനായി ഒരു സ്ഥലം ഞങ്ങൾ തെരഞ്ഞെടുത്തു. യജമാനൻ ഭൃത്യനെക്കാൾ വലിയവനാണല്ലോ? ആകയാൽ അവിടുത്തേയ്ക്കു ഒരു വാസസ്ഥാനം ഉണ്ടാക്കുക, അത്യന്താപേക്ഷിതമല്ലെ?" എന്നിങ്ങനെ അദ്ദേഹം ചോദിക്കുന്നു. ആഗസ്ററു മാസത്തോടുകൂടി സന്യാസികൾക്ക് അധിവാസയോഗ്യമായ ഒരു സ്ഥലം അദ്ദേഹം കണ്ടുപിടിച്ചു. എന്നാൽ അനാരോഗ്യംമൂലം ഉടനടി അദ്ദേഹത്തിനു സ്ഥലം വിടേണ്ടിവന്നു. തിരിച്ചു വന്നപ്പോൾ കാര്യങ്ങളെല്ലാം കുഴഞ്ഞുകിടക്കുന്നതായിട്ടാണദ്ദേഹം കണ്ടതു്. രണ്ടു സന്യാസികൾ സഭ വിട്ടുകഴിഞ്ഞിരുന്നു. അവരുടെ ദുഷ്പ്രചരണം ഏമാർഡച്ചൻെറ പ്രവൎത്തനങ്ങളോടു നേരത്തെ ഇഷ്ടമില്ലാതിരുന്നവരുടെ വിദ്വേഷത്തിനു മാററുകൂടി. ദിവ്യകാരുണ്യസഭ, അധികാരികളുടെ അനുമതി കൂടാതെ സ്ഥാപിതമായതാണെന്ന് അവർ പുതിയ മെത്രാപ്പോലീത്തായെ പറഞ്ഞു ധരിപ്പിച്ചു. മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു കഥാനായകനെ

വിളിപ്പിച്ചു പറയുകയാണ്: "അധികാരികളുടെ അറിവും അനുമതിയും കൂടാതെ സ്ഥാപിതമായിരിക്കുന്ന സന്ന്യാസസഭകൾ ഉണ്ടുപോലും."

"വന്ദ്യതിരുമേനീ, അവിടുന്നു പറയുന്നതെന്തെന്നെനിക്കു മനസ്സിലാകുന്നില്ല" ജൂലിയനച്ചൻ പറഞ്ഞു.

"അതെ, അധികാരികളെ ധിക്കരിച്ചു ഗർവിഷ്ഠരായി വർത്തിക്കുന്ന സന്ന്യാസികളും ഉണ്ട്."

"അങ്ങു പറയുന്നതെന്താണെന്ന് എനിക്കു മനസ്സിലാകുന്നില്ല."

"നിങ്ങളേയും നിങ്ങളുടെ സ്ഥാപനത്തേയും സംബന്ധിച്ചാണു ഞാൻ പറയുന്നത്."

"വന്ദ്യതിരുമേനീ, ഞങ്ങളുടെ എളിയ പ്രവർത്തനങ്ങളെല്ലാം നിയമാനുസരണമാണു നടത്തപ്പെടുന്നത്. അതിനുള്ള തെളിവുകൾ നാളെത്തന്നെ ഹാജരാക്കാം."

പിറേറദിവസംതന്നെ രേഖകളെല്ലാം മെത്രാപ്പോലീത്തായെ ഏല്പിച്ചു. അദ്ദേഹമാകട്ടെ അതു തുറന്നു നോക്കുകപോലും ചെയ്യാതെ നോട്ടർഡാം ദൈവാലയത്തിലെ പുരോഹിതശ്രേഷ്ഠൻെറ കൈയിൽ കൊടുത്തു. അതു താമസംവിനാ ചവററുകൊട്ടയിൽ തള്ളപ്പെടുകയും ചെയ്തു. കുറേ ദിവസങ്ങൾക്കു ശേഷം, ആ രേഖകൾ തിരിച്ചു വാങ്ങിക്കുന്നതിനായി ചെന്നപ്പോഴാണ് ഈ വിവരം അദ്ദേഹം ഗ്രഹിച്ചത്. സംഗതികളുടെ ഗൗരവം അദ്ദേഹത്തിനു മനസ്സിലായി. എങ്കിലും ഒട്ടും ഭഗ്നാശനായില്ല. "സർവ്വശക്തൻ അനുവദിക്കുന്നതു മാത്രമേ സംഭവിക്കുകയുള്ളു. അവിടുന്ന് ഉത്തമമായിട്ടുള്ളതു മാത്രമേ തൻെറ കുഞ്ഞുമക്കൾക്കു നല്കുകയുള്ളു" എന്നിങ്ങനെ ജൂലിയനച്ചൻ സമാശ്വസിച്ചു.

ബുദ്ധിമുട്ടുകളുടെ അഗാധഗർത്തത്തിലേക്കു ഈ ചെറുസമൂഹത്തെ വീഴിക്കുവാൻ ദൈവം തിരുമനസ്സായത്, അവിടുത്തെ കരങ്ങളുടെ അനന്തശക്തി അവരെ ഗ്രഹിപ്പിക്കുന്നതിനു മാത്രമായിരുന്നു. അവരെ ഇതിൽനിന്നും രക്ഷിക്കുവാൻ ശക്തനായ ഒരാളെ ദൈവം അവർക്കു പ്രദാനം ചെയ്തു. ദിവ്യകാരുണ്യസഭയുടെ സൽകീർത്തിക്കു ക്ഷതം വരുത്തുവാൻ ശ്രമി

ക്കുന്ന ദുഷ്ടബുദ്ധികളിൽനിന്നും അതിനെ രക്ഷിക്കുന്നതിന് ഒരു മാർഗ്ഗം മെത്രാപ്പോലീത്തായുടെ സെക്രട്ടറി ജൂലിയനച്ചന് ഉപദേശിച്ചുകൊടുത്തു. സെക്രട്ടറിയുടെ നിർദ്ദേശാനുസാരം, തന്റെ സഭയുടെ ഒരു സംക്ഷിപ്ത ചരിത്രം എഴുതിയുണ്ടാക്കി ഏമാർഡച്ചൻ മെത്രാപ്പോലീത്തായ്ക്കു സമർപ്പിച്ചു. അധികം താമസിയാതെ കാററു മാറിവീണു. ദിവ്യകാരുണ്യസഭാന്തരീക്ഷത്തിൽ പടർന്നു പിടിച്ചിരുന്ന കാർമേഘപടലം നീങ്ങിത്തുടങ്ങി. സംഗതികൾ ശരിയായി ഗ്രഹിച്ചപ്പോൾ മെത്രാപ്പോലീത്തായ്ക്ക് ഏമാർഡച്ചനെക്കുറിച്ചു വലിയ മതിപ്പാണുണ്ടായത്.

## V

പരീക്ഷണഘട്ടം ഇനിയും അവസാനിച്ചിട്ടില്ല. 1857-ൽ വിഷമതകൾ കഥാനായകനെ വീണ്ടും അലട്ടിത്തുടങ്ങി. സഭയുടെ സാമ്പത്തികനില വളരെ മോശമായിരുന്നുവെന്നു നാം നേരത്തെ കണ്ടതാണല്ലോ? ആഴ്ചയിൽ മൂന്നു ദിവസം പരിശുദ്ധ കുർബാന പരസ്യമായി എഴുന്നെള്ളിച്ചുവച്ചുകൊണ്ടുള്ള ആരാധന ഉണ്ടായിരുന്നതിനാൽ മെഴുകിനുതന്നെ ഭീമമായ ഒരു തുക ചെലവുചെയ്യേണ്ടിവന്നിരുന്നു. കഥാനായകൻ പറയുന്നു: "മെഴുകുതിരി വാങ്ങിക്കുന്നതിനുപോലും ഞങ്ങൾക്കിപ്പോൾ പണം തികയുന്നില്ല. ഞങ്ങളുടെ നിസ്സഹായതയിൽ ഞാൻ സന്തോഷിക്കുന്നു; എങ്കിലും മെഴുകുതിരി വാങ്ങിക്കുന്നതിനുള്ള പണംപോലും ഇല്ലെന്നോക്കുമ്പോൾ സന്താപത്തിൽ ആണ്ടുപോകുന്നു. ഞങ്ങൾ കടത്തിൽ ആണ്ടു കിടക്കയാണ്. അതുകൊണ്ട് ഇനിയും കടംമേടിക്കുവാൻ സാദ്ധ്യമല്ല."

ദൈവം അവിടുത്തെ ദാസനു തന്റെ ബലമുള്ള കരങ്ങൾ നീട്ടിക്കൊടുത്തു. കടം വീട്ടുന്നതിനും തിരി വാങ്ങിക്കുന്നതിനും പര്യാപ്തമായ ഒരു തുക പിറേറ ദിവസം അദ്ദേഹത്തിനു ലഭിച്ചു. എങ്കിലും കുറേ ദിവസങ്ങൾക്കു ശേഷം വീണ്ടും അദ്ദേഹം കടത്തിലകപ്പെട്ടു. ഇങ്ങനെ ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും നിറഞ്ഞ ദിവസങ്ങൾ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു. ഇതിനിടയ്ക്കു ഫാദർ ഡിക്രൂസ് രോഗാതുരനായിത്തീർന്നു.

ഒരു പുതിയ വസതി കണ്ടുപിടിക്കുന്നതിനു ജൂലിയനച്ചൻ വീണ്ടും പരിശ്രമം ആരംഭിച്ചു. ദുർവഹമായ പര്യടനങ്ങളുടെ ഫലമായി ക്ഷീണിച്ചും ഉദ്ദേശ്യം സാധിക്കാത്തതിനാൽ മനം ചുട്ടും അദ്ദേഹം ആശ്രമത്തിൽ ഒരു ദിവസം തിരിച്ചെത്തി. മമ്മ ഭേദകമായ ഒരു സംഭവമാണദ്ദേഹമപ്പോൾ കേട്ടത്. നിരന്തരമായ ബുദ്ധിമുട്ടുകൾമൂലം നിരാശനായ തൻെറ സഹപ്രവത്തകൻ സഭ ഉപേക്ഷിച്ചുപോയിരിക്കുന്നു! കഥാപുരുഷനെ സന്താപസാഗരത്തിൽ മുക്കിക്കളഞ്ഞ ഒരു സംഭവം! ദിവ്യനാഥൻെറ തൃച്ചേവടികളിൽ എത്തി അദ്ദേഹം അപേക്ഷിച്ചു. "നാഥാ! അവിടുന്നെങ്കിലും എന്നോടൊന്നിച്ചു വസിക്കണമെ. അത് എനിക്കേററവും ആനന്ദകരമാണ്. അങ്ങയോടൊന്നിച്ചിരിക്കുമ്പോൾ വേർപാടുകളും അപമാനങ്ങളും എനിക്കാനന്ദസംദായകമായിത്തീരുന്നു. അവിടുത്തെ തൃപ്പാദാശ്രിതനെ കൈവിടല്ലെ." ദൈവം അദ്ദേഹത്തിൻെറ പ്രാത്ഥന ശ്രവിച്ചു. ഇരുപത്തിനാലു മണിക്കൂറുകൾക്കകം ഒളിച്ചോടിയ അദ്ദേഹത്തിൻെറ സ്നേഹിതൻ തിരിച്ചുവന്നു. അതിദുസ്സഹമായ ഈ പരീക്ഷണകാലം കുറേനാറംകൂടി നീണ്ടുനിന്നു. ഒടുവിൽ മെത്രാപ്പോലീത്തായുടെ പക്കൽനിന്നും, അവർ വസിച്ചിരുന്ന അദ്ദേഹത്തിൻെറ വക കെട്ടിടം, ജൂലിയനച്ചൻ വിലയ്ക്കു വാങ്ങി. ഇങ്ങനെ ദിവ്യകാരുണ്യസഭക്കാൎക്കു സ്വന്തമായി ഒരു ഭവനം ഉണ്ടായി.

വിശുദ്ധന്മാരേയും നമ്മേപ്പോലെതന്നെ ദൈവം വളരെ അധികം പരീക്ഷിക്കാറുണ്ടെന്നുള്ളതിനു് ഒരുദാഹരണം മാത്രമാണിത്. അവരുടെ വിഷമതകളെപ്പററി ശ്രവിക്കുമ്പോൾ നാം ധീരോദാത്തരായിത്തീരുന്നു. എന്നാൽ തങ്ങളുടെ കഷ്ടതകളെ ദൈവസ്നേഹസംവദ്ധകങ്ങളാക്കേണ്ടതെങ്ങനെയെന്ന് അവൎക്കു നല്ലവണ്ണം അറിയാം.

വിലയ്ക്കു വാങ്ങിയ കെട്ടിടത്തിൻെറ അററകുററപ്പണികളെല്ലാം ഉടനടി തീൎത്തു്, 1858 ഉയിപ്പുഞായറാഴ്ച പരസ്യാരാധനയ്ക്കായി വിശുദ്ധ കുർബാന ആഘോഷമായി എഴുന്നെള്ളിച്ചുവച്ചു. കൃപാവരം സമൃദ്ധിയായി നല്കിക്കൊണ്ടും ദിവ്യനാഥൻ അവിടെ ഒൻപതു സംവത്സരക്കാലം വാണരുളി.

ഈ കപ്പേള "അത്ഭുതങ്ങളുടെ കപ്പേള" എന്ന അപരനാമത്തിലാണു പിന്നീടറിയപ്പെട്ടത്. 1867-ലെ വിപ്ലവംമൂലം ദിവ്യകാരുണ്യസഭക്കാർ അവിടെനിന്നും നിഷ്കാസിതരാകുന്നതുവരെ അവിടെ ദിവ്യകാരുണ്യനാഥനു പരസ്യാരാധന നടത്തപ്പെട്ടിരുന്നു.

## VI

ദിവ്യകാരുണ്യസന്യാസികൾക്ക് അവരുടെ സ്വന്തമായി ഇപ്പോൾ ഒരു ഭവനമുണ്ട്. സന്യാസികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. മാർസെയിൽസ്, അറാസ്, ബ്രൂസൽസ് മുതലായ സ്ഥലങ്ങളിൽ ദിവ്യകാരുണ്യസഭയുടെ ശാഖകൾ സ്ഥാപിതമാകുകയും ചെയ്തിട്ടുണ്ട്. തന്റെ സഭയ്ക്കു മാർപ്പാപ്പായിൽനിന്നും ഔദ്യോഗികാംഗീകാരം ലഭിക്കുന്നതിനുവേണ്ടിയായിരുന്നു ഏമാർഡച്ചന്റെ പിന്നത്തെ പരിശ്രമമെല്ലാം. ഇതിനായി, ഗ്രേനോബിൾ, ഗ്യാപ്, ലാവാൻ, മാർസെയിൽസ് മുതലായ സ്ഥലങ്ങളിലെ വന്ദ്യമെത്രാന്മാരുടേയും ലയോൺസ് പാരീസു മുതലായ സ്ഥലങ്ങളിലെ അത്യുന്നത കർദ്ദിനാളന്മാരുടേയും സാക്ഷിപത്രങ്ങളോടുകൂടി കഥാനായകൻ റോമ്മിലേയ്ക്കു കപ്പൽ കയറി. ഡിസംബർ 8—ാംതീയതി സായാഹ്നത്തിൽ റോമ്മിലെത്തിച്ചേർന്നു. പിറേറദിവസം അദ്ദേഹം പ്ത്രോസിന്റെ ദൈവാലയത്തിൽ പോയി പ്രാർത്ഥിച്ചു.

അദ്ദേഹത്തിന്റെ സ്നേഹിതൻ പറയുന്നു: "പത്രോസിന്റെ ദൈവാലയത്തിൽ പ്രവേശിച്ച് ഏമാർഡച്ചൻ കരങ്ങൾ കൂട്ടിപ്പിടിച്ചു തീവ്രമായി പ്രാർത്ഥിക്കുന്നതു കാണികളുടെ കണ്ണും കരളും കുളിർപ്പിക്കുവാൻ പര്യാപ്തമായിരുന്നു. വിശുദ്ധ കർബാനയുടെ വിസീത്തായ്ക്കു ശേഷം അദ്ദേഹം പത്രോസിന്റെ "സ്വരൂപത്തിന്റെ മുൻപിൽ മുട്ടുകുത്തി പ്രാർത്ഥിക്കുവാൻ തുടങ്ങി." പരിശുദ്ധ പിതാവുമായി അഭിമുഖസംഭാഷണത്തിന് അനുമതി വാങ്ങിക്കുന്നതിനു ശ്രമിക്കുവാൻ സ്നേഹിതന്മാർ അദ്ദേഹത്തെ ഉപദേശിച്ചു. ഏമാർഡച്ചൻ അപ്പോൾ പറയുകയാണ്: "എന്റെ എന്തെങ്കിലും കാര്യലാഭത്തിനായിട്ടല്ല

ഞാനിവിടെ വന്നിരിക്കുന്നതു്. പ്രസ്തുത ദിവ്യനാഥൻെറ ജോലി നിർവ്വഹിക്കുവാനാണ്. ആകയാൽ അക്കാര്യം എപ്രകാരമാണു വേണ്ടതെന്നു് അവിടുന്നു തൻെറ പ്രതിപുരുഷനെ അറിയിക്കാതിരിക്കയില്ല. മനുഷ്യരുമായുള്ള ഏർപ്പാടുകളിൽ പലപ്പോഴും എനിക്കു തോൽവി പററാറുണ്ട്; എന്നാൽ ദൈവവുമായിട്ട് അങ്ങനെയല്ല."

ഡിസംബർ 20-ാംതീയതി അദ്ദേഹത്തിനു പരിശുദ്ധ പിതാവ് ഒമ്പതാംപീയൂസ് മാർപ്പാപ്പായുമായി രഹസ്യസംഭാഷണത്തിന് അനുമതി ലഭിച്ചു. മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു കല്പിച്ചു ചോദിച്ചപ്പോൾ ശിശുസഹജമായ നിഷ്കളങ്കതയോടെ ജൂലിയനച്ചൻ പറഞ്ഞു: "പരിശുദ്ധ പിതാവെ! ഞങ്ങളുടെ സഭയ്ക്കു കാനോനികാനുമതി വാങ്ങിക്കുവാനാണു ഞാൻ വന്നതു്." കാലതാമസംകൂടാതെ അദ്ദേഹത്തിൻെറ അപേക്ഷയുടെ കാര്യം പരിഗണിക്കുന്നതാണെന്നു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു സ്വതസ്സിദ്ധമായ സൗമ്യതയോടെ കല്പിച്ചരുളി.

രണ്ടാഴ്ചക്കാലംകൂടി ജൂലിയനച്ചൻ റോമ്മിൽ താമസിച്ചു. അക്കാലമത്രയും ഒരു തീർത്ഥകനെന്നവണ്ണം അദ്ദേഹം റോമ്മിലെ ദൈവാലയങ്ങളെല്ലാം സന്ദർശിച്ചുകൊണ്ടിരുന്നു. വിശുദ്ധ പത്രോസിൻെറ ദൈവാലയം സന്ദർശിക്കുന്നതിന് ഒരു ദിവസവും അദ്ദേഹം മുടക്കംവരുത്തിയിരുന്നില്ല. ഒരു ദിവസം പത്രോസിൻെറ ദൈവാലയത്തിൽ മുട്ടുകുത്തി അദ്ദേഹം ഹൃദയപൂർവ്വം പ്രാർത്ഥിച്ചുകൊണ്ടിരിക്കയായിരുന്നു. പരിശുദ്ധ പിതാവു സപരിവാരസമേതം അവിടെവന്നു്, അദ്ദേഹത്തിൻെറ അടുക്കൽനിന്നു പ്രാർത്ഥിച്ചുതുടങ്ങി. ഏകാഗ്രചിത്തനായി പ്രാർത്ഥിച്ചുകൊണ്ടിരുന്ന ജൂലിയനച്ചൻ യാതൊന്നും അറിഞ്ഞതേയില്ല. പ്രാർത്ഥന കഴിഞ്ഞു പോകുന്നതിനായി എഴുന്നേററപ്പോൾ മാത്രമാണ്, പരിശുദ്ധ പിതാവു തൻെറ അടുക്കൽ നില്ക്കുന്ന വിവരം അദ്ദേഹത്തിനു മനസ്സിലായതു്.

പിറേറദിവസംതന്നെ അദ്ദേഹത്തിൻെറ അഭ്യർത്ഥന പരിശുദ്ധ പിതാവു കല്പിച്ചനുവദിച്ചു. ഈ അവസരത്തിൽ അവിടുന്ന് അരുളിച്ചെയ്ത വാക്കുകൾ ശ്രദ്ധേയമാണ്. "പ്രിയമകനെ, ദിവ്യകാരുണ്യത്തിൻെറ സ്തുതിക്കും മഹത്വത്തിനുമായി

വേലചെയ്യുന്ന നിങ്ങളുടെ പ്രവൃത്തി ഏററവും സ്തുത്യർഹമാണ്. മൂന്നു വൎഷങ്ങൾക്കു മുമ്പ് ഇതെപ്പററി നമ്മെ നിങ്ങൾ നേരിട്ടറിയിച്ചിട്ടുള്ളതാണല്ലോ. ഫ്രാൻസിലേ വൈദികമേലദ്ധ്യക്ഷന്മാരുടെ അഭിപ്രായങ്ങളും നമുക്കറിയുവാൻ സാധിച്ചിട്ടുണ്ട്. നമ്മുടെ ഹൃദയത്തിൻെറ അഗാധത്തിൽനിന്നും നിങ്ങളേയും നിങ്ങളുടെ സഹപ്രവൎത്തകന്മാരേയും സ്ഥാപനത്തേയും നാം ആശീൎവ്വദിക്കുന്നു."

എന്നാണു ജൂലിയനച്ചൻ റോമ്മിൽനിന്നും തിരിച്ചുപോന്നതെന്നു നമുക്കു നിശ്ചയമില്ല. ജനുവരി 26-ാംതീയതി അദ്ദേഹം പാരീസിൽ തിരിച്ചെത്തി. മാൎപ്പാപ്പായുടെ അഭിനന്ദനസന്ദേശം ശ്രവിച്ചപ്പോൾ സഭാംഗങ്ങൾ ആനന്ദപുളകിതരായി. പരിശുദ്ധ പിതാവിൻെറ കാരുണ്യപൂൎവ്വമായ പ്രോത്സാഹനം ദിവ്യകാരുണ്യസഭയുടെ ഭാവിശ്രേയസ്സിന് എപ്രകാരം ഗുണകരമായി തീൎന്നുവെന്ന് അനന്തരസംഭവങ്ങൾ വിശദമാക്കുന്നുണ്ട്.

# എട്ടാം അദ്ധ്യായം.

## ദിവ്യകാരുണ്യസഭ.

ദിവ്യകാരുണ്യസഭാസ്ഥാപനത്തിനു ഫാദർ ഏമാർഡിനെ പ്രേരിപ്പിച്ചതു്, ക്രിസ്തുനാഥൻെറ ദിവ്യകാരുണ്യത്തിലുള്ള വാസ്തവികമായ സാന്നിദ്ധ്യമല്ലാതെ മറെറാന്നുമല്ല. ക്രിസ്തുനാഥൻ പരിശുദ്ധ കുർബാനയിൽ സത്യമായി സ്ഥിതിചെയ്യുന്നുണ്ടെങ്കിൽ, മണ്ണിനും വിണ്ണിനും രാജാവായിട്ടാണ് അവിടുന്ന് അവിടെ ഇരിക്കുന്നതു്. ഈ അവസ്ഥ അവിടുത്തെ രാജകീയ

പ്രതാപത്തെ ഇല്ലാതാക്കുന്നില്ല. എല്ലാവിധ ആരാധനാബഹു മാനങ്ങൾക്കും അവിടുന്ന് അർഹനായിരിക്കുന്നു. അങ്ങേയ്ക്കു് അർഹമായ ആരാധനയും ബഹുമാനവും നല്കുന്നതിനുള്ള ഒരു മാർഗ്ഗമായിട്ടാണു ജൂലിയനച്ചൻ ദിവ്യകാരുണ്യസഭ സ്ഥാപിച്ചതു്. ഇപ്രകാരമുള്ള ഒരു സഭയുടെ ആവശ്യകതയെപ്പററി ആരെങ്കിലും ചോദ്യംചെയ്യുമെന്നു തോന്നുന്നില്ല. ദിവ്യകാരുണ്യനാഥനു സദാനേരവും അകമ്പടി സേവിക്കുകയെന്നുള്ളതാണ് ഈ സഭാംഗങ്ങളുടെ ചുമതല. ക്രിസ്തുനാഥനുവേണ്ടി വേദസാക്ഷിമകുടം ചൂടുന്നതിനു ചിലർ ആഗ്രഹിക്കുന്നു. അന്ധകാരത്തിലും അജ്ഞതയിലും തപ്പിത്തടയുന്ന അവിശ്വാസികൾക്കു സത്യവിശ്വാസവെളിച്ചം കാണിക്കുന്നതിനായി കരയും കടലും കടന്നു വിദൂരദേശങ്ങളിൽപോയി അനേകർ വേല ചെയ്യുന്നു. എന്നാൽ ദിവ്യകാരുണ്യസഭാംഗങ്ങൾ ദിവ്യകാരുണ്യനാഥൻെറ മുമ്പിൽ സ്നേഹശുശ്രൂഷ ചെയ്യുന്നതിൽ ബദ്ധശ്രദ്ധരായിരിക്കുകയാണ്. ഇവരാണു ക്രിസ്തുരാജൻെറ മന്ത്രിസത്തമന്മാരും അംഗരക്ഷകന്മാരും. യുദ്ധവീരന്മാർ ക്രിസ്തുവിനുവേണ്ടി മല്ലരംഗത്തു ധീരധീരം പോരാടുമ്പോൾ, അവിടുത്തേയ്ക്കു സ്നേഹപരിചരണങ്ങൾ അർപ്പിക്കുന്നതിന് ഇവർ ഉത്സുകരായിരിക്കുന്നു.

ദിവ്യകാരുണ്യകർത്താവിനു സേവനമനുഷ്ഠിക്കുകയെന്നതു് ഏററവും പ്രധാനമായ ചുമതലയായി ദിവ്യകാരുണ്യസഭക്കാർ കരുതുന്നുവെന്ന് അവരുടെ സഭാനിയമങ്ങൾ വെളിപ്പെടുത്തുന്നുണ്ടു്: "സ്നേഹക്രദാശയിൽ വാസ്തവികമായും വസ്തുപരമായും സ്ഥിതിചെയ്യുന്ന രാജാധിരാജനായ ഈശോയെ സേവിക്കുന്നതിനാണു തങ്ങൾ ദിവ്യകാരുണ്യസഭയിൽ പ്രവേശിച്ചിരിക്കുന്നതെന്ന് അതിൻെറ ഓരോ അംഗവും മനസ്സിലാക്കട്ടെ! പ്രതാപവാനായ ഒരു രാജാവിൻെറ ഉത്തമസേവകരെപ്പോലെ ഓരോ സന്യാസിയും തൻെറ സർവ്വ കഴിവുകളും അവിടുത്തെ കൂടുതൽ മഹത്വത്തിനായി വിനിയോഗിക്കുകയും തന്നെത്തന്നെ പരിപൂർണ്ണമായി പരിത്യജിച്ചുകൊണ്ടു 'ഞാൻ ജീവിക്കുന്നു; എന്നാൽ ഞാനല്ല ക്രിസ്തു എന്നിൽ ജീവിക്കുന്നു' എന്ന വിശുദ്ധ അപ്പോസ്തലനേപ്പോലെ പറയുന്നതിന് ഒരുക്കമുള്ളവനായിരിക്കുകയും ചെയ്യണം."

ക്രിസ്തുവിനു വേണ്ടിയുള്ള സേവനങ്ങൾ ബഹുമുഖങ്ങളാണ്. ലൗകികരാജാക്കളെപ്പോലെതന്നെ അവിട്ടത്തേയ്ക്കും രാജാരമനയും സേവകസൈന്യവും ആവശ്യമായിരിക്കുന്നു. വൈദികർക്കും അവൈദികർക്കും അവിട്ടത്തെ സേവകഗണത്തിൽ ചേരാം. ഓരോരുത്തർക്കും അനുയോജ്യമായ ജോലികളുമുണ്ട്. ദിവ്യകാരുണ്യസഭാംഗങ്ങൾ നിഷ്ക്കൃഷ്ടമായ നിയമങ്ങൾക്കു വിധേയരായി ജീവിക്കുന്നു. ദിവ്യസ്നേഹശൃംഖലയാൽ ഒന്നിക്കപ്പെട്ടിരിക്കുന്ന അവർ ഒരേ കുടുംബത്തിലെ അംഗങ്ങളെപ്പോലെ വർത്തിക്കുന്നു. സർവ്വോപരി ദിവ്യരാജനെ നിത്യവും ആരാധിക്കുന്ന കാര്യത്തിൽ അവരെല്ലാം ഏകാഗ്രചിത്തരുമാകുന്നു.

## II

ആരാധന! അതാണ് ഒരു ദിവ്യകാരുണ്യസഭാസന്യാസിയുടെ ചുമതല. മററു യാതൊരു ജോലിയും ഇതിനു പകരമായി ചെയ്യുവാൻ സാധ്യമല്ല. അതിപ്രധാനമായ ഈ ചുമതല കഴിഞ്ഞിട്ടായിരിക്കണം മററുള്ള വേലകളെല്ലാം. ദിവ്യകാരുണ്യസഭയുടെ നിയമങ്ങൾ ഈ വസ്തുത വിശദമാക്കുന്നുണ്ട്: "അതിപ്രധാനമായ തങ്ങളുടെ ചുമതലയ്ക്കു വീഴ്ച വരാതിരിക്കുന്നതിനായി നമ്മുടെ സന്യാസികളെ മറെറല്ലാ ജോലികളിൽനിന്നും വിമുക്തരാക്കിയിരിക്കുന്നു. ആകയാൽ സദാ ദിവ്യരാജനു സ്നേഹശുശ്രൂഷ ചെയ്യുവാൻ അവർക്കു സാധിക്കുന്നു. മററ് ആദ്ധ്യാത്മിക ജോലികൾ അവരെ ഏല്പിച്ചാൽ ആരാധനയ്ക്കു വിഘ്നം വന്നേയ്ക്കും. അതിനാൽ അതിൽനിന്നും അവരെ ഒഴിവാക്കിയിരിക്കുന്നു." പരിശുദ്ധ കുർബാനയിൽ എഴുന്നള്ളിയിരിക്കുന്ന ദിവ്യരാജനെ ആരാധിക്കുന്നതിനു സമ്മതമുള്ള ഏവരും സഭയിൽ സ്വീകരിക്കപ്പെടുന്നു. ഒരു ദിവ്യകാരുണ്യസഭാംഗം തനിക്കു നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമയത്ത് — ഓരോ എട്ടാം മണിക്കൂറിലും — ദിവ്യനാഥന് അകമ്പടി സേവിച്ച് ആരാധന നടത്തുന്നു. ഇങ്ങനെ പുലരിയുടെ പുതുമന്ദഹാസത്തിലും സായാഹ്നത്തിൻെറ വിഷാദാത്മകത്വത്തിലും നിശയുടെ നിത്യനിശബ്ദതയിലും അയാൾ ഭാഗഭാക്കാകുന്നു.

ഏമാർഡച്ചൻ സന്യാസികളോട് ഇങ്ങനെ പറയുക പതിവായിരുന്നു: "നിങ്ങളുടെ ഒരുമണിക്കൂർ ആരാധനാസമയം, പറുദീസായിലെ ഒരു മണിക്കൂറായി കണക്കാക്കുക. ദിവ്യവിരുന്നിനായി ദൈവസന്നിധിയിലേയ്ക്കു പോകുന്നതുപോലെയായിരിക്കണം ആരാധന നടത്തുന്നതിനായി ദിവ്യകാരുണ്യസന്നിധിയെ സമീപിക്കുവാൻ. അടുത്തടുത്തു ദിവ്യനാഥനുമായി നമ്മസംഭാഷണം നടത്തുന്നതിനു സാധിക്കുന്നതു് ഒരു വലിയ ഭാഗ്യമാണു്. ആരാധനാവേളയിൽ അവിടുത്തോടു ഹൃദയപൂർവ്വം സംസാരിക്കുന്നതിനു ശ്രമിക്കണം. അവിടുന്നു നമ്മെ തൻെറ പക്കലേയ്ക്കു ക്ഷണിക്കുന്നു. നമുക്കുവേണ്ടി കാത്തിരിക്കയും ചെയ്യുന്നു. പ്രാർത്ഥിക്കുന്നതിനു പ്രകൃത്യാ വിഷമമുള്ള ഒരു സമയത്താണു് ആരാധനയ്ക്കായി നിങ്ങളെ നിയോഗിക്കുന്നതെങ്കിൽ തന്മൂലം കൂടുതൽ സന്തോഷിക്കണം. എന്തെന്നാൽ ആ സമയത്തെ നിങ്ങളുടെ പ്രാർത്ഥന ദൈവതിരുമുമ്പിൽ ഇരട്ടിയായ ഫലം ഉളവാക്കുന്നതിനു പര്യാപ്തമായിരിക്കും. അനാരോഗ്യമോ മറേറതെങ്കിലും കാരണമോ മൂലം നിങ്ങൾക്കു് ആരാധന നടത്തുന്നതിനു സാധിക്കാത്ത അവസരങ്ങളിൽ ആഗ്രഹംവഴി അതു നടത്തുന്നതിനു സാധിക്കുമല്ലോ."

ദിവ്യകാരുണ്യാരാധനയ്ക്കുള്ള സമയം അറിയിക്കുന്നതിനായി, മണി അടിക്കുമ്പോൾ ഏമാർഡച്ചൻ മററു ജോലികളെല്ലാം ഉപേക്ഷിച്ചു സക്രാരിയുടെ സമീപം ഓടി എത്തും. യഥാസ്ഥാനം മുട്ടുകുത്തി, ചലനരഹിതനായി, ദിവ്യകാരുണ്യത്തിൽ തന്നെ ദൃഷ്ടികളുറപ്പിച്ചുകൊണ്ടു്, ആരാധനാനിമഗ്നനാകും. തീക്ഷ്ണതാപൂർവ്വമായ അദ്ദേഹത്തിൻെറ പ്രാർത്ഥന മററുള്ളവക്കെല്ലാം അനുകരണയോഗ്യമായിരുന്നു. അദ്ദേഹം ചോദിക്കുന്നു: "ദിവ്യകാരുണ്യസന്നിധിയിൽ നില്ക്കുമ്പോൾ അവിടുത്തെ നേരെയുള്ള നിങ്ങളുടെ സ്നേഹത്തിനു മാന്ദ്യം ഭവിക്കുമോ? അവിടുത്തെയും, സ്വർഗ്ഗസ്ഥനായ പിതാവിനേയും പിതാവിൻെറ മഹത്വത്തിനായി അവിടുന്നു ചെയ്തിട്ടുള്ള സംഗതികളേയുംപററി അപ്പോൾ അവിടുത്തോടു സംഭാഷണം ചെയ്യുവിൻ. അവിടുത്തേയ്ക്കു മനുഷ്യരുടെ നേരെയുള്ള സ്നേഹവാത്സല്യങ്ങൾ നിങ്ങളുടെ ചിന്താവിഷയമാക്കുവിൻ. അവിടുത്തെ ദിവ്യമാതാ

വിനേയും വിശുദ്ധന്മാരേയും കുറിച്ച് അവിടുത്തോടു സംസാരിക്കുവിൻ.”

“ഇതിനു ശേഷം അവിടുന്നു നിങ്ങളോടു പറയുന്നതു ശ്രവിക്കുക. നിങ്ങളേയും നിങ്ങളുടെ ആവശ്യങ്ങളേയും പററി ചോദിക്കും. ആ സംസാരമാധുരിയിൽ നിങ്ങളുടെ ഹൃദയം ആനന്ദംകൊണ്ടു വികസിക്കും. നിശാകാലത്തെ ഹിമകണങ്ങളാൽ കുളിപ്പിക്കപ്പെട്ട മലർമൊട്ടുകൾ പ്രഭാതസൂര്യകിരണങ്ങളേററു പുഞ്ചിരിക്കുന്നതുപോലെ, നിങ്ങളുടെ ഹൃദയവും ദിവ്യനാഥൻെറ നമ്മസംഭാഷണശ്രവണത്തിൽ വികസിതമാകും. അത്രയുമല്ല; നിങ്ങളുടെ മൗനംതന്നെ ദൈവസ്നേഹപ്രകരണങ്ങളായി രൂപാന്തരപ്പെടും. നിങ്ങരം ദൈവത്തിൽ ഐക്യം പ്രാപിക്കുകയും ചെയ്യും,”

“കഷ്ടാരിഷ്ടതകളെക്കുറിച്ചുള്ള അതിവൎണ്ണനം പലപ്പോഴും പ്രസാദവരപ്രവൎത്തനം അസാദ്ധ്യമാക്കിത്തീക്കും. അപ്രകാരമുള്ള പ്രവൎത്തനം ഹൃദയവ്യഥയ്ക്കു കാരണമാകുകയും ചെയ്യും. നമ്മുടെ ആത്മാവ് അപ്രകാരമുള്ള ആദ്ധ്യാത്മികഗൎത്തത്തിൽ വീഴാതിരിക്കുന്നതിനു നാം പ്രത്യേകം ശ്രദ്ധിക്കണം. ഇതിനായി എല്ലായ്പ്പോഴും പ്രസാദാത്മകത്വം പാലിക്കുവാൻ നാം ശ്രമിക്കണം. അവിടുത്തോടു നമുക്കു പറയാം. “ദിവ്യനാഥാ! അങ്ങയെ സന്ദശിക്കുന്നത് എനിക്കേററവും ആനന്ദകരമാണ്. എന്നെ ഇവിടേയ്ക്കു ക്ഷണിച്ച അവിടുന്ന് എത്ര നല്ലവൻ! എന്നെ എത്രമാത്രം അവിടുന്നു സ്നേഹിക്കുന്നുവെന്നു ഞാൻ അറിയുന്നു. അവിടുത്തെ സ്നേഹത്തിനു പ്രതിസ്നേഹം കാണിക്കുവാൻ ഇന്നുമുതൽ ഞാൻ പരിശ്രമിക്കുന്നതാണ്. തദനന്തരം ആന്തരികമായി ദിവ്യനാഥൻെറ ഹൃദയത്തിൽ പ്രവേശിച്ച് അവിടുത്തെ ആരാധിക്കുകയും സ്നേഹിക്കുകയും ചെയ്യണം.”

“നമ്മുടെ ദൈവസ്നേഹപ്രകരണങ്ങൾ വെറും ബാഹ്യപ്രകടനങ്ങൾ മാത്രമായിത്തീരാതിരിക്കുവാൻ പ്രത്യേകം സൂക്ഷിക്കണം. ഒരേ പ്രാൎത്ഥനതന്നെ ആവൎത്തിച്ചാവൎത്തിച്ചു ചൊല്ലുമ്പോൾ മുഷിവു തോന്നിയേക്കാം. അതിനാൽ ദിവ്യകാരുണ്യഭക്തിയുടെ രഹസ്യം അറിയുന്നതിനാഗ്രഹിക്കുന്നവർ എല്ലാ ദിവ്യസത്യങ്ങളും ദിവ്യകാരുണ്യവെളിച്ചത്തിൽ പരി

ശോധിക്കേണ്ടതാണ്. സകല സത്യങ്ങളും പ്രതിഫലിപ്പിക്കുന്ന ഒരു ദിവ്യദർപ്പണമാണു ദിവ്യകാരുണ്യം. ക്രിസ്തുനാഥൻ സത്യം സത്യമായി ആ ദിവ്യക്രൂദാശയിൽ സ്ഥിതിചെയ്യുന്നുണ്ട്. തൻെറ ജീവിതത്തിലെ സകല ദിവ്യരഹസ്യങ്ങളേയും ഈ ദിവ്യക്രൂദാശയിൽ അവിടുന്നു പ്രതിഫലിപ്പിക്കുന്നു. കത്തോലിക്കാവിശ്വാസസത്യങ്ങളുടെ ഒരു സമാഹാരമാണു ദിവ്യകാരുണ്യം."

ദൈവസുതൻെറ ബത്ലഹമിലെ മനുഷ്യാവതാരവും, ദിവ്യകാരുണ്യംവഴിയായുള്ള അൾത്താരയിലേയും നമ്മുടെ ഹൃദയങ്ങളിലേയും അവതാരവും തമ്മിൽ ഗാഢമായ ഒരു ബന്ധമുണ്ട്. സക്രാരിയിലുള്ള അവിടുത്തെ രഹസ്യജീവിതം, നസ്രസിലെ രഹസ്യജീവിതത്തിന്റെ ഒരു തുടർച്ചയാണെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്? ലോകത്തിൻെറ എല്ലാ ഭാഗങ്ങളിലും എന്നും അർപ്പിക്കപ്പെടുന്ന ദിവ്യബലികൾ കാൽവരി മലമുകളിൽ ക്രിസ്തുനാഥൻ അർപ്പിച്ച പരമബലി തന്നെയാണെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്? ദിവ്യകാരുണ്യത്തിലെ ക്രിസ്തു നസ്രസിൽ ജീവിച്ചിരുന്ന ക്രിസ്തുവിനെപ്പോലെ ഹൃദയശാന്തതയും എളിമയുമുള്ളവനല്ലയോ? അവിടുന്ന് എന്നും നമ്മുടെ നല്ല ഇടയനും ദിവ്യാശ്വാസകനും ഉത്തമസ്നേഹിതനുമായിരിക്കും. ദിവ്യകാരുണ്യത്തിൽ ക്രിസ്തുനാഥനെ കണ്ടെത്തുന്നവൻ ഭാഗ്യവാൻ. ഓരോരുത്തർക്കും ആവശ്യമായ ദിവ്യദാനങ്ങൾ നല്കിക്കൊണ്ടു ദിവ്യകാരുണ്യത്തിൽ എഴുന്നെള്ളിയിരിക്കുന്ന ക്രിസ്തുനാഥൻെറ ജീവിതത്തെ സ്വന്തജീവിതത്തിൽ പകർത്തുന്നവനാണു യഥാർത്ഥ ദിവ്യകാരുണ്യഭക്തൻ.

## III

മാനസികപ്രാർത്ഥന നടത്തി പരിചയമില്ലാത്തവരെ ഉദ്ദേശിച്ച് ഏമാർഡച്ചൻ വളരെ എളുപ്പമായ ഒരു മാർഗ്ഗം നിർദ്ദേശിച്ചിട്ടുണ്ട്. ദിവ്യകാരുണ്യസന്നിധിയിൽ പ്രാർത്ഥിക്കുന്ന ഓരോരുത്തർക്കും ദിവ്യനാഥൻ പ്രത്യേക പ്രസാദവരങ്ങൾ നല്കും. ഈ പ്രസാദവരം കണ്ടുപിടിച്ച് ഉപയോഗപ്രദമാക്കിത്തീർക്കുന്നതിനുവേണ്ടിയാണു ദിവ്യബലിയുടെ ചതുർവിധോദ്ദേശ്യങ്ങ

ളെപ്പററി ഏമാർഡച്ചൻ പ്രസ്താവിക്കുന്നത്. "ദിവ്യകാരുണ്യത്തിൽ സ്ഥിതിചെയ്യുന്ന ക്രിസ്തു ഒരു പുരോഹിതനാണ്. അവിടുന്നു മാത്രമാണു സാക്ഷാൽ പുരോഹിതൻ. ഈലോകജീവിതത്തിലെ തൻെറ കഷ്ടാനുഭവങ്ങൾ കാഴ്ചവച്ചുകൊണ്ടും, ദിവ്യകാരുണ്യത്തിൽ അജ്ഞാതനായി സ്ഥിതിചെയ്തുകൊണ്ടുമുള്ള ക്രിസ്തുവിൻെറ തീക്ഷ്ണമായ പ്രാത്ഥന സ്വജീവിതകാലത്തിലെ പ്രാത്ഥനകളെന്നതുപോലെതന്നെ ഫലപ്രദമാണ്. ക്രിസ്തു പുരുഷപരമായി ഏകനാണെങ്കിലും, ധാമ്മികമായി സാവ്ത്രികനായിരിക്കുന്നു. അതായത്, തൻെറ മൗതികശരീരത്തിലെ അംഗങ്ങളായ ക്രിസ്ത്യാനികളുടെ ആഗ്രഹങ്ങളും പ്രാത്ഥനകളും അവിടുന്നു തന്നിൽത്തന്നെ പ്രതിഫലിപ്പിക്കുന്നു. ആകയാൽ ക്രിസ്തുവിൻെറ പ്രാത്ഥനയോട് ഐക്യം പ്രാപിച്ചിരിക്കുന്ന കാലത്തോളമേ നമ്മുടെ പ്രാത്ഥനകൾ ഫലപ്രദമായിരിക്കയുള്ളൂ."

ദിവ്യബലിയാണു ക്രിസ്തുവിൻെറ അത്യുത്തമമായ പ്രാത്ഥന. ദിവ്യബലിയിലെ ആരാധന, ഉപകാരസ്മരണ, പരിഹാരം, പ്രാത്ഥന എന്ന ചതുർവിധോപാധികൾ വഴി അവിടുന്നു പരമപിതാവിനെ സ്തുതിക്കുന്നു. ദിവ്യബലി വഴിയായി മനുഷ്യൻ ദൈവത്തിൻെറ നേരെയുള്ള തൻെറ ചുമതല നിവ്ഹിക്കുന്നു. അതുവഴിയായി ഒരു ക്രിസ്ത്യാനി ക്രിസ്തുവിൻെറ പ്രാത്ഥനതന്നെ ആവത്തിക്കുന്നു. അങ്ങനെ ദിവ്യകാരുണ്യഭക്തിയുടെ പരിപൂണ്ണത അയാൾ പ്രാപിക്കുന്നു. ഏമാർഡച്ചൻ മററുള്ളവക്ക് ഈ മാഗ്ഗം ഉപദേശിച്ചുകൊടുക്കുകയും, എല്ലാവരും ഇതു പ്രായോഗികമാക്കുന്നതിന് അവരെ പ്രേരിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ മാഗ്ഗം സ്വീകരിക്കുന്നതിന് അദ്ദേഹം ആരെയും നിർബന്ധിച്ചിരുന്നില്ല. ഒരാളിനു പരിശുദ്ധാത്മാവു നിദ്ദേശിക്കുന്ന മാഗ്ഗമാണു ദിവ്യകാരുണ്യാരാധനയ്ക്ക് ഏററവും പററിയതെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. തൻെറ മാഗ്ഗം ഒരെളുപ്പവഴിയായിട്ടു മാത്രമാണ് അദ്ദേഹം നിദ്ദേശിച്ചത്. ആദ്ധ്യാത്മികശുഷ്ക്കതയനുഭവിക്കുന്നവക്ക് ഈ രീതി കൂടുതൽ ഉപകാരപ്രദമായേക്കാം.

ഏതു വിഷയത്തെപ്പററി ധ്യാനിക്കുന്നതിനും ഈ രീതി

ഉപകാരപ്രദമാണ്. എന്തെന്നാൽ ഏതു രഹസ്യത്തെപ്പററി ധ്യാനിച്ചാലും ആരാധന, ഉപകാരസ്മരണ, പരിഹാരം, പ്രാത്ഥന ഇവയുടെ വിഷയമുണ്ടായിരിക്കുന്നതാണ്. ഇതേ പ്രകാരത്തിൽ നമ്മുടെ കത്താവിൻെറ പുണ്യങ്ങളേപ്പററിയും നമുക്കു ധ്യാനിക്കാം. അവിടുന്ന് എല്ലാ പുണ്യങ്ങളും പരിപൂണ്ണമായി അഭ്യസിച്ചിരുന്നു. അവയിൽക്കൂടി അവിടുത്തെ നമുക്ക് ആരാധിക്കാം; അവിടുത്തേയ്ക്കു നന്ദി പറയാം; ആ പുണ്യങ്ങൾ അഭ്യസിച്ചുകൊണ്ടു പരിഹാരപ്രകരണം ചെയ്യാം; അവ ലഭിക്കുന്നതിനായി തീക്ഷ്ണമായി പ്രാത്ഥിക്കുകയും ചെയ്യാം.

പരിശുദ്ധ പിതാവു പതിനൊന്നാം പീയൂസ് മാർപ്പാപ്പാ ഈ പ്രാത്ഥനാരീതിയാണ്, 1923-ൽ തന്നെ സന്ദശിച്ച ദിവ്യകാരുണ്യസഖ്യതാംഗങ്ങൾക്ക് ഉപദേശിച്ചുകൊടുത്തത്. അതീതകാലങ്ങളിലെ പഠനങ്ങളിൽനിന്നും ദിവ്യകാരുണ്യപാരമ്പര്യത്തിൽനിന്നുമാണ് എമാർഡച്ചൻ ദിവ്യബലിയുടെ ഈ ചതുർവിധോദ്ദേശ്യങ്ങൾ സ്വീകരിച്ചത്. ദൈവാരാധനയുടെ മാത്രമല്ല, മതത്തിൻെറ തന്നെ സാരാംശം മുഴുവനും ഈ പദ്ധതി അടക്കിക്കൊള്ളുന്നുവെന്നാണ് അന്നു തിരുമേനി പ്രസ്താവിച്ചത്.

ദിവ്യകാരുണ്യസന്നിധിയിൽ ചെലവഴിക്കുന്ന ഒരു മണിക്കൂർ ഒരു വിനാഴികയായിട്ടു മാത്രമേ അദ്ദേഹത്തിന് അനുഭവപ്പെടാറുണ്ടായിരുന്നുള്ളു. ഓരോ ദിവ്യകാരുണ്യാരാധകനും ആരാധനയ്ക്കുള്ള സമയം തീക്ഷ്ണതാപൂർവ്വമാണു പാത്തിരിക്കുന്നത്. സന്യാസികൾ യഥാസമയമുള്ള ആരാധനയുടെ പുറമേ കൂട്ടമായി കാനോനാനമസ്കാരം ചൊല്ലുകയും ചെയ്യാറുണ്ട്. ഇങ്ങനെ, ദൈവനിവേശിതങ്ങളായ വചനങ്ങളാൽ അവിടുത്തെ അവർ ആരാധിക്കുന്നു. ഓരോ മണിക്കൂറിലും, മണിനാദം കേൾക്കുമ്പോൾ, സന്യാസികൾ മുട്ടുകുത്തി "പരിശുദ്ധ പരമദിവ്യകാരുണ്യത്തിനു എന്നേരവും ആരാധനയും സ്തുതിയും പുകഴ്ചയുമുണ്ടായിരിക്കട്ടെ" എന്നു ചൊല്ലുന്നു. പ്രസ്തുത വാക്കുകൾ ദിവ്യനാഥൻെറ സാന്നിദ്ധ്യത്തെ അവരെ ഓമ്മിപ്പിക്കുന്നു. മതതീക്ഷ്ണത നിലനിത്തുന്നതിനും, പരിശുദ്ധ കന്യകയോടുള്ള ഭക്തി പ്രകടിപ്പിക്കുന്നതിനുമായി ദിവ്യകാരുണ്യസന്യാസി

കൾ "പരിശുദ്ധ കന്യകയും ദൈവമാതാവുമായ മറിയത്തിന്റെ വിമല ഹൃദയം വാഴ്ത്തപ്പെട്ടതാകട്ടെ" എന്നും ചൊല്ലി വരുന്നു.

## IV

ആശാനിഗ്രഹത്തിലും പരിത്യാഗത്തിലുമാണു ദിവ്യകാരുണ്യഭക്തി അടിയുറച്ചിരിക്കുന്നത്. പരിശുദ്ധ കുർബാനയിലുള്ള തീക്ഷ്ണമായ ഭക്തിയാൽ ദിവ്യകാരുണ്യഭക്തൻ എരിഞ്ഞുകൊണ്ടിരിക്കണം. മനുഷ്യാവതാരം ചെയ്ത ജഗദ്കർത്താവ്, അവിടുത്തെ ദൈവികവും മാനുഷികവുമായ ശക്തിയെല്ലാം പരിശുദ്ധ കുർബാനയിൽ മറച്ചിരിക്കുന്നു. അവിടുത്തെ ശക്തിയും സ്വാതന്ത്ര്യവും ബലികഴിച്ചാണു പരിശുദ്ധ കുർബാനയിൽ അവിടുന്നു സ്ഥിതിചെയ്യുന്നത്. അവിടുത്തെ എളിമയും ശാന്തതയും ഈ ദിവ്യക്രദാശയിൽ പ്രത്യക്ഷമായി കാണുന്നില്ല. അതെ, മറഞ്ഞിരിക്കുന്ന ഒരു ദൈവമായിട്ടാണ് അവിടുന്നു ദിവ്യസക്രാരിയിൽ എഴുന്നെള്ളിയിരിക്കുന്നത്!

ഒരു ദിവ്യകാരുണ്യസന്യാസിയുടെ മാതൃക ദിവ്യകാരുണ്യത്തിൽ മറഞ്ഞിരിക്കുന്ന ദിവ്യനാഥനാണ്. ഈ വിനീതത്വം അയാളുടെ ശരീരത്തെയും ആത്മാവിനെയും തന്നെത്തന്നെയും ശുദ്ധീകരിക്കുന്നു. "അവൻ തന്നത്താൽ താഴ്ത്തി" എന്ന വിശുദ്ധ പൗലോസിന്റെ വാക്കുകളിൽ ക്രിസ്തുവിന്റെ സുകൃതങ്ങളെല്ലാം ഉൾക്കൊള്ളുന്നു. ജീവിതവിശുദ്ധിമൂലം ദിവ്യകാരുണ്യഭക്തൻ ക്രിസ്തുവിനോടു സദാ സംയോജിച്ചിരിക്കണം.

ജൂലിയനച്ചൻ പറയുന്നു: "അകയാൽ എന്റെ ജീവിതമാനദണ്ഡം ക്രിസ്തുവിന്റെ സന്മാതൃകയായിരിക്കണം. എന്റെ വിശുദ്ധീകരണമാണ് അവിടുന്ന് അഗ്രഹിക്കുന്നതും. ദൈവപുത്രൻ തനിക്കുള്ളതെല്ലാം ഉപേക്ഷിച്ചു. അകയാൽ അവിടുന്നു വലുതാകുകയും ഞാൻ ചെറുതാകുകയും ചെയ്യണം. അഹങ്കരിക്കുകയോ മിഥ്യാചിന്തകൾക്കിടകൊടുക്കുകയോ ചെയ്യാത്ത ദിവ്യകാരുണ്യത്തിലെ തിരുവോസ്തിപോലെ ഞാനും എളിമയുള്ളവനായിത്തീരണം."

"നമ്മുടെ പ്രവർത്തനങ്ങളുടെ നാഥൻ നാം ആയിരിക്ക രുത്. നമ്മെ നയിക്കുവാൻ നമ്മുടെ കർത്താവിനെ നാം അനു വദിക്കണം. നമ്മുടെ സകല പ്രവർത്തനങ്ങളിലും ക്രിസ്തുവാ യിരിക്കണം നമ്മുടെ അന്ത്യം. അവിടുത്തെ കൂടുതൽ മഹത്വ പ്പെടുത്തുന്നതിനായിരിക്കണം നമ്മുടെ ശ്രമങ്ങളെല്ലാം. നമ്മു ടെ ഇഹലോകജീവിതം വെറും നിഴലുപോലെ കടന്നുപോകും. സക്രാരിയിൽ സ്ഥിതിചെയ്യുന്ന ക്രിസ്തു മാത്രം എന്നും നിലനില്ക്കും. നമ്മുടെ കർത്താവ് എന്താണ് നമ്മിൽനിന്ന് ഇപ്പോൾ ആവ ശ്യപ്പെടുന്നത്? നമ്മുടെ വിചാരങ്ങളും അഗ്രഹങ്ങളും പ്രവർത്ത നങ്ങളും അവിടുത്തെ കൂടുതൽ മഹത്വത്തിന് ഉപകരിക്കുമോ?" നാം എന്തെങ്കിലും ചെയ്യുന്നതിനു തുടങ്ങുമ്പോൾ, ക്രിസ്തുനാഥൻ താദൃശസന്ദർഭങ്ങളിൽ എപ്രകാരം ചെയ്യുമായിരുന്നുവോ അതു പോലെ ചെയ്യുന്നതിനു ശ്രമിക്കണം. ദിവ്യകാരുണ്യസന്യാസി യുടെ ഉപദേഷ്ടാവും മാതൃകയും ദിവ്യകാരുണ്യകർത്താവായിരി ക്കട്ടെ! ഇഹലോകജീവിതത്തിൽ അവിടുന്നു സ്വന്ത ഹിതമനു സരിച്ചു യാതൊന്നും ചെയ്തിട്ടില്ല; എന്തെന്നാൽ, അവിടുന്നു പറയുന്നു: "ഞാൻ സ്വയമായി ഒന്നും ചെയ്യുന്നില്ല" എന്ന്. അവിടുത്തെ ഹിതം പരമപിതാവിൻെറ ഇഷ്ടമല്ലാതെ മററൊ ന്നുമായിരുന്നില്ല. 'ദൈവമല്ലാതെ മററു യാതൊരു സത്യ പ്രബോധകനു'മില്ലാത്തതിനാൽ, 'നല്ല ഗുരു' എന്നു തന്നെ വിളിക്കുന്നതിനുപോലും ഒരുവനെ അവിടുന്ന് അനുവദിക്കു ന്നില്ല. മനുഷ്യനെന്ന നിലയിൽ ദൈവത്തിനുള്ള ബഹുമാനം സ്വീകരിക്കുന്നതിന് അവിടുത്തേയ്ക്കു പാടുണ്ടായിരുന്നില്ല.

'സ്വയം പരിത്യജിച്ചുകൊണ്ടു സേവനമനുഷ്ഠിക്കുക' എന്ന ദിവ്യകാരുണ്യസഭയുടെ നിയമം, ആവുന്നിടത്തോളം ദിവ്യ നാഥനെ അനുഗമിക്കുന്നതിനു സന്യാസികളെ നിർബന്ധി ക്കുന്നു.

നമ്മോടുകൂടി വസിക്കുന്നതിനും നമ്മുടെ ഹൃദയങ്ങളിൽ ഭരണം നടത്തുന്നതിനുമായി ക്രിസ്തുനാഥൻ ദിവ്യകാരുണ്യ ത്തിൽ സ്വയം താഴുന്നു. നിയമസംഹിതയും ഭരണവ്യവസ്ഥ കളും സമാധാനപരമായ ഭരണത്തിനാവശ്യമായിരിക്കുന്നതു പോലെ, ക്രിസ്തു നമ്മിൽ ഭരണം നടത്തുന്നതിനായി അവി

ട്ടത്തെ തിരുമനസ്സിനോടു നമ്മുടെ മനസ്സു യോജിപ്പിക്കേണ്ട താണ്. ഇപ്രകാരം ക്രിസ്തു നമ്മുടെ ജീവിതമാനദണ്ഡമായി പരിണമിക്കുമ്പോൾ നമ്മുടെ പ്രവൎത്തനങ്ങളുടെ മഹത്വം അദ്ദേഹത്തിൽത്തന്നെ സ്വാഭാവികമായി ചെന്നു ലയിക്കുന്ന താണ്.

ഇതൊരു നൂതനാഭിപ്രായമല്ല. നാമല്ല ഇതിന്റെ പ്രണേതാക്കളും. "ഞാൻ ഇപ്പോൾ ജീവിക്കുന്നു; എന്നാൽ ഞാനല്ല ക്രിസ്തു എന്നിൽ ജീവിക്കുന്നു" എന്ന വിശുദ്ധ പൗലോസിന്റെ വാക്കുകൾ അതിനു താങ്ങായി നില്ക്കുന്നുണ്ട്. പുണ്യവാന്മാർ ഇതനുസരിച്ചു ജീവിച്ചിരുന്നു. ഇതു നമ്മുടെ സഭയുടെ വ്യക്തിമുദ്രയാക്കുന്നതിലാണു നമ്മുടെ വിജയം സ്ഥിതിചെയ്യുന്നത്. ഇത്, നമ്മുടെ സേവനം മാത്രമല്ല, നമ്മെത്തന്നെ ബലികഴിക്കുവാനും ആവശ്യപ്പെടുന്നു. ഭൗതികവും ആദ്ധ്യാത്മികവുമായ നമ്മുടെ സകല പ്രവൎത്തനങ്ങളും ഇതിനനുയോജ്യമായിരിക്കട്ടെ. ദൈവസേവനത്തിനായി സ്വയം പരിത്യജിച്ച്, സമസ്തവുമുപേക്ഷിച്ച്, നാം ഇറങ്ങിയിരിക്കുന്നുവെന്ന സംഗതി സദാ നമ്മുടെ സ്മരണയിലുണ്ടായിരിക്കണം. അവിടുത്തേയ്ക്കു കാഴ്ചവച്ചതിൽ എന്തെങ്കിലും തിരിച്ചെടുക്കുന്നതു കുററകരമല്ലെ? നമ്മുടെ ബുദ്ധിയു മനസ്സും അങ്ങേയ്ക്കു നാം കൊടുത്തുകഴിഞ്ഞു. നമ്മുടെ പഠനം മുഴുവനും അങ്ങേയ്ക്കുവേണ്ടി ആയിരിക്കണം.

"ദിവ്യകാരുണ്യശാസ്ത്രം മാത്രമാണു നമ്മുടെ ശാസ്ത്രം. നമ്മുടെ ചിന്തയും മനസ്സും എല്ലാ സമയവും വിശുദ്ധ കുർബാനയെപ്പററിയായിരിക്കട്ടെ. നമ്മുടെ ഹൃദയവും പരിപൂൎണ്ണമായി അവിടുത്തേയ്ക്കു നല്കണം. അവിടുത്തേയ്ക്ക് അനിഷ്ടകരമായ യാതൊന്നും നമ്മുടെ സ്നേഹവിഷയമായിരിക്കരുത്. ലൗകിക സ്നേഹത്തിനും മൈത്രിക്കുമുള്ള നമ്മുടെ സകല കഴിവുകളും ദിവ്യരാജനുവേണ്ടി നേരത്തെതന്നെ നാം വച്ചൊഴിഞ്ഞതല്ലെ? ദിവ്യമൈത്രിയുടെ പേരിൽപ്പോലും പ്രത്യേക സ്നേഹ പ്രകടനങ്ങൾ നാം പ്രദൎശിപ്പിക്കരുത്. നമ്മുടെ ശരീരവും ദൈവത്തിനുള്ളതായിരിക്കണം. നമ്മുടെ സ്വന്തമായിട്ട് എന്തെങ്കിലും വച്ചുകൊണ്ടിരിക്കുന്ന കാലത്തോളം നമ്മെത്തന്നെ

മുഴുവനായി നാം ദൈവത്തിനു സമപ്പിച്ചുവെന്നു പറയുവാൻ പാടില്ല. ശിഷ്യൻ ഗുരുവിനേയും ഭൃത്യൻ യജമാനനേയും പോലെ ആയിരുന്നാൽ മതിയാകും."

പരിശുദ്ധ കുർബാനയിൽ ക്രിസ്തു തന്നത്താൻ മുഴുവനായി നമുക്കു തന്നു. അതിനാൽ ക്രിസ്തുനാഥനു നമ്മുടെമേൽ പരമമായ ഒരധികാരമുണ്ടെന്നുള്ള ഫാദർ ഏമാർഡിൻെറ അഭിപ്രായം യുക്തിയുക്തമായിരിക്കുന്നു! അപൂർണ്ണമായവയൊന്നും അവിടുന്നു സ്വീകരിക്കുകയില്ല. നാം നമ്മെത്തന്നെ പൂർണ്ണമായിട്ട് അങ്ങേയ്ക്കു നല്കുന്നില്ലെങ്കിൽ അവിടുന്നു തൻെറ സ്നേഹസിംഹാസനം നമ്മുടെ ഹൃദയങ്ങളിൽ സ്ഥാപിക്കുകയില്ല. തന്നത്താൻ പൂർണ്ണമായി അങ്ങേയ്ക്കു കാഴ്ചവയ്ക്കുന്നവനാണ് അവിടുത്തെ യഥാത്ഥ ഭക്തൻ. നമ്മുടെ വിചാരങ്ങളും ആഗ്രഹങ്ങളും പ്രവൃത്തികളുമെല്ലാം അവിടുത്തേയ്ക്കു കാഴ്ചവയ്ക്കുന്നതു വളരെ നല്ലതുതന്നെ. എന്നാൽ അതുകൊണ്ടു മാത്രമായില്ല. നമ്മുടെ ആദ്ധ്യാത്മികവേലയും അവയുടെ ഫലവും യഥേഷ്ടം വിനിയോഗിക്കുന്നതിന് അങ്ങയെ അനുവദിക്കണം. ആകയാൽ നമ്മുടെ പ്രവത്തനങ്ങളുടെ അന്ത്യം നാംതന്നെയായിരിക്കരുത്. പ്രത്യുത നമ്മുടെ പ്രവത്തനങ്ങളെല്ലാം ക്രിസ്തുനാഥൻെറ കൂടുതൽ മഹത്വത്തിനും വിജയത്തിനും വേണ്ടിയായിരിക്കണം.

ഇങ്ങനെ ദൈവസ്തുതിക്കുവേണ്ടി സദാ പ്രവത്തിക്കുന്നതിലാണു സാക്ഷാൽ ദൈവസ്നേഹം അടങ്ങിയിരിക്കുന്നത്. സ്വാത്ഥരഹിതമായ സ്നേഹം—പ്രതിഫലേച്ഛയില്ലാത്ത സ്നേഹം—അതാണു സാക്ഷാൽ സ്നേഹം. ഇതിൽനിന്നും സ്നേഹം ആത്മാവിൻെറ ആദ്ധ്യാത്മിക സമാധിലയത്തിൽ സ്ഥിതിചെയ്യുന്നുവെന്നു തെററിധരിക്കേണ്ടതില്ല. അദ്ദേഹത്തിൻെറ സ്നേഹശാസ്ത്രം മററു പുണ്യങ്ങളുടെ അഭ്യസനത്തെ അപലപിക്കുന്നുവെന്നും മനസ്സിലാക്കേണ്ടതില്ല. പ്രത്യുത സകല പുണ്യങ്ങളുടേയും അഭ്യസനത്തെ അദ്ദേഹം പ്രേരിപ്പിക്കുകയാണു ചെയ്യുന്നത്. അദ്ദേഹം പറയുന്നതു കേട്ടാലും: "മററു പുണ്യങ്ങളുടെ അഭ്യസനം നമുക്കാവശ്യമില്ലെന്ന് ഇതിൽനിന്നും മനസ്സിലാക്കരുത്. വാസ്തവം നേരേ മറിച്ചാണ്. അവയെല്ലാം നമ്മുടെ ബലഹീനമായ പ്രകൃതിക്കാവശ്യമാണ്. സ്വാത്ഥരഹിതമായ സ്നേഹം

ലഭിക്കുന്നതിനുവേണ്ടി നാം പ്രാത്ഥിക്കണം. ദൈവത്തോടു ചോദിച്ചാണ് അതു നാം വാങ്ങേണ്ടതു്! എന്നാൽ ഇതുകൊണ്ടു പരമാനന്ദത്തിനുള്ള നമ്മുടെ അവകാശത്തെ നാം ഉപേക്ഷിക്കയല്ല; നേരേമറിച്ച് അതു കൂടുതൽ സുരക്ഷിതമാക്കുകയാണു ചെയ്യുന്നതു്. ഇതിൻെറ അത്ഥം ദൈവം മാത്രമാണ് എല്ലാററിനും അധികാരിയായിരിക്കുന്നതെന്നു മാത്രമാണ്. ആകയാൽ സ്നേഹത്തിൽ അധിഷ്ഠിതമായ പ്രവൎത്തനത്തിൽ മററുള്ളവയെല്ലാം അടങ്ങിയിരിക്കുന്നുവെന്നു സിദ്ധിക്കുന്നു. ദൈവം കൂടുതൽ അറിയപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്തു കാണുക എന്നതാണ് അതിൻെറയെല്ലാം അടിയിൽ കിടക്കുന്ന ഏക തത്വം."

അദ്ദേഹം തുടരുന്നു: "നിങ്ങളെ വലിയ പുണ്യവാന്മാരാക്കിതീക്കാമെന്ന പ്രഥമോദ്ദേശ്യത്തോടുകൂടിയോ, സ്വൎഗ്ഗത്തിൽ വലിയ സമ്മാനത്തിനർഹരാകുന്നതിനു മാത്രമോ അയിട്ടല്ല സഭയിൽ ചേൎത്തിരിക്കുന്നതു്. പ്രത്യുത പരിശുദ്ധ കുർബാനയിൽ എഴുന്നെള്ളിയിരിക്കുന്ന സ്നേഹനാഥനായ ക്രിസ്തുവിനു വീരസേവനമനുഷ്ഠിക്കുന്നതിനു വേണ്ടിയാണ്. ദിവ്യകാരുണ്യനാഥനെ മഹത്വീകരിക്കുക എന്നുള്ളതാണു നമ്മുടെ പ്രഥമവും പ്രധാനവുമായ കടമ. രാജാവിനു വേണ്ടി പോർക്കളത്തിൽ യുദ്ധം ചെയ്യുന്ന യോധാക്കളെപ്പോലെ നാമും നമ്മുടെ വിജയങ്ങളുടെ മഹത്വം മുഴുവനായി നമ്മുടെ രാജാവായ ക്രിസ്തുവിന് അടിയറ വയ്ക്കണം. അങ്ങേയ്ക്കു വേണ്ടി സ്വാത്ഥരഹിതരായി നാം യുദ്ധം ചെയ്താൽ ഒരിക്കലും അവിടുന്നു നമ്മെ മറന്നുകളയുകയില്ല. ഒരു മാതാവു സ്വസന്താനങ്ങളിൽനിന്നും, ഭത്താവു ഭാര്യയിൽനിന്നും, സ്നേഹിതൻ സ്നേഹിതനിൽനിന്നും തങ്ങളുടെ ധീരസേവനങ്ങൾക്കു പ്രതിഫലം ആഗ്രഹിക്കുന്നില്ല. അതുപോലെ നമ്മുടെ സേവനങ്ങൾക്കു ദിവ്യനാഥനോടു നാമും പ്രതിഫലം ആവശ്യപ്പെടരുതു്; എന്നാൽ നമ്മെ അന്ത്യനാളിൽ കാണുമ്പോൾ അവിടുന്ന് ഇപ്രകാരം വിളിച്ചുപറയും: നിങ്ങൾ എനിക്കു വേണ്ടി എന്നെ സ്നേഹിച്ചു."

# ഒൻപതാം അധ്യായം.

## ദിവ്യകാരുണ്യ പ്രേഷിതത്വം.

---

ഫാദർ എമാർഡ് ഒരു പ്രേഷിതവീരനായിരുന്നുവെന്ന തിനു സന്ദേഹമില്ല. സദാപി ക്രിസ്തുരാജനെ സേവിക്കുന്നതിന് ഒരുങ്ങി നില്ക്കുന്ന ഒരു ഭടസമൂഹത്തെ സൃഷ്ടിച്ചതിൽനിന്നും ദിവ്യകാരുണ്യപ്രേഷിതനായ അദ്ദേഹത്തിൻെറ തീക്ഷ്ണത എത്ര വലുതായിരുന്നുവെന്നു തെളിയുന്നുണ്ട്. ദിവ്യകാരുണ്യ സൈന്യത്തിൻെറ പ്രഥമ ചുമതല സ്നേഹസിംഹാസനസ്ഥ നായ ദിവ്യകാരുണ്യനാഥനെ സ്തുതിക്കുകയാണെന്നു നാം കണ്ടു കഴിഞ്ഞു. അവരുടെ കപ്പേളയിൽ ദിവ്യകാരുണ്യം പരസ്യ മായി എഴുന്നെള്ളിച്ചുവച്ചുകൊണ്ട്, സംഖ്യാതീതരായ ആരാധ കന്മാരെ അങ്ങോട്ടു ക്ഷണിക്കുന്നു.

ലോകത്തിൽ കത്തിയെരിയുന്നതിനായി ക്രിസ്തുനാഥൻ കൊണ്ടുവന്ന അഗ്നിയാണു ദിവ്യകാരുണ്യം. അതു കത്തിക്കാളു ന്നതിനല്ലാതെ മറെറന്താണ് അവിടുന്നാഗ്രഹിക്കുന്നത്. ഈ സംഗതി ശരിയായി ഗ്രഹിച്ചതിനാലാണ്, ദിവ്യകാരുണ്യ ഭക്തി ലോകം മുഴുവനും പ്രചരിപ്പിക്കുന്നതിനു ഫാദർ എമാർഡ് തീവ്രയത്നം ചെയ്തതു്. ദിവ്യകാരുണ്യനാഥൻ എല്ലായി ടത്തും അറിയപ്പെടുന്നതിനും സ്നേഹിക്കപ്പെടുന്നതിനും അദ്ദേഹം വളരെ പരിശ്രമിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ വാക്കുകൾ ശ്രദ്ധേയമാണ്: "പല സ്ഥലങ്ങളിലും ദൈവാസ്തിത്വം ഇന്നു നിഷേധിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് സത്യമതത്തിൻെറ വിശ്വാസരഹസ്യങ്ങളെ തെളിയിക്കുവാൻ ബദ്ധപ്പെടുന്നതി നെക്കാൾ ദൈവാസ്തിത്വം സ്ഥാപിക്കുകയാണ് ഇന്നത്തെ ആവശ്യം. പുണ്യപൂർണ്ണതാമാർഗ്ഗങ്ങളെ എന്നതിനെക്കാൾ ദിവ്യ കാരുണ്യകർത്താവിനെ നാം പ്രസംഗിക്കണം. ഇന്നത്തെ ഭയ ങ്കര മതനിഷ്പക്ഷതയ്ക്കെതിരായി യുദ്ധം ചെയ്യേണ്ടതു നമ്മുടെ

ഓരോരുത്തരുടേയും ഏററവും വലിയ കടമയാകുന്നു. എവിടെയും മതകാര്യങ്ങളിൽ ഒരു ഉദാസീനത കാണപ്പെടുന്നുണ്ട്. നമ്മുടെ സാമുദായികവും ബാഹ്യവുമായ പ്രവൎത്തനങ്ങളിലെല്ലാം സൃഷ്ടികൎത്താവിനു സ്ഥാനമുണ്ടായിരിക്കണം. ക്രിസ്തു എല്ലാസ്ഥലങ്ങളിലും എന്നും പ്രസംഗിക്കപ്പെടണം.

കേൾവിക്കാർ മുഷിയുമെന്നു കരുതി അതിൽനിന്നും പിൻതിരിയേണ്ടതില്ല. ഒരു പുഷ്പത്തിൻെറ നിറവും രൂപവും ഗുണവും ഒരിക്കലും വ്യത്യാസപ്പെടുന്നില്ലെന്നു കരുതി ആരെങ്കിലും അതിൻെറ മഹത്വം കുറഞ്ഞുപോയി എന്നു പറയാറുണ്ടോ. 'പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ' എന്ന ഒരേ സ്വരംതന്നെയല്ലേ സ്വൎഗ്ഗത്തിൽ സദാനേരവും കേൾക്കപ്പെടുന്നത്? അതുപോലെ ഒരു ദിവ്യകാരുണ്യഭക്തൻ എല്ലാ ദിവസവും വിശുദ്ധ കുർബാനയെ ആരാധിക്കുകയും അതിൻെറ മഹത്വത്തെ സംബന്ധിച്ചു പ്രസംഗിക്കുകയും വേണം. വിശുദ്ധ കുർബാനയാണ് എല്ലാ വിശ്വാസരഹസ്യങ്ങളുടെയും സാരസൎവ്വസ്വം."

ഫാദർ എ്മാർഡ് തൻെറ പ്രേഷിത യത്നങ്ങളുടെ പ്രാരംഭഘട്ടത്തിൽ വിശുദ്ധ കുർബാനയെ സംബന്ധിച്ചു ദൈവശാസ്ത്രപരമായ ഒരു പഠനം നടത്തി. ദൈവനിവേശിതനായിട്ടെന്നപോലെ അദ്ദേഹം ഈ വിഷയത്തെപ്പററി വളരെ കൂടുതൽ പിന്നീടു പഠിച്ചു. ഏതദ്വിഷയകമായ ഗ്രന്ഥങ്ങൾതന്നെ വളരെ വിരളമാണ്. ദിവ്യകാരുണ്യഭക്തി നിൎമ്മലവും പരിശുദ്ധവുമായ ആത്മാക്കളിൽ ദൈവം തന്നെ ഉത്ഭവിപ്പിക്കുകയും വൎദ്ധിപ്പിക്കുകയും ചെയ്യുന്നു. സക്രാരിയുടെ മുമ്പിൽ മുട്ടുകുത്തിനിന്നു പ്രാൎത്ഥിച്ചിരുന്ന അവസരങ്ങളിലാണ് എ്മാർഡച്ചൻ വിശുദ്ധ കുർബാനയെ സംബന്ധിച്ചു കൂടുതൽ രഹസ്യങ്ങൾ ഗ്രഹിച്ചിട്ടുള്ളത്. ദിവ്യകാരുണ്യനാഥനിൽനിന്നു നേരിട്ടു പഠിച്ചിട്ടുള്ള ദിവ്യസത്യങ്ങളാണ് അദ്ദേഹം എപ്പോഴും പ്രസംഗിച്ചിരുന്നതും.

ദിവ്യകാരുണ്യസന്നിധിയിൽ അല്പമെങ്കിലും പ്രാൎത്ഥിക്കാതെ അദ്ദേഹം ഒരിക്കലും പ്രസംഗപീഠത്തിൽ പ്രവേശിച്ചിട്ടില്ല. അല്പം നോട്ടു വല്ലതും കുറിച്ചതിൻെറ ശേഷം, അദ്ദേഹം

മിക്ക അവസരങ്ങളിലും വിശുദ്ധ യോഹന്നാൻെറ സുവി ശേഷഭാഗങ്ങളെപ്പററി ധ്യാനിക്കും; പിന്നീട്ട പ്രസംഗിക്കും. ഒന്നിലധികം പ്രാവശ്യം ഉദ്ദിഷ്ടവിഷയം മാററിവെച്ചിട്ട് ദൈവനിവേശിതമായ ഇതര വിഷയത്തെപ്പററി പ്രസംഗിച്ചി ട്ടുണ്ടെന്ന് അദ്ദേഹംതന്നെ സമ്മതിക്കുന്നു. "പ്രസംഗം ഒരു ആരാ ധനാപ്രകരണ"മായിരിക്കണമെന്ന് അദ്ദേഹം പറയുന്നു. അദ്ദേ ഹത്തിൻെറ പ്രസംഗങ്ങൾ ഇതിനുത്തമോദാഹരണങ്ങളാണ്.

പ്രസംഗാനന്തരം താൻ എന്താണ പറഞ്ഞതെന്ന് ഓർമ്മി ക്കുന്നതിന് അദ്ദേഹത്തിനു കഴിഞ്ഞിരുന്നില്ല. തൻെറ പ്രസം ഗത്തിൻെറ ചുരുക്കം ആരോ എഴുതിവച്ചിരുന്നതു പിന്നീട്ട് ഒരിക്കൽ അദ്ദേഹം വായിക്കുന്നതിനിടയായി. അത് ആരുടേ തെന്നറിയാതെ "ഇത് എത്ര കേമമായിരിക്കുന്നു" എന്നദ്ദേഹം പറഞ്ഞുപോയി. എന്നാൽ വാസ്തവം ഗ്രഹിച്ചപ്പോഴാണ്, തനിക്കു പററിയ അബദ്ധം അദ്ദേഹം മനസ്സിലാക്കിയത്. വലിയ വിദ്യാഭ്യാസമൊന്നുമില്ലാത്തവക്കും മനസ്സിലാകത്തക്ക വണ്ണം ഏററവും ലളിതമായ രീതിയിലാണ് അദ്ദേഹം എപ്പോ ഴും പ്രസംഗിച്ചിരുന്നത്. തൻെറ അട്ടക്കലേയ്ക്കല്ല, പ്രത്യുത ദിവ്യനാഥൻെറ പക്കലേയ്ക്ക്, വിശ്വാസികളെ ആനയിക്കുക എന്നുള്ളതായിരുന്നു അദ്ദേഹത്തിൻെറ പ്രസംഗോദ്ദേശ്യം.

പ്രസംഗം ലളിതമായ ഭാഷയിലായിരിക്കണമെന്ന് അദ്ദേ ഹം വൈദികവിദ്യാത്ഥികളെ ഉപദേശിക്കാറുമുണ്ടായിരുന്നു. "തൻെറ സിംഹാസനത്തിനട്ടത്തു ചെറിയ സിംഹാസനങ്ങൾ സ്ഥാപിക്കുവാൻ നമ്മുടെ കത്താവ് ഒരിക്കലും നമ്മെ അനുവ ദിക്കുകയില്ലാ"യെന്ന് അദ്ദേഹം പറയുമായിരുന്നു.

## II

സ്ഥലകാലഭേദമോ, ശ്രോതാക്കളുടെ സ്ഥിതിയോ പരിഗ ണിക്കാതെ അദ്ദേഹം വിശുദ്ധ കർബാനയെപ്പററി പ്രതിപാദി ച്ചിരുന്നു. അദ്ദേഹത്തിൻെറ സജീവവിശ്വാസത്തിന് ഈ ദിവ്യ രഹസ്യം, പല വിഷയങ്ങളിൽ ഒന്നു മാത്രമല്ലായിരുന്നു; പിന്നെ യോ, സവ്വവിഷയങ്ങളുടേയും ഒരു സമാഹാരമായിരുന്നു;

വിശ്വാസസംഹിതയിലെ ഒരു സത്യം മാത്രമല്ലായിരുന്നു, പ്രത്യുത ക്രിസ്തീയവിശ്വാസത്തിന്റെ സംഗ്രഹമായിരുന്നു. സത്യവിശ്വാസത്തിന്റെ സകല രഹസ്യങ്ങളേയും ഈ ദിവ്യ രഹസ്യത്തിൽ പ്രതിഫലിപ്പിക്കുന്നതിന് അനന്യസാമാന്യ മായ പാടവമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്.

റുവൻ, നാൻറസ്, ടൂർസ്, റെന്നസ്, റെറ റാറെ എന്നീ സ്ഥലങ്ങളിൽ അദ്ദേഹം ധ്യാനപ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്. എല്ലാ പ്രസംഗങ്ങളിലും വിശുദ്ധ കർബാനയുടെ മഹത്വ ത്തേയും, അതുമൂലം വിശ്വാസികൾക്കു ലഭിക്കാവുന്ന ഗുണഗണ ങ്ങളേയും അദ്ദേഹം പ്രതിപാദ്യവിഷയങ്ങളായി സ്വീകരി ച്ചിരുന്നു.

പിയെറെ കവിവിരെ എന്ന സ്ഥലത്തെ ബനഡിക്റ്റിൻ സന്യാസികൾക്ക്, തപസ്സിനും പ്രായശ്ചിത്തത്തിനും പരിത്യാഗ പൂർണ്ണമായ ജീവിതത്തിനും മാതൃകയായി, വിശുദ്ധ കർബാന യിൽ എഴുന്നള്ളിയിരിക്കുന്ന ഈശോയെ അദ്ദേഹം ചൂണ്ടിക്കാ ണിച്ചു കൊടുത്തു. വീരോചിതമായ ത്യാഗജീവിതമാണല്ലോ അവർ അനുഷ്ഠിച്ചുപോന്നിരുന്നത്. "താപസജീവിതത്തിൽ മരണതുല്യമായ ഒരു അവസ്ഥയെയാണു നിങ്ങൾ തെരഞ്ഞെടു ത്തിരിക്കുന്നത്. ഈശോയുടെ ദിവ്യകാരുണ്യത്തിലെ സ്ഥിതിയും അതുതന്നെ. മരിച്ച ഒരുവനെപ്പോലെ ഈശോ അവിടെ സ്ഥിതി ചെയ്യുന്നു" എന്നാണ് അദ്ദേഹം അവരോടു പറഞ്ഞത്.

വിഷമകരമായ ഇടവകഭരണത്തിൽ ഏർപ്പെടുവാൻ പോ കുന്ന ഒരു കൂട്ടം വൈദികവിദ്യാർത്ഥികളോട്, അദ്ദേഹം എട്ടു ദിവസങ്ങളിലായി, അതിഗഹനങ്ങളായ മൂന്ന് ആശയങ്ങളെ കുറിച്ചു പ്രതിപാദിക്കുകയുണ്ടായി.

(1) പുരോഹിതൻ ഒരു പുണ്യവാനായിരിക്കണം. ദിവ്യ കാരുണ്യയീശോയാണു പുണ്യവാന്മാരെ രൂപവത്കരിക്കുന്നത്. പുണ്യപൂർണ്ണതയെന്നു പറഞ്ഞാൽ നമ്മുടെ അധഃപതിച്ച മനുഷ്യ സ്വഭാവത്തിൽനിന്നുത്ഭൂതമാകുന്ന ദുർവാസനകളുടെ സ്ഥാന ത്തു്, മിശിഹായുടെ വരപ്രസാദസംവദ്ധകങ്ങളായ പുണ്യ ങ്ങളെ പ്രതിഷ്ഠിക്കുക എന്നാണർത്ഥം. എന്നാൽ, വിശുദ്ധ കർബാന വഴിയാണു ദിവ്യരക്ഷകന്റെ ചൈതന്യത്തേയും,

സ്വഭാവത്തേയും, സുകൃതങ്ങളേയും നമ്മിലേയ്ക്കു പ്രവഹിപ്പിക്കേണ്ടതു്.

(2) പുരോഹിതൻ സത്യത്തിൻെറ ദൂതനാകുന്നു. ദിവ്യപ്രകാശത്തിൻേറയും സ്വർഗ്ഗീയശോഭയുടേയും ഉത്ഭവസ്ഥാനമായ വിശുദ്ധ കുർബാനയോടുള്ള സമ്പർക്കംകൊണ്ടു വേണം സ്നേഹം പരിപൂർണ്ണത പ്രാപിക്കാൻ. അന്ത്യഭോജനവേളയിൽ മാത്രമേ, "എൻെറ പിതാവിൽനിന്നു ഗ്രഹിച്ചതെല്ലാം നിങ്ങൾക്കു ഞാൻ വെളിപ്പെടുത്തി" എന്നു് അവിടുന്നു പറയുന്നുള്ളു. അപ്പോൾ മുതലാണ് അപ്പസ്തോലന്മാർ ഈശോയെ പരിപൂർണ്ണമായി മനസ്സിലാക്കിത്തുടങ്ങിയതു്.

(3) പുരോഹിതൻ ഭക്ത്യനുഷ്ഠാനങ്ങളുടേയും ത്യാഗത്തിൻേറയും ഒരു വിളനിലമായിരിക്കണം. അവയുടെ പരിപൂർണ്ണത വിശുദ്ധ കുർബാനയിലല്ലാതെ എവിടെയാണു നമുക്കു ദർശിക്കുവാൻ സാധിക്കുക? വൈദികൻ മിശിഹായുടെ സ്നേഹത്തെപ്പററി ചിന്തിച്ചിരുന്നെങ്കിൽ പൗലോസ് ശ്ലീഹായോടുകൂടി അറിയാതെതന്നെ വിളിച്ചുപറയുമായിരുന്നു. "ക്രിസ്തുവിൻെറ ഉപവി നമ്മെ ഉത്തേജിപ്പിക്കുന്നു," എന്നു്. ആദിമ ക്രിസ്ത്യാനികൾ ക്രൂരയാതനകൾ സഹിക്കുന്നതിനുള്ള ശക്തി ദിവ്യകാരുണ്യത്തിൽനിന്നു പ്രാപിച്ചിരുന്നതുപോലെതന്നെ, ഭക്ത്യനുഷ്ഠാനങ്ങളുടെ പോർക്കളത്തിൽ പടവെട്ടുന്നതിനുള്ള ശക്തി അൾത്താരയിലെ ദിവ്യബലിയിൽനിന്നും വൈദികൻ പ്രാപിക്കണം.

1861-ൽ വിശുദ്ധ സൾഫീച്ചിയൂസിൻെറ ദൈവാലയത്തിൽ, തിരുഹൃദയത്തിരുനാളിനു പ്രാരംഭമായി നടത്തപ്പെട്ട നവനാളാഘോഷങ്ങളിൽ പ്രസംഗിക്കുന്നതിനു ഫാദർ ഏമാർഡ് ക്ഷണിക്കപ്പെട്ടു. എല്ലാ ദിവസവും വൈകുന്നേരം ഇടവകജനങ്ങളോടു ചെയ്ത പ്രഭാഷണങ്ങളിൽ ദിവ്യകാരുണ്യവും തിരുഹൃദയവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെ ചൂണ്ടിക്കാണിച്ചിരുന്നു. "മനുഷ്യാവതാരത്തിൽ പുരുഷരൂപം പ്രാപിച്ചതും, മാനുഷികമായിത്തീർന്നതും, ദിവ്യകാരുണ്യത്തിൽ ശാശ്വതീകൃതമായിത്തീർന്നിരിക്കുന്നതുമായ, മനുഷ്യനോടുള്ള ദൈവത്തിൻെറ സ്നേഹമാകുന്ന ഈശോമിശിഹാ" എന്ന നിർവ്വചനം രൂപവല്ക്ക

രിച്ചത് ഈ അവസരത്തിലാണ്. അതിനു ശേഷം, അവിടുത്തെ അനന്തമായ ആഗ്രഹത്തിൽ ഈ ദിവ്യക്രൂദാശയെ രൂപീകരിക്കുന്നതും, സ്നേഹത്തിൻെറ പാരമ്യത്തിൽനിന്ന് അന്തിമഭോജന സമയത്ത് അതിനെ സ്ഥാപിക്കുന്നതും, മനുഷ്യരുടെ വിചാര ഹീനതയും അജാഗ്രതയും, ദൈവദോഷപരമായ നന്ദികേടും വകവയ്ക്കാതെ അതിനെ ശാശ്വതീകരിക്കുന്നതുമായ രംഗങ്ങൾ അദ്ദേഹം വിശദമായി വിവരിച്ചു.

ദൈവസ്നേഹത്താൽ പ്രേരിതനായി, ഫലസമൃദ്ധമാംവണ്ണം, പന്ത്രണ്ടു വർഷക്കാലത്തേയ്ക്കു തുടരെത്തുടരെ അദ്ദേഹം പ്രസംഗിച്ചുകൊണ്ടിരുന്നു. ഈ പ്രസംഗങ്ങളെയെല്ലാം വിശകലനം ചെയ്യുന്നതിനു നമുക്കു സാധിക്കുകയില്ല. ഫാദർ ഏമാർഡിൻെറ ഈ പ്രേഷിതജീവിതം അദ്ദേഹത്തിൻെറ കുറിപ്പുകളിൽതന്നെ കാണുന്ന ഏതാനും വാക്കുകളിൽ സമാഹരിക്കാം. അദ്ദേഹത്തിൻെറ ദിവ്യകാരുണ്യപ്രേഷിതത്വത്തെ സമ്യക്കായും, സാക്ഷാത്തായും പ്രദ്യോതിപ്പിക്കത്തക്കവയാണ് ആ വാക്കുകൾ.

"ഈശോ ദിവ്യസക്രാരിയിൽ സന്നിഹിതനാണ്. എല്ലാം അവിടുത്തെ സവിധത്തിലേയ്ക്ക്."

# പത്താം അധ്യായം.

## പ്രഥമ ദിവ്യകാരുണ്യസ്വീകരണം.

സക്രാരിയിൽ സന്നിഹിതനായിരിക്കുന്ന ഈശോയ്ക്കുവേണ്ടി എല്ലാം! ഈ ആദർശം കൺമുമ്പാകെ വച്ചുകൊണ്ട്, ക്രിസ്തുവിൻെറ ദിവ്യകാരുണ്യഭരണം സംസ്ഥാപിതമായിക്കാണുവാനുള്ള തീവ്രമായ ആഗ്രഹത്താൽ പ്രചോദിതനായി, ഏമാർഡച്ചൻ സമുദായത്തിലേ എല്ലാ വിഭാഗക്കാരെയും ദിവ്യകാരുണ്യത്തിലേയ്ക്കാനയിക്കുന്നതിനു ദൃഢപ്രതിജ്ഞയോടുകൂടി പ്രവത്തനമാരംഭിച്ചു.

ഈ ആദർശത്തെ ലക്ഷ്യമാക്കി അദ്ദേഹം മൂന്നു സംഘങ്ങൾ സ്ഥാപിച്ചു. സാധാരണജനങ്ങളുടെ വിശുദ്ധ കുർബാന സ്വീകരണം വിപുലമാക്കണം എന്നതായിരുന്നു ആദ്യത്തേതിൻെറ ലക്ഷ്യം. വേറൊന്ന് അൽമായരുടെ ദിവ്യകാരുണ്യസഖ്യവും; മറേറത് വൈദികരുടെ ദിവ്യകാരുണ്യലീഗുമായിരുന്നു. ഓരോന്നിൻെറയും ഉദ്ദേശ്യവും, അനുഷ്ഠാനങ്ങളും വ്യത്യസ്തങ്ങളായിരുന്നുവെങ്കിലും അവയുടെ പരമാന്ത്യം ഈശോയുടെ ദിവ്യകാരുണ്യഭരണം ലോകമെങ്ങും സംസ്ഥാപിക്കണമെന്നുള്ളതായിരുന്നു.

ആദ്യത്തെ സംഘടനകൊണ്ട് നിർദ്ധനരായ സാമാന്യജനങ്ങളെ ദിവ്യകാരുണ്യനാഥനിലേയ്ക്ക് അടുപ്പിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. അൽമായരുടെ സംഘം ഭക്തജനങ്ങൾക്കായി അദ്ദേഹം സ്ഥാപിച്ചു. അവരുടെ ഭക്തിപരമായ ജീവിതപദ്ധതിയിലേയ്ക്ക് ഒരു ദിവ്യചൈതന്യം കോരിപ്പകരുക എന്നതായിരുന്നു ഈ സംഘസ്ഥാപനത്തിൽ ഫാദർ ഏമാർഡിനുണ്ടായിരുന്ന ഉദ്ദേശ്യം. ആധ്യാത്മികജീവിതത്തിൻെറ ഉത്ഭവസ്ഥാനമായ ദിവ്യകാരുണ്യംതന്നെ ഈ പരിവത്തനം ഉളവാക്കും.

വൈദികരുടെ ദിവ്യകാരുണ്യലീഗ് സ്ഥാപിതമായിക്കാണുന്നതിനു നമ്മുടെ കഥാനായകനെ ദൈവം അനുവദിച്ചില്ല. അദ്ദേഹത്തിന്റെ മരണാനന്തരം മാത്രമേ ഇതു രൂപവത്കൃതമായുള്ളൂ. എങ്കിലും അതിന്റെ ആദർശങ്ങളും നിയമങ്ങളും ഉദ്ദേശ്യവും എല്ലാം അദ്ദേഹം നിർമ്മിച്ചവതന്നെ ആയിരുന്നു. ഫാദർ ഏമാർഡിന്റെ ഈ ആഗ്രഹം പ്രവൃത്തിപഥത്തിലാക്കുകയെന്നതു തങ്ങളുടെ ഒരു കർത്തവ്യമായി അദ്ദേഹത്തിന്റെ ആത്മീയതനയർ കരുതി. ഇപ്പോൾ ഈ സംഘം, ദിവ്യകാരുണ്യംവഴിയായുള്ള വൈദികരുടെ വിശുദ്ധീകരണം എന്ന ഏമാർഡച്ചന്റെ ആഗ്രഹത്തെ സഫലീകൃതമാക്കിക്കൊണ്ടു നിലനില്ക്കുന്നു.

## II

ഒന്നാമത്തേ സംഘടനകൊണ്ട് ഉദ്ദേശിക്കപ്പെട്ടിരുന്ന ലക്ഷ്യം അദ്ദേഹത്തിന്റെ വാക്കുകളിൽതന്നെ വിവരിക്കുകയായിരിക്കും ഉത്തമം. അദ്ദേഹം പറയുന്നു: "ഡിബോർ മെത്രാപ്പോലീത്താ തന്റെ അതിരൂപതയിൽ ഈ സ്ഥാപനംകൊണ്ട് ഉദ്ദേശിച്ചിരുന്ന ഗുണം കുട്ടികളുടെ സാധാരണ ക്ലാസ്സുകളിൽ ഹാജരാകുവാൻ നിവൃത്തിയില്ലാത്ത പ്രായം കൂടിയവരും, ദിവ്യഭോജനത്തിൽ ഭാഗഭാക്കാകാതിരിക്കുന്നവരുമായ കുട്ടികളെ കണ്ടുപിടിച്ച്, അവക്കു പ്രത്യേക ക്ലാസ്സുകൾ സ്ഥാപിച്ച്, ദിവ്യകാരുണ്യസ്വീകരണത്തിന് ഒരുക്കുകയെന്നതായിരുന്നു. ജോലിയിൽ ഏപ്പെട്ടിരുന്നതുമൂലം സാധാരണ ക്ലാസ്സുകളിൽ ഹാജരാകുവാൻ സാധിക്കാതിരുന്ന ബാലന്മാക്കും ഈ പ്രത്യേകാനുകൂല്യങ്ങൾക്ക് ഏപ്പാടു ചെയ്തിരുന്നു."

"മേൽ പറഞ്ഞ പരിതഃസ്ഥിതികളിലുള്ളവരും വിശുദ്ധകുർബാന കൈക്കൊള്ളാത്തവരുമായ കുട്ടികളെ ധാരാളമായി എവിടെയും കാണുവാൻ കഴിയും. ഇവരിൽതന്നെ, മാമ്മോദീസാപോലും സ്വീകരിക്കാത്തവർ പലരും കാണും എന്നുള്ളത് അനുകമ്പാർഹമായിരിക്കുന്നു. അൾത്താരയിൽനിന്നും ക്രിസ്തീയ വിദ്യാഭ്യാസം ലഭിക്കാത്ത ഒരു ക്രിസ്തീയബാലൻ അവന്റെ ആദ്ധ്യാത്മികജീവിതത്തിൽ പരാജിതനാവുകയേ

യുള്ളു. അധർമ്മത്തിലേയ്ക്കും തിന്മയിലേയ്ക്കും അവൻ അറിയാതെ തന്നെ ആകർഷിക്കപ്പെടും. ചുമതലാബോധമില്ലാത്ത ഒരു പുത്രൻ, ആദർശയോഗ്യനല്ലാത്ത ഒരു ഭർത്താവ്, മാതൃകായോഗ്യനല്ലാത്ത ഒരു കുടുംബനായകൻ, അവസാനം സമുദായത്തിന് ആപൽക്കാരിയായ ഒരു വ്യക്തി, ഇങ്ങനെയായിരിക്കും പില്ക്കാലത്തേ അവൻെറ ജീവിതകഥ. അനുദിനജീവസന്ധാരണത്തിന് ആവശ്യകമായവ എപ്രകാരമെങ്കിലും തേടുക എന്നതായിരിക്കും അവൻെറ ഏകചിന്ത; പലപ്പോഴും അവൻെറ ഏകനിയമം. ദൈവത്തെപ്പററിയോ രക്ഷകനായ മിശിഹായെപ്പററിയോ അവന് ഒരറിവുമില്ല. വഴിപിഴച്ച പരിഷ്ക്കാരഫലമായ ദുഷ്ക്കർമ്മങ്ങളോടുകൂടിയ ഒരു യഥാർത്ഥ കാട്ടാളൻ എന്നു ചുരുക്കിപ്പറഞ്ഞാൽ അവൻെറ ഏകദേശരൂപമായി.

ഈ സംഘത്തിൽ അംഗങ്ങളെ ചേർക്കുന്ന കാര്യത്തിൽ പ്രയാസമുണ്ടായിരുന്നില്ല. ബാലന്മാർതന്നെ തങ്ങളുടെ പിൻഗാമികളെ കണ്ടുപിടിച്ചുകൊള്ളും. ദിവ്യകാരുണ്യസ്വീകരണാനന്തരം മാതാപിതാക്കന്മാരാലും, സഹോദരീസഹോദരന്മാരാലും പരിസേവിതരായി സന്തോഷത്തോടുകൂടി വരുന്ന എത്രയെത്ര യുവാക്കന്മാരെയാണു പലപ്പോഴും നാം ദർശിച്ചിട്ടുള്ളത്.

എല്ലാവരും ഒന്നുപോലെ വിജയം കൈവരിച്ചു എന്നു വരികയില്ല. എന്നിരുന്നാലും കുട്ടികളിൽക്കൂടി മാതാപിതാക്കന്മാരിലേയ്ക്കു് ഒരു സ്വാധീനശക്തി ചെലുത്തുവാൻ നമുക്ക് എളുപ്പം സാധിക്കുന്നു. കുട്ടികളുടെ പ്രഥമ ദിവ്യകാരുണ്യസ്വീകരണത്തിൽ ഭാഗഭാക്കായിരുന്ന അവരുടെ മാതാപിതാക്കന്മാർ, കഠിന രോഗാവസരത്തിൽ അന്ത്യ ദിവ്യഭോജനത്തിനായി വൈദികനെ അന്വേഷിക്കുവാൻ മടിക്കുന്നില്ല. അസാധുവായി നടത്തപ്പെട്ടിരുന്ന എത്രയെത്ര വിവാഹങ്ങളാണ് ഈ സംഘം വഴി സാധുവാക്കി ചെയ്യപ്പെട്ടിട്ടുള്ളത്. ചുരുക്കിപ്പറഞ്ഞാൽ ഈ ബാലന്മാർ അവരവരുടെ കുടുംബങ്ങളിലേ ഉത്തമ പ്രേഷിതന്മാരായിത്തീരുന്നു."

താൻ തന്നെയായിരുന്നു അവരുടെ ആദ്യോപദേഷ്ടാവ് എന്ന്, എളിമകൊണ്ടു് അദ്ദേഹം ഒരിക്കൽപ്പോലും പറഞ്ഞിരുന്നില്ല. ദിവസംതോറും സായാഹ്നത്തിൽ കാനോനാനമസ്കാരം

കഴിയുമ്പോൾ, ദരിദ്രരായ ഈ ബാലന്മാരുടെ മധ്യത്തിൽ അണയുന്നതിനെക്കാൾ പ്രിയംകരമായി അദ്ദേഹത്തിനു മററൊന്നുമുണ്ടായിരുന്നില്ല. അവരുടെ വിഷമതകളിലും, ദാരിദ്ര്യത്തിലും അവരെ സമാശ്വസിപ്പിച്ചതിനു ശേഷം ജീവദായകമായ ക്രിസ്റ്റീയവിശ്വാസഭക്ഷണം അവക്കായി അദ്ദേഹം വിളമ്പിക്കൊടുക്കും.

അജ്ഞരായ അവക്കു നിത്യസത്യങ്ങൾ മനസ്സിലാക്കികൊടുക്കുക എന്നത് ക്ഷിപ്രസാദ്ധ്യമായിരുന്നില്ല. പ്രാഥമികതത്വങ്ങൾപോലും അവരുടെ ബുദ്ധിക്ക് അഗ്രാഹ്യവും ഓമ്മിക്കുവാൻ പ്രയാസകരവുമായിരുന്നു. എന്നാൽ എമാർഡച്ചൻെറ സാമത്ഥ്യം; ലളിതവും, സ്വന്തവും, സരസവുമായ ഭാഷാരീതി; ഇവകൊണ്ട് അദ്ദേഹം ഈ വിഷമതകളെയെല്ലാം അനായാസേന തരണംചെയ്തു. ഈ ഉപദേശങ്ങളുടെ ഫലം അത്ഭുതാവഹമായിരുന്നു. പ്രഥമ ദിവ്യഭോജനാവസരത്തിൽ സഭയുടെ പ്രബോധനങ്ങളിലെ ദിവ്യരഹസ്യങ്ങൾ അവർക്കു സംജാതങ്ങളായിരുന്നു. ദൈവത്തിൻെറ നേക്കും, തങ്ങളുടെ നേക്കും, അയൽക്കാരൻെറ നേക്കുമുള്ള കടമകൾ എന്തെല്ലാമെന്ന് അവക്കറിയാമായിരുന്നു. പ്രായാനുസൃതമല്ലാത്തതും, ക്രമമററതുമായ ജോലികളാൽ പീഡിതരായിരുന്ന അവരിൽ, സാമാന്യജനങ്ങൾ കെട്ടിപ്പട്ടത്തിരുന്ന ആശാസൗധത്തെ അതിലംഘിക്കത്തക്കവയായിരുന്നു മതത്തെപ്പററിയുള്ള അവരുടെ ജ്ഞാനമെന്നു പൊതുപരീക്ഷാഫലങ്ങൾ വിളിച്ചറിയിച്ചു.

ഇപ്രകാരം ഭംഗിയായി പഠിപ്പിച്ച ദിവ്യകാരുണ്യസ്വീകരണത്തിന് ഒരുക്കിയതിനു ശേഷം അവക്കു രണ്ടു ദിവസത്തെ അവധി അവരുടെ യജമാനന്മാരിൽനിന്നും അദ്ദേഹംതന്നെ വാങ്ങിക്കും. ഈ രണ്ടു ദിവസങ്ങളും ധ്യാനദിവസങ്ങളായി കഴിച്ചുകൂട്ടും: അവരുടെ ഹൃദയങ്ങളെ മനസ്താപാശ്രുക്കളാൽ ശുദ്ധമാക്കുന്നതിനും, പുണ്യങ്ങളാൽ അലങ്കരിച്ച ദിവ്യനാഥന് അനുയോജ്യങ്ങളായ സിംഹാസനങ്ങളാക്കി തീക്കുന്നതിനുമായി ഈ ദിവസങ്ങൾ പ്രതിഷ്ഠിക്കപ്പെട്ടിരുന്നു. ദിവസത്തിൽ മൂന്നു പ്രാവശ്യം അദ്ദേഹം അവക്ക് ഉപദേശം നല്കും. ഈ അവസരങ്ങളിൽ ലളിതമായ രീതിയിൽ എവക്കും മനസ്സിലാകത്തക്ക

ഭാഷയിൽ, കുമ്പസാരമെന്ന കൂദാശയെപ്പററി പ്രദിപാദിച്ചിരുന്നു; ഇപ്രകാരം അദ്ദേഹത്തിൻെറ ഭക്തിചൈതന്യം അവരിലേയ്ക്കു പകന്നിരുന്നു; കത്താവ് അവരിലേയ്ക്കു വന്നുകാണുവാനുള്ള ആഗ്രഹത്തെ അവരിൽ അദ്ദേഹം അങ്കുരിപ്പിച്ചിരുന്നു.

അദ്ദേഹം ഒരിക്കൽ അവരോടു പറയുകയാണ്; 'ഈ ധ്യാനത്തിൽനിന്നു നിങ്ങൾ പ്രാപിക്കേണ്ട ഗുണങ്ങളിൽ പ്രധാനമായതു് ഈശോയെ അറിയുക എന്നതാണ്. ഈ ജ്ഞാനമില്ലെങ്കിൽ നിങ്ങളുടെ പ്രഥമ ദിവ്യകാരുണ്യസ്വീകരണം പ്രയോജനരഹിതമായിരിക്കും. വേദോപദേശക്ലാസ്സുകളിൽനിന്നും കത്താവാരാണെന്നു നിങ്ങൾ പഠിച്ചു. ക്രിസ്തു എന്താണെന്നു വിശുദ്ധ കുർബാന സ്വീകരിക്കുമ്പോൾ നിങ്ങൾ രുചിച്ചറിയുവിൻ'.

"പ്രിയകുട്ടികളേ! ജീവിതകാലം മുഴുവൻ നിങ്ങൾ പ്രയാസപ്പെടേണ്ടിയിരിക്കുന്നു. അനുഭവത്തിൽനിന്നു നിങ്ങൾ ഇതു പഠിച്ചുകഴിഞ്ഞു. ആരാണു നിങ്ങളുടെ ശത്രുക്കൾ എന്നും അനുഭവംതന്നെ നിങ്ങൾക്കു വെളിപ്പെടുത്തി തന്നിട്ടുണ്ട്. എന്നാൽ എപ്പോഴും നിങ്ങളുടെ സഹാനുവത്തിയായി നിലകൊള്ളുന്ന, മാററമില്ലാത്ത, ഒരു സ്നേഹിതൻ നിങ്ങൾക്കുണ്ടെന്നു നിങ്ങൾക്കറിയാമോ? അതേ, വിശുദ്ധ കുർബാനയിൽ പള്ളികൊള്ളുന്ന ഈശോ നമ്മുടെ ഓരോരുത്തരുടേയും ഉത്തമസ്നേഹിതനാണ്; സഹായകനാണ്; സവ്പള്ളികളും അവിടുത്തേ ആലയവും. ഇതാ നമ്മുടെ കപ്പേളയിൽ അവിടുന്നു നമ്മുടെ മുൻപിൽ സന്നിഹിതനായിരിക്കുന്നു. അവിടുത്തോടു സംസാരിക്കണമെന്നു യഥാത്ഥമായി ആഗ്രഹിക്കുന്ന ഏവനും അവിടുത്തെപ്പക്കൽ സ്വാഗതം ലഭിക്കുന്നതാണ്."

"രാത്രിയിൽ എവിടെയെങ്കിലും വെളിച്ചം കാണുന്നുണ്ടെങ്കിൽ അവിടെ മനുഷ്യവാസം ഉണ്ടെന്നു നിങ്ങൾ അനുമിക്കുന്നില്ലയോ? നിങ്ങളുടെ അനുമാനം ശരിയാണുതാനും. എന്തുകൊണ്ടെന്നാൽ വെളിച്ചം ജീവൻെറ അടയാളമാകുന്നു. നോക്കുക; മദ്ബഹായിൽ ഒരു വിളക്ക് ഇടവിടാതെ കത്തിക്കൊണ്ടിരിക്കുന്നു. ആരായിരിക്കാം അവിടെ വസിക്കുന്നതു്? അതേ, ഈശോയാണു നമ്മുടെ പള്ളികളിൽ വസിക്കുന്നതു്."

"എവിടെയെങ്കിലും നിങ്ങൾ പള്ളിയിൽ പ്രവേശിക്കു മ്പോൾ തിരി കത്തുന്നതായി കാണുന്നില്ലെങ്കിൽ കെടാവിള ക്കുണ്ടോ എന്നു പരിശോധിക്കണം. കെടാവിളക്കുണ്ടെങ്കിൽ ഈശോ അവിടെ സന്നിഹിതനായിരിക്കുന്നുവെന്നു മനസ്സി ലാക്കി അവിടുത്തെ ആരാധിക്കുക. തെരുവിൽക്കൂടി വിശുദ്ധ കുർബാനയും വഹിച്ചുകൊണ്ടു വരുന്ന ഒരു വൈദികനെ കണ്ടാൽ മുട്ടുകുത്തി ദിവ്യനാഥനെ ആരാധിപ്പാൻ വൈമ നസ്യം പ്രദർശിപ്പിക്കരുത്. അതേ, നിങ്ങളുടെ ദിവ്യസ്നേഹിത നാണ് ഈശോയെന്നു പ്രത്യക്ഷമായി ഏററുപറയുന്നതിനു നിങ്ങൾ മടിക്കരുത്."

"ഈശോയെ ഇപ്പോൾ നിങ്ങൾ അറിയുന്നു. നിങ്ങൾ ഇനി അവിടുത്തെ സ്നേഹിക്കണം. എന്തുകൊണ്ടെന്നാൽ അവി ടുന്നു നിങ്ങളെ സ്നേഹിക്കുന്നു. ഈശോ നിങ്ങളെ സ്നേഹിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലേ? "അവിടുന്നു ഞങ്ങളെ സ്നേഹി ക്കുന്നുവെന്നുള്ളതിന് എന്തടയാളമാണു ഞങ്ങൾക്കുള്ളത്?" എന്നു നിങ്ങൾ ചോദിക്കുന്നതുപോലെ എനിക്കു തോന്നുന്നു. പക്ഷേ, "എന്തെങ്കിലും തന്നുകൊണ്ടു മാത്രമേ ഒരാൾക്കു സ്നേഹ ത്തെ പ്രകടിപ്പിക്കാൻ സാധിക്കു എന്നുണ്ടോ?" "ഈശോയെ ആകർഷിക്കത്തക്കതായി എന്നിൽ എന്താണുള്ളത്? അവിടു ത്തേയ്ക്കു കൊടുക്കുവാൻ യാതൊന്നുമില്ലല്ലൊ" എന്നു നിങ്ങൾ പറയുമായിരിക്കും. വത്സലകുഞ്ഞുങ്ങളേ, അതു ശരിതന്നെ. നിങ്ങൾ നിർദ്ധനരാണ്. എന്തെങ്കിലും അവിടുത്തേയ്ക്കു കൊടു ക്കുവാൻ നിങ്ങൾ അപ്രാപ്തരാണ്. അതുകൊണ്ടുതന്നെയാണു തൻകാര്യം മാത്രം നോക്കുന്ന ലൗകായതികർ നിങ്ങളെപ്പററി ചിന്തിക്കാത്തത്. നിങ്ങൾ ശരിയായി പണിയെടുക്കുന്നെങ്കിൽ മാത്രം അവർ സംതൃപ്തരാകും.

എന്നാൽ, ദൈവത്തിൻെറ വഴികൾ മനുഷ്യരുടേതിൽ നിന്നു വ്യത്യസ്തങ്ങളാണ്. അവിടുത്തേയ്ക്കു നിങ്ങളോടുള്ള സ്നേഹം അപരിമിതമാണ്; അനന്തമാണ്. എന്തുകൊണ്ടെ ന്നാൽ നിങ്ങളെപ്പോലെതന്നെ നിർദ്ധനനായി ജീവിച്ച അവി ടുത്തെ പ്രിയസുതനെ നിങ്ങളിൽ അവിടുന്നു ദർശിക്കുന്നു. നിങ്ങ ളുടെ മാതാവിനെ നിങ്ങൾ സ്നേഹിക്കുന്നില്ലേ? ദൈവമാണ്

അവളെ നിങ്ങൾക്ക തന്നത്; മാത്രമോ, അവിടുന്നാണ നിങ്ങൾക്കുവേണ്ടി അവരെ അനുനിമിഷം പരിപാലിച്ചു കൊണ്ടു പോരുന്നത്. ഇതാണ് അവിടുന്നു നിങ്ങൾക്കായി തരുന്ന ഒരു ഉപഹാരം. അതുകൊണ്ടു നിങ്ങളുടെ അമ്മയെ സ്നേഹിക്കുന്നതിലധികമായി നിങ്ങൾ ദൈവത്തെ സ്നേഹിക്കേണ്ടതല്ലയോ?"

## III

പ്രഥമ ദിവ്യകാരുണ്യസ്വീകരണദിനം സന്തോഷത്തിന്റെ ഒരു ദിനമായിരുന്നു. ഫാദർ ഏമാർഡിന്റെ സ്നേഹിതന്മാരുടെ മഹാമനസ്സുതയുടെ ഫലമായ പുതിയ ഉടുപ്പുകളും ധരിച്ചുകൊണ്ട് അൾത്താരയ്ക്കു ചുററും കുട്ടികൾ അണിനിരക്കുന്നു. ആളിക്കത്തുന്ന തിരികളുമേന്തി, ദൈവമാതാവിന്റെ കാശുരൂപങ്ങളും അണിഞ്ഞുകൊണ്ടു നില്ക്കുന്ന അവർക്ക സന്തോഷം മറച്ചുവയ്ക്കുവാൻ സാധിക്കുന്നില്ല. തങ്ങളുടെ മക്കളുടെ നേരെ കാണിക്കപ്പെടുന്ന സ്നേഹവും, ആദരവും കണ്ടു സന്തോഷിക്കുന്നതിനായി അവരുടെ മാതാപിതാക്കന്മാർ പള്ളിയിൽ തിങ്ങിക്കൂടിയിരിക്കുന്നു. അദ്ദേഹം കുർബാനയിലെ പ്രാർത്ഥനകൾ ഉച്ചത്തിൽ വായിക്കും. അദ്ദേഹത്തിന്റെ ഓരോ വാക്കും അവർ ഗ്രഹിക്കും; ചുരുങ്ങിയ ഉപദേശം അത്യാകാംക്ഷയോടുകൂടെ അവർ ശ്രവിക്കും. അദ്ദേഹം തന്റെ ഉപദേശം ഏതാണ്ടീ പ്രകാരം അവസാനിപ്പിക്കും.

"വാത്സല്യകുഞ്ഞുങ്ങളേ! സന്തോഷിച്ചാലും! ഇതു നിങ്ങൾക്ക സന്തോഷത്തിന്റെ ഒരു ദിനംതന്നെ. സംശയമില്ല. ....... മഹോന്നതമായ ദിവസം. സുന്ദരദിനം. എന്തുകൊണ്ടെന്നാൽ ഇന്നാണ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവം ഭരണം നടത്തുവാൻ തുടങ്ങുന്നത്; നിങ്ങളുടെ തിരുനാൾ ദിവസം. ദിവ്യസങ്കേതം നിങ്ങൾക്കായി നല്കപ്പെട്ടിരിക്കുന്നു. ഇന്നു നിങ്ങൾ രാജകുമാരന്മാരാകുന്നു. എന്നാൽ നിങ്ങൾ അവിടുത്തേയ്ക്ക് എന്തു സമ്മാനമാണ കൊടുക്കുവാൻ പോകുന്നത്? തീർച്ചയായും അധികമൊന്നുമായിരിക്കയില്ല......"

"ഇന്ന് ഈശോ അവിടുത്തെത്തന്നെ നിങ്ങൾക്ക

നല്കുന്നു. അതേ, പ്രിയകുഞ്ഞുങ്ങളേ! അവിടുന്നു തന്നെത്തന്നെ നിങ്ങൾക്കായി നല്കുന്നു!! ഈശോ എപ്രകാരമിതു സാധിക്കുന്നെന്നു നിങ്ങൾ അറിയുന്നില്ലായിരിക്കാം. നമുക്കു ദൈവത്തിൻെറ വഴികളെ പൂർണ്ണമായി ഗ്രഹിക്കുവാൻ കഴിയുമോ? നിങ്ങൾ ഭക്ഷിക്കുന്ന അപ്പം നിങ്ങളുടെ മാംസരക്തങ്ങളായി തീരുന്നതു് എങ്ങനെയെന്നു നിങ്ങൾ അറിയുന്നുണ്ടോ? ദൈവം അപ്പത്തിനു് ഈ ശക്തി കൊടുത്തിട്ടുണ്ടു് എന്നു മാത്രം നിങ്ങൾക്കറിയാമായിരിക്കാം. അപ്പത്തിനുള്ള ഈ ശക്തിതന്നെ കർത്താവിൻെറ തിരുശ്ശരീരരക്തങ്ങൾക്കു കൊടുക്കുവാൻ അവിടുത്തേയ്ക്കു സാധിക്കുകയില്ലേ? അതേ, ഇതു നിങ്ങൾ വിശ്വസിക്കുന്നു."

"അവിടുന്നു നിങ്ങളുടെ ഹൃദയത്തിലേയ്ക്കു വരുമ്പോൾ നിങ്ങൾക്കു നിരൂപിക്കുവാൻ സാധിക്കുന്ന എല്ലാ നല്ലകാര്യങ്ങളെക്കുറിച്ചും അവിടുത്തോടു സംസാരിക്കുക. അവിടുന്നു് അർഹിക്കുന്ന വിധത്തിൽ അവിടുത്തെ സ്വീകരിക്കുക അത്ര വിഷമമുള്ള കാര്യമല്ല. എല്ലാം തൻെറ തോളിൽ സംവഹിക്കുന്ന ഒരു മഹോപകാരിയാണ് അവിടുന്നു്. ഒരുകാര്യം മാത്രമേ നമ്മോടാവശ്യപ്പെടുന്നുള്ളു. നമ്മുടെ സാന്നിധ്യം......"

ദേവാലയത്തിലെ ചടങ്ങുകൾ എല്ലാം കഴിയുമ്പോൾ ചുരുങ്ങിയ തോതിലെങ്കിലും സന്തോഷപ്രദമായ ഒരു ലഘുഭക്ഷണം അവർക്കു നല്കുന്നു. സന്തോഷഭരിതമായ ഉല്ലാസത്തിലും, പ്രാർത്ഥനയിലുമായി ആ ദിവസം മുഴുവൻ അവർ ആശ്രമത്തിൽത്തന്നെ കഴിച്ചുകൂട്ടുന്നു. ഉച്ചയ്ക്കുശേഷം അവർ മുമ്പിലത്തെ ഒപ്പുശുശ്രൂഷ സ്വീകരിക്കുന്നു. ജ്ഞാനസ്നാനവാഗ്ദാനനവീകരണം, മറിയത്തിൻെറ അമലോത്ഭവതിരുഹൃദയത്തിനുള്ള സമർപ്പണം ഇവയോടുകൂടി അന്നത്തേ ചടങ്ങുകൾ അവസാനിക്കുന്നു.

"ഇവർ എല്ലാവരും നിലനില്ക്കുന്നില്ലായിരിക്കാം. ശരി തന്നെ; എന്നാലും പലരും തിരിച്ചുവരുന്നുണ്ടു്. ഉയിർപ്പുതിരുനാൾ സംബന്ധിച്ചുള്ള ദിവ്യകാരുണ്യസ്വീകരണത്തിനു ഞങ്ങൾ അവരെ, എല്ലാവരെയും ക്ഷണിക്കും. മിക്കവാറും എല്ലാവരും തന്നെ ഞങ്ങളുടെ ക്ഷണം സ്വീകരിക്കുന്നുണ്ടുതാനും. ഇവിടെ

അവർ സ്നേഹിക്കപ്പെട്ടുന്നെന്ന് അവൎക്കറിയാം. തന്നെയുമല്ല, ഒരുവൻെറ പ്രഥമ ദിവ്യകാരുണ്യസ്വീകരണസ്ഥലം ദൎശിക്കുന്നതിൽ ഒരു പ്രത്യേക താത്പൎയ്യം ഏവൎക്കും ഉണ്ടാകുന്നതാണ്. ദിവ്യഭോജനസ്വീകരണദിനം അവരുടെ ജീവിതയാത്രയിലെ ഒരു നാഴികക്കല്ലായി നിലകൊള്ളും. ആകയാൽ അവരുടെ വിവാഹവും പള്ളിയിൽവച്ചുതന്നെ നടത്തപ്പെടണമെന്ന് അവൎക്കു നിർബന്ധമുണ്ടായിരിക്കും. വലിയ അപകടങ്ങളിൽ അവർ എത്തുപെടുന്നെങ്കിൽ ഈ ശുഭദിനത്തിൽ കേട്ട സമാശ്വാസദായകമായ വാക്കുകളിലേയ്ക്കു് അവരുടെ ഹൃദയം ആകൎഷിക്കപ്പെട്ടും."

ഈ എളിയ ജോലിയായിരുന്നു ഏമാർഡച്ചന് ഏററം ആനന്ദകരം. "രാജകുമാരന്മാരോട് അടുത്തു പെരുമാറുവാൻ അവസരംവന്നാൽപ്പോലും ഈ ജോലി ഞാനുപേക്ഷിക്കയില്ലാ" യെന്ന് അദ്ദേഹം ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി. അനുപേക്ഷണീയമായ സാഹചര്യങ്ങളാൽ വേദപാഠക്ലാസ്സു നടത്തുന്നതിനു ചിലപ്പോഴെല്ലാം മററു വല്ലവരെയും ഏല്പിച്ചിരുന്നെങ്കിലും കുട്ടികളുടെ കുമ്പസാരക്കാര്യം അദ്ദേഹംതന്നെ നിൎവ്വഹിച്ചുവന്നിരുന്നു. അവൎക്കായി ധ്യാനോപദേശങ്ങൾ നല്കിയിരുന്നതും ദിവ്യകാരുണ്യസ്വീകരണാഘോഷങ്ങളിൽ ആദ്ധ്യക്ഷം വഹിച്ചിരുന്നതുമെല്ലാം അദ്ദേഹംതന്നെയായിരുന്നു.

കുട്ടികളെ കൂടാതെ രണ്ടോ മൂന്നോ പ്രായംചെന്നവരും മിക്കപ്പോഴും അദ്ദേഹത്തിൻെറ ഉപദേശം ലഭിക്കുന്നതിനായി വന്നിരുന്നു. ക്ലേശപൂൎണ്ണമായ അനുദിനകൃത്യങ്ങൾക്കുശേഷം അദ്ദേഹം അവൎക്കും ഉപദേശങ്ങൾ നല്കുവാൻ മടിച്ചിരുന്നില്ല. അദ്ദേഹത്തിൻെറ ക്ഷമയും, നിഷ്കളങ്കമായ സ്നേഹവും അവരെ അത്ഭുതപരതന്ത്രരാക്കിത്തീൎത്തു. ക്ലേശസംപൂൎണ്ണവും സുദീൎഘവുമായ ഒരുപദേശത്തിനുശേഷം കുർബാന കൈക്കൊള്ളുന്നതിന് അവരെ ഒരുക്കും. ആവശ്യമെന്നു തോന്നുന്ന പക്ഷം അവരുടെ അസാധുവായി നടത്തപ്പെട്ടിരുന്ന വിവാഹകൎമ്മം സാധുവാക്കിത്തീൎക്കും. അല്ലാത്തവരെ പ്രാമാണികമായ വൈവാഹികജീവിതത്തിലേയ്ക്കു് ആനയിക്കും.

1868 ഫെബ്രുവരിമാസത്തിലെ മഴയുള്ള ഒരു ദിവസം

അദ്ദേഹം ക്ഷീണിച്ച്, ന്യൂമോണിയാ ബാധിതനായി ആശ്രമത്തിൽ വന്നുചേർന്നു. രണ്ടു നവ്യക്രിസ്ത്യാനികളുടെ ആഗ്രഹാനുസരണം അവരുടെ വിവാഹകർമ്മം ആശീർവ്വദിക്കുന്നതിനായി ഒരു കുഗ്രാമത്തിലുള്ള കപ്പേളയിലേയ്ക്കു പോയിരിക്കുകയായിരുന്നു അദ്ദേഹം. ഈ കാലാവസ്ഥയിൽ അവിടെ പോകേണ്ടായിരുന്നു എന്ന് ഒരു ആശ്രമസ്ഥൻ അദ്ദേഹത്തോടു പറഞ്ഞു. "അതു ശരിതന്നെ. എന്നാൽ എൻെറ സാന്നിധ്യം ആ സാധുക്കൾക്ക് എന്തുമാത്രം സന്തോഷത്തെ ഉളവാക്കി എന്നറിയാമോ?" എന്നാണദ്ദേഹം പ്രതിവചിച്ചത്.

ഭയങ്കരമായ വർഷകാലം! അന്നൊരിക്കൽ ഫാദർ ഏമാർഡ്, ഒരു വേശ്യാസ്ത്രീയുമൊന്നിച്ചു വിശ്വാസമോ, ഉപദേശങ്ങളോ ഇല്ലാതെ ജീവിച്ചിരുന്ന ഒരു മനുഷ്യനെ പ്രസ്തുത സ്ത്രീയോടുകൂടെ സ്വീകരിച്ച് അവക്കു വളരെ ദീർഘങ്ങളായ ഉപദേശങ്ങൾ നല്കി. അവർ പൂർണ്ണമായി ഒരുങ്ങിയെന്നു കാണുന്നതുവരെ ക്ലാസ്സുകൾ തുടന്നു. ശരിയായി ഒരുങ്ങിയെന്നു കണ്ടപ്പോൾ അദ്ദേഹംതന്നെ അവരുടെ കുമ്പസാരം കേട്ടു. അടുത്ത ദിവസംതന്നെ വിശുദ്ധ കുർബാന കൊടുത്തതിനുശേഷം ക്രിസ്തീയനിയമമനുസരിച്ചുള്ള വിവാഹത്താൽ അവരെ ബദ്ധരാക്കി. അദ്ദിവസം ഈ നവദമ്പതികൾക്ക് ആശ്രമത്തിലെ കാഴ്ചമുറിയിൽ വച്ചുതന്നെ ഉച്ചഭക്ഷണവും നല്കി. അവക്കു ഭക്ഷണം വിളമ്പിക്കൊടുത്ത് അവരെ ശുശ്രൂഷിക്കുന്ന ജോലി അദ്ദേഹംതന്നെ നിവ്വഹിച്ചു. ളോവസ്ത്രമുകളിൽ ഒരു വെള്ള പുറംകുപ്പായവും ധരിച്ചുകൊണ്ട് ഓരോ പ്രവൃത്തിയും അവരെ ആകർഷിക്കത്തക്കവണ്ണം അത്ര സ്നേഹത്തോടും സാരള്യത്തോടുംകൂടിയാണ് അദ്ദേഹം നടത്തിയത്. അദ്ദേഹം അവരുടെ സ്നേഹപൂർവ്വകമായ ശ്രദ്ധയ്ക്കു പാത്രീഭൂതനായി എന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

മേൽ പ്രസ്താവിച്ച ചില സംഭവങ്ങളിൽനിന്നും നിരാശ്രയരായവരുടെ ഇടയിൽ ഏമാർഡച്ചൻ സാധിച്ച പ്രേഷിതപ്രവൃത്തി എമ്മാത്രമായിരുന്നെന്നു മനസ്സിലാക്കാവുന്നതാണ്.

# പതിനൊന്നാം അധ്യായം.

## വൈദികരുടെ സംഘങ്ങൾ.

---

'വൈദികൎക്കുവേണ്ടി ഞാൻ സകലതും സന്തോഷസമേതം പരിത്യജിക്കും', എന്നു സഹജമായ വികാരാവേശത്തോടു കൂടി ഏമാർഡച്ചൻ ഒരിക്കൽ ഉൽഘോഷിക്കുകയുണ്ടായി. പൗരോഹിത്യത്തിൻെറ അതുല്യമായ സ്ഥാനൌന്നത്യവും, ഭാരമേറിയ ചുമതലകളും അദ്ദേഹം അതിൻെറ തനിനിറത്തിൽ കണ്ടു എന്നുള്ളതായിരുന്നു ഇതിൻെറ കാരണം. അൾത്താരയിലെ ശുശ്രൂഷികളായ വൈദികരുടെ നേൎക്ക് അഗാധമായ ബഹുമാനമുണ്ടായിരുന്ന അദ്ദേഹം അവരെ ബഹുമാനിക്കുന്നതിനും, സ്നേഹപൂൎവ്വം സ്വീകരിക്കുന്നതിനും അവരിൽ പ്രധാനാചാര്യനായ ഈശോമിശിഹായെ കണ്ടു ബഹുമാനിക്കുന്നതിനും സ്വസഭാംഗങ്ങളോട് ഉപദേശിക്കുക പതിവായിരുന്നു.

എന്നാൽ ഈ ബാഹ്യാചാരങ്ങൾകൊണ്ടു മാത്രം അദ്ദേഹം ഒരിക്കലും തൃപ്തിപ്പെട്ടിരുന്നില്ല. എപ്പോഴും അതിലധികം ചെയ്യണമെന്നുള്ളതായിരുന്നു അദ്ദേഹത്തിൻെറ ആഗ്രഹം. ദിവ്യകാരുണ്യസഭ സ്ഥാപിച്ചകാലത്തുതന്നെ ദിവ്യനാഥൻെറ പാദാന്തികത്തിൽ ഏകാന്തതയനുഭവിക്കുന്നതിനും ധ്യാനനിരതരാകുന്നതിനും ആഗ്രഹിച്ചുവരുന്ന വൈദികരെ സ്നേഹപൂൎവ്വം സ്വീകരിക്കുക എന്നതു് അതിൻെറ പ്രേഷിതപ്രവൃത്തികളിൽ ഒന്നായി അദ്ദേഹം സ്വീകരിച്ചിരുന്നു. ഈ ആശയം അദ്ദേഹത്തിനുതന്നെ പ്രവൃത്തിപഥത്തിൽ വരുത്തുവാൻ സാധിച്ചുവെന്നുള്ളതു സന്തോഷജനകമായിരുന്നു. ആശ്രമത്തിലേ സ്ഥലസൗകൎയ്യങ്ങൾ പരിമിതമായിരുന്നെങ്കിലും, പാരീസിൽ അവൎക്കുണ്ടായിരുന്ന മൂന്നു കെട്ടിടങ്ങളിൽ ഒന്നിൻെറ ഒരു നില മുഴുവൻ വൈദികരുടെ സൗകൎയ്യത്തിനായി നീക്കിവച്ചിരുന്നു. സാദ്ധ്യമായ സകല ബഹുമാനങ്ങളും ഏമാർഡച്ചൻ വൈദികരോടു കാണിച്ചിരുന്നു

വെന്ന് ഒരു ദൃക്‌സാക്ഷി പ്രസ്താവിച്ചിരിക്കുന്നു. വൈദികനെ സഹായിക്കുന്നതിലോ, സമാശ്വസിപ്പിക്കുന്നതിലോ, ഉപദേശിക്കുന്നതിലോ ഒരു പരിധി അദ്ദേഹം വച്ചിരുന്നില്ല.

എന്നാൽ ഈ പ്രേഷിതത്വം വളരെ പരിമിതമായിരുന്നു. അനുപേക്ഷണീയവും കൃത്യാന്തരബഹുലവുമായ ഇടവകജോലി ഇപ്രകാരം ഒരു പ്രശാന്തമായ ധ്യാനജീവിതത്തിന് അവർക്ക് അവസരം നല്കിയില്ലെന്നുവരും. മേൽ പ്രസ്താവിച്ച തരത്തിലുള്ള പരിശുദ്ധ സ്ഥലങ്ങളിലേയ്ക്കുള്ള ദൂരവും വൈദികരെ ഇതിൽനിന്നു പിന്തിരിപ്പിച്ചേക്കാം.

എന്നാൽ, ഏതു വൈദികനും സുഗമമായ ഒരു മാർഗ്ഗം സ്വാധീനത്തിലുണ്ട്. അതേ, ഏതു വൈദികനും മിശിഹായുടെ യഥാർത്ഥസാന്നിദ്ധ്യമുള്ള ഒരു ദൈവാലയത്തിന്റെ സൂക്ഷിക്കാരനും സേവകനുമാണല്ലോ. ഇതിൽനിന്ന് ഏമാർഡച്ചൻ ഒരനുമാനത്തിൽ എത്തിച്ചേർന്നു. "ദിവ്യകാരുണ്യം വൈദികരുടെ എല്ലാ വിചാരങ്ങളുടെയും കേന്ദ്രവും എല്ലാ പ്രവൃത്തികളുടെയും അന്ത്യവുമായിരിക്കട്ടെ. മാനസാന്തരജോലിക്കുള്ള ഫലസമൃദ്ധമായ മാർഗ്ഗങ്ങളും, തന്നെ ഏല്പിച്ചിരിക്കുന്ന ആത്മാക്കളുടെ പവിത്രീകരണത്തിനുതകുന്ന പോംവഴികളും ഈ ക്രൂദാശയിൽ വൈദികനു സുലഭമായിരിക്കുന്നു." അവരുടെ ഏകാന്തതയിൽ അവരെ ആനന്ദിപ്പിക്കുന്നതിന് ഒരു സ്നേഹിതനേയും, അജയ്യനായ ഒരു സഹായിയേയും ദിവ്യകാരുണ്യത്തിൽ അവർക്കു കണ്ടെത്തുവാൻ കഴിയും. ഈ ജീവന്റെ ഉറവയിൽനിന്നു മതിവരുവോളം പാനംചെയ്യുന്ന വൈദികന്റെ സുകൃതങ്ങൾക്കു സ്ഥായിയായ ഫലങ്ങൾ പുറപ്പെടുവിക്കുവാൻ സാധിക്കും. നമ്മുടെ ദിവ്യരക്ഷകൻതന്നെ അവരിൽക്കൂടി പ്രവർത്തിക്കുന്നുവെന്നുള്ളതാണ് ഇതിനു കാരണം. ഏവംവിധമുള്ള പുണ്യപരിമളംവീശുന്ന പുരോഹിതന്മാർക്ക് ആത്മാക്കളുടെ മേലുള്ള സ്വാധീനശക്തി ഒന്നു വേറെതന്നെയായിരിക്കും. അധുനാതനങ്ങളായ വിഷമപ്രശ്നങ്ങളിൽ സഹായത്തിനായി ലോകം വൈദികനിലേയ്ക്കു തിരിയുന്നു. ഇതിനാലാണ് ഒരു വൈദികന്റെ വിശുദ്ധീകരണം ആയിരം വിശ്വാസികളുടെ പവിത്രീകരണത്തിനു കാരണമായിത്തീരുന്നെന്ന് ഏമാർഡ

ച്ചൻ ഒരിക്കൽ പ്രസ്താവിച്ചത്.

ഒരു ഹൃദയംഗമമായ സംഭാഷണമധ്യേ അദ്ദേഹം തൻെറ ഹൃദയഗതി ഇപ്രകാരം വെളിപ്പെടുത്തി. "ഇടവകവൈദികരെ പ്രാർത്ഥനയാലും ആനുകാലികങ്ങളായ സമ്മേളനങ്ങളാലും ചില്ലറ നിയമങ്ങളാലും ബന്ധിച്ച്, ദിവ്യകാരുണ്യംവഴി അവരെ പുണ്യവാന്മാരാക്കുന്നതിനുപകരിക്കുന്ന ഒരു സംഘം സ്ഥാപിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു." "പുരോഹിതന്മാരുടെ പവിത്രീകരണം മുഖേന മററുള്ളവയെല്ലാം സുസാധ്യങ്ങളായിത്തീരുന്നതു നിങ്ങൾ കാണുന്നില്ലേ," എന്നു മറെറാരിക്കൽ അദ്ദേഹം ഉൽഘോഷിച്ചു. വീണ്ടും അദ്ദേഹം പറയുന്നു: "വൈദികരെ ദിവ്യകാരുണ്യനാഥനായി സമ്പാദിക്കുക; അപ്പോൾ ഇടവക മുഴുവൻ ഈശോയ്ക്കായി നേടിക്കഴിയും. ഇടവകകൾ എല്ലാം നേടുക ഈശോയ്ക്കുവേണ്ടി; അപ്പോൾ രാജ്യം മുഴുവൻ ഈശോയുടെ സ്വന്തമായിക്കഴിയും. ഇതാണു ഞാൻ ആഗ്രഹിക്കുന്ന സംഘത്തിൻെറ ആവശ്യകത . . . . . . കാലത്തിൻെറ പൂർണ്ണതയിൽ അതുണ്ടായിക്കൊള്ളും."

മേൽ പ്രസ്താവിച്ച വിധത്തിലുള്ള സംഘത്തിൻെറ നിയമാവലികൂടി അദ്ദേഹം രൂപവൽക്കരിച്ചിരുന്നു. അതിലേ ഏതാനും ചില വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

"അതിശ്രേഷ്ഠമായ തങ്ങളുടെ ദൈവവിളിക്കനുയോജ്യമായ പുണ്യപൂർണ്ണത പ്രാപിക്കുവാനായി, വൈദികരായ ദിവ്യകാരുണ്യാരാധകർ ദിവ്യനാഥൻെറ ദിവ്യകാരുണ്യജീവിതം നയിക്കണം. ആത്മപരിത്യാഗവും ആത്മാർപ്പണവുമാണു പ്രസ്തുത ജീവിതത്തിൻെറ ലക്ഷണങ്ങൾ."

"അവരുടെ സകല പ്രയത്നങ്ങളുടേയും ലക്ഷ്യം മിശിഹായുടെ ദിവ്യകാരുണ്യഭരണസ്ഥാപനവും അതിൻെറ വിപുലീകരണവുമായിരിക്കണം. ലോകത്തെ മുഴുവൻ പ്രോജ്വലിപ്പിക്കുന്നതിന് ഈശോ ആഗ്രഹിക്കുന്ന ആ ദിവ്യസ്നേഹാഗ്നിയുടെ സജീവേന്ധനങ്ങളായിരിക്കണം അവർ."

"തൻെറ ദിവ്യസുതനെ ആരാധിക്കുന്ന പരിശുദ്ധ കന്യകാമറിയം ആയിരിക്കണം അവർക്കു മാതൃകയും പ്രേഷിത ചൈതന്യസംദായകയും. ഈ വത്സലമാതാവുവഴി നാം തിരി

തമായും സുനിശ്ചിതമായും ഈശോയോട്ട് അടുക്കുന്നതാണ്."

"ദിവ്യകാരുണ്യസേവനത്തിനു പ്രതിഷ്ഠിതമായിരിക്കണം വൈദികരുടെ ജീവിതം. ഭക്തി, പുണ്യം, ജ്ഞാനം, പ്രേഷിത ചൈതന്യം, ഉപവി പ്രവൃത്തികൾ മുതലായ അവരുടെ സകല പ്രവൃത്തികളും പ്രയത്നങ്ങളും ഈ പരമാന്ത്യത്തിലേയ്ക്കു കേന്ദ്രീകരിച്ചിരിക്കണം."

"ഇപ്രകാരം ദിവ്യകാരുണ്യ ഈശോയുമായുള്ള സുദൃഢമായ മൈത്രീബന്ധത്തിനുശേഷം, സ്വജനങ്ങളുടെ ഇടയിലേയ്ക്കു വരുന്ന ഒരു വൈദികനു സീനാമലമുകളിൽനിന്നു വന്ന മോശയെപ്പോലെയോ, പന്തക്കുസ്താദിനം പരിശുദ്ധാത്മാവിനെ സ്വീകരിച്ച അപ്പോസ്തലന്മാരെപ്പോലെയോ, ദിവ്യദൗത്യവാഹകനായ ഒരു ദൈവദൂതനെപ്പോലെയോ, നിത്യപിതാവിന്റെ വക്ഷസ്സിൽനിന്നു വന്ന മാംസമായ വചനത്തെപ്പോലെയോ ഉള്ള സ്വാധീനശക്തി അനുഭവവേദ്യമാകുന്നതാണ്. വാക്കിലും പ്രവൃത്തിയിലും അവർ സുശക്തന്മാരായിതീരുന്നതാണ്."

## II

ഏമാർഡച്ചൻ, പുരോഹിതവൃത്തിയിൽ പാകതവന്ന വൈദികർക്കുവേണ്ടി ഒരു പുതിയ സംഘം സംസ്ഥാപിക്കുന്നതിന് ആവശ്യമായ ഏർപ്പാടുകൾ ചെയ്തു. വൃദ്ധരും, ജോലി ഉപേക്ഷിച്ചവരുമായ വൈദികവരേണ്യർക്ക്, അവരുടെ ജീവിതം ദിവ്യകാരുണ്യനാഥന്റെ തിരുമുമ്പിൽ അവസാനിപ്പിക്കത്തക്ക ഒരു സാഹചര്യം സൃഷ്ടിക്കുക എന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം. എന്നാൽ ഈ പരിശുദ്ധാഗ്രഹത്തെ പ്രാവർത്തികമാക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല.

അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഇതൊരു പുതിയ ആശയമായിരുന്നില്ല. 1856-ൽത്തന്നെ അദ്ദേഹം ഇപ്രകാരം എഴുതിയിരുന്നു: "ദിവ്യനാഥന്റെ കൊടിക്കീഴിൽ, ആദ്ധ്യാത്മികായുധങ്ങളുമേന്തി യുദ്ധംചെയ്തു തഴക്കവും പഴക്കവും സിദ്ധിച്ച വൈദികർക്ക്, ക്രിസ്തുരാജസന്നിധിയിൽവച്ചു നടത്തുവാൻ സാധിക്കുന്ന ഒരു ജ്ഞാനധ്യാനത്തെക്കാൾ ആശ്വാസ

പ്രദവും ബഹുമാനകരവുമായ ഒരു കൃത്യം മറെറന്താണുള്ളതു്? അനന്തതയിലേയ്ക്കുള്ള പ്രയാണം ആരംഭിക്കുന്നതിനു മുൻപ്, ദിവ്യന്യായാസനത്തിങ്കൽ ഹാജരാക്കപ്പെടുന്നതിനു മുൻപ്, സമുചിതമായ ഒരു സജ്ജീകരണത്തിനുപകരിക്കുന്ന ഒരു തിരിഞ്ഞുനോട്ടത്തിന് ഇതു് അവസരം നല്കുന്നു. അവരവക്ക് അനുയോജ്യമായ ഏതെങ്കിലും ജോലിയിൽ കമ്മോദ്യുക്തരായി ദിവ്യനാഥനെ അവക്ക് പരിസേവിക്കാവുന്നതുമാണ്. ക്ഷീണിതരായ വൈദികവരേണ്യർ ബഹുമാന്യവും, സമുചിതവും സ്നേഹസമന്വിതവുമായവിധത്തിൽ ശുശ്രൂഷിക്കപ്പെടും. ക്ലേശസംപൂർണ്ണമായ ഇടവകജോലിയിൽ സുദീർഘമായ വത്സരങ്ങൾ തള്ളിവിട്ടതിൽനിന്ന് ഉത്ഭൂതമായ ആധ്യാത്മികമാന്ദ്യത്തെ ദൂരീകരിച്ച് ആത്മീയജീവൻ പ്രാപിക്കുന്നതിന്, സമയവും സന്ദർഭവും അനുവദിക്കുമ്പോഴൊക്കെ അവക്ക് ദിവ്യകാരുണ്യനാഥനെ സന്ദർശിക്കാം. ആരാധനയിൽ സജീവമായി പങ്കെടുക്കുന്നതിനു ശേഷിയുള്ളവരെ അതിനനുവദിക്കയും ചെയ്യണം.

"മെത്രാന്മാർ, തങ്ങളുടെ പ്രിയപ്പെട്ട വൈദികരുടെ നേരെയുള്ള പൈതൃകമായ ഔൽസുക്യത്താൽ പ്രേരിതരായി, പ്രായംചെന്ന വൈദികക്ക് ഇപ്രകാരമുള്ള വസതികൾ സ്ഥാപിക്കുവാൻ പരിശ്രമിച്ചിട്ടുണ്ടെങ്കിലും അതു നിഷ്ഫലമാകുകയാണുണ്ടായിട്ടുള്ളതു്. ഏവംവിധമുള്ള സ്ഥാപനങ്ങളിൽ ചേരുന്നതിന് ആരുമുണ്ടായിരുന്നില്ല എന്നുള്ളതുതന്നെ ഇതിനു കാരണം. അവിടെ എങ്ങും വ്യാപിച്ചിരുന്ന മരണാന്തരീക്ഷത്തിൻെറ പടിവാതുക്കൽ കാലുകുത്തുവാൻപോലും അവർ ഭയന്നിരുന്നു. പ്രവൃത്തിരഹിതരായി ഏകാന്തവാസം നയിക്കുകയെന്നതു് അവർക്കനിഷ്ടകരമായിരുന്നു.

"നേരേമറിച്ചു ദിവ്യകാരുണ്യാരാധനസ്ക്കായി ഒരു പ്രാത്ഥനാലയത്തിൽ വസിക്കുന്നതു വൈദികന് ആശ്വാസദായകവും ഭക്തിസംവദ്ധകവുമായിരിക്കും. അദ്ദേഹത്തിൻെറ ഉപവിസജീവമായിരിക്കും. അദ്ദേഹത്തിൻെറ ഉജ്ജ്വലമായ ഉത്സാഹത്തിനു പ്രവത്തിക്കുവാനായി ഒരു വസ്തു ഉണ്ടായിരിക്കും. ഈ പരിതഃസ്ഥിതികൾ അദ്ദേഹത്തിനു സ്വാർഗ്ഗീയജീവിതത്തിനുള്ള ഒരു പ്രാരംഭമായിരിക്കും. ഈ അവസ്ഥ ഒരു ഭൗമികപറുദീ

സാക്ഷ്യ സാദൃശ്യമായിരിക്കും. ഇതു തുടച്ച്യായുള്ള പ്രവൎത്തനം ത്താൽ ശരീരം ക്ഷീണിപ്പിച്ചതിന് ഒരു വൈദികനു ലഭിക്കുന്ന യഥാൎത്ഥ സമ്മാനമായിരിക്കുകയും ചെയ്യും."

# III

ഏമാർഡച്ചനു വൈദികരുടെ നേൎക്കുണ്ടായിരുന്ന സ്നേഹം എന്തുമാത്രമായിരുന്നെന്നു മേൽപ്രസ്താവിച്ചതിൽനിന്നും മനസ്സിലാക്കാം. ഈ രണ്ടു സഭകളും ഈശോയുടെ തിരുഹൃദയത്തിന്റെ പ്രത്യേക വാത്സല്യത്തിനു പാത്രമായിരുന്നെന്നു പറയേണ്ടതില്ലല്ലോ. തന്റെ ദിവ്യകാരുണ്യജീവിതത്തിലേ സഹപ്രവൎത്തകരായ വൈദികരുടെ നേൎക്കുള്ള ഈശോയുടെ സ്നേഹത്തിന്റെ ആഴം അളക്കുവാൻ ആൎക്കു കഴിയും? വിശ്വാസികളുടെ ഹൃദയങ്ങളിൽ വസിക്കുന്നതിനുവേണ്ടി അവിടുന്നു വൈദികൻവഴി വീണ്ടും വീണ്ടും അവതരിക്കുന്നു. അദ്ദേഹത്തെ വിശുദ്ധ കുർബാനയിൽ അടക്കംചെയ്തിരിക്കുന്നതുപോലെ തോന്നിപ്പോകുന്നു. തന്റെ പുരോഹിതന്മാരെക്കൂടാതെ വരപ്രസാദം വിശ്വാസികൾക്കു വിതരണം ചെയ്യുന്നതിനോ അവൎക്കു നന്മചെയ്യുന്നതിനോ അവിടുത്തേയ്ക്കു സാധിക്കുന്നില്ല. അതേ, ഈശോയ്ക്കു അവരെ ആവശ്യമുണ്ട്. എന്നാൽ ഈശോയോടുള്ള ദൃഢമായ സാമീപ്യസമ്പൎക്കങ്ങളാൽ മാത്രമേ വൈദികന് അവിടുത്തേ ഉത്തമ സഹപ്രവൎത്തകനാകുവാൻ സാധിക്കുകയുള്ളൂ. ഈ സമ്പൎക്കം ദൃഢതരമാക്കുന്നതിനു വേണ്ടിയാണ് ഏമാർഡച്ചൻ വൈദികൎക്കുവേണ്ടിയുള്ള ഈദൃശസംഘടനകൾ സംസ്ഥാപിക്കുന്നതിന് ആഗ്രഹിച്ചതു്.

വൃദ്ധരായ വൈദികന്മാൎക്കുവേണ്ടിയുള്ള സംഘം ഇന്നുവരെയും പ്രവൃത്തിപഥത്തിൽ എത്തിയിട്ടില്ല. എന്നാൽ വിവിധ രാജ്യങ്ങളിലെ വൈദികരിൽനിന്നും ഒരുലക്ഷത്തി ഇരുപതിനായിരത്തിൽ പരം അംഗങ്ങളോടുകൂടി വിരാജിക്കുന്ന "വൈദികരുടെ ദിവ്യകാരുണ്യലീഗി"നു പരിശുദ്ധ സിംഹാസനത്തിൽനിന്ന് അനുമതിയും പല പല മെത്രാന്മാരിൽനിന്നും പ്രോത്സാഹനവും ലഭിച്ചിട്ടുണ്ട്. എവിടെയും ദൃശ്യമാകുന്ന

ദിവ്യകാരുണ്യഭക്തിയുടെ അനിതരസാധാരണമായ പ്രചാരം പൊതുവേയും, ഈ ഭക്തിയുടെ പരമപ്രകടനമായ ദിവ്യകാരുണ്യകോൺഗ്രസ്സുകൾ പ്രത്യേകിച്ചും, അതിപ്രധാനമായ ഈ സംഘടനയുടെ പ്രവത്തനഫലമാണെന്നു തെല്ലും അതിശയോക്തിസ്പശമില്ലാതെ പ്രസ്താവിക്കാവുന്നതല്ലയോ? "ആധുനികകാലങ്ങളിലേയ്ക്കു ദൈവം പ്രത്യേകമായി കരുതിവച്ചിരുന്ന ഏററം വലുതായ വിജയം" എന്നാണ് ഈ കോൺഗ്രസ്സുകളെ സമുചിതമായി സംബോധന ചെയ്യപ്പെട്ടിട്ടുള്ളതു്. ഇത്ര ധാരാളമായ വിളവു പ്രദാനംചെയ്യുന്നതു്, സഭയുടെ സമൃദ്ധമായ സമതലത്തിൽ ഏമാർഡച്ചൻ വിതച്ച വിത്താണെന്നുള്ള വാസ്തവം വിസ്മരിക്കാവുന്നതല്ല. അദ്ദേഹത്തിൻെറ തത്വസംഹിതയിൽ നിന്നുത്ഭവിച്ച ആധ്യാത്മികജീവിതത്തിലെ നവീനമാഗ്ഗങ്ങൾ, സ്വമാതൃകയുടെ സ്വാധീനശക്തി, ആരാധകരായ വൈദികരുടെ തഴച്ചുവളരുന്ന സംഘം — ഇവ മൂന്നുമാണ് ഈ ഫലഭൂയിഷ്ഠമായ വിളവ് ഉൽപാദിപ്പിക്കുന്നതിനു നിദാനങ്ങളായി നിന്നിട്ടുള്ളതു്. അഥവാ ഈ മാഗ്ഗങ്ങളെയാണ് ഏമാർഡച്ചൻ ഉപയോഗിച്ചതു്.

ദിവ്യകാരുണ്യകോൺഗ്രസ്സുകളെപ്പററി , പറയുമ്പോൾ, ഏമാർഡച്ചനെ ധന്യപദത്തിലേയ്ക്കുയത്തിക്കൊണ്ടുള്ള പേപ്പൽ ഡിക്രിയിൽ സുഭഗസ്മരണാർഹനായ പീയൂസ് പതിനൊന്നാമൻ "തൻെറ പല സംഘടനകളുംവഴി ദിവ്യകാരുണ്യകോൺഗ്രസ്സിൻെറ ഉത്ഭവത്തിനും ഉന്നമനത്തിനും വഴിതെളിച്ച" എന്ന് ഏമാർഡച്ചനെപ്പററി പറഞ്ഞിരിക്കുന്ന ഭാഗം വിസ്മരിക്കത്തക്കതല്ല. പരിശുദ്ധ മാപ്പാപ്പാമാരാൽ ആദരിക്കപ്പെടുന്നതും, അനുഗ്രഹിക്കപ്പെടുന്നതും, പ്രശംസിക്കപ്പെടുന്നതുമായ ഈ പരമപ്രകടനങ്ങളുടെ ഒരു സ്ഥാപകനായിരുന്നു ഏമാർഡച്ചൻ. ഇതിൻെറ പ്രവത്തനത്തിനായി ആദ്യം ഇറങ്ങിപ്പുറപ്പെട്ട മിസ്സ് തമീസിയർ പോലും, അദ്ദേഹത്തിനു വളരെ കടപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിൻെറ ആത്മീയസുതയായി അവർ നാലു സംവത്സരങ്ങളോളം കഴിക്കുകയുണ്ടായി. ക്രിസ്തുവിൻെറ ദിവ്യകാരുണ്യംവഴിയുള്ള ഭരണത്തെ സംബന്ധിച്ച പ്രഥമചിന്തകൾ അവളിൽ ഉത്ഭൂതമായതു് ഏമാർഡച്ചൻെറ വിദ്യാലയത്തിൽ

വച്ചായിരുന്നു. സാക്ഷാൽ ദൈവവിളി മനസ്സിലായി എന്ന പൂർണ്ണബോധത്തോടെ ദിവ്യകാരുണ്യദാസികളുടെ കൂടെ കുറെ ക്കാലം അവൾ വസിച്ചു. ഏമാർഡച്ചന്റെ ഉപദേശങ്ങളാലും, പ്രോത്സാഹനത്താലും അവൾ അവിടത്തെ സമാധാനപരമായ അശ്രമമുറികളെ ഉപേക്ഷിച്ചിട്ടു ഒരു ദിവ്യകാരുണ്യദാസിയാ യിത്തീൎന്നു. അതേ, അവൾ ദിവ്യകാരുണ്യകോൺഗ്രസ്സുകളുടെ അപ്പസ്തോലയായിത്തീൎന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിലും അവയുടെ ഫലം ദൃശ്യമാകയും ചെയ്തു.

# പന്ത്രണ്ടാം അദ്ധ്യായം.

## അൽമായസംഘങ്ങൾ.

സാഹചര്യങ്ങളുടെ സമ്മർദ്ദനത്താൽ ഇളംപ്രായത്തിൽത്ത ന്നെ ശക്തിക്കതീതമായ ജോലികൾ ചെയ്യുവാൻ നിർബന്ധി തരായ കുട്ടികളുടെയൊ, ദൈവത്തിന്റെ പുരോഹിതന്മാരു ടെയൊ ഗണത്തിൽപ്പെടാതെ ഒരു നല്ല വിഭാഗം വിശ്വാസിക ളുണ്ട്. വിശ്വാസികളുടെ ഈ ഗണത്തെ ഉപേക്ഷിക്കുന്നതിന് ഏമാർഡച്ചന്റെ ആത്മീയതീക്ഷ്ണത അനുവദിച്ചില്ല. ദിവ്യകാ രുണ്യഭക്തി അതർഹിക്കുന്ന ബഹുമാന്യ സ്ഥാനത്തിലേയ്ക്കു പുന സ്ഥാപിക്കപ്പെട്ടാൽ മാത്രമെ ദൈവത്തിന്റെ ഭരണം മനുഷ്യ രുടെമേൽ സംസ്ഥാപിതമാകയുള്ളുവെന്ന് അദ്ദേഹത്തിനറിയാ മായിരുന്നു. ദിവ്യകാരുണ്യഭക്തി വിശ്വാസികളിൽ ഉജ്ജ്വലി പ്പിക്കുക എന്നതാണ് ഇതിനുള്ള ഉപാധി എന്നും അദ്ദേഹം ശരിയായി മനസ്സിലാക്കി. ഈ ഉദ്ദേശ്യത്തോടുകൂടി അദ്ദേഹം അൽമായരുടെ ദിവ്യകാരുണ്യസഖ്യം സ്ഥാപിച്ചു. ദിവ്യകാരു ണ്യസഭാംഗങ്ങളോടുചേൎന്നു വിശുദ്ധ കുർബാനയെ ആരാധിക്കു ന്നതിനും ശുശ്രൂഷിക്കുന്നതിനുമായി വിശ്വാസത്താലും ഉപവി

യാലും അലംകൃതരായ വിശ്വാസികളെ — അതേ, മനസ്സും തീക്ഷ്ണതയുമുള്ള ആരാധകരെ — സംഘടിപ്പിക്കുക എന്നതായിരുന്നു ഈ സംഘടനയുടെ മുഖ്യോദ്ദേശ്യം. ഒൻപതാംപീയൂസ് മാർപ്പാപ്പാ നിരവധി ദണ്ഡവിമോചനങ്ങളാൽ ഈ സഖ്യത്തെ അനുഗ്രഹിച്ചിട്ടുണ്ട്. അംഗങ്ങൾ അനുഷ്ഠിക്കേണ്ടിയിരുന്ന സാമൂഹ്യകൃത്യങ്ങൾ വളരെ കുറവായിരുന്നു. ഏമാർഡച്ചന്റെ അഭിപ്രായത്തിൽ, വെറും ബാഹ്യാചാരങ്ങളുടെ ബാഹുല്യത്തിലല്ല, പ്രത്യുത, ചൈതന്യപ്രദമായ സന്മനസ്സിനെയാണ സംഘടനയുടെ സാഫല്യവും, സാർവ്വലൗകികമായ വിജയവും ആശ്രയിച്ചിരിക്കുന്നതു്. അവരുടെ ചുമതലകൾ ഏതാണ്ട് ഇങ്ങനെ സംഗ്രഹിക്കാം.

ഓരോ അംഗവും മാസത്തിൽ ഒരു മണിക്കൂർ വിശുദ്ധ കുർബാനയെ ആരാധിക്കുന്നതിനു വിനിയോഗിച്ചുകൊള്ളാമെന്നു പ്രതിജ്ഞ ചെയ്യുക. ഇതു് അയാളുടെ വ്യക്തിപരമായ കടമയാണ്.

കൂടാതെ, തീക്ഷ്ണത നശിക്കാതിരിക്കാനായി ദിവ്യകാരുണ്യത്തോട്ട് അനുബന്ധിച്ചുള്ള ഏതെങ്കിലും ജോലിയിൽ വ്യാപൃതനായിരിക്കുക. അല്ലാത്തപക്ഷം വ്യാപൃതരായിരിക്കുന്നവരെ ഹൃദയപൂർവ്വം സഹായിക്കുക. ഉദാഹരണമായി, അൽത്താര ശുശ്രൂഷികൾക്കു്, ദിവ്യകാരുണ്യത്തിനുചിതവും, പരമവുമായ ആരാധന നല്കുന്നതിനു സഹായിക്കുന്ന ഒരുത്തമസേവകനെ അദ്ദേഹത്തിൽ ദർശിക്കുവാൻ കഴിയും.

ഇതിലുമുപരിയായി, രോഗികളുടെ ദിവ്യകാരുണ്യസ്വീകരണത്തെ കൂടുതൽ പൂജനീയവും ബഹുമാന്യവുമാക്കിത്തീർക്കുന്നതിനും, പ്രസ്തുതാവസരങ്ങളിൽ വൈദികനെ അനുഗമിച്ച് അവിടുത്തോടുള്ള സ്നേഹവും, അങ്ങയിലുള്ള വിശ്വാസവും പ്രകടമാക്കുന്നതിനും സാധിക്കും. വിശുദ്ധ കുർബാനയുടെ വാഴ്വ്സമയത്ത് ഈശോയിൽനിന്നു ദിവ്യാനുഗ്രഹങ്ങൾ പ്രാപിക്കുന്നതിലേയ്ക്കു് അവിടുത്തെ മുൻപിൽ സഖ്യാംഗം അഞ്ജലീബദ്ധനായി മുട്ടിന്മേൽ നിൽക്കുന്നതായി കാണാം. അതേ, ദിവ്യകാരുണ്യരാജനു് ഏതെങ്കിലും വിധത്തിൽ എപ്പോഴെങ്കിലും വണക്കം നല്കുവാൻ സാധിക്കുമോ ആ സാഹചര്യങ്ങ

ളിലൊക്കെയും ഈ സംഘാംഗങ്ങൾ അവിടുത്തെ അകമ്പടി സേവിക്കുന്നു. ദിവ്യകാരുണ്യസേവകനാണയാൾ. ഈ ബോധം അയാളുടെ സകല ചെയ്തികളിലും തെളിഞ്ഞുകാണുന്നു. ശരിയായി മനസ്സിലാക്കിക്കഴിഞ്ഞാൽ അയാളുടെ ശ്രമം അനിതരസാധാരണമായ ഫലം പുറപ്പെടുവിക്കുന്നു.

## II

വ്യക്തിപരമായ സേവനത്താലും പ്രാർത്ഥനാലയത്തിന്റെ സംശുദ്ധമായ ക്രമീകരണത്തിനായിട്ടുള്ള ഉദാരമായ ധനസഹായത്താലും, ഈശോരാജനു സേവനമനുഷ്ഠിക്കുന്നവരായ ദിവ്യകാരുണ്യവാരസംഘങ്ങളിലെ അംഗങ്ങളുടെ സംഖ്യ മാർസെയിൽസ്, ആൻഗർസ്, ബ്രസ്സൽസ് എന്നീ സ്ഥലങ്ങളിൽ വർദ്ധിച്ചുവരുന്നതു കാണുവാനുള്ള ഭാഗ്യം ഫാദർ ഏമാർഡിനുണ്ടായി. ദിവ്യകാരുണ്യാരാധനയിൽ രാപകൽ ദൈഹികമായി സന്നിഹിതരാകാൻ നിവൃത്തിയില്ലാത്തവർ, അൾത്താരയിലെ കെടാവിളക്കിന് ആവശ്യമായ ചെലവു വഹിച്ചിരുന്നു. ഈ കാഴ്ചകൾ മൂലം അവർ അവിടെ സന്നിഹിതരായിരിക്കുന്നു. മാത്രമല്ല, അവിടുത്തെ ചുറ്റും പുഷ്പങ്ങൾ നിർല്ലോഭമായി വിതറുകയും ചെയ്യുന്നു. സൃഷ്ടവസ്തുക്കളെല്ലാം സ്രഷ്ടാവിന്റെ മുൻപിൽ നമസ്കരിക്കേണ്ടതും അവിടുത്തെ മഹത്വങ്ങളെ പാടി സ്തുതിക്കേണ്ടതുമാണല്ലോ. സ്ഥലകാലവ്യത്യാസം പരിഗണിക്കാതെയുള്ള ഈ സുഭിക്ഷത്തിൽ കാണികൾ വിസ്മയഭരിതരായിത്തീർന്നിട്ടുണ്ട്. ദിവ്യനാഥനെ സ്നേഹിക്കുന്നതിനും സേവിക്കുന്നതിനുമുള്ള ആഗ്രഹത്തിന്റേയും സജീവവിശ്വാസത്തിന്റേയും ഈ പ്രകടനത്തിൽ കാണികൾ എത്രയോ പ്രാവശ്യം അത്ഭുതപരതന്ത്രരായി തീർന്നിരിക്കുന്നു.

ഈ സുഭിക്ഷത, പ്രമാണരഹിതമായ പാഴ്ചെലവായി പരിഗണിക്കുന്ന ഫരിസേയരുണ്ടായിരിക്കാം. ഇപ്രകാരം ചെലവാക്കുന്ന പണം കൂടുതൽ ഉപകാരപ്രദമായ വിധത്തിൽ ഉപയോഗിക്കപ്പെടാമെന്നായിരിക്കും ഇവരുടെ വാദം. ഏമാർഡച്ചന് ഇതിനും വിദഗ്ദ്ധമായ മറുപടി കൊടുക്കുന്നതിനുണ്ടായിരുന്നു.

"ദിവ്യകാരുണ്യഈശോ രാജാവാകുന്നു; അവിടുന്നു ജീവിക്കുകയും ചെയ്യുന്നു; മരിച്ചല്ല ദിവ്യസക്രാരിയിൽ പള്ളികൊള്ളുന്നതു്. അതുകൊണ്ടു രാജകീയവും സജീവവുമായ ഒരു ആരാധന അവിടുത്തേയ്ക്കു നല്കുക എത്രയും സമുചിതമാണു്. ഒരു രാജാവു് തെരുവിൽക്കൂടി പോകുമ്പോൾ, യാതൊരുവനും ജയശബ്ദം മുഴക്കി അദ്ദേഹത്തെ സ്വീകരിച്ചില്ലെങ്കിൽ, അയാൾ രാജാവാണെന്നു നിങ്ങൾ പറയുമോ? അയാൾ വിശ്രുതനായ ഒരപരിചിതനായി കരുതപ്പെട്ടും."

"നമ്മുടെ നാഥനും രാജാവുമായ ഈശോ ഇതാ വിശുദ്ധ കുർബാനയിൽ സന്നിഹിതനായിരിക്കുന്നു. അവിടുന്നു് അർഹിക്കുന്ന പരസ്യാരാധന അവിടുത്തേയ്ക്കു നൽകേണ്ടതല്ലയോ?"

ലോകത്തെ പൊതുവായി വീക്ഷിച്ചുകൊണ്ടു് അദ്ദേഹം തുടരുന്നു: "ദൈവാലയങ്ങൾക്കു കൊടുക്കുന്ന സംഭാവനകളെപ്പോലെ ഒരു ജനതതിയുടെ വിശ്വാസത്തെ പ്രഖ്യാപനം ചെയ്യുന്ന മറെറാന്നില്ല. ഇററലിയും സ്പെയിനും ഈ സജീവവിശ്വാസത്തിനു തെളിവു നല്കുന്നുണ്ടു്. ജാൻസനിസത്തിൻെറ ഘോരാക്രമണങ്ങളാൽ ഫ്രാൻസിൻെറ വിശ്വാസം ക്ഷയോന്മുഖമായിരിക്കുന്നെങ്കിലും അതു പുനർജ്ജീവിക്കും. ആന്തരികമായി നില്ക്കുന്നു എന്നു പറയപ്പെടുന്നതും, ദിവ്യനാഥനു നല്കപ്പെടുന്ന ദാനങ്ങളെ ഉപയോഗശൂന്യമെന്നു ഗണിക്കുന്നതുമായ ഒരു വിശ്വാസം പ്രോട്ടസ്റ്റൻറുസഭയിൽ മലിനീകൃതമായിട്ടുള്ളതാകുന്നു."

"നാം ദരിദ്രർക്കു ദാനം ചെയ്യേണ്ടയോ? ദിവ്യകാരുണ്യനാഥനാണു ദരിദ്രരിൽ ദരിദ്രൻ. നാം എന്തുമാത്രം അവിടുത്തോടു് ഔദാര്യമുള്ളവരായിരിക്കുമോ അത്രയ്ക്കു കൃതജ്ഞരായിരിക്കും അവിടുത്തെ മൗതികശരീരമായ സഭയുടെ അംഗങ്ങളായ ദരിദ്രലക്ഷങ്ങൾ നമ്മുടെ വിശാലമനസ്ഥതമൂലം അനുഭവിക്കുന്ന ഗുണഗണങ്ങൾ."

ഇപ്രകാരമായിരുന്നു അജ്ഞരും കുടിലബുദ്ധികളുമായ നിരൂപകന്മാരോടു് ഈ ദൈവദാസനു പറയുവാനുണ്ടായിരുന്നതു്. എന്നാൽ സ്നേഹഭാജനങ്ങളോടുള്ള അദ്ദേഹത്തിൻെറ ഭാഷണം വ്യത്യസ്തരീതിയിലായിരുന്നു: "ദിവ്യനാഥനു ദാനം

ചെയ്യുകയെന്നുള്ളത് ഒരുവൻെറ ഹൃദയത്തിന് ഒരു ബഹുമാന മായിരിക്കുന്നു; ഒരാശ്വാസമായിരിക്കുന്നു; ഒരു ആവശ്യമായി രിക്കുന്നു. രാജാവിനു കാഴ്ചകൾ സമർപ്പിക്കുക എന്ന ബഹുമതി എല്ലാവർക്കും ലഭ്യമല്ല. നമ്മെക്കാൾ ബഹുമാന്യനായ ആൾ നമുക്കു പരിചിതനാണെങ്കിൽ മാത്രമേ നാം അതിനു തുനിയുക യുള്ളൂ. നമ്മുടെ ദിവ്യനാഥനാകട്ടെ നമുക്ക് എപ്പോഴും കാഴ്ച കൾ സമർപ്പിക്കാം. വിധവയുടെ ചില്ലിക്കാശും, സമ്പന്നൻെറ തങ്കക്കാശും അവിടുന്ന് ഒന്നുപോലെ സ്വീകരിക്കുന്നു. അതു നമുക്ക് എത്രയോ ബഹുമാനകരം! "ദൈവംതന്നെയാണ് എൻെറ പ്രയത്നഫലത്തിലും, അപ്പത്തിലും, സമ്പാദ്യത്തിലും എല്ലാം പങ്കുകാരൻ" എന്നു പറയുവാൻ സാധിക്കുന്നത് ഒരു സ്നേഹമുള്ള ആത്മാവിന് എത്ര ആശ്വാസകരമായിരിക്കുന്നു!"

"നിങ്ങളുടെ കാഴ്ചകളില്ലാതെ, നിങ്ങൾ നല്കുന്ന സംഭാ വനകളില്ലാതെ, നിങ്ങളുടെ മനോഹരങ്ങളായ വിളക്കുകളി ല്ലാതെ, നമ്മുടെ ദിവ്യനാഥൻ ഒരിക്കലും ദിവ്യസക്രാരിയിൽ നിന്നു പുറത്തു വരുന്നില്ല. നിങ്ങളുടെ ഔദാര്യം നിത്യമായ പരസ്യാരാധന സാധിതപ്രായമാക്കുന്നു. അതിനാൽ അവിടു ത്തോടു പറയുക:— "നാഥാ, ഞങ്ങളുടെ ഉദാരഹൃദയങ്ങളിലെ ആഡംബരസമ്പൂർണ്ണമായ അത്യുന്നതസിംഹാസനങ്ങളിൽ അവി ടുന്നു വസിച്ചാലും." "ഞാൻ ദിവ്യനാഥനു കൊടുത്തു"വെന്നു പലപ്പോഴും പറയുവാനുള്ള ആശ്വാസസംദായകമായ ഭാഗ്യം നിനക്കുണ്ടായിരിക്കട്ടെ."

## III

ദിവ്യകാരുണ്യനാഥൻെറ ഭരണം ലോകമെങ്ങും സംസ്ഥാ പിതമാക്കുന്നതിനുള്ള ആഗ്രഹം താൻ സ്ഥാപിച്ച വിവിധ സംഘങ്ങളിലേ അംഗങ്ങളുടെ ശുഷ്കാന്തിയിലാണു ഫാദർ ഏമാർഡ് നിക്ഷേപിച്ചിരുന്നത്. ഇതെപ്പററിയുള്ള അദ്ദേഹ ത്തിൻെറ ആദർശം ഇങ്ങനെയായിരുന്നു.

"മനുഷ്യരിൽ ഭൂരിഭാഗവും സ്വാർത്ഥമാത്രപ്രസക്തരാണ്. വ്യക്തിപരമായ ആദർശങ്ങളെ മാററിവച്ച്, നമ്മുടെ കർത്താ

വിനെ പ്രസാദിപ്പിക്കണമെന്നുള്ള ദിവ്യാകാംക്ഷയാൽ പ്രേരിതരായി, പുണ്യാഭ്യാസങ്ങളിൽ ക്രമപ്രവൃദ്ധമായി അഭിവൃദ്ധിപ്പെടുവാൻ അവരെ പഠിപ്പിക്കണം. അങ്ങനെ ചെയ്താൽ അവരുടെ കർത്തവ്യകർമ്മനിർവ്വഹണത്തിനു ശക്തിയും, ജീവനും, പ്രോത്സാഹനവും പ്രദാനംചെയ്യുകയായിരിക്കും നാം ചെയ്യുന്നത്. അവരുടെ ജീവിതത്തെ അവിടുന്നു നയിച്ചുകൊള്ളും. എന്തുകൊണ്ടെന്നാൽ അവർ അവിടുത്തെ നിയന്ത്രണത്തിലും അവിടുത്തേയ്ക്കു വേണ്ടിയുമായിരിക്കും പ്രവർത്തിക്കുന്നത്."

അദ്ദേഹം തുടർന്നുപറയുന്നു: "സ്നേഹനാഥനായ അവിടുത്തെപ്പോലെ മനുഷ്യനും സ്നേഹമാകുന്നു. അവൻെറ സ്നേഹം അവൻെറ ജീവൻ ആകുന്നു. അവൻ തന്നെത്തന്നെ സ്നേഹിക്കുന്നെങ്കിൽ അവൻ സ്വാർത്ഥതൽപരനാണ്; ലോകത്തെ അമിതമായി സ്നേഹിക്കുന്നെങ്കിൽ അവൻ ദുർവൃത്തനാണ്. ദൈവത്തെ സ്നേഹിക്കുമ്പോൾ മാത്രമേ അവൻ നല്ലവനും സൗഭാഗ്യവാനും ആകുന്നുള്ളു."

എല്ലാ സ്നേഹത്തിനും ഒരു ഉത്ഭവസ്ഥാനവും, അടിസ്ഥാനവും അന്ത്യവും ഉണ്ടായിരിക്കുന്നതുപോലെ, ആരാധകൻെറ ജീവൻെറ ഉത്പത്തിസ്ഥാനവും, അടിസ്ഥാനവും, അന്ത്യവും, ദിവ്യകാരുണ്യ ഈശോതന്നെ ആയിരിക്കുന്നു. കർത്തവ്യനിർവഹണത്താലും, ദുരാശകളോടുള്ള നിരന്തരപോരാട്ടത്താലും മാത്രമേ ക്രിസ്തീയപരിപൂർണ്ണത പ്രാപിക്കാൻ സാധിക്കുകയുള്ളുവെന്നതു ശരിതന്നെ. എന്നാൽ ഈ മാർഗ്ഗങ്ങൾ ഒരുമാതിരി കച്ചവടസമ്പ്രദായത്തിലുള്ളതാണ്. എന്തുകൊണ്ടെന്നാൽ അതുപയോഗിക്കുന്നവർ ലാഭനഷ്ടങ്ങളെ എപ്പോഴും പരിഗണിച്ചുകൊണ്ടിരിക്കും. നാം പ്രാപിക്കണമെന്നാഗ്രഹിക്കുന്ന പുണ്യങ്ങളെപ്പററി മാത്രം ചിന്തിച്ചുകൊണ്ടു നാം ജീവിച്ചെന്നുവരും. ഇപ്രകാരം പുരോഗമനരഹിതരായി നാം നില്ക്കുന്നതിനാൽ നമ്മുടെ ജീവിതം വളർച്ചയോ ആത്മീയസ്വാതന്ത്ര്യമോ ഇല്ലാത്തതായി സ്ഥിതിചെയ്യുന്നു.

"തപസ്സിലോ, എളിമയിലോ, മററു് ഏതെങ്കിലും പുണ്യത്തിലോതന്നെ നിലനില്ക്കുന്നതിനു ദിവ്യരക്ഷകൻ നമ്മോട് ആവശ്യപ്പെട്ടിട്ടില്ല. ഒരു പുണ്യത്തിൽത്തന്നെ നിലനില്ക്കുന്ന

ഒരുവൻ ഏതാണ്ട് ഒരു കാരാഗൃഹവാസിയെപ്പോലെയാണ്. പരിശുദ്ധമായ സ്നേഹത്തിൻെറ സ്വാതന്ത്ര്യം അവനു നഷ്ടപ്പെടുന്നു. എളിമയും തപസ്സും പ്രകൃത്യാതന്നെ അനാകർഷകങ്ങളാണല്ലോ."

"ഈശോയാകട്ടെ, തൻെറ ദിവ്യസ്നേഹത്തിൽ വസിച്ചുകൊണ്ടു ദൈവപ്രമാണങ്ങളെ അനുസരിക്കുവാൻ കല്പിക്കുന്നു." "എൻെറ സ്നേഹത്തിൽ വസിക്കുക. ഞാൻ എൻെറ പിതാവിൻെറ പ്രമാണങ്ങളെ അനുസരിച്ച് അവിടുത്തെ സ്നേഹത്തിൽ വസിക്കുന്നതുപോലെ നിങ്ങളും എൻെറ പ്രമാണങ്ങളെ കാത്തുകൊണ്ട് എൻെറ സ്നേഹത്തിൽ വസിപ്പിൻ" എന്നാണ് അവിടുന്നു കല്പിക്കുന്നത്.

സ്നേഹപൂർണ്ണമായ ഒരു ജീവിതം! ....... ലോകത്തിനും തന്നിക്കുതന്നെയും മരിച്ചവനായി, പൂർണ്ണത പ്രാപിച്ചവർക്കു മാത്രമുള്ള ഒരു അവകാശമായി ഇതിനെ കരുതുന്നവർക്കു ഭയം ജനിപ്പിക്കുന്ന ഒരു പ്രസ്താവനയാണിത്.

ഫാദർ ഏമാർഡ് തുടരുന്നു. "അങ്ങനെയല്ല. നിങ്ങൾ പുണ്യസോപാനത്തിൻെറ കവാടത്തിലേയ്ക്ക് എത്തിനോക്കുക മാത്രം ചെയ്തിട്ടുള്ളവരായിരിക്കാം; പുണ്യവഴിയിൽ അഥവാ സുകൃതസരണിയിൽ കുറേദൂരം സഞ്ചരിച്ചിട്ടുള്ളവരാകാം; ഏതായാലും എല്ലാവരും സ്നേഹസമ്പൂർണ്ണമായ ഒരു പാവനജീവിതം നയിക്കുവാൻ നിർബന്ധരത്രേ. നമ്മുടെ ദൈവവിളിക്കനുസരണമായും പ്രസാദവരത്തിൻെറ പ്രേരണകൾക്കു വശംവദരായും ജീവിക്കുക എന്നു മാത്രമേ ഇതുകൊണ്ടു മനസ്സിലാക്കേണ്ടതുള്ളൂ. ഈ പ്രസാദവരം ഏതൊരു ക്രിസ്ത്യാനിക്കും സുപ്രാപമാണല്ലോ. ഹൃദയത്തിന്മേൽ സ്നേഹത്തിനുള്ള ശക്തി അപരിമിതവും, അതിൻെറ വശീകരണശക്തി അപ്രതിഹതവുമത്രേ.

"മാമ്മോദീസായിൽ ഒരു അവകാശിയുടേയും ദൈവസുതൻേറയും സ്ഥാനം നമുക്കു ലഭിച്ചിരിക്കുന്നു. ഇതാണു ക്രിസ്തീയസ്വഭാവത്തിൻെറ അസ്ഥിവാരം. ഒരു ശിശുവിൻെറ പരിശീലനവേളയിൽ മാതാവിനു തൻെറ ലാളനകളാൽ അതിൻെറ സ്നേഹത്തെ തട്ടിയുണർത്തണമെന്നല്ലാതെ വേറെ

ഒരു വിചാരവുമില്ല. ഇതുപോലെതന്നെ ക്രിസ്തീയവിദ്യാഭ്യാസവും, ആത്മപാലനയും എല്ലാം ഈ ഉപവിയെ പരിപോഷിപ്പിക്കുന്നതിനും ഉത്തേജിപ്പിക്കുന്നതിനും ആയിരിക്കട്ടെ.

"കൂടാതെ സ്നേഹം നമ്മുടെ ഹൃദയാഭിലാഷങ്ങളെ അനുവർത്തിക്കുകയാണു ചെയ്യുന്നത്."

"സ്രഷ്ടാവിനെപ്പോലെ മനുഷ്യനും മുഖ്യമായി സ്നേഹമാകുന്നു. ഈ സ്നേഹം മന്ദീഭവിച്ചതും ദൂഷിച്ചതുമായിരിക്കാം; എന്നാലും അതു പുനരുജ്ജീവിപ്പിക്കപ്പെടുവാൻ പ്രാപ്തമായതാകുന്നു.

തന്നെയുമല്ല, നമ്മുടെ നേരേയുള്ള ദൈവത്തിൻെറ പ്രവർത്തനങ്ങൾ എല്ലാംതന്നെ സ്നേഹത്താൽ മുദ്രിതങ്ങളാണ്. അങ്ങനെയെങ്കിൽ അവിടുത്തേയ്ക്കുവേണ്ടിയുള്ള നമ്മുടെ ഓരോ പ്രവൃത്തിയും സ്നേഹത്താൽ പ്രചോദിതമായിരിക്കേണ്ടതല്ലേ?"

ഫാദർ എമാർഡ് ഈ മൗലികതത്ത്വത്തിനു വലുതായ പ്രാധാന്യം നല്കി. "ദൈവത്തിൻെറ സ്നേഹത്തിനല്ലാതെ മറെറാരു ഗുണവിശേഷത്തിനും മനുഷ്യമനസ്സിനു സമാധാനമേകുവാൻ സാധിക്കുകയില്ല. അവിടുത്തെ പ്രാഭവത്തിൽ നാം ഭയചകിതരാകുന്നു. അവിടുത്തെ പരിശുദ്ധിയിൽ നാം ലജ്ജിച്ചു തലകുനിക്കുന്നു. അവിടുത്തെ സ്നേഹത്തെ അതിശയിക്കുവാൻ മറെറന്താണുള്ളത്? അത് ഒരു ദൈവത്തെ മനുഷ്യനായി ചമയുന്നതിനു പ്രേരിപ്പിക്കുന്നു. ഈ സ്നേഹം നമ്മെ അവിടുത്തെ പക്കലേയ്ക്കു സമാകർഷിക്കുന്നു. ഇത്രയുമോ? ദൈവം തൻെറ സ്നേഹത്താൽ ഈ എളിയ രൂപത്തിൽ എഴുന്നള്ളിയപ്പോൾ മാത്രമേ മനുഷ്യന് അവിടുത്തെ സമീപിക്കുന്നതിനും അവിടുത്തോട് ഏകീഭവിക്കുന്നതിനും പ്രാപ്തി ഉണ്ടായുള്ളൂ. അവിടുത്തെ തൻെറ സ്വന്തമായിട്ടും ഒരു സഹോദരനായിട്ടും കരുതുന്നതിന് അപ്പോൾ മാത്രമാണ് അവനു സാധിച്ചത്."

സീമാതിരിക്തമാംവിധം ദൈവം തന്നെ സ്നേഹിക്കുന്നുവെന്നും, വിശുദ്ധ കുർബാനയിൽ, മനുഷ്യരാൽ സ്നേഹിക്കപ്പെടുന്നതിനുവേണ്ടി മാത്രമാണ് അവിടുന്നു സന്നിഹിതനായിരിക്കുന്നതെന്നും വിശ്വസിക്കുന്ന ഒരു സഖ്യാംഗം തൻെറ ദൈവ

ത്തിൻെറ ആഗ്രഹങ്ങൾക്കു വിധേയനായിത്തീരുന്നു. തന്നെയു മല്ല, വി. പൗലോസിനോടുകൂടി അയാൾ ഇങ്ങനെ ഉദ്ഘോ ഷിക്കും: "അവിടുന്ന് എന്നെ സ്നേഹിച്ചു; എന്നെ സ്നേഹിക്കുന്നു; ഇതിൻെറ ലക്ഷ്യമായി അവിടുത്തെ മുഴുവനായി എനിക്കു നല്കിയിരിക്കുന്നു. ഞാൻ അവിടുത്തോടു പ്രതിസ്നേഹം കാണിക്കും."

സ്നേഹത്തിനു പകരം സ്നേഹം പ്രദർശിപ്പിക്കുക എന്ന ചിന്തയായിരിക്കും അയാളെ (സഖ്യാംഗത്തെ) നയിക്കുന്നത്. സ്വാത്ഥത്തെ പരിത്യജിച്ച്, സ്വയപരിത്യാഗങ്ങളെ പരിഗ ണിക്കാതെ കത്താവിൻെറ വേലയിൽ അയാൾ വ്യാപൃതനായി രിക്കും. ദിവ്യനാഥനെ പ്രസാദിപ്പിക്കുക എന്നതായിരിക്കും അയാളുടെ ഏകാഭിലാഷം. "എൻെറ മകനേ, വളരെ ഉപ കാരം" എന്ന ദിവ്യനാഥൻെറ ഹൃദയംഗമമായ വചനങ്ങൾ തൻെറ അന്തരംഗത്തിൽ ശ്രവിക്കുക എന്നതായിരിക്കും അയാ ളുടെ സമ്മാനം.

അവിടുത്തെ പ്രസാദിപ്പിക്കണം എന്ന ഹൃദയത്തിൻെറ സ്വാഭാവികാഗ്രഹം ഒരുവൻെറ ജീവിതപരിവത്തനത്തിന് എല്ലാപ്രകാരം ഉപകരിക്കുമെന്ന് ഊഹിക്കയാണുത്തമം.

ഫാദർ ഏമാർഡ് തുടന്നു പ്രസ്താവിക്കുന്നു: "പരിത്യാഗ പ്രവൃത്തികൾക്കുള്ള അവസരം ലഭിക്കുമ്പോൾ ദിവ്യനാഥസവി ധത്തിലേയ്ക്കു നമ്മുടെ ആത്മീയനേത്രങ്ങളെ തിരിച്ചുകൊണ്ട്, ഈശോയേ, അവിടുന്ന് എന്നെ എത്രമാത്രം സ്നേഹിക്കുന്നു; അവിടുത്തെ സ്നേഹത്തെ ക്ഷതപ്പെടുത്തുന്നതിനെക്കാൾ ഈ പരിത്യാഗപ്രവൃത്തി ചെയ്യുവാൻ — ഈ നഷ്ടം സഹിക്കുവാൻ — ഞാൻ ആഗ്രഹിക്കുന്നു; അവിടുത്തെ നേക്കുള്ള എൻെറ അല്പമായ സ്നേഹത്തെ പ്രദർശിപ്പിക്കുവാൻ ഈ സഹനത്തെ എത്രയും നിസ്സാരമായി ഞാൻ കരുതുന്നു" എന്നു പറയാം.

"പരിത്യാഗത്തെ ഇപ്രകാരം മഹാമനസ്കതയോടുകൂടി സ്വീകരിച്ചാൽ അത് അത്ര ഭാരമുള്ളതായി തോന്നുകയില്ല. സ്നേഹപരമായ ജീവിതം പരിത്യാഗസംപൂണ്ണമായിരിക്കും. അതിനാൽ ഈ വിശാലമനസ്കത അനുപേക്ഷണീയമാണ്. എൻെറ ഈശോയേ, അങ്ങയെ ഞാൻ ഹൃദയംഗമമായി

സ്നേഹിക്കുന്നുവെന്നു പലപ്പോഴും ആവർത്തിക്കുന്നതു വളരെ ഉപകാരപ്രദമായിരിക്കും. നിദ്രാധീനനായി ശയ്യയെ അവലംബിക്കുമ്പോഴും സ്നേഹമസൃണങ്ങളായ ഈ വാക്കുകളെ നിങ്ങൾ ഹൃദയത്തിൽ ആവർത്തിച്ചുകൊണ്ടിരിക്കുക."

എന്നാൽ സ്നേഹത്തിൻെറ പൂർണ്ണത എന്തിലാണടങ്ങിയിരിക്കുന്നതു്? സ്നേഹം പ്രവൃത്തിയിൽ പ്രത്യക്ഷമാവണം. നിങ്ങൾ പ്രമാണങ്ങളെ അനുസരിക്കുന്നുണ്ടോ? വിശുദ്ധിയിൽ നിങ്ങൾക്കു പുരോഗതിയുണ്ടോ? എന്നാൽ നിങ്ങൾക്കു് ഉപവിയുണ്ടു് എന്നു് അനുമാനിക്കാം. സ്വാത്മതയോടുള്ള നിരന്തരപോരാട്ടമാണു ദൈവസ്നേഹം നമ്മിലുണ്ടെന്നുള്ളതിൻെറ പ്രത്യക്ഷ ലക്ഷണം. പാപങ്ങളെയും പാപവഴികളെയും എതിർക്കുന്നതുകൊണ്ടു മാത്രം അതു തൃപ്തിയടയുന്നില്ല. സ്വയാർപ്പണത്തിലും പരിത്യാഗപ്രവൃത്തികളിലും അധിഷ്ഠിതമായിരിക്കും അവൻെറ വിശുദ്ധി. ഇപ്രകാരം സ്വാത്മത്തിൽനിന്നും പൂർണ്ണമായി സ്വതന്ത്രരാകാവുന്നതാണു്.

## IV

ക്രിസ്തുവിൽ ജീവിക്കണമെന്നാഗ്രഹിക്കുന്നവർ അവിടുത്തെ മാംസം ഭക്ഷിക്കണം. അവിടുത്തെ പ്രമാണങ്ങളെ അനുസരിക്കണമെന്നാഗ്രഹിക്കുന്നവർ അവിടുത്തെ സ്നേഹത്തിൽ വസിക്കണം. ഇതിനെ പുഷ്ടിപ്പെടുത്തുന്നതു ദിവ്യകാരുണ്യമാണു്. എന്തുകൊണ്ടെന്നാൽ സ്നേഹദ്യോതകമായ ജീവിതത്തിൻെറ അന്ത്യവും, സമ്മാനവും അതുതന്നെയാകുന്നു. ചുരുക്കത്തിൽ ദിവ്യകാരുണ്യസംഘാംഗങ്ങളായ അൽമേനികളുടെ ഓരോ പ്രവൃത്തിയും ദിവ്യകാരുണ്യത്തിൽ കേന്ദ്രീകൃതമായിരിക്കണം.

ഈ വിഷയത്തെപ്പററി ഫാദർ ഏമാർഡ് പലപ്പോഴും വിശദമായി പ്രതിപാദിച്ചിട്ടുണ്ടു്. ഈ പ്രതിപാദനങ്ങളുടെ ഒരു ഭാഗം "ദിവ്യകാരുണ്യസ്വീകരണം" എന്ന പേരിൽ ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകൃതമായിട്ടുണ്ടു് എന്നുള്ളതും ഇത്തരുണത്തിൽ സ്മർത്തവ്യമാണു്. വിശുദ്ധ കർബാനയെ അതിൻെറ എല്ലാ വശങ്ങളിൽക്കൂടിയും അദ്ദേഹം വീക്ഷിച്ചു. അതിൽ

നമ്മുടെ പ്രതിപാദനവിഷയത്തെ സ്പർശിക്കുന്ന വാക്കുകളെ പ്പററി മാത്രം നമുക്കു പര്യാലോചിക്കാം.

ഈ ദിവ്യപ്രവൎത്തനത്തിൻെറ പ്രാധാന്യത്തെ പ്രസ്പഷ്ട മാക്കുന്നതിന് അദ്ദേഹം പറയുമായിരുന്നു, ദിവ്യകാരുണ്യ നാഥനെ സ്വീകരിക്കുന്നതിനു സമുചിതമായി ഒരുങ്ങുക എന്ന്. എന്തുകൊണ്ടെന്നാൽ ഈ ദിവ്യക്രൂദാശയാണു സ്നേഹത്തിൻെറ പ്രമാണം മനുഷ്യർക്കു മനസ്സിലാക്കിക്കൊടുക്കുന്നതും ദിവ്യവര ങ്ങളാൽ മനുഷ്യരെ പുണ്യപൂൎണ്ണരാക്കുന്നതും.

"ദിവ്യനാഥനെ യഥാൎത്ഥമായി സ്നേഹിക്കണമെങ്കിൽ തുടരെത്തുടരെ അവിടുത്തെ സ്വീകരിക്കണം. സ്രഷ്ടാവെന്ന നിലയിൽ അവിടുത്തെ ആരാധിക്കുന്നതിനും, വരാനിരിക്കുന്ന ലോകത്തിൻെറ പിതാവെന്ന നിലയിൽ അവിടുത്തെ ബഹു മാനിക്കുന്നതിനും, നിത്യോപകാരിയെന്ന നിലയിൽ അവിടു ത്തേയ്ക്കു സ്തോത്രംചെയ്യുന്നതിനും പക്ഷേ നമുക്കു സാധിച്ചേക്കാം. എന്നാൽ ആത്മമിത്രമായി അവിടുത്തെ സ്നേഹിക്കുവാൻ നമുക്കു സാധിക്കയില്ല. നമുക്ക് അവിടുത്തോടുള്ള ബന്ധത്തിൽ യഥാൎത്ഥസ്നേഹത്തിൻെറ കണികപോലും കാണുകയില്ല. അപ്പസ്തോലന്മാരുടെ പ്രഥമ ദിവ്യകാരുണ്യസ്വീകരണാനന്തരം ഈശോ അവരെ സ്നേഹിതരേ എന്നാണ് അഭിസംബോധനം ചെയ്തത്. പലപ്പോഴും അവിടുത്തെ സ്വീകരിക്കുന്ന നാം ഓരോരുത്തരും ഈ സ്ഥാനത്തിനർഹരല്ലയോ?"

"അവിടുത്തെ സ്നേഹത്തിൻെറ പാരമ്യം മനസ്സിലാക്കണ മെങ്കിൽ, അവിടുത്തെ സ്നേഹത്തിൻെറ മാധുര്യം സമാസ്വദിക്ക ണമെങ്കിൽ, വിശുദ്ധ കുർബാന ക്രൂടക്കൂടെ സ്വീകരിക്കുക."

ഇപ്രകാരം, ഒരു സംഘാംഗത്തെ പ്രചോദിതനാക്കുന്ന ഏക ചിന്ത വിശുദ്ധ കുർബാനയായിരിക്കും. അവൻെറ ഓരോ പ്രവൃത്തിയും വിശുദ്ധ കുർബാനയുടെ സ്വീകരണത്തിന് ഒരുക്കമായോ, കൃതജ്ഞതാപ്രകടനമായോ കാഴ്ചവെയ്ക്കാവുന്ന താണ്. അടുത്ത പ്രഭാതത്തിൽ തൻെറ ഹൃദയത്തിലേയ്ക്ക് എഴു ന്നള്ളിവരുവാനിരിക്കുന്ന നാഥനുവേണ്ടിയാണു താൻ പരിശ്ര മിക്കുന്നത് എന്ന ചിന്ത അവനു സാക്ഷാൽ പ്രോത്സാഹജനക മാണ്.

ഫാദർ ഏമാർഡ് വീണ്ടും തുടരുന്നു: "ഈ ദിവ്യക്രദാശയിൽ സ്നേഹത്തിൻെറ നിസ്സീമസമൃദ്ധിയെ നാം ദർശിക്കുന്നു. കൊടുക്കുവാൻ മറെറാന്നും ഇല്ലാതാകുമ്പോൾ തന്നെത്തന്നെ പൂർണ്ണമായി കൊടുക്കുന്ന സ്നേഹത്തിൻെറ വിശാലത അപരിമിതംതന്നെ. സ്നേഹനാഥൻ തനിക്കുള്ള സകലതും നമുക്കു തന്നു. അവസാനം അവിടുത്തെ മുഴുവനായി നമുക്കു ഭക്ഷണമായി നല്കി. യോഗ്യതയോടുകൂടി വിശുദ്ധ കുർബാന സ്വീകരിക്കുന്നവൻ ഇതു ശരിയായി മനസ്സിലാക്കുന്നു. സ്നേഹത്തിൻെറ പരമാന്ത്യംവരെ ദൈവം തന്നെ സ്നേഹിച്ചുവെന്ന് അവൻ ഗ്രഹിക്കുന്നു. ഈ ചിന്തയാൽ പ്രചോദിതനായി, ദിവ്യകാരുണ്യസ്വീകരണത്തിനു ശേഷം, കൃതജ്ഞതാഭരിതമായ ഹൃദയത്തോടുകൂടി ഒരു പുണ്യജീവിതം കഴിച്ചുകൊള്ളാമെന്ന് അവൻ വാഗ്ദാനംചെയ്യുന്നു. വൈകുന്നേരം ഭക്ത്യാഭ്യാസങ്ങളാൽ ആത്മീയമായ ഉണർവു വർദ്ധിപ്പിക്കുന്നു. അടുത്ത ദിവസം സ്നേഹനാഥനെ കൂടുതൽ യോഗ്യതയോടുകൂടി കൈക്കൊള്ളുവാൻ, അവൻെറ ഓരോപ്രവൃത്തിയും അവിടുത്തെ പാദാന്തികേ സമർപ്പിക്കുവാനുള്ള സുഗന്ധസൂനങ്ങളായി അവൻ പരിഗണിക്കുന്നു. അതു വാടാതെ അവിടുത്തേയ്ക്കു സമർപ്പിക്കുക എന്നുള്ളതു മാത്രമാണ് അവൻെറ നിരന്തര ചിന്ത."

"ചിലപ്പോൾമാത്രം വിശുദ്ധ കുർബാന കൈക്കൊള്ളുന്നവനും ഒരിക്കൽ സ്വർഗ്ഗം കൈവരിക്കാമെന്നുള്ള ആഗ്രഹത്തോടുകൂടി ദൈവവരപ്രസാദത്തിൽ നിലനിന്നെന്നുവരും. പക്ഷേ, ഈ അവസ്ഥയിൽ സ്വർഗ്ഗം വിദൂരത്തിൽ സ്ഥിതിചെയ്യുന്നതുപോലെ അവനു് അനുഭവപ്പെടുന്നു. തന്മൂലം ഈ ചിന്തയ്ക്കു നന്മപ്രവൃത്തികളിലുള്ള സ്വാധീനശക്തി താരതമ്യേന ക്ഷയിച്ചിരിക്കും."

"നേരേമറിച്ചു വിശുദ്ധ കുർബാന സ്വീകരിക്കുന്നതിനായി പാപംചെയ്യാതിരിക്കുകയെന്നുള്ളതു് എത്ര ക്ഷിപ്രസാദ്ധ്യമാണ്. അടുത്ത പ്രഭാതത്തിലെ രാജകീയമായ വിരുന്നിൽ സംബന്ധിക്കുന്നതിനുള്ള കല്യാണവസ്ത്രമാണു ശുദ്ധത. ദിവ്യമണാളനെ സ്വീകരിക്കുന്നതിന് അയോഗ്യനായി ഭവിക്കാതിരിക്കുന്നതിന് ഈ പുണ്യപരിമളം മലീമസമാക്കാതെ നാം സൂക്ഷിക്കുന്നു.

മാത്രമല്ല, ദിവ്യകാരുണ്യസ്വീകരണം പുണ്യസോപാനത്തിലേക്കുള്ള പ്രയാണം സുകരമാക്കിത്തീക്കുന്നു; വിഷമതകളെ ലഘൂകരിക്കുകയും ചെയ്യുന്നു."

ഇതിനെപ്പററി അദ്ദേഹം ഇപ്രകാരം തുടന്നു പ്രസ്താവിക്കുന്നു: "പുണ്യമെന്നുവച്ചാൽ ഏതെങ്കിലും പരിത്യാഗമനുഷ്ഠിച്ച ദിവ്യനാഥൻെറ ഏതെങ്കിലും ഒരു ഗുണവിശേഷം നമ്മിൽ പകർത്തുക എന്നാണർത്ഥം. മനുഷ്യനാകട്ടെ വിഷമതകളിൽനിന്നും ഓടി അകലുന്നു. ഇതു സ്വാഭാവികമാണ്. എന്നാൽ ദിവ്യകാരുണ്യംവഴി ഈശോ നമ്മിലോരോരുത്തരിലും എഴുന്നള്ളിവരുന്നു. എന്തിന്? അവിടുത്തെ ദിവ്യമാതൃകയ്ക്കു് അനുസൃതമായവിധം നമ്മെയും രൂപീകരിക്കുന്നതിന്. ഇപ്രകാരം പുണ്യാഭ്യാസങ്ങൾക്കുള്ള വിഷമം ലഘൂകരിക്കപ്പെടുന്നു. ചുരുക്കിപ്പറഞ്ഞാൽ എല്ലാ ദിവ്യവരങ്ങളും സംഘടിച്ച് അവൻെറ ഹൃദയത്തിൽ പ്രവർത്തിക്കുകയും, അവിടുത്തെ സകല പുണ്യങ്ങളും അവൻെറ അന്തരാത്മാവിൽ പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു. നമ്മുടെ ആത്മാവുകളെ അവിടുത്തോട്ട് അനുരൂപരാക്കിത്തീക്കുന്നതിന് ഈശോ ഉപയോഗിക്കുന്ന ഒരു മൂശയാകുന്നു വിശുദ്ധ കുർബാന."

"അവിടുന്നു കേവലം സൃഷ്ടികളായ നമ്മുടെ അടുക്കലേയ്ക്കു വരുന്നതും നമ്മുടെ ഹൃദയത്തിൽ പള്ളികൊള്ളുന്നതിനു തന്നെത്തന്നെ അഗാധമായി താഴ്ത്തുന്നതും കാണുമ്പോൾ എളിമപ്പെടുന്നതിനു നമുക്കെങ്ങനെയാണു വിഷമം നേരിടുക? ശാന്തതയുടെ കാര്യവും അങ്ങനെതന്നെ. നമ്മുടെ പാവപ്പെട്ട ഹൃദയത്തിൽ എഴുന്നള്ളിവരുന്നതിൽ ഈശോ പ്രദർശിപ്പിക്കുന്ന കാരുണ്യത്താൽ പ്രചോദിതരായി, ശാന്തരാകുന്നതിനു നമുക്ക് അനായാസേന സാധിക്കുന്നതാണ്. നമ്മെപ്പോലെതന്നെ ജീവൻെറ അപ്പം ഭക്ഷിക്കുന്ന നമ്മുടെ സഹോദരനെ സ്നേഹിക്കുന്നതിൽ എന്താണു വിഷമം? ദിവ്യനാഥൻെറ സ്നേഹത്തിനു നമ്മെപ്പോലെതന്നെ അർഹരായ നമ്മുടെ അയൽക്കാരെയും സ്നേഹിക്കുന്നതിനു നമുക്കു പ്രയാസമുണ്ടായിരിക്കുന്നതല്ല. ക്രൂശിതനായ രക്ഷകൻ നമ്മുടെ ഹൃദയത്തിൽ അധിവസിക്കുമ്പോൾ നമ്മുടെ കുരിശുകൾക്കു ഭാരം തോന്നുകയില്ല."

"വിശുദ്ധ കുർബാന നമ്മുടെ പുണ്യങ്ങളെ ആകൎഷകങ്ങളാക്കിത്തീൎക്കുന്നു. അനാകൎഷകങ്ങളായ പുണ്യങ്ങളുണ്ട്. പരിത്യാഗത്താലും പ്രയത്നത്താലും മാത്രമേ അവ പോഷിപ്പിക്കപ്പെടുകയുള്ളൂ. ദിവ്യകാരുണ്യം സ്വീകരിക്കാതെ, സിംഹത്തിന്റേതുപോലുള്ള ശക്തി നമുക്കുണ്ടെന്നു വന്നേക്കാം. എന്നാൽ ദിവ്യചെമ്മരിയാട്ടിൻകുട്ടിയുടെ നിൎമ്മലരക്തം പാനംചെയ്യാതെ അവിടുത്തെ ശാന്തത നമുക്കുണ്ടാകയില്ല.

നമ്മുടെ സൗഭാഗ്യവും സന്തുഷ്ടിയും പുണ്യാഭ്യാസത്തിലല്ല അവിടുന്നു നിക്ഷേപിച്ചിരിക്കുന്നത്. അവിടുത്തെ ജീവിതത്തിലെ ഇതര മഹാരഹസ്യങ്ങളുടെ വിചിന്തനത്തിലുമല്ല അതു സ്ഥിതിചെയ്യുന്നത്. എന്തുകൊണ്ടെന്നാൽ അവയെല്ലാം കഠിനപീഡകളിൽ അധിഷ്ഠിതമായിരിക്കുന്നു. നമ്മുടെ ഹൃദയത്തെ വിശാലവും, മാധുര്യസംപുഷ്ടവും പ്രവൎത്തനസന്നദ്ധവുമാക്കുന്ന ഒരു സൗഭാഗ്യം അങ്ങിൽ നാം ദൎശിക്കണമെന്നാണ് അവിടുന്ന് അഗ്രഹിക്കുന്നത്."

ഇത് ഏവൎക്കും സുകരമായ ഒന്നാണ്. "വിശുദ്ധ കുർബാനയുടെ സ്വീകരണത്തിൽനിന്നു പ്രസാദവരപൂരിതമായ ഒരന്തരീക്ഷം സമുത്ഭൂതമാകും; തീൎച്ചതന്നെ" എന്നു ഫാദർ ഏമാർഡ് ഒരിക്കൽ ഉത്ഘോഷിക്കയുണ്ടായി. ഈ വസ്തുതയെ ഇപ്രകാരം അദ്ദേഹം സമൎത്ഥിക്കുന്നു: "മന്ദഭക്തരെപ്പോലും ആകൎഷിക്കുന്ന ഒരു പുണ്യപരിമളം വിശുദ്ധ കുർബാനയിലുണ്ട്. അതിനാൽ സ്വസ്നേഹത്തിനു പാത്രീഭൂതരായവരുടെ മാനസാന്തരത്തിനായി തീക്ഷ്ണതാപൂൎവം പ്രാൎത്ഥിക്കുന്നവരേ, നിങ്ങൾ ഈശോയെ സ്വീകരിക്കുക. അവിടുത്തെ നിങ്ങളോടുകൂടി വീട്ടിലേക്കു് അനയിക്കുക. നിങ്ങളെ ഉദ്ദീപിപ്പിച്ചതിനുശേഷം പരിസരങ്ങളെയും പ്രോജ്ജ്വലിപ്പിക്കുന്ന ഒരു ദിവ്യാഗ്നിയാണു വിശുദ്ധ കുർബാന. ആകയാൽ ദിവ്യകാരുണ്യസാന്നിധ്യം മന്ദഭക്തരും അസ്വദിച്ചുതുടങ്ങും. ദിവ്യഭോജനത്തിൽനിന്നും നിങ്ങൾക്കനുഭവവേദ്യമാകുന്ന ദിവ്യമാധുര്യം നിങ്ങളുടെ നടത്തകളിൽ പ്രത്യക്ഷമാകുന്നു. ഇത് അയൽക്കാരുടെ ഹൃദയങ്ങളെ ആദ്യം നിങ്ങളിലേക്കും അനന്തരം ദിവ്യനാഥനിലേക്കും സമാകൎഷിക്കും."

## V

അനുദിനദിവ്യകാരുണ്യസ്വീകരണത്തിന് എപ്രകാരമുള്ള ഒരുക്കമാണ് ആവശ്യകമായിരിക്കുന്നതെന്നു ഫാദർ ഏമാർഡ് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്.

"അവിടുത്തെ സ്വീകരിക്കുന്നതിനു നമ്മിൽനിന്നും അവിടുന്നു വലിയ ത്യാഗങ്ങളൊന്നും ആവശ്യപ്പെടുന്നില്ല. നമ്മോട് എത്ര നല്ലവനായി അവിടുന്നു വർത്തിക്കുന്നുവെന്നു നോക്കുക! ശുദ്ധനിയോഗം, അവിടുത്തെ കൈക്കൊള്ളുന്നതിനുള്ള ആദരണീയമായ അഭിവാഞ്ഛ, വരപ്രസാദസ്ഥിതി ഇവ മാത്രമാണ് അവിടുന്നാവശ്യപ്പെടുന്നത്.

"നീ വരപ്രസാദസ്ഥിതനോ? നിൻെറ ആത്മാവു ദിവ്യനാഥനെ കൈക്കൊള്ളുവാൻ ആഗ്രഹിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ, ഞാൻ യോഗ്യനല്ലാ എന്നു മുറവിളികൂട്ടാതെ, വന്ന് ആഗ്രഹസംതൃപ്തി വരുത്തുക. പുണ്യങ്ങളെ എണ്ണി ക്ലിപ്തപ്പെടുത്തേണ്ട സമയം ഇതല്ല. യാതൊരു യോഗ്യതയുമില്ലാത്തവനാണു നീയെന്നു ധരിച്ച് എളിമപ്പെടുക. എന്നാൽ ആഗ്രഹത്തിൽ നീ ഏവരേയും അതിശയിക്കണം."

"ചാവുദോഷങ്ങളെയും അതിൻെറ സാഹചര്യങ്ങളെയും വെറുക്കുന്നതുകൊണ്ടു മാത്രം തൃപ്തിപ്പെടാതെ മനസ്സറിഞ്ഞുകൊണ്ടുള്ള പാപദോഷങ്ങളെയും ഉപേക്ഷിക്കുക. അപ്പോൾ തീർച്ചയായും ദിവ്യരക്ഷകൻ നമ്മുടെ ആവശ്യങ്ങളെ നിർവ്വഹിച്ചുകൊള്ളും. സ്നേഹഭാജനത്തിൻെറ ഉള്ളറയിലേയ്ക്കെന്നപോലെ നമ്മുടെ ഹൃദയത്തിൻെറ അന്തർഭാഗത്തിലേയ്ക്ക് അവിടുന്നു പ്രവേശിക്കും. അവിടുത്തേയ്ക്ക് അസുഖകരമായി അവിടെ ഒന്നും ദൃശ്യമാകയില്ല. ഭക്തിമയമായ നമ്മുടെ ഹൃദയാഭിലാഷങ്ങളുടെ സൗരഭ്യം അവിടെ എങ്ങും വ്യാപിക്കും. അത് അവിടുത്തേയ്ക്കു ബഹുമാനകാരണവുമായിരിക്കും. നമ്മുടെ അന്തരാത്മാവിൽ അത്ഭുതകരമായ ഒരു പരിവർത്തനം അപ്പോൾ അനുഭവപ്പെടും. ഊഹിക്കുവാൻ വഹിയാത്ത വിധത്തിൽ ആത്മാവ് കോമളമായിത്തീരും. തന്നെത്തന്നെ മറന്നു ദിവ്യനാഥനോട് അനുരൂപമായിത്തീർന്നിട്ട് അത് അവിടുത്തോടു

പറയും: "കർത്താവേ, എനിക്കുള്ളതെല്ലാം അവിടുത്തേയ്ക്കുള്ളതാകുന്നു. അങ്ങ് എല്ലാത്തിന്റെയും നാഥനായാലും. യാതൊന്നും അവിടുത്തെ സ്നേഹത്തിൽനിന്ന് എന്നെ വേർപെടുത്താതിരിക്കട്ടെ. ഞാൻ എന്നെന്നേയ്ക്കും അവിടുത്തെ ദാസനായിരുന്നുകൊള്ളാം."

നമ്മുടെ ഹൃദയത്തിലേയ്ക്ക് എഴുന്നള്ളിവരുന്നതിനു ഹൃദയപരിശുദ്ധി മാത്രമേ അവിടുന്നു പരിഗണിക്കുന്നുള്ളുവെന്നുള്ളത് എത്രയോ ആശ്വാസപ്രദമായിരിക്കുന്നു. നമ്മുടെ സൽപ്രവൃത്തികളുടെയും പുണ്യങ്ങളുടെയും തോതനുസരിച്ചേ അവിടുന്നു നമ്മിൽ എഴുന്നള്ളുമായിരുന്നുള്ളുവെങ്കിൽ നമ്മുടെ സ്ഥിതി എത്ര ശോച്യമായിരുന്നേനെ. അവിടുത്തെ സർവ്വോത്തമമായ പരിശുദ്ധതയോടു താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ പുണ്യങ്ങൾ ഒന്നുമില്ലാത്തതുപോലെയല്ലേ?

"എന്നാൽ ശുദ്ധമായ ഒരു ഹൃദയം നമുക്കുണ്ടെങ്കിൽ, നമ്മുടെ ഹൃദയത്തെ കൂടുതൽ നിർമ്മലമാക്കുന്നതിനു നാം പരിശ്രമിക്കുന്നുണ്ടെങ്കിൽ, അവിടുന്നു സന്തോഷത്തോടുകൂടി നമ്മുടെ ഹൃദയത്തിലേയ്ക്ക് എഴുന്നള്ളിവരും."

ചിലർ നിരന്തരമായ ഭയത്തിനധീനരായി ക്ലേശിക്കുന്നുണ്ട്. ഇക്കൂട്ടരെപ്പററി ഫാദർ ഏമാർഡ് പറയുന്നതു ശ്രദ്ധേയമാണ്:

"ദിവ്യകാരുണ്യസ്വീകരണത്തെപ്പററി ഇവർ തെററിധരിച്ചിരിക്കുന്നു. നാം അങ്ങയെ കൈക്കൊള്ളുവാൻ അണയുമ്പോൾ നമ്മുടെ ഹീനാവസ്ഥയേയും ദൈവത്തിന്റെ അനന്തതയേയും കുറിച്ചല്ല ചിന്തിക്കേണ്ടതു്. അവിടുത്തെക്കൊണ്ടു നമുക്കാവശ്യമുണ്ട് എന്ന ചിന്തയായിരിക്കണം മുന്നിട്ടു നില്ക്കേണ്ടതു്. ഇതാണവിടുത്തെ ആഗ്രഹവും. എല്ലാത്തരം ഭയത്തെയും ദൂരീകരിക്കുന്നതിനുവേണ്ടിയല്ലേ, അവിടുത്തെ പരിശുദ്ധിയും മഹത്ത്വവും പ്രാഭവവും എല്ലാം അപ്പത്തിൽ അച്ഛാദനം ചെയ്തിട്ട് അവിടുത്തെ നന്മയെ മാത്രം നമുക്കു വിഷയീഭവിപ്പിക്കുന്നതു്. നമ്മുടെ ആത്മീയാവശ്യവും മന്ദതയുംതന്നെയാണു ദിവ്യകാരുണ്യസ്വീകരണത്തിനുള്ള നമ്മുടെ അവകാശപത്രങ്ങൾ."

വിശുദ്ധ കുർബാനയ്ക്കു് ഒരുങ്ങുമ്പോൾ ആത്മശോധനയും യാചനയും മററും ഉപകാരപ്രദങ്ങളാണ്. എങ്കിലും ഫലസമൃദ്ധവും വരപ്രസാദദായകവുമായ ഒരുക്കം ഇതിലല്ല സ്ഥിതി ചെയ്യുന്നതു്. 'മകനേ, നിൻെറ ദൈവം ഞാനാകുന്നു' എന്നുള്ള ദിവ്യനാഥൻെറ സ്നേഹമസൃണമായ ആഹ്വാനത്തിൽ സുദൃഢ വിശ്വാസം വയ്ക്കുന്നതിലാണു സമഗ്രമായ ഈ ഒരുക്കം അടങ്ങിയിരിക്കുന്നതു്.

"ദിവ്യകാരുണ്യസ്വീകരണാനന്തരം ഭക്തിമാന്ദ്യവും ആത്മീയശുഷ്കതയുമാണു നമുക്കനുഭവവേദ്യമാകുന്നതെങ്കിൽ അതിൻെറ കാരണം അന്വേഷിച്ചു ബഹുദൂരം പോകണമെന്നില്ല. അവിടുത്തെ അതുല്യമായ ക്ഷമയും, അവാച്യമായ മൈത്രിയും പാവനമായ സ്നേഹവും നാം ശരിയായി ഗ്രഹിക്കുന്നില്ലെന്നേ അതിൽനിന്ന് അനുമിക്കേണ്ടതായിട്ടുള്ളു. നമ്മുടെ മേൽ കുററം ആരോപിക്കാൻ വരുന്ന ഒരു ന്യായാധിപനെപ്പോലെ അവിടുത്തെ നാം ഭയപ്പെടുന്നുവെന്നാൽ അതല്ലാ യാഥാർത്ഥ്യം ......"

തീർച്ചയായും കുററാരോപണനിർവ്വഹണത്തിനു വേണ്ടിയല്ല ഒരു സ്നേഹിതൻ സ്നേഹിതനെ സന്ദർശിക്കുന്നതു്. പ്രത്യേകിച്ചു യാതൊരു സ്നേഹിതനും സ്നേഹസംഭാഷണം കുററാരോപണം കൊണ്ടു് ആരംഭിക്കുന്നില്ലല്ലോ.

ഇതുതന്നെയാണ് ഈശോയുടെ പ്രവർത്തനരീതിയും. അവിടുത്തെ സ്വീകരിക്കുന്നതിൽനിന്നുളവാകുന്ന സന്തോഷം നമ്മുടെ ഹൃദയത്തെ വിശാലമാക്കട്ടെ. കൃതജ്ഞതാപ്രകടന സമയത്തു് അവിടുത്തെ ശ്രവിക്കുക. അവിടുത്തെ വാക്കുകൾ സ്നേഹവും ശാന്തതയും തുളുമ്പുന്നവയായി നമുക്കനുഭവപ്പെടും. ...... തദനന്തരം ലഘുവായ ഒരു ആത്മശോധനയാൽ നമ്മുടെ യഥാർത്ഥസ്ഥിതി നാം ഗ്രഹിക്കുകയും തൽഫലമായി സ്വയം എളിമപ്പെടുകയും ചെയ്യും.

"ദിവ്യകാരുണ്യചൈതന്യം യഥാർത്ഥത്തിൽ മാധുര്യവും സ്നിഗ്ദ്ധതയും തുളുമ്പുന്ന ഒന്നാണ്. ദിവ്യരാജനോടുള്ള ഹൃദയംഗമമായ ഒരു സ്നേഹസംഭാഷണത്തിൻെറ ഹൃദ്യത നമുക്കനുഭവപ്പെടുന്നതാണ്. ഈ അവസരത്തിലും പിശാചൻ അവൻെറ

പ്രവൎത്തനം തുടൎന്നുകൊണ്ടിരിക്കും. ഈ ഹൃദ്യസമ്പൎക്കത്തിൽ നിന്നു നമ്മെ വേർപെടുത്തുന്നതിനായി ലൗകായതികപ്രവൎത്തനങ്ങളിലേയ്ക്കു നമ്മെ അവൻ പ്രേരിപ്പിച്ചേക്കാം. പ്രവൎത്തനരഹിതമായിക്കളയുന്ന സമയം ഉപയോഗശൂന്യമായി പോകുന്നുവെന്ന് അവൻ നമ്മെ ഭീഷണിപ്പെടുത്തിനോക്കും. എന്നാൽ ഇവയ്ക്കൊന്നും വഴിപ്പെടാതെ ദിവ്യനാഥൻെറ സ്നേഹമസൃണമായ പ്രവൎത്തനങ്ങൾക്കായി നമ്മുടെ ഹൃദയത്തെ ഉത്തരോത്തരം വിശാലമാക്കുക. അപ്പോൾ അവിടുന്നു ദിവ്യവരങ്ങളാൽ അതിനെ നിറയ്ക്കും."

ക്രിസ്തീയജീവിതത്തിലെ ഏററം അഭികാമ്യമായ സമയം, ദിവ്യകാരുണ്യസ്വീകരണാനന്തരം സ്നേഹനാഥനുമായി നമ്മൾ ഭാഷണത്തിൽ ഏൎപ്പെട്ടിരിക്കുന്ന ഘട്ടമാകുന്നു. ഇതെപ്പററി ഫാദർ എമാർഡ് പറയുന്നതു ശ്രദ്ധേയമാണ്. "ഏതൊരു അഭ്യൎത്ഥനയും സാധിച്ചുതരുവാൻ അഭിലഷിക്കുന്ന ത്രിലോകരാജനും, വിധികൎത്താവും, രക്ഷകനും ദിവ്യകാരുണ്യംവഴി നമ്മുടെ ഹൃദയത്തിൽ സ്ഥിതിചെയ്യുന്നു. . . . . . . . അപ്പോൾ നമ്മുടെ അഭിലാഷങ്ങളെ അങ്ങയെ അറിയിക്കാൻ മടിക്കരുത്. അനൎഘരത്നങ്ങളാൽ സമ്പന്നമായ ഭണ്ഡാഗാരമാണു നമ്മുടെ ഹൃദയത്തിൽ എഴുന്നള്ളിയിരിക്കുന്നത്. ഈ സുവൎണ്ണാവസരത്തെ ഏററം ഉപയോഗപ്രദമായ വിധത്തിൽ വിനിയോഗിക്കുക. പിതാവായ ദൈവവുമായി കൂടിയാലോചന നടത്തുക. അവിടുന്നു തൻെറ ഏകജാതനെ നമുക്ക് അമൂല്യനിധിയായി തന്നിരിക്കുന്നു. അനൎഘമായ ഈ സമ്പത്തിനെ മതിവരുവോളം ആസ്വദിക്കുക. എത്രയെത്ര ക്രിസ്ത്യാനികളാണ്, ദിവ്യ ഈശോയെ സ്വീകരിച്ചതിനു ശേഷം, ഒരിക്കൽക്കൂടി അവിടുത്തെപ്പററി ചിന്തിക്കാതെ ഹൃദയത്തിൽ അവിടുത്തെ സംസ്കരിക്കുന്നത്. ഈശോവഴിയായി അപേക്ഷിക്കുക. അവിടുത്തെ സഹായത്തോടുകൂടി കടങ്ങളെ എല്ലാം വീട്ടുക. നാം എത്ര വലിയ കടക്കാരായിരുന്നാലും ആ വിലയേറിയ വിനാഴികകളിലെ സ്നേഹസംസൎഗ്ഗഫലമായി കടമെല്ലാം വീടിക്കൊള്ളും. ദിവ്യനാഥൻ സൎവ്വാനുഗ്രഹങ്ങളുടേയും നാഥനല്ലേ. പിതാവായ ദൈവം അവിടുത്തെ സ്നേഹസുതനു പകരം സ്വൎഗ്ഗംതന്നെ

തന്നാലും പിന്നെയും അവിടുന്നു നിനക്കു കടക്കാരനായിരിക്കുകയേയുള്ളു.

## VI

ഇനിയും ഒരുകൂട്ടരുണ്ട്. അവർ ദിവ്യകാരുണ്യം സ്വീകരിക്കുന്നതിൽ താത്പര്യം പ്രദർശിപ്പിക്കുന്നു. എന്നാൽ സുനിശ്ചിതമായ ഒരു കാരണമോ, ദിവ്യഭോജനത്തിൽ ഭാഗഭാക്കാകുന്നതിനുള്ള ആവശ്യമോ അവർക്കു ദർശിക്കുവാൻ സാധിക്കുന്നില്ല. ഇക്കാരണത്താൽ ദിവ്യകാരുണ്യത്തോടു പ്രദർശിതമായേക്കാവുന്ന അനാചാരത്തെ ഭയന്നു തിരുനാൾ ദിവസങ്ങളിലേയ്ക്കും മററുമായി ഈ ദിവ്യക്രൂദാശയുടെ സ്വീകരണത്തെ മാററിവയ്ക്കുന്നു. ഏമാർഡച്ചൻ ഇക്കൂട്ടർക്കു നല്കുന്ന ഉപദേശം ഇപ്രകാരമാണ്, "നിങ്ങൾക്ക് ആവശ്യമില്ലെന്നു തോന്നുന്നെങ്കിൽ, കർത്താവിനുവേണ്ടിത്തന്നെ അവിടുത്തെ നിങ്ങൾ സ്വീകരിക്കുക."

അവിടുത്തേയ്ക്കുവേണ്ടി എന്നു പറഞ്ഞാൽ ഈ സ്നേഹക്രൂദാശയിൽ അവിടുന്നനുഭവിക്കുന്ന നിന്ദാവമാനങ്ങൾക്കു പരിഹാരം ചെയ്യുന്നതിനുവേണ്ടി അവിടുത്തെ സ്വീകരിക്കുക എന്നാണു നാം മനസ്സിലാക്കേണ്ടത്. അദ്ദേഹം ഇതു കൂടുതൽ വിശദമാക്കുന്നുണ്ട്. "ഈ ദിവ്യക്രൂദാശയുടെ സ്ഥാപനത്തിൽ അവിടുത്തേയ്ക്കു തെററുപററിയിട്ടില്ല എന്നു ഉറപ്പു നല്കുകയാകുന്നു നാം ദിവ്യകാരുണ്യസ്വീകരണത്തിൽ ചെയ്യുന്നത്. വരപ്രസാദസമൃദ്ധമായ ഈ ക്രൂദാശയിൽനിന്നും മതിവരുവോളം അനുഭവിക്കുന്നതിനുവേണ്ടീട്ടാണ് അവിടുന്ന് ഈ മഹാത്ഭുതം പ്രവർത്തിക്കുന്നത്. തന്നെയുമല്ല ഈശോയ്ക്കു നമ്മോടുകൂടെ ദൃഢബന്ധത്തിൽ ജീവിക്കുന്നതിന് ഇത് അവസരം നല്കുകയും ചെയ്യുന്നു. ചുരുക്കിപ്പറഞ്ഞാൽ മനുഷ്യർക്കു നന്മചെയ്യണമെന്നുള്ള അവിടുത്തെ ഹൃദയാഭിലാഷം സാധിതമായിത്തീരുന്നു. തന്റെ രാജത്വത്തിനുചിതമായ ഹൃദയവിശാലത പ്രകടമാക്കുന്നതിന് ഇത് ഒരവസരം നല്കുകയും ചെയ്യുന്നു."

"വിശുദ്ധ കുർബാന സ്വീകരിക്കുമ്പോൾ നമ്മുടെ ഹൃദയത്തിൽ അവിടുത്തേയ്ക്കു പ്രവേശനം അനുവദിക്കുകയും

അങ്ങനെ നമ്മുടെ ജീവിതത്തെ ദൈവമഹത്ത്വത്തിനായി പ്രതിഷ്ഠിക്കുകയുമാണ നാം ചെയ്യുന്നത്, അഥവാ ഈശോ നമ്മിൽ പ്രവർത്തിക്കുന്നത്. ദിവ്യകാരുണ്യത്തിൽ ഇരുന്നുകൊണ്ടു സ്വാതന്ത്ര്യമായ ഒരു സ്നേഹത്താൽ പിതാവിനെ ബഹുമാനിക്കുന്നതിന് അവിടുത്തേയ്ക്കു കഴിവില്ലാതിരിക്കുന്നു. ഈ കഴിവില്ലായ്മയ്ക്ക് ഒരു പരിഹാരമാർഗ്ഗമുണ്ടാക്കിക്കൊടുക്കുകയാണ ദിവ്യകാരുണ്യസ്വീകരണത്തിൽ ഒരു വിശ്വാസി ചെയ്യുന്നത്. ഈശോയോടുകൂടി അവൻ ഒന്നായിത്തീരുന്നു. അവൻെറ ശരീരവും അവയവങ്ങളുമെല്ലാം അവിടുത്തേതായി ഭവിക്കുന്നു. അപ്പോൾ മനുഷ്യൻ പ്രവർത്തിക്കുകയും ഈശോ പ്രവർത്തിക്കുന്നതിനുള്ള അനുഗ്രഹങ്ങളെ പ്രദാനംചെയ്യുകയും ചെയ്യുന്നു. മനുഷ്യൻ യോഗ്യതകൾ സമ്പാദിക്കുന്നു. ഈശോ ദൈവത്തെ മഹത്ത്വപ്പെടുത്തുകയും ചെയ്യുന്നു. ഈ അത്ഭുതാവഹമായ സ്നേഹത്തിൻെറ ഏകീകരണമായിരുന്നു ദിവ്യകാരുണ്യസ്ഥാപനത്തിൽ അവിടുത്തേയ്ക്കുണ്ടായിരുന്ന ഉദ്ദേശ്യം.''

അദ്ദേഹം ഒരു പടികൂടി കടന്നു വീണ്ടും തുടരുന്നു: "സാദ്ധ്യമായിട്ടുള്ള അവസരങ്ങളിൽ വിശുദ്ധ കർബാന സ്വീകരിക്കാതിരിക്കുമ്പോൾ, അവിടുത്തെ നാം അത്യധികമായി നിരാശപ്പെടുത്തുകയായിരിക്കും ചെയ്യുന്നത്. അവിടുത്തെ കഷ്ടാനുഭവങ്ങളുടെ തലേ രാത്രിയിൽ, നമ്മിലെല്ലാവരിലും ആശവെച്ചുകൊണ്ടാണ്, അവിടുന്നു സ്നേഹത്തിൻെറ ഈ കൂദാശ സ്ഥാപിക്കുന്നതിനു തീരുമാനിച്ചത്. സെഹിയോനിൽവച്ചുള്ള പ്രഥമ ബലിയിൽത്തന്നെ അവിടുത്തെ ദിവ്യശക്തിയാൽ നാമുൾക്കൊള്ളുന്ന ഓരോ ഓസ്തിയും പവിത്രീകരിച്ചു ദൈവദൂതന്മാരെ ഏല്പിച്ചുകഴിഞ്ഞിട്ടുണ്ട്. ഈ തിരുവോസ്തികളൊന്നും ഉപയോഗശൂന്യങ്ങളായി കളയരുത്. സെഹിയോനിൽ മുഴങ്ങിയതും പത്രോസും, അനുയായികളും പാവനമായി സൂക്ഷിച്ചുകൊണ്ടുപോരുന്നതുമായ ആ ദിവ്യദൗത്യത്തെ നിരാകരിക്കരുത്. നമ്മുടേയും ലോകം മുഴുവൻേറയും രക്ഷയ്ക്കുവേണ്ടി ഈശോ നമ്മിൽ ഫലം പുറപ്പെടുവിക്കുന്നതിന് അവസരമേകുക.''

ക്രിസ്തീയഭക്തി പ്രചരിപ്പിക്കുന്നതിനു ഫാദർ ഏമാർഡിനുണ്ടായിരുന്ന ആഗ്രഹം എമ്മാത്രമായിരുന്നുവെന്നു മേലുദ്ധരിച്ച

വാക്യങ്ങൾ പ്രത്യക്ഷമാക്കുന്നുണ്ട്. സ്നേഹനാഥന്റെ ദിവ്യ കാരുണ്യഭരണം മനുഷ്യഹൃദയങ്ങളിലും ലോകത്തിലെവിടെയും സ്ഥാപിതമായാലുണ്ടാകാവുന്ന ഗുണങ്ങളെ അദ്ദേഹം ശരിയായി മനസ്സിലാക്കിയിരുന്നു. ഈ മഹനീയസ്ഥാനം സഖ്യാംഗങ്ങൾ മനസ്സിലാക്കട്ടെ. തങ്ങൾക്കു നിശ്ചയിക്കപ്പെട്ടിരിക്കുന്ന ദിവ്യവേലയുടെ പ്രാധാന്യം അവർ ഗ്രഹിക്കട്ടെ. അവരുടെ ഹൃദയങ്ങളുടെ ഏകീഭാവം, വിഷമതകളിൽ ചഞ്ചലപ്പെടാതെ സ്നേഹത്തെ പ്രകടമാക്കുന്നതിനുള്ള ധൈര്യം, ഈശോയ്ക്കുവേണ്ടി പോരാടുന്നതാണെന്നുള്ള മനഃപൂർവ്വമായ പ്രതിജ്ഞ, ഇവമൂലം വേണം സാക്ഷാൽ രാജസ്ഥാനത്തിനവകാശിയായ ഈശോയെ രാജാവായി വാഴിക്കുവാൻ.

'അവിടുത്തെ രാജ്യം വരണം' ഈശോനാഥാ, അവിടുത്തെ ദിവ്യകാരുണ്യഭരണം അതിവേഗം സമാഗതമാകട്ടെ.

# പതിമൂന്നാം അദ്ധ്യായം.

## പ്രഥമസ്ഥാപനങ്ങൾ — തിരുസിംഹാസനത്തിന്റെ അംഗീകാരം.

പരിശുദ്ധ സിംഹാസനത്തിൽനിന്നും ആദ്യത്തെ അംഗീകാരം ലഭിച്ചപ്പോൾത്തന്നെ ഫാദർ ഏമാർഡ് തന്റെ പ്രഥമ സഹപ്രവർത്തകനെ മാർസെയിൽസിൽ ഒരു സ്ഥാപനം ആരംഭിക്കുന്നതിനായി അവിടേയ്ക്കയച്ചു. അവിടത്തെ വൈദിക മേലദ്ധ്യക്ഷനായിരുന്ന മോൺസിഞ്ഞോർ മാസ്നോഡിന് ഈ സ്ഥാപനത്തോട്ട് അതീവ പ്രതിപത്തിയുണ്ടായിരുന്നു. ഏപ്രിൽ

മാസം രണ്ടാംതീയതി ഫാദർ ഡിക്കവേഴ്സിന് മിനിം സന്ന്യാസികളുടെ വകയായിരുന്ന ഒരു ആശ്രമവും പരിസരങ്ങളും സംലബ്ധമായി. ആവശ്യമായിരുന്ന നവീകരണങ്ങൾക്കു ശേഷം ആശ്രമസ്ഥാപനത്തിനുള്ള ഒരുക്കങ്ങൾ അദ്ദേഹം ചെയ്യുവാൻ തുടങ്ങി. ഇതിനിടയ്ക്കു മെത്രാൻെറ അടിയന്തിരമായ ക്ഷണം സ്വീകരിച്ചുകൊണ്ടു ഫാദർ എമാർഡ് മാർസെയിൽസിൽ വന്നുചേർന്നു. സഭാനിയമങ്ങളെപ്പററിയും, സഭയുടെ ഗുണങ്ങളെ പ്രകീർത്തിച്ചും അവിടെ അദ്ദേഹം ഒരു പ്രസംഗം ചെയ്തു. ഈ സന്ദർഭത്തിൽ മാർസെയിൽസിലെ മാന്യന്മാരടങ്ങിയ ഒരു വലിയ ജനക്കൂട്ടം അദ്ദേഹത്തെ ശ്രവിക്കുന്നതിനു തിങ്ങിക്കൂടിയിരുന്നു. ഇതിനുശേഷം നടന്ന ആശ്രമത്തിൻെറ ഉൽഘാടനകർമ്മത്തിൽ മാസ്നോഡ് മെത്രാനും അദ്ദേഹത്തിൻെറ സന്മാതൃകയെ അനുകരിച്ചു പട്ടണത്തിലെ മററു വൈദികരും സന്നിഹിതരായിരുന്നു.

അനിതരസാധാരണമായ സ്നേഹബഹുമാനങ്ങളാൽ പ്രോത്സാഹിതനായ എമാർഡച്ചന് ഏററവും സന്തോഷപ്രദമായ ഒരു സാഹചര്യമാണ്, വിശുദ്ധ കുർബാനയുടെ തിരുനാളിന് ആരംഭമായി താൻ നടത്തിയ ജ്ഞാനധ്യാനത്തിൽ വലിയ ഒരു ജനസഞ്ചയം പങ്കെടുക്കുന്നതു കണ്ടപ്പോൾ, അദ്ദേഹത്തിന് അനുഭവവേദ്യമായത്. അനന്ദനിർഭരനായി അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു: "ഭക്തരും ശുഷ്കാന്തിയുള്ളവരുമായ വളരെ അധികം ആത്മാക്കളെ അവിടെ എനിക്കു കാണുന്നതിനു സാധിച്ചു. ദിവ്യനാഥനെ ആരാധിക്കുന്നതിന് ഇവരിൽ പലരും തയാറുണ്ടായിരിക്കുമെന്നാണ് എൻെറ പ്രതീക്ഷ."

പ്രഥമവീക്ഷണത്തിൽ പുതിയ സംഘത്തിൻെറ ഭാവി ഭാസുരമായിത്തന്നെ ഏവർക്കും അനുഭവപ്പെട്ടു. എന്നാൽ അധികകാലതാമസം വേണ്ടിവന്നില്ല, ഈ അനുഭവത്തിനു വിരുദ്ധമായ പ്രതികൂലസാഹചര്യങ്ങളെ അഭിമുഖീകരിക്കേണ്ടിവരുവാൻ. തൻെറ അഭിമാനസ്തംഭങ്ങളായിരുന്ന രണ്ടു വൈദികവരേണ്യർ പുതിയ ജീവിതത്തിൽനിന്നും ഭഗ്നാശയരായി വിരമിച്ചു. പുതിയ ആശ്രമത്തിലേയ്ക്കു അംഗങ്ങളെ ലഭിക്കുന്നതിന് ഇതു തടസ്സമായി നിലകൊണ്ടു എന്നു പറയേണ്ടതില്ലല്ലൊ. ഇത്

ഒരു പരീക്ഷണഘട്ടംതന്നെയായിരുന്നു. ആഴ്സിൽക്കൂടി നടത്തിയ ഒരു യാത്രാവേളയിൽ നമ്മുടെ കഥാനായകൻ പുണ്യപുരുഷനായ അർസിലെ വികാരിയുടെ പക്കൽ ചെന്നു തൻെറ സഭയേയും, സ്ഥാപനങ്ങളേയും അദ്ദേഹത്തിൻെറ പ്രാർത്ഥനയ്ക്കു സമൎപ്പിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു. "ഈ സഭയുടെ സ്ഥാപനത്തിൽ എനിക്കു തെററു പററിയിരിക്കുന്നുവെന്നു തോന്നുന്നു. ദൈവവിളികളെ നിരോധിച്ചുകൊണ്ട് ഇതല്ലേ ദൈവം എനിക്കു വെളിപ്പെടുത്തുന്നത്? പരിശുദ്ധമെന്നു തോന്നുന്ന ഈ ജോലിക്കായി അവിടുന്ന് എന്നെ പ്രേരിപ്പിച്ചു. ദിവ്യകാരുണ്യാരാധനയ്ക്കായി നല്ല ഭടന്മാരെ വളരെയധികം അയച്ചുതരുന്നതിന് അവിടുന്നു ദൈവത്തോടു പ്രാർത്ഥിക്കേണമെ."

വികാരാവേശത്തോടുകൂടിയാണ് അദ്ദേഹം ഇത്രയും പറഞ്ഞതു്. ഇതു കേട്ടപ്പോൾ വിയാന്നിയച്ചൻ പൊട്ടിക്കരഞ്ഞുകൊണ്ട് ഇപ്രകാരം പ്രതിവചിച്ചു. "എൻെറ സ്നേഹിതാ, എൻെറ ശ്രേഷ്ഠസ്നേഹിതാ, ദിവ്യനാഥനെത്തന്നെ മുഴുവനായി നിങ്ങൾ സ്വന്തമാക്കിക്കഴിഞ്ഞിട്ടും, ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്നാണോ എന്നോടാവശ്യപ്പെടുന്നതു്?" അർസിലെ വികാരിയുടെ അശ്രുക്കൾ ഫാദർ ഏമാർഡിനെ വികാരഭരിതനാക്കി. അശ്രുധാരയോടുകൂടെ അദ്ദേഹത്തെ സമാശ്വസിപ്പിക്കുന്നതിന് ഏമാർഡച്ചൻ പരിശ്രമിച്ചു. "പിതാവേ, ക്ഷമിക്കണമെ. അവിടുത്തെ എങ്ങനെയെങ്കിലും സങ്കടപ്പെടുത്തണമെന്ന് എനിക്കുദ്ദേശ്യമില്ലായിരുന്നു. ദയവായി എന്നോടു ക്ഷമിക്കണം." ഇരുവരും പരസ്പരം ആലിംഗനബദ്ധരായിത്തീൎന്നു.

ഇതു് അവരുടെ അവസാനത്തെ ആലിംഗനമായിരുന്നു. വിയാന്നി അച്ചൻ ഒരുകൊല്ലം കഴിയുന്നതിനുമുൻപു ദിവംഗതനായി. എങ്കിലും അദ്ദേഹം തൻെറ സ്നേഹിതനെ വിസ്മരിച്ചില്ല. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ രണ്ടു വൈദികർ പെട്ടെന്ന് ആശ്രമപ്രവേശനത്തിന് അനുമതി അപേക്ഷിച്ചു. അവരിൽ ഒരാൾ, പില്ക്കാലങ്ങളിൽ മാർസെയിൽസിലെ സ്ഥാപനത്തിൻെറ അഭിമാനസ്തംഭമാകാനിരുന്ന

ഫാദർ അലക്സാണ്ടർ ലെറോയറായിരുന്നു. അപരൻ സുദീർഘമായ കാലത്തോളം നവസന്യാസികളുടെ ഗുരുഭൂതനായി പ്രശസ്തിനേടിയ ഫാദർ മിഖായേൽ ചാനുയെട്ടും ആയിരുന്നു. കുടുംബസംബന്ധമായ പ്രതികൂലസാഹചര്യങ്ങളുടെ സമ്മർദ്ദനത്തിനധീനനായി സഭയോടു യാത്രപറഞ്ഞു പിരിഞ്ഞ ഒരു വൈദികൻ ഏതാണ്ട് ഈ അവസരത്തിൽത്തന്നെ ആശ്രമത്തിൽ വീണ്ടും ചേരുന്നതിന് അപേക്ഷ സമർപ്പിച്ചു. സഹോദരസംഘത്തിലേയ്ക്കു് അനുമതിയും അന്വേഷിച്ചു രണ്ടു യുവാക്കന്മാരും ആശ്രമത്തിൽ വന്നുചേർന്നു.

ഇത്രയുമായപ്പോൾ നമ്മുടെ ദൈവദാസനു പ്രോത്സാഹനമായി. നവംബറിൽത്തന്നെ നാലുപേർ മാർസെയിൽസിലേയ്ക്കു പോകണമെന്ന് അദ്ദേഹം നിശ്ചയിച്ചു. അദ്ദേഹംതന്നെ അവരെ അനുഗമിച്ചു. ഒൻപതാംതീയതി പരസ്യാരാധനയോടുകൂടി മാർസെയിൽസിലെ സ്ഥാപനം ഉൽഘാടനം ചെയ്യപ്പെട്ടു. ഈ അവസരത്തെ കൂടുതൽ മഹനീയമാക്കുന്നതിനു നിശ്ചയിച്ചു മെത്രാൻതിരുമേനിതന്നെ ഉൽഘാടനചടങ്ങുകളിൽ പ്രധാന കാർമ്മികത്വം വഹിച്ചു.

ഫാദർ 'ലെറോയറി'ന്റെ പ്രേഷിതചൈതന്യഫലമായി മാർസെയിൽസിൽവച്ചാണ് അൽമേനികളുടെ ദിവ്യകാരുണ്യസഖ്യവും അതിന്റെ വിവിധശാഖകളും രൂപവൽകൃതങ്ങളായതു്. രണ്ടു വർഷങ്ങൾക്കു ശേഷം അതായതു് 1861-ൽ സഖ്യാംഗങ്ങളുടെ എണ്ണം മൂവായിരത്തോളമായി കഴിഞ്ഞിരുന്നു. ഫാദർ ഏമാർഡിനാൽ ആരബ്ധമായ നിരവധി സ്ഥാപനങ്ങളിൽവച്ചു മാർസെയിൽസിലേതാണ് അദ്ദേഹത്തിനു കൂടുതൽ ആശ്വാസം പ്രദാനംചെയ്യുതെന്ന് അദ്ദേഹത്തിന്റെ എഴുത്തുകളിൽനിന്നും മനസ്സിലാക്കാം. പ്രത്യേകമായ പരിരക്ഷണത്താൽ ഈ സ്ഥാപനത്തെ അദ്ദേഹം അനുഗ്രഹിച്ചിട്ടുണ്ട്. ഇതിനു പ്രത്യക്ഷലക്ഷ്യമാണ പ്രതിവർഷം അദ്ദേഹംതന്നെ അവിടെ ജ്ഞാനധ്യാനം നടത്തുന്നതിനു പോയിരുന്നുവെന്നുള്ള സംഗതി.

മാർസെയിൽസിൽ ആശ്രമം സ്ഥാപിക്കുന്നതിനു മുൻപ്, അദ്ദേഹത്തിന്റെ സകല പ്രയത്നങ്ങളും സഭാസ്ഥാപനത്തിലേ

സ്കായിരുന്നു കേന്ദ്രീകൃതങ്ങളായിരുന്നതു്. മുഖ്യമായ വിഷമങ്ങളെല്ലാം ഇതിനകം അദ്ദേഹം തരണംചെയ്തു; അതോടുകൂടി വിശുദ്ധ കുർബാനയെപ്പററി പ്രസംഗങ്ങൾ നടത്തുവാൻ കൂടുതൽ സമയം വിനിയോഗിക്കുന്നതിന് അദ്ദേഹത്തിനു സാദ്ധ്യമായി. എന്നാൽ സംഘത്തെ വിപുലപ്പെടുത്തുന്നതിനുള്ള പ്രയത്നങ്ങൾക്ക് ഇതു യാതൊരു വിധത്തിലും വിഘാതമായിരുന്നില്ല. വിവിധസ്ഥലങ്ങൾ സന്ദർശിച്ചുകൊണ്ടിരുന്ന അദ്ദേഹം, ആശ്രമങ്ങൾ സ്ഥാപിക്കുന്നതിനു ദൈവം നിശ്ചയിച്ചിരിക്കുന്ന സ്ഥലങ്ങൾ കണ്ടുപിടിക്കുന്നതിനു ശ്രമിച്ചുകൊണ്ടാണിരുന്നതു്.

മൂന്നാമതു് ഒരാശ്രമം സ്ഥാപിക്കുന്നതിന് അദ്ദേഹം അതിയായി ആഗ്രഹിച്ചു. എന്തുകൊണ്ടെന്നാൽ ഇതിനു ശേഷം മാത്രമേ തൻെറ സഭയ്ക്കു് അംഗീകാരം ലഭിക്കുന്നതിനു വേണ്ട നടപടികൾ ആരംഭിക്കാൻ നിവൃത്തിയുണ്ടായിരുന്നുള്ളു. പലരും അദ്ദേഹത്തെ ക്ഷണിച്ചു. ആ ക്ഷണങ്ങളെയെല്ലാം വിവിധകാരണങ്ങളാൽ തിരസ്കരിക്കയാണ് അദ്ദേഹം ചെയ്തതു്.

1861 ഫെബ്രുവരിയിൽത്തന്നെ ആറാസുകാർ രണ്ടാം പ്രാവശ്യവും ആശ്രമസ്ഥാപനാർത്ഥം തങ്ങളുടെ സഹായസഹകരണങ്ങൾ വച്ചുനീട്ടി. ലൗകികമായ സൗകര്യങ്ങൾ പലതും ഇതിനുണ്ടായിരുന്നു. ഈ സ്ഥാപനത്തിന് "പരിഹാരത്തിൻെറ സഭ" എന്നു പേരു നല്കണമെന്നുള്ള അവരുടെ നിർബന്ധം അവരുടെ അഭ്യർത്ഥന സ്വീകരിക്കുന്നതിനു പ്രതിബന്ധമായിനിന്നു. ദിവ്യബലിയുടെ നാലുദ്ദേശ്യങ്ങളേയും ആദർശമാക്കി സ്ഥാപിച്ചിട്ടുള്ള സഭയെ പരിഹാരപ്രവർത്തനത്തിനു മാത്രമായി പരിമിതപ്പെടുത്തുന്നതിന് അദ്ദേഹം ഇഷ്ടപ്പെട്ടില്ല. തദ്ദേശവാസികളുടെ നിരന്തരവും നിഷ്കർഷവുമായ നിർബന്ധത്തിലും അദ്ദേഹം സ്ഥിരനിശ്ചനായിത്തന്നെ നിന്നു.

ഈ സന്ദർഭത്തിൽ ഫാദർ ചെവ്രിയർ തൻെറ സ്ഥാപനത്തിന് ഉപകരിക്കത്തക്കവണ്ണം ഒരു സ്ഥലം ലഭിക്കുന്നതിനു പരിശ്രമിച്ചുകൊണ്ടിരുന്നു. ഇതിൻെറ വിജയം സുസ്ഥിരമാക്കുന്നതിന് ഏമാർഡച്ചൻെറ സഹായം അദ്ദേഹം അഭ്യർത്ഥിച്ചു. അസാധാരണമായ സന്തോഷത്തോടുകൂടിയാണ് ഏമാർഡച്ചൻ തൻെറ സഹകരണം വാഗ്ദാനംചെയ്തതു്. ഫാദർ ഡികുവേർ

സിന്റെ സമ്മതം ആവശ്യപ്പെട്ടുകൊണ്ട് അദ്ദേഹം ഇങ്ങനെ എഴുതി.

"ഈ സംരംഭം ആകർഷണീയംതന്നെ. പ്രഥമ ദിവ്യ കാരുണ്യസ്വീകരണത്തെ പ്രോത്സാഹിപ്പിക്കുന്ന ഈ സംഘത്തെ ഞാൻ അതിയായി സ്നേഹിക്കുന്നു. ദിവ്യകാരുണ്യവിരുന്നിന്റെ രാജകീയസംഘമാണിതു്. ലയോൺസിൽ ഇതു പുഷ്ടിപ്പെട്ടുമെന്നാണ് എന്റെ വിശ്വാസം." ഏപ്രിൽമാസാവസാനത്തോടു കൂടി സ്ഥലസൗകര്യങ്ങൾ പരിശോധിക്കുന്നതിനായി ഫാദർ എമാർഡ് ലയോൺസിലേയ്ക്കു പോയി. അവിടെ എല്ലാംതന്നെ അദ്ദേഹത്തിനു ഹൃദയാവർജ്ജകങ്ങളായി തോന്നി. മേയ്മാസം ഒന്നാംതീയതി ഫാദർ ഡിക്കുവേർസിന് അദ്ദേഹം ഇപ്രകാരമെഴുതി: "ഈ ജോലി എനിക്കു വളരെ അനുയോജ്യമായിരിക്കുന്നു. ലയോൺസിൽ നമുക്കു സ്വീകരണം ലഭിക്കുന്നതിന് ഈ ജോലി നാം ഭരമേല്പ്പണം. പ്രഥമദിവ്യകാരുണ്യസ്വീകരണം പ്രോത്സാഹിപ്പിച്ചുകൊണ്ടു പാരീസിൽ സ്ഥിതിചെയ്യുന്ന നമ്മുടെ സംഘം സഭാധികാരികളുടെ അനുകമ്പയ്ക്കും അനുഭാവത്തിനും അർഹമായിത്തീന്നിരിക്കുന്നു. ധ്യാനപരമായുള്ള ഒരു ജീവിതം പരിപൂർണ്ണമായും ദിവ്യകാരുണ്യപരമായിരിക്കുകയില്ല."

ഒരു കൊല്ലത്തോളം എഴുത്തുകുത്തുകളും കൂടിയാലോചനകളും നടത്തിയെങ്കിലും ഒരു അവസാനതീരുമാനത്തിൽ എത്തിച്ചേരുന്നതിനു സാധിച്ചില്ല.

ഇതിനിടയ്ക്കു്, ലണ്ടൻനഗരത്തിൽ ഒരു ആശ്രമം സ്ഥാപിക്കാൻ അഭ്യത്ഥിച്ചുകൊണ്ട് എമാർഡച്ചൻ ക്ഷണിക്കപ്പെട്ടു. ഫ്രാൻസിനു പുറത്തു് ഒരു ആശ്രമംസ്ഥാപിക്കുന്നതു സഭയുടെ പ്രസിദ്ധിയെ പ്രകടമാക്കുന്നതിനു പര്യാപ്തമായിരുന്നു. കൂടാതെ തന്റെ സഭയുടെ സാവ്ലൗകികതയെ സഭാധികാരികളുടെ ദൃഷ്ടിയിൽ പെടുത്തുന്നതിനും പരിശുദ്ധസിംഹാസനത്തിൽനിന്നു് അംഗീകാരം ലഭിക്കുന്നതിനും ഇതു സഹായകവുമായിരുന്നു. എന്നാൽ ഫ്രാൻസിനു പുറത്തു് ഒരു ആശ്രമം സ്ഥാപിക്കുന്നതു ശൈശവദശ തരണംചെയ്യിട്ടില്ലാതിരുന്ന തന്റെ സഭയുടെ ശക്തിക്കതീതമായി അദ്ദേഹത്തിനു തോന്നി. ലണ്ടനിലേയ്ക്കുള്ള ക്ഷണം അങ്ങനെ അവസാനിച്ചു.

മാസങ്ങൾ പലതുകഴിഞ്ഞു. എന്നിട്ടും സ്വീകാര്യമായ സ്ഥലങ്ങളൊന്നും കണ്ടുകിട്ടിയില്ല. 1862—ൻെറ മധ്യമായ പ്പോഴേയ്ക്കും പുതിയ ഒരു സ്ഥാപനത്തിലേയ്ക്ക് അയയ്ക്കു വാൻ വേണ്ടുവോളം അംഗങ്ങളെ സഭയ്ക്കു ലഭിച്ചുകഴിഞ്ഞു. പുതിയ സ്ഥാപനത്തിനുവേണ്ടി താൻതന്നെയാണ പ്രഥമ പ്രയത്നങ്ങൾ ആരംഭിക്കേണ്ടതെന്നു ഫാദർ ഏമാർഡ് മനസ്സി ലാക്കി. ദൈവതിരുമനസ്സറിയുന്നതിനായി, സ്ഥലകാലസാഹ ചര്യങ്ങളെപ്പററി ക്രൂലങ്കഷമായി അന്വേഷിച്ചുതുടങ്ങി. പ്രാത്ഥ നയായിരുന്നു അദ്ദേഹത്തിൻെറ പരിശ്രമങ്ങൾക്ക് ബലമേ റിയ കോട്ട. നാൻറസിൽ പുതിയ ആശ്രമം ആരംഭിക്കണമെ ന്നായിരുന്നു അദ്ദേഹത്തിൻെറ വ്യക്തിപരമായ അഭിമതം. ആദ്യസഹപ്രവത്തകരാകട്ടെ ആൻഗേർസിനെ കൂടുതൽ ഇഷ്ട പ്പെട്ടു. പുതിയ സ്ഥാപനത്തെപ്പററി സംസാരിക്കയിൽ അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു: "ദൈവത്തിൻെറ പ്രവത്തനങ്ങൾ അജ്ഞേയങ്ങളാണ്. അവിടുത്തെ നിശ്ചയങ്ങൾ ഉടനടി വെളിപ്പെടുത്തപ്പെടുന്നില്ല." പുതിയ സ്ഥാപനത്തിനായുള്ള സംരംഭങ്ങളിൽ ദൈവപരിപാലനയിലുള്ള പരിപൂണ്ണമായ വിധേയത്വമാണ് ഏററവും അത്യാവശ്യമായിട്ടുള്ളത്. ഈ പര മാത്ഥത്തെ ശരിയായി ഗ്രഹിച്ചിട്ടുണ്ടായിരുന്ന അദ്ദേഹം 'ദൈവമേ, അവിടുന്നു നയിക്കുന്നിടത്തേയ്ക്കു ഞാൻ പോകും' എന്നു പറയുക പതിവായിരുന്നു. "മനുഷ്യരുടെ മുഖസ്തുതിയോ അവരുടെ സഹായബലമോ ആയിരിക്കരുതു നമ്മുടെ പ്രവത്ത നങ്ങളുടെ അടിസ്ഥാനം. ഇപ്രകാരമെങ്കിൽ ദൈവത്തിൻെറ ജോലിയെ ഇല്ലാതാക്കുകയായിരിക്കും നാം ചെയ്യുന്നത്. ഈ അപഥസഞ്ചാരത്തിൽനിന്ന് അവിടുന്നുതന്നെ നമ്മെ കാത്തു സൂക്ഷിക്കട്ടെ."

അവസാനതീരുമാനത്തിനുമുൻപ് അദ്ദേഹം നാൻറസി ലേയും ആൻഗേർസിലേയും അഭിവന്ദ്യമെത്രാന്മാരെ അദ്ദേഹ ത്തിൻെറ ഉദ്ദേശ്യങ്ങളെപ്പററി അറിയിച്ചു. ആൻഗേർസിലെ ആത്മപാലകൻ ഏമാർഡച്ചൻെറ ആദ്യനിവേദനങ്ങളെ അതീവസ്സന്തുഷ്ടാന്തിയോടുകൂടിയാണ സ്വീകരിച്ചത്. അദ്ദേഹ ത്തിൻെറ മറുപടിയിൽ കൃതാത്ഥതയുടെ പൂണ്ണത ദശിക്കാമാ

യിരുന്നു. സ്നേഹസമന്വിതമായ ഈ സ്വീകരണത്തിൽ ഫാദർ ഏമാർഡ് ദൈവതൃക്കരങ്ങളുടെ പ്രവർത്തനങ്ങൾ ദർശിച്ചു. അനന്തരം ആശ്രമസ്ഥാപനാർത്ഥം ഉള്ളഴിഞ്ഞു പ്രവർത്തനമാരംഭിച്ചു.

എന്നാൽ വിഷമതകൾ ഒന്നൊന്നായി അദ്ദേഹത്തെ അലട്ടുവാൻ തുടങ്ങി. സന്യാസസമൂഹങ്ങളുടെ മേലുള്ള രാജാധികാരികളുടെ കൈകടത്തൽ പ്രബലപ്പെട്ടിരുന്ന അക്കാലത്ത് നവമായ ഈ ആശ്രമസ്ഥാപനത്തിലും രാജാധികാരികൾ അവരുടെ പ്രബലകരങ്ങൾ ചെലുത്താതിരുന്നില്ല. ആദ്യം കപ്പൂച്ചിൻ സന്യാസികളാണ് അവരുടെ ഇരയായിത്തീർന്നത്. ഈ പട്ടണത്തിൽത്തന്നെയായിരുന്നു അവരുടെ അഭ്യർത്ഥന തിരസ്കരിക്കപ്പെട്ടതും.

ആരാധനാസ്വാതന്ത്ര്യമന്ത്രിയായിരുന്ന മി. റൊവുലാൻഡിനെ സമീപിച്ചു ഫാദർ ഏമാർഡ് നിവേദനങ്ങൾ സമർപ്പിച്ചു. സ്ഥലത്തെ മെത്രാൻെറ പരിപാലനയിൽ, അദ്ദേഹത്തിൻെറ സ്വാധീനശക്തി പ്രയോഗിക്കത്തക്കവിധത്തിൽ, സ്ഥാപിതമാകുന്ന നവീനസമൂഹങ്ങളെ സന്യാസാശ്രമങ്ങൾക്കെതിരായുള്ള നിയന്ത്രണങ്ങൾ ബാധിക്കുകയില്ല എന്നത് അദ്ദേഹത്തിന് ആശ്വാസം പ്രദാനംചെയ്തു.

എന്നാൽ അവസാനതീരുമാനത്തിനുള്ള അധികാരം സ്ഥലത്തെ പ്രീഫെക്റ്റിലാണു സ്ഥിതിചെയ്തിരുന്നത്. ഈ ഉദ്യോഗസ്ഥനും നമ്മുടെ കഥാപുരുഷനു സകല സഹായസഹകരണങ്ങളും വാഗ്ദാനംചെയ്തു.

പതിനൊന്നാംനൂററാണ്ടിൽ ബറെൻജാരിയൂസ് വിശുദ്ധ കർബാനയ്ക്കെതിരായി ദൂഷണങ്ങൾ ഉച്ചരിച്ച അതേസ്ഥലത്തു തന്നെ ഒരു ദൈവാലയം സ്ഥാപിക്കണമെന്നായിരുന്നു ഏമാർഡച്ചൻെറ ഉദ്ദേശ്യം. ഇതു് അധികാരികളുടെ ആശങ്കയെ തട്ടിയുണർത്തുന്നതിനു പര്യാപ്തമായിരുന്നു. അതിനാൽ മെത്രാൻ തിരുമേനിയുടെ അഭിപ്രായത്തിനു വിധേയനായി ഫാദർ ഏമാർഡ് ഇതിൽനിന്നും വിരമിക്കയാണുണ്ടായതു്. മൂന്നുനാലു വൈദികരെ മാത്രമേ ആരാധനയ്ക്കായി വിളിക്കുന്നുള്ളുവെന്ന് ആൻജ്ബാൽട്ട് മെത്രാൻ ആരാധനാവകുപ്പുമന്ത്രിയെ അറിയിച്ചു.

മൂന്നുപേരെക്കൊണ്ട് ആശ്രമം നടത്തുന്നതിനു മന്ത്രി അനുവാദം നല്കി. ഈ അനുവാദം തിരസ്കരണത്തിനു സമമായിരുന്നല്ലോ. വൈദികന് ഒരു സഹായി എപ്പോഴും ആവശ്യമാണെന്നുള്ള ന്യായപ്രകാരം മൂന്നു വൈദികരും മൂന്നു സഹോദരരും ഉൾപ്പെടെ ആറ് അംഗങ്ങൾക്ക് അനുവാദം ആവശ്യപ്പെട്ടിട്ട ഫലമുണ്ടായില്ല. തൻെറ ആഗ്രഹപ്രകാരം സംഗതി ശരിപ്പെട്ടില്ലെങ്കിലും ഉദ്ദേശ്യത്തിൽനിന്ന് അദ്ദേഹം വ്യതിചലിച്ചില്ല. ഇതെപ്പററി ഫാദർ ഡികുവേർസിന് അദ്ദേഹം ഇപ്രകാരം എഴുതി: "ഇതിൻെറ അവസാനതീരുമാനം ദൈവതൃക്കരങ്ങളിലാകുന്നു."

കഥാനായകൻെറ ദൈവപരിപാലനയിലുള്ള ഈ പരിപൂർണ്ണവിശ്വാസം ഉടൻ പ്രതിസമ്മാനിക്കപ്പെട്ടു. പരസ്യാരാധനാവകുപ്പിൻെറ സൂപ്രണ്ട് എമാർഡച്ചൻെറ അഭിപ്രായങ്ങളോട് അനുഭാവമുള്ള ആളായിരുന്നു. അദ്ദേഹത്തിൻെറ പരിശ്രമഫലമായി ആശ്രമസ്ഥാപനത്തിന് മന്ത്രിയുടെ അനുമതി ലഭിച്ചു.

എഴുത്തുകുത്തുകൾ ആരംഭിച്ചിട്ട് ഏതാണ്ട് അഞ്ചു മാസങ്ങൾ കഴിഞ്ഞിരിക്കുന്നു. മന്ത്രിയുടെ ഇഷ്ടാനുസരണമുള്ള ഒരു സ്ഥലം കണ്ടുപിടിക്കുന്നതിനു ഫാദർ എമാർഡ് ശുഷ്ക്കാന്തിപൂർവ്വം അന്വേഷണങ്ങൾ നടത്തിക്കൊണ്ടിരുന്നു. അനുയോജ്യമായ ഒരു സ്ഥലം കണ്ടുപിടിച്ചതിനു ശേഷമേ അനുവാദപത്രം നല്കുകയുള്ളുവെന്നു മന്ത്രിയും നിർബന്ധിച്ചു. ഈ അവസരത്തിൽ ദൈവതൃക്കരങ്ങൾ മാത്രമായിരുന്നു അദ്ദേഹത്തിനാലംബം. ആൻഗേർസിൽവന്നു സൗകര്യമുള്ള സ്ഥലം കണ്ടുപിടിക്കുന്നതിന് അദ്ദേഹം സകല കഴിവുകളും പ്രയോഗിച്ചു പരിശ്രമിച്ചു. ആശ്രമ പരിതഃസ്ഥിതികൾ ഒത്തിണങ്ങിയ ഒരു സ്ഥാനം കണ്ടുപിടിക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. എന്തു ചെയ്യേണ്ടുവെന്നറിയാതെ നിരാശയുടെ പടിവാതിക്കൽ അദ്ദേഹം എത്തിക്കഴിഞ്ഞു. എല്ലാം ഉപേക്ഷിച്ചുകളയാം എന്നൊരു പ്രചോദനം നരകശക്തികൾ അദ്ദേഹത്തിൻെറ മനസ്സിൽ തോന്നിപ്പിക്കാതെയുമിരുന്നില്ല. ഈ അവസരത്തിൽ സ്ഥലത്തെ കമ്മലീത്താ രണ്ടാംസഭാംഗങ്ങളുടെ പ്രാർത്ഥനസ്സു തൻെറ

സ്ഥാപനത്തേയും അതിൻെറ ആവശ്യങ്ങളേയും സമൎപ്പിക്കാമെന്നുള്ള ഉദ്ദേശ്യത്തോടുകൂടെ മഠാധിപയെ ചെന്നു കണ്ടു വിവരങ്ങൾ ധരിപ്പിച്ചു.

അത്ഭുതമെ! അവരുടെ പള്ളി ഫാദർ എമാർഡിൻെറ സഭാംഗങ്ങളുടെ ഉപയോഗത്തിനായി നല്കാമെന്ന് അവർ വാഗ്ദാനം ചെയ്തു. ഒരു വ്യവസ്ഥ മാത്രം അവർ ആവശ്യപ്പെട്ടു. ആശ്രമവാസികളായ വൈദികർ മെത്രാൻെറ അനുമതിയോടുകൂടി മഠത്തിൻെറ കപ്പോൻ സ്ഥാനം വഹിക്കണം. കന്യാസ്ത്രീകൾ അവരുടെ അഴിക്കുള്ളിൽ കാനോനാ നമസ്കാരം ചൊല്ലിക്കൊണ്ട് അവരുടെ പരിപാടി തുടൎന്നുകൊള്ളും. സഭാനിയമപ്രകാരമുള്ള ആരാധനയും പള്ളിക്രമങ്ങളും സഭാംഗങ്ങൾക്കു പള്ളിയകത്തു് അനുഷ്ഠിക്കുകയും ചെയ്യാം.

ഈ ആശയം ഫാദർ എമാർഡിനു സ്വീകാര്യമായി തോന്നി. ഡിസംബർ 26—ാംതീയതി അദ്ദേഹം പുതിയ സ്ഥാപനത്തിലേയ്ക്കു് അംഗങ്ങളെ ആനയിച്ചു. ആൻജെബോൾട്ടു മെത്രാൻ തിരുമേനിയുടെയും ഒരു നല്ല ഗണം വൈദികരുടെയും സാന്നിധ്യത്തിൽ ഡിസംബർ 29—ാംതീയതി ഇദംപ്രഥമമായി പുതിയ സ്ഥാപനത്തിൽ പരസ്യാരാധന നടത്തപ്പെട്ടു.

ഈ സ്ഥാപനത്തെക്കുറിച്ചു രണ്ടു ദിവസത്തിനു ശേഷം എമാർഡച്ചൻ ഫാദർ ഡികുവേർസിന് ഇപ്രകാരമെഴുതി. "ദൈവം എന്തുമാത്രം അനുഗ്രഹങ്ങളാണു പുതിയ സ്ഥാപനത്തിന്മേൽ വർഷിച്ചിരിക്കുന്നതു്. തീൎച്ചയായും ഇതു് അവിടുത്തെ തിരുമനസ്സിനിഷ്ടമുള്ളതുതന്നെ. ആരംഭവും, അന്ത്യഫലവും ശോഭനമായിരുന്നു. ദിവ്യനാഥനു രാജോചിതമായ ബഹുമാനാദരങ്ങൾ തന്നെ നല്കപ്പെട്ടു. യാതൊന്നുമില്ലായിരുന്നുവെങ്കിലും ഒന്നിൻെറയും അഭാവം ഞങ്ങൾക്കനുഭവപ്പെട്ടില്ല. സർവവും സംപൂൎണ്ണമായിരുന്നു. ദരിദ്രവും ശീതബാധയുള്ളതുമായ ഒരു ദൈവാലയമാണു ഞങ്ങൾക്കുള്ളതു്. എന്നാൽ ഉപവിയുടെയും പ്രസാദവരത്തിൻെറയും സിംഹാസനത്തിൽ ഈശോനാഥൻ അവിടെ സന്നിഹിതനായിരിക്കുന്നു."

തീക്ഷ്ണതയുടെ ആധിക്യത്താൽ അദ്ദേഹം ഇങ്ങനെ

ഉദീരണം ചെയ്തു. "സർവ്വതും സഹിക്കുക. രാജാധിരാജൻ വാണാൽ മതി. സകല വിഷമതകളെയും സഹിക്കുക. അവിടുത്തേയ്ക്കു് ഒരു സിംഹാസനംകൂടി നേടിക്കണ്ടാൽ മതി. എല്ലാം നാഥന്. ദാസന് അവിടുത്തെ സേവിക്കുന്നതിലുള്ള സന്തോഷം മതി."

ദിവ്യകാരുണ്യഭക്തിയെ വിശ്വാസികളിൽ വർദ്ധമാനമാക്കുന്നതിനും അതുള്ളവർക്ക് ഒരു നവചൈതന്യം പ്രദാനം ചെയ്യുന്നതിനുമായി ഫാദർ ഏമാർഡ് ദനഹാത്തിരുനാൾ ദിവസം ഒരു ധ്യാനപ്രസംഗപരമ്പര ആരംഭിച്ചു. ഇതൊരു മഹാവിജയമായി അദ്ദേഹത്തിന് അനുഭവപ്പെട്ടു. പ്രതിദിനം വർദ്ധിച്ചുകൊണ്ടിരുന്ന ജനക്കൂട്ടത്തെ, അവസാനം ധ്യാനഗുരു തന്നെ നിയന്ത്രിക്കേണ്ടതായി വന്നു എന്നു പറഞ്ഞാൽ ധ്യാനത്തിന്റെ ഫലം ഊഹിക്കാമല്ലോ. ഞായറാഴ്ച ഓരോ കുർബാനയ്ക്കും ആളുകൾ തിങ്ങിക്കൂടി വരുന്നതുകണ്ടു ഫാദർ ഏമാർഡ് അമ്പരന്നുപോയി. പുതിയ സ്ഥാപനത്തോടുള്ള ഭക്തിപ്രകടനങ്ങളെ നിയന്ത്രിക്കുന്നതിന് അദ്ദേഹം ജനങ്ങളെ അനുസ്മരിപ്പിച്ചു. ഞായറാഴ്ച സ്വന്തം ഇടവകപ്പള്ളിയിൽ വിശുദ്ധ കർമ്മങ്ങളിൽ സംബന്ധിക്കുന്നതിനു ജനങ്ങളെ അദ്ദേഹം ഉപദേശിച്ചു.

സഭാംഗങ്ങൾ അനുഷ്ഠിക്കേണ്ട ചില നിർദ്ദേശങ്ങൾ നല്കിയതിനു ശേഷമാണ് അദ്ദേഹം പാരീസിലേയ്ക്കു മടങ്ങിയതു്. ഈ സന്യാസസമൂഹത്തിന് ഒരിക്കലും രാഷ്ട്രീയാധികാരികളിൽ നിന്നു യാതൊരു ക്ലേശവും അനുഭവിക്കേണ്ടതായി വന്നില്ല.

## II

മൂന്നാമത്തെ ആശ്രമം സ്ഥാപിച്ചതോടെ തന്റെ സഭയ്ക്കു റോമിൽനിന്നുള്ള അംഗീകാരം ലഭിക്കുന്നതിനു ഫാദർ ഏമാർഡ് പരിശ്രമിച്ചുതുടങ്ങി. മാർച്ച് 9-ാംതീയതി അദ്ദേഹം മാർസെയിൽസിൽനിന്നും യാത്രതിരിച്ചു. ഫാദർ ഡികുവേർസും സന്യാസാർത്ഥിയായിരുന്ന റവ. ഡിലെവുഡാവില്ലേയും അദ്ദേഹത്തെ അനുഗമിച്ചു. ഇദ്ദേഹമാണു മൂന്നു പേരുടെയും യാത്രച്ചെലവു

കൾ വഹിച്ചതെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്. മൂന്നു ദിവസത്തെ യാത്രയ്ക്കുശേഷം ഈ ചെറുസംഘം റോമിൽ ചെന്നു ചേർന്നു. അന്നു പത്രോസിൻെറ തിരുസിംഹാസനത്തെ അലംകരിച്ചിരുന്ന ഒൻപതാംപീയൂസ് മാർപ്പാപ്പായെ മുഖംകാണിക്കുന്നതിനും തൻെറ സഭയെ സംബന്ധിച്ച കാര്യങ്ങളെപ്പററി സംസാരിക്കുന്നതിനും മാർച്ചുമാസം 18—ാംതീയതിതന്നെ അദ്ദേഹത്തിന് അവസരം ലഭിച്ചു. അവിടുന്നു സ്നേഹപുരസ്സരമാണ് അദ്ദേഹത്തെ സ്വീകരിച്ചത്. സന്യാസസമൂഹങ്ങൾക്കായുള്ള തിരുസംഘത്തിലേയ്ക്ക് അദ്ദേഹത്തിൻെറ സഭയുടെ കാര്യം ഏല്പിച്ചു കഴിഞ്ഞുവെന്നുള്ള സമാശ്വാസപ്രദമായ മറുപടി കേട്ടപ്പോൾ ഫാദർ ഏമാർഡ് സന്തോഷവദനനായി. സമാധാനചിത്തതയോടുകൂടി പരിശുദ്ധ പിതാവുതന്നെ കാർമ്മികനായി നടത്തിയ വിശുദ്ധ വാരത്തിലെ തിരുക്കർമ്മങ്ങളിൽ അദ്ദേഹം പങ്കുകൊണ്ടു.

ഏപ്രിൽ 8—ാംതീയതി വീണ്ടും പരിശുദ്ധ പിതാവിനെ മുഖം കാണിക്കുവാൻ അനുവാദം കിട്ടി. ഇത്തവണ സുദീർഘമായ മണിക്കൂറുകൾ അവർ സംഭാഷണത്തിൽ കഴിച്ചുകൂട്ടി. പീയൂസ് ഒൻപതാമൻ അദ്ദേഹത്തോടു കാണിച്ച സ്നേഹാദരങ്ങൾ പേപ്പൽ കച്ചേരിയിലെ അംഗങ്ങൾക്കുപോലും സുഗ്രഹമാകത്തക്കവണ്ണം അത്രയ്ക്കു പ്രകടമായി. ഫാദർ ഏമാർഡിൻെറ അഗ്രഹം ഉടൻ സാധിച്ചുകിട്ടുമെന്നുതന്നെ അവർ നിശ്ചയിച്ചു. മെത്രാന്മാരുടെയും സന്യാസസഭകളുടെയും തിരുസംഘത്തിൻെറ കട്ടിനാൽ പ്രീഫെക്റ്റിന് പാരീസിലെ നൺസിയോ ആയിരുന്ന ബിഷപ്പു ചീജിയിൽനിന്ന്, നമ്മുടെ കഥാനായകനെ അത്യന്തം പ്രശംസിച്ചുകൊണ്ടുള്ള ഒരു കത്തു കിട്ടിയിരുന്നു. അധികം താമസിയാതെതന്നെ അനുഭാവപൂർണ്ണമായ ഒരു മറുപടി അദ്ദേഹത്തിനു കിട്ടുമെന്ന് ആ മഹാത്മാവ് പ്രകടമാക്കി.

എന്നാൽ ഈ വലിയ അനുഗ്രഹം ദുർവ്വഹമായ ഒരു പരീക്ഷയുടെ വിലയായി ലഭിക്കേണ്ടതായിവന്നു. ഫാദർ ഏമാർഡ് മരിയസഭയെ ഉപേക്ഷിച്ചുപോയ ഒരാളാണെന്നും, സഭാനിയമം കശ്മനമായി അനുശാസിച്ചിരുന്നിട്ടും പാരീസിലെ സന്യാസാശ്രമത്തെ കന്യകാമഠത്തിൽനിന്നു പൂർണ്ണമായി വേർ

പെടുത്തിയിട്ടില്ലായെന്നും മററുമുള്ള ആക്ഷേപങ്ങൾ പരിശുദ്ധ പിതാവിനെ ആരോ അറിയിച്ചിരിക്കുന്നുവെന്നും കട്ടിനാൽ പ്രീഫെക്റ്റ് ഏമാർഡച്ചനെ അറിയിച്ചു.

ഈ ആരോപണങ്ങൾ കേട്ടു കഴിഞ്ഞപ്പോൾ അദ്ദേഹത്തിന് അമർഷം അടക്കുവാൻ നിവൃത്തിയില്ലാതായിത്തീർന്നു. സംഗതികളുടെ യാഥാർത്ഥ്യത്തെ അദ്ദേഹം കട്ടിനാളിനെ വിശദമായി വിവരിച്ചുകേൾപ്പിച്ചു. കട്ടിനാളിന്റെ എതിരഭിപ്രായത്തെ ദൂരീകരിക്കത്തക്കവയായിരുന്നു അദ്ദേഹത്തിന്റെ വാദങ്ങൾ. ആരോപണങ്ങൾമൂലം ദോഷം ഉളവാകാതിരിക്കത്തക്കവണ്ണം, മാർപ്പാപ്പാ തിരുമേനിയെ കാര്യങ്ങൾ ഗ്രഹിപ്പിക്കുന്നതാണെന്നു കട്ടിനാൽ വാക്കുകൊടുത്തു. പ്രസ്തുത വാഗ്ദാനം അദ്ദേഹം പാലിക്കയും ചെയ്തു.

എന്നാൽ ആ കട്ടിനാൽ പ്രീഫെക്റ്റ് ഉദ്യോഗത്തിൽനിന്നു മാറിപ്പോയതുകൊണ്ടും, പരിശുദ്ധ പിതാവു തത്സമയം പേപ്പൽ സംസ്ഥാനത്തിന്റെ തെക്കൻ പ്രവിശ്യകളിൽ വിസീത്ത നടത്തിക്കൊണ്ടിരിക്കയായിരുന്നതുകൊണ്ടും അംഗീകരണം നല്കിക്കൊണ്ടുള്ള പേപ്പൽ ഡിക്രി ലഭിക്കുന്നതിന്, മേയ് അവസാനംവരെ നമ്മുടെ കഥാനായകനു കാത്തിരിക്കേണ്ടതായി വന്നുകൂടി. ഈ അവസരത്തെ അദ്ദേഹം പാഴാക്കിയില്ല. വിശുദ്ധ പൗലോസ്, വിശുദ്ധ യോഹന്നാൻ എന്നീ വിശുദ്ധന്മാരുടെ നാമത്തിലുള്ള ബസേലിക്കാകളോടു തൊട്ടുള്ള പീഡാനുഭവസഭക്കാരുടെ ആശ്രമത്തിൽ ഒരു ധ്യാനം നടത്തുന്നതിന് ഈ സന്ദർഭം അദ്ദേഹം വിനിയോഗിച്ചു.

അവസാനം ജൂൺ മാസം പത്താംതീയതി ഡിക്രിയുടെ അച്ചടിച്ച പകർപ്പുകൾ അദ്ദേഹത്തിനു ലഭിച്ചു. കർബാനയുടെ തിരുനാളിന്റെ തലേദിവസമായ ജൂൺ 3—ാംതീയതിയാണ ഡിക്രിയിൽ പരിശുദ്ധ പിതാവു തുല്യംചാർത്തിയിരുന്നത് എന്ന വസ്തുത അദ്ദേഹത്തെ ഹ്ലാദാകർഷിച്ചു. തന്റെ സഭയെ ഔദ്യോഗികമായി അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവുകൾ രണ്ടു മഹാസംഭവങ്ങൾ സംഘടിപ്പിച്ചുകൊണ്ടാണ പുറപ്പെട്ടത്. ഒന്നാമത്തേത് 1859—ലെ മൂന്നു രാജാക്കളുടെ തിരുനാൾ. രണ്ടാമത്തേത് 1863—ലെ കർബാനയുടെ തിരുനാൾ.

കൃതജ്ഞതാനിർഭരമായ ഹൃദയത്തോടുകൂടി അദ്ദേഹം ഇപ്രകാരം എഴുതി: "ഇതാ ഞങ്ങൾ തിരുസ്സഭാമാതാവിൻെറ കുടുംബത്തിലെ അംഗങ്ങളായിത്തീൎന്നിരിക്കുന്നു. പരിശുദ്ധ പിതാവു തന്നെയാണു ഞങ്ങളുടെ ആദ്യത്തെ സുപ്പീരിയർ. ഞങ്ങൾ എളിയ ദാസന്മാരാകുന്നു. ഗ്ലൈഹികാംഗീകാരത്താൽ ഞങ്ങൾ തിരുമനസ്സിലെ പൈതൃകപരിപാലനയ്ക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്നു. എത്ര മനോജ്ഞമായ ഒരു അവകാശം. പരിശുദ്ധ കന്യകാമറിയത്തിൻെറ അമലോത്ഭവം വിശ്വാസരഹസ്യമായി പ്രഖ്യാപനംചെയ്തു പ്രസിദ്ധനായി തീൎന്നിരിക്കുന്ന പീയൂസ് ഒമ്പതാമനാൽ നമ്മുടെ സഭ അംഗീകൃതമായിരിക്കുന്നുവെന്നുള്ളതു തീർച്ചയായും ബഹുമാനദായകമായ ഒന്നുതന്നെ."

വിനാവിളംബം അദ്ദേഹം പാരീസിലേയ്ക്കു തിരിച്ചു. ശരീരാസ്വാസ്ഥ്യം നിമിത്തം ആവശ്യമായ വിശ്രമം എടുത്തുകൊണ്ടാണ് അദ്ദേഹം യാത്രചെയ്തതു്. മദ്ധ്യേമാൎഗ്ഗം ലാവൂസിലും, ലാസലേററിലും ഉള്ള ദൈവാലയങ്ങളിൽ പ്രവേശിച്ചു ദൈവമാതാവിനു കൃതജ്ഞത പ്രകാശിപ്പിച്ചു. ജൂലൈ 12—ാം തീയതി ഫാദർ ഏമാർഡ് വിജയശ്രീലാളിതനായി പാരീസിൽ തിരിച്ചെത്തി.

കാലതാമസമെന്യെ സഭയുടെ ഒരു പൊതുയോഗം വിളിച്ചുകൂട്ടുന്നതിന് അദ്ദേഹം യത്നിച്ചു. നിയമാവലിയിൽ ചില സംഗതികൾ കൂട്ടിച്ചേർക്കുന്നതിനെപ്പററിയുള്ള അംഗങ്ങളുടെ അഭിപ്രായമറിയുന്നതിന് ഇതാവശ്യമായിരുന്നു. ആഗസ്റ്റ് 19 മുതൽ 25 വരെ ദീർഘിച്ച ഈ സമ്മേളനത്തിൻെറ നടപടികൾ ഫാദർ ഏമാർഡിൻെറ സ്ഥാനമാഹാത്മ്യത്തെയും, ഗുണപൌഷ്കല്യത്തെയും കൂടുതൽ പ്രകടമാക്കി.

നിയമാവലി യഥാൎത്ഥരൂപത്തിൽ എഴുതി ഉണ്ടാക്കുകയെന്നതു മാത്രമാണ് ഇനിയും അദ്ദേഹത്തിനു ശേഷിച്ചിരിക്കുന്ന ജോലി. ഇതു് അദ്ദേഹം നിഷ്പ്രയാസം സാധിച്ചു. എന്നാൽ അവസാനമായി സ്വീകരിക്കുന്നതിനു മുൻപായി മററു സഭകളുടെ നിയമങ്ങളെ പരിശോധിച്ചു തൻെറ നിയമസംഹിതയിലെ പോരായ്മകളെ പരിഹരിക്കുന്നതിനു തീരുമാനിച്ചു. ഈ ഉദ്ദേശ്യാൎത്ഥം ഫാദർ ചാനുയട്ടിനാൽ അനുഗതനായി അദ്ദേഹം

പല ആശ്രമങ്ങളും സന്ദർശിച്ചു. പാരീസിലും റോമിലുംവച്ച് അദ്ദേഹം നടത്തിയ താരതമ്യപഠനത്തെ പൂർണ്ണമാക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം. 1864 മേയ്മാസത്തിന്റെ ആരംഭത്തിൽത്തന്നെ നിയമാവലിയുടെ അച്ചടിച്ച പ്രതികൾ സഭയിലെ ഓരോ അംഗങ്ങൾക്കും നല്കപ്പെട്ടു. സുദീർഘമായ എട്ടു കൊല്ലത്തെ പ്രാർത്ഥനയുടേയും പഠനത്തിന്റേയും പരിചയത്തിന്റേയും ഫലമായ ഈ നിയമാവലി സഭാസ്ഥാപകന്റെ ചിന്തകളുടേയും ഇച്ഛകളുടേയും ഒരു ബാഹ്യപ്രകടനം മാത്രമായിരുന്നു.

# പതിനാലാം അദ്ധ്യായം.

## ദിവ്യകാരുണ്യദാസികൾ.

---

വൈദികരുടെ ദിവ്യകാരുണ്യസംഘം രൂപവല്ക്കരിക്കുന്ന അവസരത്തിലും, പരിശുദ്ധ കന്യകാമറിയത്തിന്റെ ആരാധനാജീവിതത്തെ തുടരുവാൻ സ്ത്രീകൾക്കായി ഒരു സംഘം സ്ഥാപിക്കണമെന്നു ഫാദർ ഏമാർഡ് ആഗ്രഹിച്ചിരുന്നു.

വാസ്തവത്തിൽ 1853 ഏപ്രിൽ 18—ാംതീയതി ദിവ്യകാരുണ്യസംഘസ്ഥാപനത്തിനു പ്രകൃത്യതീതമായ ഒരു ആവിഷ്കരണം ഉണ്ടായപ്പോൾ, ദിവ്യകാരുണ്യാരാധനയ്ക്കായി വൈദികർക്കും, കന്യാസ്ത്രീകൾക്കും, അൽമേനികൾക്കും പരസ്പരബദ്ധമായ ശാഖകളോടുകൂടിയ ഒരു പൂർണ്ണസംഘം സ്ഥാപിക്കുന്നതിനായിരുന്നു ദൈവം അദ്ദേഹത്തെ അറിയിച്ചതു്.

അൽമായക്കായുള്ള സംഘടനകളെപ്പററി ആദ്യംതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. വളരെയധികം ഒരുക്കത്തിനുശേഷം, അവസാനമായി ഏർപ്പെട്ടുത്തിയ സ്ത്രീകൾക്കായുള്ള സഭയെപ്പററിയാണ് ഇനി പറയുവാനുള്ളത്. ഫാദർ ഏമാർഡിൻെറ ജീവിതകാലത്തുതന്നെ അതു സ്ഥാപിതമായി.

ഇക്കാര്യത്തിൽ എടുത്തുചാട്ടം എത്രയും അപല്ക്കരമായിരിക്കുമെന്നു വിവേകം അദ്ദേഹത്തെ മനസ്സിലാക്കിയിരുന്നു. ഇതിനെപ്പററി അദ്ദേഹം പറയുന്നതു ശ്രദ്ധേയമാണ്. "എല്ലാം ഒരുമിച്ചു തുടങ്ങാമെന്നുള്ളതു ശരിതന്നെ. എന്നാൽ നായകന്മാരും ആധ്യാത്മികപിതാക്കന്മാരും, മററുള്ളവരെക്കാൾ മുൻപു തയ്യാറാകുക എന്നുള്ളതു വെറും സ്വാഭാവികം മാത്രമാണ്."

സ്ഥലത്തെ മെത്രാൻെറ അനുമതിയോടുകൂടി, സന്യാസവസ്ത്രമോ വ്രതവാഗ്ദാനമോ ഇല്ലാതെ ലോകത്തിൽ ജീവിക്കുന്ന ഭക്തിയുള്ള ആത്മാക്കളെ യോജിപ്പിച്ചുകൊണ്ട് ഒരു സാധാരണ സംഘം തുടങ്ങുന്നതിനാണ് അദ്ദേഹം ആദ്യം നിശ്ചയിച്ചത്. അദ്ദേഹംതന്നെ അവർക്കു സുപ്പീരിയറായിരിക്കും. അദ്ദേഹത്തിൻെറ പരിലാളനത്തിൽ അവർ സത്പ്രവൃത്തികളിൽ വ്യാപൃതരാകും. പരീക്ഷണത്തിലും പഠനത്തിലും കുറച്ചുകാലം കഴിച്ചതിനുശേഷം മെത്രാൻെറ അധികാരസീമയ്ക്കുള്ളിൽ ഒരു സന്യാസസംഘമായി അവരെ രൂപാന്തരപ്പെടുത്താൻ സാധിക്കുകയും ചെയ്യും. ഇതായിരുന്നു അദ്ദേഹത്തിൻെറ പദ്ധതി.

1856 സെപ്തംബർ 20—ാംതീയതി ഫാദർ ഏമാർഡ് ഇപ്രകാരം എഴുതി. "സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഒന്നു തീർച്ചയാണ്. ഇപ്പോൾ നിലവിലിരിക്കുന്ന യാതൊരു സഭയുടെയും നിയമമോ, ജോലിയോ സ്വീകരിക്കേണ്ടാ. പരിശുദ്ധ കന്യകാമറിയത്തെ അനുകരിച്ച്, ദിവ്യകാരുണ്യാരാധന നടത്തുവാൻ തയ്യാറുള്ള സാക്ഷാൽ ആരാധകരെ രൂപവല്ക്കരിക്കുകയാണു നമ്മുടെ ലക്ഷ്യം."

"നമ്മുടെ ചെറിയ കപ്പേളയിൽ ദൈവപ്രചോദിതരായി സ്വീകരിക്കപ്പെടുന്ന ഏതാനും ചില ആളുകളെ ദിവ്യകാരുണ്യപരമായ ഒരു ജീവിതത്തിനു പരിശീലിപ്പിക്കുക എന്നതാണ് ആദ്യമായി ചെയ്യുവാനുള്ളത്. അവർ ശരിയായി തയ്യാറായി

കഴിഞ്ഞാൽ ഈ സംരംഭത്തെപ്പററിയുള്ള ദൈവേഷ്ടം അറിയു വാനായി തീക്ഷ്ണതാപൂർവ്വം പ്രാർത്ഥിക്കണം."

അനുകൂലസാഹചര്യങ്ങളാൽ, അദ്ദേഹം വിചാരിച്ചിരുന്ന തിനു മുൻപുതന്നെ സംഘം രൂപീകൃതമായി. 1857 മാർച്ച് നാലാംതീയതി, റെറാവുളോനിലെ വനിതാരാധനാസംഘ ത്തിന്റെ പ്രസിഡൻറ് മററു രണ്ടു സ്ത്രീകളാൽ അനുഗതയായി പാരീസിൽ വന്നുചേർന്നു. ഫാദർ ഏമാർഡിന്റെ അഡ്രസ്സ് ഫാദർ ഡികുവേർസിൽനിന്നു ഗ്രഹിച്ചുകൊണ്ടാണ് അവർ അവിടെ എത്തിച്ചേർന്നത്.

രൂഡിഎൻഫറിലെ സന്യാസാശ്രമത്തിനടുത്തുള്ള ഒരു കെട്ടിടത്തിൽ അവർ താമസമുറപ്പിച്ചു. സന്യാസജീവിതത്തി നുള്ള തീക്ഷ്ണതയാൽ പ്രചോദിതരായി ദിവ്യകാരുണ്യാരാ ധനയ്ക്കു സൗകര്യം കൊടുക്കുന്നതിന് അവർ വീണ്ടുംവീണ്ടും അദ്ദേഹത്തെ നിർബന്ധിക്കുവാൻ തുടങ്ങി. എന്നാൽ ഈ പരി ശ്രമങ്ങളെല്ലാം വിഫലമായിത്തീരുകയാണുണ്ടായത്. അവ രുടെ അഭ്യർത്ഥന നിരസിക്കുക മാത്രമല്ല ഫാദർ ഏമാർഡ് ചെയ്തത്, പിന്നെയോ ഇപ്രകാരം ഒരു അൽമായസംഘടന തുടങ്ങുന്നതിന് അനുവാദംപോലും അദ്ദേഹം നിരസിച്ചു. എന്നാൽ നിരാശരാകാതെ അവർ ചെയ്ത അഭ്യർത്ഥനകളുടെ ഫലമായി അവസാനം അദ്ദേഹം അവരുടെ ആദ്ധ്യാത്മിക പാലകനും, നായകനും ആയിരുന്നുകൊള്ളാമെന്നു സമ്മതിച്ചു. ഓരോരുത്തർക്കും ഓരോ പ്രത്യേക ചട്ടവും അദ്ദേഹം നല്കി.

വാസ്തവത്തിൽ മെത്രാപ്പോലീത്തായുടെ അംഗീകരണമി ല്ലാതെ ഒരു അൽമായസംഘടനപോലും രൂപീകരിക്കുവാൻ അവർക്ക് അനുവാദമില്ലായിരുന്നു. നിശ്ചിതമായ ഒരു പരിപാ ടിയും അതിരൂപതയ്ക്കു ഉപകാരപ്രദമായ ഒരു ഉദ്ദേശ്യവും ഇല്ലാതെ ഈ അംഗീകരണം ലഭിക്കുക എന്നതു ദുസ്സാദ്ധ്യമാ യിരുന്നു.

പുതിയ സംഘടനയ്ക്കു ഈ രണ്ടു സംഗതികളിലും പോരായ്മ വരികയില്ലെന്നതു ശരിതന്നെ. എന്തുകൊണ്ടെ ന്നാൽ പ്രായംകൂടിയ ആൺകുട്ടികളുടെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണക്കാര്യം വൈദികരായ ആരാധകർ ഏറെറടുത്തിരി

ക്കുന്നതുപോലെ പെൺകുട്ടികളുടെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണക്കാര്യം അവക്കും ഏറെറടുക്കുവാൻ സാധിക്കും. ഫോബോർഗിൽ സെൻററ് ജാകപിസിലെ വൈദികാരാധകക്കു സ്ഥിരവസതി ലഭിക്കാതെ, സ്ത്രീകളുടെ കാര്യം ഏറെറടുക്കുന്നത് അവിവേകമായിരിക്കുമെന്നു നമ്മുടെ കഥാനായകനു് അറിയാമായിരുന്നു. ഇക്കാരണത്താൽ ആ വനിതകളുടെ വീണ്ടും വീണ്ടുമുള്ള അഭ്യർത്ഥനകൾക്കു നിഷേധരൂപത്തിലുള്ള മറുപടിയാണ് അദ്ദേഹം നല്കിക്കൊണ്ടിരുന്നത്.

അവരുടെ ആഗ്രഹത്തെ പ്രവൃത്തിരൂപത്തിൽ വരുത്തുന്നതിനു മറെറാരു സംഗതികൂടി വിലങ്ങടിച്ചു നിന്നിരുന്നു. പില്ക്കാലങ്ങളിൽ ഒരുത്തമസഭയായിട്ട് ഉയരാനിരിക്കുന്ന ഈ സഭയുടെ ആരംഭത്തിൽത്തന്നെ, അതിൻെറ സ്ഥാപകയാകുവാനിരുന്നവളും ഉണ്ടായിരിക്കുക എന്നത് ഏററവും ഉചിതമായിരുന്നു. ഇതിൻെറ സ്ഥാപകയാകുവാനിരുന്നയാളെ ദൈവം നമ്മുടെ കഥാനായകനു നേരത്തെതന്നെ ഒരു ദർശനംവഴി കാണിച്ചുകൊടുത്തിട്ടുണ്ടായിരുന്നു. ദൈവനിശ്ചിതയായ ഈ ആൾ മിസ് മാർഗ്രററ്ഗില്ലോട്ട് അല്ലാതെ മററാരുമായിരുന്നില്ല.

## II

1815 ഡിസംബർമാസം 4-ാംതീയതി ഭക്തരായ മാതാപിതാക്കന്മാരിൽനിന്നും മാർഗ്രററ്ഗില്ലോട്ട് ലയോൺസിൽ ഭൂജാതയായി. അവളുടെ പിതാവ് ഒരു തയ്യൽപ്പണിക്കാരനായിരുന്നു. ചെറുപ്പകാലത്തു ക്രിസ്റ്റീയമായ ഒരു വിദ്യാഭ്യാസമാണ് അവൾക്കു ലഭിച്ചത്. ഈ വിദ്യാഭ്യാസത്തിൻെറ ഫലമായി, ബാല്യകാലംമുതൽ അവൾക്ക് ഏകാന്തതയോട്ട് അതീവമായ സ്നേഹമുണ്ടായി. ദൈവൈക്യത്തിൽ ജീവിക്കുന്നതിന് അവൾക്കുണ്ടായിരുന്ന അഭിനിവേശം ഒന്നു വേറെതന്നെയായിരുന്നു. ചുരുക്കത്തിൽ സന്യാസജീവിതത്തിനു സർവ്വപ്രകാരത്തിലും യോജിച്ച സ്വഭാവവിശേഷമായിരുന്നു അവൾക്കുണ്ടായിരുന്നത്.

വിവേചനാശക്തിയുണ്ടായ കാലം മുതൽതന്നെ ദൈവ

സാന്നിധ്യത്തിൽ ജീവിക്കുന്നതിനു് അവൾ പരിശ്രമിച്ചുതുടങ്ങി. ഗൃഹാന്തർഭാഗത്ത് ഒഴിഞ്ഞ മൂലയിൽ ധ്യാനനിരതയായി ദൈവത്തോടു സംഭാഷണം നടത്തുന്നതിൽ അവൾ അതീവാഗ്രഹം പ്രദർശിപ്പിച്ചു. സമാധിയിൽ ലയിച്ചിരിക്കുന്നതായി മാർഗ്രററിനെ പലപ്പോഴും അവളുടെ സഹോദരിമാർ കണ്ടിട്ടുണ്ട്. അവളെ ഇങ്ങനെ കണ്ടുമുട്ടിയ ഒരു സോദരി "നീ ഇവിടെ എന്തുചെയ്യുന്നു"വെന്നു ചോദിച്ചു. "ഞാൻ നിശ്ശബ്ദതയിൽ ദൈവത്തോടു സംഭാഷിക്കുന്നു" എന്നു മാത്രമായിരുന്നു അവളുടെ മറുപടി.

പില്ക്കാലങ്ങളിൽ തൻെറ ജീവിതവിജയത്തിനു് അടിസ്ഥാനമാകാനിരുന്ന ആധ്യാത്മികജീവിതത്തോടുള്ള ഔത്സുക്യത്തിൻെറ പ്രഥമ പ്രകടനം ബാല്യകാലത്തിൽത്തന്നെ അവളിൽ വിളങ്ങിയിരുന്നു.

ധ്യാനം! ഇതുമാത്രമായിരുന്നു അവൾക്കു് ആനന്ദപ്രദമായിരുന്ന ആധ്യാത്മികശാസ്ത്രം—അവളുടെ സകല വിഷയങ്ങൾക്കും അടിസ്ഥാനമായിരുന്ന ആധ്യാത്മികശാസ്ത്രം. അവളുടെ അധ്യയനകാലമടുത്തതോടുകൂടി പ്രാർത്ഥിക്കേണ്ട വിധം അവൾ പഠിച്ചുതുടങ്ങി. ഭക്തയായ അധ്യാപിക പഠിപ്പിച്ച മാർഗ്ഗമവലംബിച്ചുകൊണ്ടു് അവൾ പ്രാർത്ഥനയിൽ ദൈവൈക്യം പ്രാപിക്കുന്നതിനു പരിശ്രമിച്ചുതുടങ്ങി. പ്രാർത്ഥനയിൽ തനിക്കനുഭവപ്പെട്ട ആശ്വാസം, സ്വസഹോദരിമാരെ ഈ പ്രാർത്ഥനാസമ്പ്രദായം അഭ്യസിപ്പിക്കുന്നതിനു് അവളെ പ്രേരിപ്പിച്ചു. കുഞ്ഞുസോദരിയുടെ ഭക്തിപ്രചുരിമയാൽ ആകൃഷ്ടരായ സഹോദരിമാർ അവളോടുകൂടി ധ്യാനംകഴിക്കുന്നതിനു താല്പര്യം പ്രദർശിപ്പിച്ചു. അന്യചിന്തകൾ കൂടാതെ പ്രാർത്ഥിക്കുന്നതിനായി അവർ ഏകാന്തമായ ഒരു മുറിയെ അഭയംപ്രാപിച്ചിരുന്നു. ധ്യാനവിഷയങ്ങൾ ഒരാൾ വായിക്കും. അതിനുശേഷം പലവിചാരങ്ങളെ ദൂരീകരിക്കുന്നതിനുവേണ്ടി വിളക്കുകൾ എല്ലാംതന്നെ അണച്ചു് അവർ ധ്യാനപാരവശ്യത്തിൽ നിർല്ലീനരാകും. കൂട്ടുകാർക്കു മററു ചിന്തയ്ക്കു കാരണമാകുന്ന ഒരു നെടുവീർപ്പുപോലും അവരിൽനിന്നും പുറപ്പെട്ടിരുന്നില്ല. കാൽമണിക്കൂറൊ, അരമണിക്കൂറൊ ഇപ്രകാരം ധ്യാനനിരതരായി അവർ കഴിക്കും.

ഇങ്ങനെ പരിശുദ്ധാത്മാവിൻെറ ദാനങ്ങൾ വളരെ ചെറുപ്പത്തിൽതന്നെ ഇത്ര ധാരാളമായി അവളുടെ ആത്മാവിനെ അലങ്കരിച്ചിരുന്നു. പുണ്യപൂർണ്ണതയിലേയ്ക്കുള്ള ദൈവാഹ്വാനത്തെ സസന്തോഷം സ്വീകരിച്ചുകൊണ്ടു പതിമൂന്നാമത്തെ വയസ്സിൽത്തന്നെ അവളുടെ കന്യാത്വത്തെ ദൈവത്തിനു സമർപ്പിച്ചു.

താൻ സ്നേഹിക്കുന്നവരെ കൂടുതൽ പരീക്ഷകളാൽ ദൈവം പീഡിപ്പിക്കുന്നു. മാർഗ്രററ് ഈ നിയമത്തിനൊരു വ്യത്യസ്തയായിരുന്നില്ല. ബാല്യകാലത്തിൽത്തന്നെ അവൾ കഠിനരോഗങ്ങൾക്കു വിധേയയായിത്തീൎന്നു. ഭയങ്കരമായ ബാലപീഡയാൽ അവൾ മരണവക്ത്രത്തിൽ എത്തിച്ചേൎന്നു. അതിനുശേഷം ആദ്ധ്യാത്മികശുഷ്കത, മനോവ്യഥ, ആത്മീയാസ്വസ്ഥത ഇങ്ങനെയുള്ള ആദ്ധ്യാത്മികരോഗങ്ങളാൽ അവൾ പീഡിപ്പിക്കപ്പെട്ടു.

ഈ അവസ്ഥയിലാണ് അവൾ ഫാദർ ഏമാർഡിൻെറ ആദ്ധ്യാത്മികനിയന്ത്രണത്തിനു സ്വയം സമർപ്പിച്ചത്. അവരുടെ പ്രഥമ സംഭാഷണത്തിനിടയ്ക്കുതന്നെ പുണ്യവാനായ കഥാനായകൻ അവളുടെ ഹൃദയത്തെ പൂർണ്ണമായി ഗ്രഹിച്ചുകഴിഞ്ഞു. ദൈവം അവളെക്കൊണ്ടു വലുതായ കാര്യങ്ങൾ സാധിക്കുവാനിരിക്കുന്നുവെന്നുള്ള കാര്യവും അവളെ അദ്ദേഹം മനസ്സിലാക്കി. അദ്ദേഹത്തിൻെറ ആദ്ധ്യാത്മികനിയന്ത്രണത്തിൽ അവൾ പുണ്യപൂർണ്ണതയിലേയ്ക്കു കുതിച്ചുചാടിക്കൊണ്ടിരുന്നു. താമസിയാതെതന്നെ എപ്പോഴും പൂർണ്ണമായിട്ടുള്ളതെന്നു തനിക്കു തോന്നുന്നതു ചെയ്തുകൊള്ളാമെന്നുള്ള ഒരു വ്രതം എടുക്കുന്നതിന് അവൾ ഫാദർ ഏമാർഡിൻെറ അനുമതി അഭ്യർത്ഥിച്ചു. അവളുടെ ആദ്ധ്യാത്മികക്ഷണം ദൈവനിവേശിതമാണെന്ന് അദ്ദേഹത്തിനു തോന്നി. ഇപ്രകാരമുള്ള വ്രതവാഗ്ദാനം വിഷമതകളെ തരണംചെയ്യുന്നതിന് അവൾക്കു ബലമുള്ള കോട്ടയായിരിക്കും എന്നു മനസ്സിലാക്കിയ നമ്മുടെ കഥാനായകൻ വ്രതമെടുക്കുന്നതിന് അവളെ അനുവദിച്ചു.

മരിയസഖ്യത്തിൻെറ പാലകനായി ഏതാണ്ട് ഈ അവസരത്തിലാണു ഫാദർ ഏമാർഡ് നിയമിതനായത്. ഗില്ലോ

ട്ടിന്റെ ആധ്യാത്മികചൈതന്യത്തിൽ പൂർണ്ണവിശ്വാസമുണ്ടായിരുന്ന അദ്ദേഹം ഈ സഖ്യത്തിനു് ഒരു നവജീവൻ പ്രദാനം ചെയ്യുന്നതിനു് മിസ് ഗില്ലോട്ടിന്റെ സഹകരണം ആവശ്യപ്പെട്ടു. അദ്ദേഹത്തിന്റെ ആശ നിഷ്ഫലമായില്ല. ഇക്കാര്യത്തിൽ അവളുടെ സഹകരണം പ്രോത്സാഹജനകമായ ഫലമുളവാക്കുകതന്നെ ചെയ്തു.

എന്നാൽ മിസ് ഗില്ലോട്ടിന്റെ തീക്ഷ്ണത മരിയസഖ്യത്തിന്റെ പരിധിയെ അതിലംഘിക്കണമെന്നതായിരുന്നു ദൈവാഭീഷ്ടം. പരിശുദ്ധ കന്യകാമറിയം വേണം അവളെ ദിവ്യകാരുണ്യസവിധത്തിലേയ്ക്കാനയിക്കുവാൻ.

മിസ് മാർഗ്രററ് ഗില്ലോട്ടിനോടു പിന്നീടൊരിക്കൽ സംസാരിക്കവെ അദ്ദേഹം ഇപ്രകാരം പറഞ്ഞു. "ദൈവംതന്നെ ഇതു നിനക്കു വെളിപ്പെടുത്തണമെന്നാണെന്റെ ആഗ്രഹം." ഏതാനും മാസങ്ങൾക്കുശേഷം അദ്ദേഹം എഴുതി: "അവിടുന്നു നിന്നെയും എന്നെയുംപററി നിന്നെ അറിയിക്കുന്നതിനു നീ അവിടുത്തെ സവിധത്തിൽ പ്രാർത്ഥിക്കണമെന്നു ഞാനാഗ്രഹിക്കുന്നു." പരിത്യാഗത്തിലും പ്രാർത്ഥനയിലും സമയം ചെലവഴിച്ചുകൊണ്ട് ഈ ദിവ്യവേലയ്ക്കായി സുദീർഘമായ പല വത്സരങ്ങൾ അവൾ ഒരുങ്ങി.

വനിതാദിവ്യകാരുണ്യാരാധകസംഘത്തിന്റെ പ്രസിഡൻറ് പാരീസിൽ ഫാദർ ഏമാർഡിന്റെ നിയന്ത്രണത്തിൽ ജോലിചെയ്യുന്നുവെന്നറിഞ്ഞപ്പോൾ മിസ് ഗില്ലോട്ടും അവരുടെ കൂടെ ചേരുന്നതിനാഗ്രഹിച്ച് അനുവാദമഭ്യർത്ഥിച്ചു. മരിയസഭാവൈദികരോടുള്ള ബഹുമാനംകാരണം മരിയസഖ്യത്തിലെ പുതിയ ഉദ്യോഗഭാരവാഹികളുടെ നിയമനം കഴിയുന്നതുവരെ താമസിക്കണമെന്നു ഫാദർ ഏമാർഡ് അവളെ അറിയിച്ചു. വനിതാസംഘത്തിൽ നിക്ഷിപ്തമാകുവാനിരുന്ന — പ്രായംചെന്ന പെൺകുട്ടികളുടെ ദിവ്യകാരുണ്യസ്വീകരണമെന്ന — ജോലി ഏതൊന്നിനോടു ഘടിപ്പിക്കുവാൻ ഉദ്ദേശിച്ചിരുന്നുവോ ആ പ്രായംചെന്ന ആൺകുട്ടികളുടെ ദിവ്യകാരുണ്യസ്വീകരണക്കാര്യം അദ്ദേഹം ഇതേവരെ ആരംഭിച്ചിട്ടില്ലായിരുന്നു. മുകളിൽ പറഞ്ഞതരത്തിൽ മറുപടി നല്കുന്നതിനു്

ഇതും അദ്ദേഹത്തെ പ്രേരിപ്പിച്ചു. ഈ അവസരം പാഴാക്കാതെ മിസ് ഗില്ലോട്ട് അർസിലെ വികാരിയുടെ നിയന്ത്രണത്തിൽ ഒരു ജ്ഞാനധ്യാനം നടത്തി. ദിവ്യകാരുണ്യഭരണസ്ഥാപനാൎത്ഥമുള്ള അവളുടെ ആകാംക്ഷയെ ആ പുണ്യപുരുഷനെ അവൾ അറിയിച്ചു. പാരീസിൽ ഫാദർ ഏമാർഡിനോടു യോജിച്ചു പ്രവൎത്തനമാരംഭിക്കുന്നതിന് അദ്ദേഹം അവളെ ഉപദേശിച്ചു. ദിവ്യകാരുണ്യദാസിയാകണമെന്നുള്ളതാണു ദൈവാഭീഷ്ടമെന്ന് അദ്ദേഹം അവളെ അറിയിക്കുകയും ചെയ്തു. ഇനിയും കാലതാമസം വരുത്താതെ, ഫാദർ ഏമാർഡിൻെറ ക്ഷണം ലഭിച്ചാലുടൻ, പാരീസിലേയ്ക്കു യാത്രതിരിക്കുന്നതിന് അദ്ദേഹം അവളെ ഉപദേശിച്ചു.

എന്നാൽ റൂഡിഎൻഫറിലെ വസതി വിട്ടുകൊടുക്കുന്നതിനു ഫാദർ ഏമാർഡ് നിർബന്ധിതനായിത്തീൎന്നു. മൂന്നുനാലു മാസക്കാലം ഒരു സ്ഥലം കണ്ടുപിടിക്കുന്നതിനായി പരിശ്രമിച്ചു. അതെല്ലാം വിഫലമാവുകയാണുണ്ടായത്. ഈ പരിതഃസ്ഥിതികൾ, മിസ് ഗില്ലോട്ടിനോടുകൂടെ പുതിയ പ്രവൎത്തനമാരംഭിക്കുന്നതിന് ഉതകുന്നവയായിരുന്നില്ല. ഏതാനും മാസങ്ങൾക്കുശേഷം ഫോബോർഗിൽ സാൻജാക്വസ് എന്ന സ്ഥലത്ത് ഒരു വസതി അവൎക്കു ലഭിച്ചു. അടുത്തുതന്നെ സ്ത്രീവിഭാഗത്തിനു പ്രവൎത്തനമാരംഭിക്കുന്നതിനു സൗകൎയപ്രദമായ ഒരു സ്ഥലവും ലഭിക്കുകയുണ്ടായി. പരിതഃസ്ഥിതികൾ ഇങ്ങനെ ശരിപ്പെട്ട വിവരം അദ്ദേഹം ഗില്ലോട്ടിനെ യഥാവസരം അറിയിച്ചു.

1858 മേയ്മാസം 25—ാംതീയതി മിസ് ഗില്ലോട്ട് അവളുടെ ഒരു സഹോദരിയോടും മറെറാരു സ്നേഹിതയോടും കൂടി പാരീസിൽ എത്തിച്ചേൎന്നു. പുതിയ സഖ്യത്തിൻെറ ഭരണഭാരം അവളുടെ തോളിൽ നിക്ഷേപിക്കുവാൻ പോകുന്നുവെന്ന വാൎത്ത അവളെ വിസ്മയഭരിതയും, ഭയചകിതയുമാക്കി. ഇതിൽനിന്ന് ഒഴിയുന്നതിനു സകല കഴിവുകളും അവൾ പ്രയോഗിച്ചുനോക്കി. ഇതിനെപ്പററി പിൽക്കാലങ്ങളിൽ അവൾ പറയുന്നതു ശ്രദ്ധേയമാണ്. "ഞാൻ അഭ്യൎത്ഥിച്ചു; കേണപേക്ഷിച്ചു. എന്നാൽ യാതൊരു ഫലവുമുണ്ടായില്ല. സ്വാനിശ്ചയ

ത്തിൽ അചഞ്ചലനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ ഉദ്ദേശ്യത്തെ നേരത്തെ അറിയിക്കാതിരുന്നതിനെ ഞാൻ കുററപ്പെടുത്തി. ഇതറിഞ്ഞിരുന്നെങ്കിൽ ഞാൻ വരികയില്ലായിരുന്നു എന്നും മററും ഞാൻ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞു. എന്നാൽ എന്നെ നോക്കി പുഞ്ചിരിതൂകുക മാത്രമാണദ്ദേഹം ചെയ്തതു്. ഞാൻ ഭയചകിതയാണ്. എന്നാൽ വേഗത്തിൽ അതിനു മാററം വരും. ഇതിനിടയ്ക്കു ഞാൻ അനുസരിക്കണം. എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

ഫാദർ എമാർഡിന്റെ നിശ്ചയം പരസ്യമാക്കപ്പെട്ടില്ല. പുതിയ സഭയുടെ, പെൺകുട്ടികളുടെ പ്രഥമദിവ്യകാരുണ്യസ്വീകരണാർത്ഥമുള്ള പ്രവർത്തനം ആരംഭിക്കുന്നയവസരത്തിലാണ് ഇതിനെപ്പററി പറയുന്നതിന്, അദ്ദേഹം നിശ്ചയിച്ചിരുന്നതു്. ഇതു സ്ഥലത്തെ മെത്രാപ്പോലീത്തായുടെ അംഗീകരണാനുമതിയോടുകൂടി വേണമായിരുന്നുതാനും.

പുതിയ സ്ഥാപനത്തെപ്പററിയുള്ള എഴുത്തുകുത്തുകൾക്കു ശേഷം ജൂലൈ മാസാരംഭത്തിൽ, റെറാവുളോനിലെ സ്ത്രീകൾ മിസ് ഗില്ലോട്ടിന്റെ സംഘത്തോടു ചേർന്നു. ദിവ്യരക്തത്തിന്റെ തിരുനാൾദിവസം ഫാദർ എമാർഡ് പുതിയ കപ്പേള വെഞ്ചരിച്ച് അർത്ഥിനികൾക്കു നിയമങ്ങൾ കൊടുത്തശേഷം മിസ് ഗില്ലോട്ടിനെ സഖ്യത്തിന്റെ അധിപയായി നിയമിച്ചു.

ദിവ്യകാരുണ്യദാസികൾ എന്ന നിലയിലുള്ള അവരുടെ ജോലിക്കു പ്രാരംഭമായി, ഇപ്പോൾ മുതൽ സന്യാസികളെപ്പോലെ ജീവിതത്തെ ക്രമീകരിക്കുന്നതിന് അവരെ അദ്ദേഹം ഉപദേശിച്ചു. 1857—മുതൽ 1863—വരെയുള്ള സുദീർഘമായ ആറു കൊല്ലങ്ങൾ ഈ മഹാജോലിയുടെ ഒരുക്കമായി അവർ കഴിച്ചുകൂട്ടി.

ആരംഭത്തിൽത്തന്നെ ഈ നൂതനസഭ വിഷമതകൾക്കധീനമായിത്തീർന്നു. പുതിയ സഭയുടെ നിയമങ്ങളും സാമൂഹ്യജീവിതത്തിൽ അനുഭവിക്കേണ്ടിവന്ന ക്ലേശങ്ങളും റെറാവുളോനിൽനിന്നു വന്ന സ്ത്രീകളുടെ സന്മനസ്സിനെപ്പോലും അതിലംഘിക്കുന്നവയായിരുന്നു. അവർ സഭയിൽനിന്നും ബഹിഷ്കൃതരായി. തന്റെ ഉദ്യമം നാമാവശേഷമായാലും, തെററായ അടിസ്ഥാ

നത്തിന്മേൽ ഈ സൗധത്തെ കെട്ടിപ്പടുക്കുന്നതിന് അദ്ദേഹം ഇഷ്ടപ്പെട്ടില്ല. ദൈവപരിപാലനയിലുള്ള അദ്ദേഹത്തിൻെറ സുദൃഢവിശ്വാസം ഇങ്ങനെ പ്രസ്പഷ്ടമാക്കി.

ഇപ്രകാരം സഭാംഗങ്ങളുടെ എണ്ണം നാലായി കുറഞ്ഞു. യാതന നിറഞ്ഞ പല ദിവസങ്ങൾ അവർ തള്ളിവിട്ടു. അധോമനസ്സരായ — നിരാശാഭരിതരായ — അവരെ ഊജ്ജിതപ്പെടുത്തുന്നതിനുതകുന്നവയായിരുന്നു അദ്ദേഹത്തിൻെറ സാന്ത്വന വചനങ്ങൾ. അവൾക്കു സമാശ്വാസമേകിക്കൊണ്ട് അദ്ദേഹം ഇപ്രകാരം പറയുക പതിവായിരുന്നു. "ലൌകികമായ ഒരു കാര്യവും അങ്ങിൽനിന്നു നാം യാചിക്കരുത്. മറിച്ച് അവിടുത്തെ അതൃപ്തിയിൽ നിങ്ങൾക്കു ജീവിക്കുവാൻ സാധിക്കുന്നതിനും, അവിടുത്തേയ്ക്കുവേണ്ടി അജ്ഞാതവാസം നയിക്കുന്നതിനും, നിങ്ങളുടെ അനുയായികളാൽ അവിടുത്തെ നാമം പവിത്രീകരിക്കപ്പെടുന്നതിനും ആയിരിക്കട്ടെ നിങ്ങളുടെ പ്രാത്ഥന." അവിടുത്തെ ദിവ്യഹൃദയത്തിൽ മറയ്ക്കപ്പെടുന്നതായിരിക്കട്ടെ നിങ്ങളുടെ ഏകാശ്വാസം. ഭയപ്പെടേണ്ട. സമയത്തിൻെറ പൂർണ്ണതയിൽ അവിടുന്നു നിങ്ങളുടെ സഹായത്തിനു വരും. നിങ്ങളുടെ രോഗമാണ് അവിടുത്തേയ്ക്കു കൂടുതൽ ഇഷ്ടമെങ്കിൽ ആരോഗ്യത്തിനുവേണ്ടിയും നിങ്ങൾ അപേക്ഷിക്കരുത്. പാരത്രികവിജയങ്ങൾ, നമ്മുടെ പ്രയത്നങ്ങളെക്കാൾ കൂടുതലായി പ്രാത്ഥനയോടുകൂടിയുള്ള സഹനത്തെയാണ് ആശ്രയിച്ചിരിക്കുന്നത്."

ഈ സഖ്യത്തിൻെറ ആരംഭം ഇപ്രകാരം ഏററം എളിയതും ക്ലേശപൂർണ്ണവുമായിരുന്നു. അന്നാട്ടിലെ പാവപ്പെട്ട പെൺകുട്ടികൾ അനുഭവിച്ച ആദ്ധ്യാത്മികാനന്ദവും ആശ്വാസവും മുൻപ് ആൺകുട്ടികൾക്കു ലഭിച്ചതുപോലെയുള്ളതായിരുന്നു.

കാലം മുമ്പോട്ടു നീങ്ങിയതോടുകൂടി പുതിയ അംഗങ്ങൾ സഭയിൽ പ്രവേശിച്ചു. ഈ അവസരത്തിലും അദ്ദേഹത്തിൻെറ ആത്മീയസുതരിൽ ദൈവാഹ്വാനത്തിൻെറ ചൈതന്യം ദൃഢമൂലമാക്കുന്നതിന് അദ്ദേഹം ഉററുപരിശ്രമിച്ചുകൊണ്ടിരുന്നു. ഒരിക്കൽ അദ്ദേഹം അവരോട് ഇപ്രകാരം പറഞ്ഞു: "കന്യകാമറിയത്തിൻെറ ദിവ്യകാരുണ്യജീവിതത്തെ അനുകരിച്ചു ബഹു

മാനിക്കുകയാകുന്നു നിങ്ങൾ ചെയ്യുന്നതു്. ഒരു പുതിയ കിരീടം കൊണ്ടു് ആ മാതാവിനെ നിങ്ങൾ അലങ്കരിക്കുകയാകുന്നു ചെയ്യുന്നതു്. ദിവ്യമാതാവിൻെറ എല്ലാ ദിവ്യരഹസ്യങ്ങളെയും ബഹുമാനിക്കുന്നതിനു് ഓരോ സംഘമുണ്ടു്. എന്നാൽ ദിവ്യ കാരുണ്യാരാധനാപരമായ ജീവിതത്തെ അനുസ്മരിച്ചു ബഹുമാനിക്കുന്നതിനു് ഇന്നുവരെ ഒരു സംഘം രൂപവത്കൃതമായിട്ടില്ല; ദിവ്യകാരുണ്യഭരണം സ്ഥാപിതമായിട്ടില്ല എന്നുള്ളതുതന്നെ ഇതിനു കാരണം. ആധുനികകാലത്തിലെ നൂതനാനുഗ്രഹമായി ഇന്നിതാ ആ ദിവ്യഭരണവും സ്ഥാപിതമായിരിക്കുന്നു."

പുതിയ സഭയ്ക്കു നല്കുവാനിരുന്ന അഭിധാനത്തെ പുരസ്കരിച്ചു സംസാരിച്ച അവസരത്തിൽ അദ്ദേഹം പ്രസ്താവിച്ചതു ശ്രദ്ധേയമാണു്. "കന്യകാമറിയത്തിൻെറ ജീവിതത്തെ അനുകരിക്കുവാൻ ആഗ്രഹിക്കുന്ന നിങ്ങളും അവളുടെ നാമത്താൽ അറിയപ്പെടണം. മംഗലവാർത്താസമയത്തു കർത്താവിൻെറ ദാസി എന്ന പാവനനാമമല്ലേ അവൾ സ്വീകരിച്ചതു്. ഈ നാമം അതിശക്തിമത്തായിരുന്നു. തിരുവവതാരപരമരഹസ്യം സാധിക്കുന്നതിനുള്ള ശക്തി അതിനുണ്ടായിരുന്നു. അതുപോലെ നിങ്ങളും ദിവ്യകാരുണ്യദാസികൾ എന്ന പാവനനാമത്താൽ അറിയപ്പെടണം.

എത്ര സുമധുരവും, സുന്ദരതരവുമായ നാമം!!! ഇതിനെക്കാൾ സുന്ദരമോ അഭികാമ്യമോ ആയ ഒരു നാമധേയം നിങ്ങൾക്കു നിരൂപിക്കുവാൻ സാധിക്കുമോ !!

## III

സഹോദരികളെ സംഘടിപ്പിച്ചു് ഒരു സഭ രൂപീകരിക്കുവാൻ ഫാദർ എമാർഡിനു് ആറു കൊല്ലങ്ങൾക്കു ശേഷമേ സാധിച്ചുള്ളുവെന്നു മുകളിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. പാരീസിലെ വൈദികാധ്യക്ഷന്മാർ പുതിയ സ്ഥാപനത്തിനു് അനുമതി നല്കിയില്ലെന്നും, പാരീസു വിട്ടാൽ തനിക്കു സഭയുടെ രൂപീകരണത്തിൽ ഒന്നും ചെയ്യാൻ സാധിക്കുകയില്ലെന്നും

അദ്ദേഹം അറിഞ്ഞിരുന്നു. ആകയാൽ ക്ഷമാപൂർവ്വം കാത്തിരിക്കു കതന്നെയെന്ന് അദ്ദേഹമുറച്ചു.

സംഘടനയിലെ അംഗങ്ങൾക്ക് ഈ പരീക്ഷണഘട്ടം അനന്തമായിത്തോന്നി. അതിനാൽ സഭാവസ്ത്രം സ്വീകരിച്ചു പുതിയ സ്ഥാപനം ആരംഭിക്കുന്നതിനുള്ള സമയം സമാഗതമായിയെന്ന് 1863 ജൂലൈമാസത്തിൽ അവർ അറിഞ്ഞപ്പോൾ, അവരുടെ ആനന്ദം അളവററതായിരുന്നു. എന്നാൽ ഈ ആനന്ദത്തിലും ദുഃഖത്തിൻെറ കരിനിഴൽ കലന്നിരുന്നു. അതേ, തങ്ങളുടെ ആത്മീയഗുരുവിൽനിന്നു വേർപിരിയേണ്ടിവരുമെന്ന വിചാരം. കാരണം, പാരീസിലായിരുന്നില്ല പുതിയ സ്ഥാപനം ആരംഭിക്കേണ്ടിയിരുന്നത്.

നവമായ സ്ഥാപനത്തിൻെറ കാര്യം തീച്ച്യാക്കിയതുകൊണ്ടുമായില്ല; ഭാവിസന്യാസികളെ സ്വീകരിക്കുവാൻ ഇഷ്ടമുള്ള ഒരു വൈദികാധ്യക്ഷനെ കണ്ടുപിടിക്കേണ്ടിയിരുന്നു. സംഗതികളുടെ ക്രൂലംകഷമായ പരിചിന്തനത്തിനുശേഷം ഫാദർ ഏമാർഡ് തിരഞ്ഞെടുത്തതു് ആൻജേർസ് രൂപതയായിരുന്നു. അവിടത്തേ മെത്രാനായ ആൻജെബോ ഈ സഹോദരികളെ സ്വീകരിക്കുന്നതിന് ആഗ്രഹിക്കുകയും അവക്ക് ഒരു പിതാവായിരിക്കാമെന്നു വാഗ്ദാനംചെയ്യുകയും ചെയ്തു.

അപ്രധാനമല്ലാത്ത വേറൊരു തടസ്സംക്രൂടി തരണം ചെയ്യേണ്ടിയിരുന്നു. അതായത് ഉചിതമായ വാസസ്ഥലം ഉണ്ടാക്കുക. ഒടുവിൽ ആ കാര്യവും സാധിച്ചു. വളരെ ചെറിയതും എന്നാൽ ആദ്യാംഗങ്ങളെ ഉൾക്കൊള്ളുവാൻ പററിയതുമായ ഒരു സ്ഥലം ലഭിച്ചു. ഏറെത്താമസിയാതെ, അതിനടുത്ത സ്ഥലവും, വിചാരിച്ചിരുന്നപോലെ, വിലയ്ക്കു വാങ്ങിക്കുവാൻ സാധിച്ചു.

പുതിയ വാസസ്ഥലം സജ്ജീകരിക്കുന്നതിനു കാലതാമസം നേരിട്ടുവെങ്കിലും, ആൻജെബോ മെത്രാൻ 1864 മേയ് 26-ാംതീയതി വിശുദ്ധ കർബാനയുടെ തിരുനാളിൽ, പുതിയ കപ്പേള വെഞ്ചരിക്കുന്നതിനും, ആഘോഷമായ സ്ഥാപനകർമ്മങ്ങളിൽ അധ്യക്ഷം വഹിക്കുന്നതിനും ആഗതനായി. ദിവ്യപൂജാമദ്ധ്യേ പ്രായംചെന്ന പതിന്നാലു സഹോദരികൾ വ്രത

വാഗ്ദാനം അനുഷ്ഠിച്ചു. മെത്രാൻെറ ആശിസ്സുകളോടുകൂടി, അങ്ങനെ, പരിശുദ്ധ കർബാനയുടെ സന്യാസിനീസഭ സ്ഥാപിതമായി. മിസ് മാർഗ്രററ്ഗില്ലോട്ട് പരിശുദ്ധ കർബാനയുടെ മദർ മാർഗ്രററ് എന്ന പേരോടുകൂടി, അതിൻെറ പ്രഥമ സുപ്പീരിയറായി നിയമിതയാവുകയും ചെയ്തു.

നവമായ ഈ ജീവിതത്തിലെ അവരുടെ കടമകളെ, തൻെറ ആത്മീയപുത്രികളെ പരിചയപ്പെടുത്തുന്നതിനും, അവരുടെ നിയമസംഹിതയിൽ വരുത്തിയ മാററങ്ങളെ അവരെ മനസ്സിലാക്കുന്നതിനുമായി ഫാദർ ഏമാർഡ് ആൻജേർസിൽ കുറേ ദിവസങ്ങൾകൂടി ചെലവഴിച്ചു. നാലു മാസത്തിനു ശേഷം നീയമസംഹിതയുടെ അച്ചടിച്ച പ്രതികൾ അവക്ക് അദ്ദേഹം അയച്ചുകൊടുക്കുകയുംചെയ്തു.

ആ കൊല്ലത്തിൽത്തന്നെ ഒക്ടോബർമാസത്തിൽ, വാർഷിക ധ്യാനം പ്രസംഗിക്കുന്നതിനായി അദ്ദേഹം വീണ്ടും ആഗതനായി. ഈ അവസരത്തിൽ ഓരോരുത്തക്കും, ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും അദ്ദേഹം നല്കി.

വർഷാന്ത്യത്തിൽ, ഒരു പ്രധാനകാര്യത്തിനായി അദ്ദേഹം റോമിലേയ്ക്കു തിരിച്ചു. അവിടെനിന്നു പരിശുദ്ധ പിതാവ് ഒൻപതാം പീയൂസിൻെറ ആശിസ്സ്, പല ദണ്ഡവിമോചനങ്ങൾ അനുവദിച്ചുകൊണ്ടുള്ള കല്പനയോടുകൂടി അവക്ക് അയച്ചുകൊടുത്തു.

സുഫലദായകമായിരുന്നു ആശിസ്സ്. ഒരു കൊല്ലം കഴിഞ്ഞപ്പോഴേയ്ക്കും, അയൽ പട്ടണങ്ങളിൽ പരക്കുന്നതിനു വേണ്ടുവോളം അംഗങ്ങൾ ആ സഭയ്ക്കു ലഭിച്ചു. 1856 ഡിസംബർ 8—ാംതീയതി നേമൂർസിൽ ഒരു സന്യാസിനീമഠം സ്ഥാപിതമായി. എന്നാൽ പതിനെട്ടു മാസങ്ങൾക്കുശേഷം ഇതു് അടച്ചുകളയേണ്ടതായി വന്നു. ഇതായിരുന്നു ഫാദർ ഏമാർഡിനു സഹിക്കേണ്ടിവന്ന ഭയങ്കര കുരിശുകളിൽ ഒന്ന്. എന്നാൽ ഇതുകൊണ്ടു ഭഗ്നാശനാകാതെ, അദ്ദേഹം ഉടനേ വേറൊരു സ്ഥലം ആരാഞ്ഞു. ബ്രസ്സൽസിൽ സ്ഥാപിക്കുന്നതിനുള്ള ശ്രമം ഫലപ്രദമായില്ല. മാസോണിനടുത്ത് ഒരു മഠം സ്ഥാപിക്കുന്നതി

നായിരുന്നു അദ്ദേഹം പിന്നെ ആശിച്ചത്. എന്നാൽ മരണം എല്ലാററിനും വിരാമമിട്ടു.

അങ്ങനെ, സന്യാസിനികളുടെ സഭ തിരുസ്സഭയുടെ ഔദ്യോഗികാംഗീകാരത്തിനു യോഗ്യമാകുംവിധം വളൎന്നുകാണുന്നതിനുള്ള ഭാഗ്യം തൻെറ ജീവിതകാലത്തിൽ ഫാദർ ഏമാർഡിനുണ്ടായില്ല.

1885—ൽ (മദർ മാർഗ്രററിൻെറ മരണത്തിനു രണ്ടു മാസം മുമ്പ്) മാത്രമേ ഈ അംഗീകാരം ലഭിക്കുകയുണ്ടായുള്ളു. ഇന്ന്, യൂറോപ്പിലും അമേരിക്കയിലുമായി ഈ സഭയ്ക്കു് അനേക സന്യാസിനീമഠങ്ങളുണ്ടു്.

# പതിനഞ്ചാം അധ്യായം.

## ജെറുസലേമിൽ സഭാസ്ഥാപനശ്രമം-റോമയിൽ ധ്യാനം.

1862-ൽ ആൻജേർസിലെ ആശ്രമസ്ഥാപനത്തെത്തുടൎന്നു സ്വസഭയുടെ നാലാമത്തെ ഗൃഹം ആരംഭിക്കേണ്ടതെവിടെയെന്നു ഫാദർ ഏമാർഡിനു നിശ്ചയമില്ലായിരുന്നു. "തൻെറ ആലയം ദിവ്യനാഥൻതന്നെ തിരഞ്ഞെടുക്കും. അവിടുത്തെ മഹത്ത്വത്തിനായി ഭൂമിയുടെ അതിൎത്തിവരെ പോകുവാൻ ഞങ്ങൾ സന്നദ്ധരാണ്" ഇതായിരുന്നു അദ്ദേഹത്തിൻെറ മനസ്ഥിതി.

ഏററം സാഹസികമായ ഒരു കാര്യം അദ്ദേഹത്തിൻെറ ഹൃദയത്തിൽ കുടികൊള്ളുവാൻ തുടങ്ങിയിട്ട് അധികനാളുകളായിരുന്നു. പരിശുദ്ധാത്മാവിൻെറ ആഗമനത്തിനുമുൻപു ശിഷ്യന്മാർ ധ്യാനനിരതരായി സമയംകഴിച്ചിരുന്ന ആ ഊട്ടുശാലയെ

തിരികേ വാങ്ങിച്ച്, അവിടെ നിത്യാരാധനയ്ക്കായി ഒരു ആലയം സ്ഥാപിക്കണമെന്നതായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. പല സന്ദർഭങ്ങളിൽ ഇതു് അദ്ദേഹം വെളിപ്പെടുത്തിയിട്ടുമുണ്ട്.

ഫാദർ ചാനുവെററിന്റെ വാക്കുകൾതന്നെ ഉദ്ധരിക്കാം. "ഈ മഹാഭിലാഷത്തെപ്പററി അദ്ദേഹം പലപ്പോഴും പറയുന്നതായി ഞങ്ങൾ കേട്ടിട്ടുണ്ട്. മനംകവന്നിരുന്ന ഈ ആഗ്രഹത്തെ വെളിവാക്കാതിരിക്കുവാൻ അദ്ദേഹത്തിനു സാധ്യമായിരുന്നില്ല. ഈ ശാല സഭയ്ക്കു തിരികെ ലഭിക്കുന്നതായാൽ, ലോകത്തിനു നവമായ ജീവൻ ഉണ്ടാകും എന്ന് അദ്ദേഹം ഉൽഘോഷിച്ചിരുന്നു. എന്തെന്നാൽ, ലോകോദ്ധാരണത്തിനു പര്യാപ്തമായ വരങ്ങൾ അപ്പസ്തോലന്മാർക്ക് അവിടെ വച്ചു ലഭിച്ചതുപോലെ, ആധുനികാപ്പസ്തോലന്മാർക്ക്, അവിടെ പ്രതിഷ്ഠിതമാകുന്ന ദിവ്യകാരുണ്യത്തിൽനിന്ന് ആയിരമായിരം വരങ്ങളും ലഭിക്കുകതന്നെ ചെയ്യും."

1864—ാമാണ്ടിന്റെ ആദ്യത്തിൽ, തന്റെ പ്ലാൻ പ്രാവർത്തികമാക്കുന്നതിനുള്ള സമയം ആഗതമായി എന്നു ഫാദർ ഏമാർഡിനു തോന്നി. ഈ സംരംഭത്തിന്റെ സാധ്യതയെപ്പററി പര്യാലോചിക്കുന്നതിന്, ഫാദർ ദെകെർസിനെ ഒരു സഹകാരിയോടുകൂടി ജെറുസലേമിലേയ്ക്കു് അയക്കുന്നതിന് എപ്പിഫനിത്തിരുനാളിൽ അദ്ദേഹം ആലോചിച്ചുറച്ചു.

ജനുവരി 24-ാംതീയതി അവർ കപ്പൽ കയറി. ജെറുസലേമിലെ ഫ്രഞ്ചു കോൺസുളിനു തങ്ങളെ പരിചയപ്പെടുത്തിക്കൊണ്ടുള്ള ഒരു എഴുത്തു വിദേശകാര്യമന്ത്രി അവർക്കു നല്കിയിരുന്നു. പാരീസിലുള്ള ടർക്കിയുടെ പ്രതിനിധിയുടെ ശുപാർശക്കത്തും അവർക്കു കിട്ടിയിരുന്നു.

പരിശുദ്ധ പിതാവിന്റെ ആശിസ്സ് അഭ്യർത്ഥിക്കുന്നതിന്, അവർ റോമിൽ കുറേനാൾ താമസിച്ചു. അവരുടെ യാത്രാലക്ഷ്യം മനസ്സിലാക്കിയ ഒമ്പതാം പീയൂസ് മാർപ്പാപ്പാ സംപ്രീതനായി അവരെ കടാക്ഷിക്കയും, സംരംഭത്തെ അംഗീകരിച്ച്, അതിന്റെ വിജയത്തിനായി താൻ പ്രാർത്ഥിക്കുന്നതാണെന്നു വാഗ്ദാനം ചെയ്കയും ചെയ്തു. അതേസമയംതന്നെ, മാനുഷിക

മായി നോക്കിയാൽ കേവലം ദുസ്തരങ്ങളായ വിഷമതകൾ ഇതിൽ അടങ്ങിയിട്ടുണ്ടെന്ന് അദ്ദേഹത്തിനു നല്ലപോലെ അറിയാമായിരുന്നു.

പ്രൊപ്പഗാന്താതിരുസ്സംഘത്തിൻെറ പരിചിന്തനത്തിന് ഈ കാര്യം സമർപ്പിച്ചിരുന്നതിനാൽ, കർദ്ദിനാൾ പ്രീഫെക്റ്റിൻെറ മറുപടി കിട്ടുന്നതുവരെ ഫാദർ ഡെകേർസിനും സഹകാരിക്കും റോമിലെ തങ്ങളുടെ വാസം നീട്ടേണ്ടിവന്നു. ജെറുസലേമിലെ പാത്രിയർക്കീസിന് അവരെ ശുപാർശ ചെയ്തുകൊണ്ടുള്ള ഒരു കത്തു കർദ്ദിനാൾ അവർക്കു നല്കുകയും ചെയ്തു.

ഫെബ്രുവരി 21—ാംതീയതി അവർ നിത്യനഗരം വിട്ടു. മാർച്ച് 3—ാംതീയതി ജെറുസലേമിൽ എത്തിച്ചേർന്നു. തങ്ങളുടെ സംരംഭത്തെ ഉപേക്ഷിക്കേണ്ടിവരുമെന്ന് അവർക്ക് ഉടനെ ബോധ്യപ്പെട്ടു. മഹമ്മദീയർ, തങ്ങൾ വളരെ ബഹുമാനപൂർവം കരുതിയിരിക്കുന്ന ദാവീദിൻെറ ശവകുടീരം ആ ഊട്ടുശാലയ്ക്കു കീഴെ സ്ഥിതിചെയ്യുന്നുവെന്നു തെററിദ്ധരിച്ചിരുന്നു. അതിനാൽ ആ സ്ഥലം വിട്ടുപേക്ഷിക്കുവാൻ അവരെ പ്രേരിപ്പിക്കുന്നത് ഒരു അസാധ്യകാര്യം തന്നെയായിരുന്നു.

എന്നാൽ, ഫാദർ കേർസ് ഈ സംരംഭത്തെ തീരെ ഉപേക്ഷിച്ചുകളഞ്ഞില്ല. പാത്രിയർക്കീസുമായി ആലോചിച്ച്, ഊട്ടുശാലയ്ക്കു സമീപംതന്നെ ഒരു താല്ക്കാലികാലയം സ്ഥാപിക്കുന്നതിന് അദ്ദേഹം നിശ്ചയിച്ചു. അങ്ങനെ കൂടുതൽ അടുത്തുനിന്നു സംഭവവികാസങ്ങളെ നിരീക്ഷിക്കുന്നതിനും, തക്ക അവസരത്തിൽ ആ സ്ഥലം വാങ്ങിക്കുന്നതിനു പരിശ്രമിക്കുന്നതിനും സാധിക്കുമായിരുന്നു. ഇതിനെ മുൻനിർത്തിക്കൊണ്ട്, പ്രോപ്പഗാന്താതിരുസ്സംഘത്തിൻെറ കർദ്ദിനാൾ പ്രീഫെക്റ്റിന് ഒരു വിവരണം നല്കുന്നതിന്, സമീപവർത്തികളായ സ്ഥലങ്ങളെ അദ്ദേഹം നോക്കിക്കാണുകയും, വിവിധ ക്രിസ്റ്റീയസഭകളുടെ കൃത്യസ്ഥാനങ്ങളെ കുറിച്ചെടുക്കുകയും ചെയ്തു.

ഏപ്രിൽമാസത്തിൽ അദ്ദേഹം റോമിൽ എത്തിയപ്പോൾ, സംഗതികളുടെ ഒരു പൂർണ്ണവിവരം കർദ്ദിനാളിനു നല്കുന്നതിന് അദ്ദേഹത്തിനു സാധിച്ചു. ഈ റിപ്പോർട്ടിനാൽ ആകൃഷ്ടനായ കർദ്ദിനാൾ, സംരംഭത്തിൻെറ വിജയത്തിനായി കഴിവു

ള്ളതെല്ലാം ചെയ്യുന്നതിന്, ജെറുസലേമിലെ പാത്രിയക്കീസിനെ നിയോഗിച്ചു. അതേസമയംതന്നെ ഫാദർ ഏമാർഡിന് അദ്ദേഹം ഒരു പ്രശംസാലേഖനം എഴുതി. സംരംഭത്തിൻെറ വിജയത്തിന്നായി തുടന്നു പ്രവൎത്തിക്കുന്നതിന് അദ്ദേഹത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ടും, അതുമൂലം തിരുസ്സംഘത്തെ അത്യധികം സന്തോഷിപ്പിക്കുമെന്ന് അറിയിച്ചുകൊണ്ടുമുള്ളതായിരുന്നു, 1864 മേയ് 31—ാംതീയതിലെ ആ എഴുത്ത്.

ഇതു വായിച്ചപ്പോൾ ഫാദർ ഏമാർഡിനുണ്ടായ ആനന്ദം ഊഹിക്കയാണുത്തമം. ഉടനെ ആലയസ്ഥാപനത്തിനുള്ള ഒരുക്കങ്ങൾ ചെയ്യുവാൻ അദ്ദേഹം തുടങ്ങി. ഇതിനിടയിൽ, ഫാദർ ഡെകേർസ് രോഗബാധിതനായി. കാര്യങ്ങൾ എല്ലാം വിഷമത്തിലായി. ഫാദർ ഏമാർഡിൻെറ അനുസ്യൂതമായ പ്രാൎത്ഥനയുടെ ഫലമായി ഫാദർ ഡെകേർസ് ദ്രുതമായി സുഖം പ്രാപിച്ചു. തിരുസ്സംഘത്താൽ അംഗീകൃതമായ ആ താല്ക്കാലിക സന്യാസാശ്രമസ്ഥാപനത്തിനായി സന്യാസികൾ ഉടനെ ജെറുസലേമിലേയ്ക്കു പോകുന്നതാണെന്നു കർദ്ദിനാൾ പ്രീഫെക്റ്റിനെ അറിയിക്കുവാൻ, ജൂലൈ 10—ാംതീയതി ഫാദർ ഏമാർഡിനു സാധിച്ചു.

മാനുഷികമായി നോക്കിയാൽ, ഈ സംരംഭത്തിൻെറ വിജയത്തിൽ ഒരുവന് അസന്നിഗ്ദ്ധമായി ആശിക്കാമായിരുന്ന ഏററം പററിയ പരിതസ്ഥിതികളിലാണ് അത് ആരബ്ധമായിരുന്നത്. എന്നാൽ ഫാദർ ഡെകേർസിൻെറ അവിവേകം അതിനെ പരാജയപ്പെടുത്തി. ഫാദർ ഏമാർഡിൻെറ ഉപദേശമനുസരിച്ച്, അന്ത്യപ്രാപ്തിക്കുള്ള മാൎഗ്ഗങ്ങളെ ശരിപ്പെടുത്തുന്നതിൽ ക്രുദ്ധതലായി അദ്ദേഹം പ്രവൎത്തിച്ചു. സന്യാസാശ്രമവും, പൊതുവായുള്ള ഒരു ആരാധനാലയവും സ്ഥാപിക്കുന്നതിനു തങ്ങൾക്കുള്ള അവകാശത്തെപ്പററി ഉടൻതന്നെ തീരുമാനിക്കണമെന്നു പാത്രിയക്കീസിനോട് അദ്ദേഹം ആവശ്യപ്പെട്ടു. എന്നാൽ, ആറു നൂററാണ്ടുകളോളം ഫ്രാൻസിസ്കൻസന്യാസികൾ അനുഭവിച്ചുപോന്ന ആനുകൂല്യങ്ങളിലുള്ള കൈകടത്തൽ ആയിരുന്നു ഇത്.

അതിനാൽ, ഇതേപ്പററി നിശ്ചിതമായ മറുപടി നല്കു

ന്നതിനു പാത്രിയക്കീസ് മടിച്ചു. പ്രോപ്പഗാന്ത തിരുസ്സംഘത്തിന് അദ്ദേഹം എഴുതി. ആ എഴുത്തു ഫാദർ ഡെകേർസിനെ ഏല്പിക്കുകയും, റോമിൽ ചെന്നു തിരുസ്സംഘത്തെ നേരിട്ടു കണ്ടു സംഗതികൾ തീരുമാനിക്കുവാൻ ഉപദേശിക്കുകയും ചെയ്തു. കുറേ ദിവസങ്ങൾകൂടി ജെറുസലേമിൽ താമസിച്ചതിനു ശേഷം ഫാദർ ഡെകേർസ് നിത്യനഗരത്തിലേയ്ക്കു തിരിച്ചു. തൻെറ സംരംഭത്തിൻെറ വിജയത്തിൽ അദ്ദേഹത്തിനു ലവലേശം സംശയമില്ലായിരുന്നു. എന്നാൽ, സംപൂർണ്ണമായ പരാജയം അദ്ദേഹത്തിന് അനുഭവപ്പെട്ടു. വിഗതാശനായി അദ്ദേഹം പാരീസിലേയ്ക്കു മടങ്ങി. തൻെറ നിഷ്ഫലങ്ങളായ പ്രവർത്തനങ്ങളെപ്പററിയും, ജെറുസലേംകാര്യത്തിൻെറ പരിതാപകരമായ അവസ്ഥയേയുംപററി ഫാദർ ഏമാർഡിനെ അറിയിച്ചു.

ഫാദർ ഡെകേർസിൻെറ അപരിചയത്താൽ ശിഥിലീകൃതമായ ആ സംരംഭത്തിൻെറ വിജയലബ്ധിക്കായി ഒന്നുകൂടി പരിശ്രമിക്കുന്നതിനായി റോമിലേയ്ക്കു പോകുന്നതിനു ഫാദർ ഏമാർഡ് തീരുമാനിച്ചു. ഇതു് ഏററം ദുഷ്കരമെന്ന് അദ്ദേഹത്തിന് ഉടനെ ബോധ്യമായി. കർദ്ദിനാൾ പ്രീഫെക്ടുമായി പല കൂടിക്കാഴ്ചകൾ അദ്ദേഹം നടത്തി. ഒമ്പതാംപീയൂസ് മാർപ്പാപ്പായുമായി ഉണ്ടായ അഭിമുഖസംഭാഷണത്തിൽ, തൻെറ പ്രവർത്തനപരിപാടിയുടെ പൂർണ്ണവിവരം പരിശുദ്ധ പിതാവിനെ അദ്ദേഹം അറിയിക്കയും ചെയ്തു. എന്നാൽ കാര്യങ്ങളെല്ലാം പ്രോപ്പഗാന്താത്തിരുസ്സംഘത്തിൻെറ പിടിയിൽപ്പെട്ടിരുന്നു. ഡിസംബറിൽ നടക്കുവാനുള്ള യോഗത്തിൽ മാത്രമേ ഇതേപ്പററി ചർച്ചചെയ്യുമായിരുന്നുള്ളുതാനും.

വേറൊരു സംഭവംകൂടി കാര്യങ്ങളുടെ തീരുമാനത്തെ ദീർഘിപ്പിച്ചു. നവംബർ 25-ാംതീയതി കർദ്ദിനാൾ പ്രീഫെക്റ്റ് രോഗബാധിതനായിത്തീർന്നു; അതിനാൽ ജാനുവരിമാസത്തിലേയ്ക്കു പൊതുയോഗത്തെ തിരുസ്സംഘം നീട്ടി. പാരീസിലേയ്ക്കു മടങ്ങുവാൻ സെക്രട്ടറി അവർകൾ ഫാദർ ഏമാർഡിനെ ഉപദേശിച്ചു. തിരുസ്സംഘത്തിൻെറ തീരുമാനം അങ്ങോട്ടു് അയയ്ക്കുന്നതാണെന്ന് അദ്ദേഹം ഉറപ്പു നല്കിയെങ്കിലും, റോം വിട

വാൻ ഫാദർ ഏമാർഡിനു മനസ്സുണ്ടായിരുന്നില്ല. കാരണം തൻെറ അസാന്നിധ്യത്തിൽ സംഗതികൾ വേഗത്തിൽ നടക്കുകയില്ലെന്ന് അദ്ദേഹത്തിനു നല്ലവണ്ണം അറിയാമായിരുന്നു.

എന്നാൽ, സംഗതികൾ വേഗത്തിൽ തീരുമാനിക്കുന്നതിനു ഫാദർ ഏമാർഡ് നടത്തിയ പരിശ്രമം ഫലപ്രദമായിരുന്നില്ലതന്നെ. മാർച്ച് 28—ാംതീയതി മാത്രമേ തിരുസ്സംഘം അവസാനതീരുമാനത്തിൽ എത്തിച്ചേൎന്നുള്ളു. ഈ സമയത്തിനുള്ളിൽ ഫാദർ ഏമാർഡിൻെറ സൎവ്വ ആശയും കെട്ടുകഴിഞ്ഞിരുന്നു.

മാർച്ച് 29—ാംതീയതി സെക്രട്ടറി അദ്ദേഹത്തെ തിരുസ്സംഘത്തിൻെറ അന്തിമത്തീരുമാനം അറിയിച്ചു. അതോടെ അവസാനിച്ചു സൎവ്വതും. അദ്ദേഹം ദൈവതിരുമനസ്സിനു മുഴുവനായി കീഴ്പ്പെട്ടു. അടുത്തദിവസം റോമാനഗരം വിട്ടുകയും ചെയ്തു.

## II

ഫാദർ ഏമാർഡ് റോമയിൽ ആയിരുന്നപ്പോൾ, അവിടെ നടത്തിയ ഒരു ധ്യാനത്തെക്കുറിച്ച് ഇനി അല്പം പ്രതിപാദിക്കേണ്ടിയിരിക്കുന്നു.

ഫ്രഞ്ചുകാരുടെ വക സെമ്മിനാരിയിലായിരുന്നു അദ്ദേഹം ആദ്യം താമസിച്ചിരുന്നത്. തൻെറ വിശുദ്ധിപരിമളത്താൽ ആകൃഷ്ടരായ പട്ടണവാസികളുടേയും ഫ്രഞ്ചുകാരായ സഞ്ചാരികളുടേയും സന്ദർശനങ്ങൾ അദ്ദേഹത്തിൻെറ സമയത്തിൻെറ ഭൂരിഭാഗവും അപഹരിച്ചിരുന്നു. അതിൽനിന്നെല്ലാം ഒഴിയുന്നതിനായി വാസസ്ഥലം മാററുവാൻ അദ്ദേഹം തീരുമാനിച്ചു. സെൻറ് മേരി മാജോർ എന്ന ബസിലീക്കായ്ക്കു സമീപമുള്ള ദിവ്യരക്ഷകസന്ന്യാസികളുടെ ആലയത്തിൽ അദ്ദേഹം സ്വീകൃതനായി. അവിടെവച്ചാണ് അദ്ദേഹം തൻെറ ദീർഘമായ ധ്യാനം നടത്തിയത്.

ഈ ധ്യാനാവസരത്തിലായിരുന്നു അദ്ദേഹം, തൻെറ വ്യക്തിത്വത്തെ സമൎപ്പണംചെയ്തുകൊണ്ടുള്ള വ്രതമെടുത്തത്.

തന്റെ ആത്മാവിലുണ്ടായ, പ്രസാദവരത്തിന്റെ പ്രവത്തനങ്ങളെ സമ്യക്കായി പ്രത്യക്ഷീകരിക്കുന്നവയാണ്, ഈ ദിവസങ്ങളിൽ അദ്ദേഹം കുറിച്ച കുറിപ്പുകൾ. തന്റെ ഉദ്ദേശ്യങ്ങളെ അദ്ദേഹം ചോദ്യംചെയ്തു; അതിനിഗ്രഢങ്ങളായ വിചാരങ്ങളെപ്പോലും വിശകലനം ചെയ്തു; സ്വഭാവനിരീക്ഷണം നടത്തി. ദൈവത്തിനു തന്നെ പൂണ്ണമായി സമപ്പിക്കുന്നതിനും ഏററം ചെറിയ അപൂണ്ണതയിൽനിന്നുപോലും സ്വതന്ത്രനാകുന്നതിനും വേണ്ടിയാണ് ഇങ്ങനെ ചെയ്തത്.

ആരാധനയ്ക്കായി മാത്രം പ്രതിഷ്ഠിതമായ ഒരു സന്യാസസഭയെ സ്ഥാപിക്കുന്നതിനു ദൈവത്താൽ നിയുക്തനായ അദ്ദേഹത്തിന്, ആ ജോലിക്കാവശ്യമായ സവ് വരങ്ങളും ലഭിച്ചു. വിശ്വസ്തതാപൂവം അവയ്ക്ക് അദ്ദേഹം വശഗനാകുകയും ചെയ്തു. അതിനാൽ അദ്ദേഹത്തിന്റെ ധ്യാനക്കുറിപ്പുകളെ പഠിക്കുന്നതിനെക്കാൾ കൂടുതൽ പ്രയോജനകരമായി നമുക്കു വേറൊന്നുമില്ല. ആത്മപരിത്യാഗത്തിലും വ്യക്തിത്വപരിത്യാഗത്തിലും അന്തർലീനമായ നിയമം അദ്ദേഹത്തിന്റെ പ്രധാന ചിന്താവിഷയമായിരുന്നതുകൊണ്ട് ഈ പഠനം കൂടുതൽ അഭികാമ്യമായി ഭവിക്കുന്നു.

തന്റെ ആധ്യാത്മികോന്നമനം മാത്രമായിരുന്നു, ഈ ധ്യാനംവഴി അദ്ദേഹം ആഗ്രഹിച്ച ഏക കാര്യം. "എന്റെ വിശുദ്ധിക്കുവേണ്ടി മാത്രം ഞാൻ പ്രവത്തിക്കും." ഇതായിരുന്നു അദ്ദേഹത്തിന്റെ നിശ്ചിതനിയമം. ഓരോ പ്രവൃത്തിക്കും മുമ്പായി ഇപ്രകാരം ചോദിക്കുന്നതിന് അദ്ദേഹം നിഷ്കഷിച്ചു. "ഈ പ്രവത്തനപരിപാടിയും, ഈ ഉദ്ദേശ്യവും ദൈവമഹത്വത്തിനും എന്റെ പുണ്യവദ്ധനവിനും ഉതകിയതാണോ? ഈ നിമിഷത്തിൽ നല്കപ്പെടുന്ന പ്രസാദവരത്തിൽ എന്റെ സകല ശ്രദ്ധയും ഞാൻ ചെലുത്തും. അതിന്റെ പ്രേരണയിൽ മാത്രമേ ഞാൻ പ്രവത്തിക്കുകയുള്ളൂ."

ഫാദർ ഏമാർഡിന്റെ ആത്മീയചൈതന്യത്തിലും അദ്ദേഹത്തിന്റെ ദൈവസ്നേഹത്തിലും ആരാണു വിസ്മയം പ്രകടിപ്പിക്കാത്തത്? എന്നാൽ തന്നെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അഭിപ്രായം എത്രയോ വിഭിന്നമായിരിക്കുന്നു. ദൈവിക

പ്രകാശനത്താൽ നീതമാകുന്ന ആത്മാവ് അതിൻെറ വ്യാമോഹങ്ങളെ — അതെത്ര സദുദ്ദേശ്യപ്രേരിതമായിരുന്നാലും — കണ്ടുപിടിക്കുകതന്നെ ചെയ്യും. ഉദാഹരണത്തിന്, ഫാദർ ഏമാർഡ് ഈ ധ്യാനവേളയിൽ എഴുതിയ കുറിപ്പുതന്നെ നോക്കുക: "സ്നേഹത്തിൻെറ ബാഹ്യപ്രകടനങ്ങളിൽ മാത്രമാണു ഞാൻ ഇന്നേവരെ ഉത്സുകനായിരുന്നതെന്നു നമ്മുടെ കത്താവ് എന്നെ മനസ്സിലാക്കിയിരിക്കുന്നു. ഈ പ്രവത്തനങ്ങൾ എൻെറ വ്യത്ഥാഭിമാനത്തെ ഉജ്ജ്വലിപ്പിച്ചു. ബാഹ്യപ്രവത്തനങ്ങൾ ആഭ്യന്തരജീവിതത്തിൽ കൈകടത്തി. ചുരുക്കത്തിൽ, പ്രകൃതിപരമായതു നായകത്വം വഹിച്ചു."

"ഭ്രമജനകമായ പ്രവത്തനങ്ങളിലുള്ള ഉദ്വേഗത്താൽ ഞാൻ ആവഹിക്കപ്പെട്ടവനായിത്തീൻ. ഇതിൻെറ ഫലമോ! എൻെറ ഭക്തി വികാരപരമായി, ദൈവത്തോടുള്ള സമ്പക്കം നൈമിഷികമായി; ആത്മീയചൈതന്യം ക്ഷണികമായ ഒരു വികാരവിശേഷവുമായി."

"എൻെറ പ്രവത്തനങ്ങൾക്കെല്ലാം വിജയം നല്കി എന്നെ അനുകൂലിച്ചതിൽ ഞാൻ നമ്മുടെ കത്താവിനോടു വിനീതമായി പ്രതിഷേധം പ്രകടിപ്പിച്ചു."

"ഈ ദുസ്ഥിതിയെ എങ്ങനെയാണു ഞാൻ പരിഹരിക്കേണ്ടതു്? ബാഹ്യപ്രവത്തനങ്ങൾകൊണ്ടു മാത്രമല്ല, ആത്മസമപ്പണംവഴി, ദിവ്യനാഥനെ സേവിച്ചുകൊണ്ട്, എൻെറ അച്ചനകളെയല്ലാ നമ്മുടെ കത്താവ് ആഗ്രഹിക്കുന്നതു് —എന്നെത്തന്നെയാണ്. "നിൻേറതല്ല — നിന്നെത്തന്നെ."

"എനിക്കു നല്കാവുന്ന സകല അച്ചനകളിലും കൂടുതലായി, എൻെറ ഹൃദയത്തെയാണു താൻ മതിക്കുന്നതെന്ന് അവിടുന്ന് എന്നെ മനസ്സിലാക്കിയിരിക്കുന്നു. സകല മനുഷ്യരുടേയും ഹൃദയങ്ങളെ അവിടുത്തേയ്ക്കു നേടിക്കൊടുക്കുകയും, എൻേറതു നല്കാതിരിക്കുകയും ചെയ്താൽ, അവിടുന്ന് എന്നിൽ സംതൃപ്തനാകയില്ലതന്നെ. "എൻെറ മകനേ! നിൻെറ ഹൃദയം എനിക്കു തരിക" എന്ന വാക്കുകളിൽ തൻെറ പ്രേഷ്ഠാഭിലാഷത്തെ അവിടുന്നു പ്രത്യക്ഷപ്പെടുത്തിയിട്ടില്ലേ?"

"മററു വിധത്തിൽ നല്കുവാൻ സാധിക്കുന്ന മഹത്ത്വ

ത്തെക്കാൾ, ഒരൊററ എളിമപ്രവൃത്തി അവിടുന്നു വിലമതിക്കുന്നു. മററു സൽപ്രവൃത്തിയെക്കാളും, എനിക്കു നിവർത്തിക്കുവാൻ കഴിഞ്ഞേക്കാവുന്ന മാനസാന്തരങ്ങളെക്കാളും അവിടുത്തേയ്ക്കു പ്രീതിജനകമായതു് ആത്മസംയമനത്തിൻെറ ഒരൊററ പ്രവൃത്തിയാണ്. എന്തെന്നാൽ ഇതുമൂലം എന്നെത്തന്നെ ഞാൻ നല്കുന്നു. സന്യാസസംഘത്തിൻെറ ബാഹ്യമായ വളർച്ചയും, അതുവഴി ഉണ്ടാകാവുന്ന ദൈവരാജ്യത്തിൻെറ പ്രചാരവും മൂലം അവിടുത്തേയ്ക്കു നല്കുന്ന മഹിമയെക്കാൾ കാര്യമായി അവിടുന്നു ഗണിക്കുന്നതു് ഒരു പരിത്യാഗപ്രവൃത്തിയാണ്. മറേറതു ഭക്തകൃത്യത്തെക്കാളും, പ്രിയതരമാണ് അവിടുത്തേയ്ക്കു് ഇന്ദ്രിയനിഗ്രഹം. ഇതുവഴി എൻെറ ഒരു ഭാഗത്തെത്തന്നെ നല്കുന്നു. മറേറതോ എന്നിൽനിന്നു ബാഹ്യമായതിനെയാണു നല്കുന്നതു്."

"ഇതായിരുന്നു എൻെറ ധ്യാനവിഷയം. ഞാൻ കെട്ടിപ്പണിയേണ്ടതു് ഈ അടിസ്ഥാനത്തിന്മേലാണെന്നു് എനിക്കറിയാം."

എന്നാൽ, ഇച്ഛിധമായ ഒരു നിശ്ചയം അനുസ്യൂതവും അവിച്ഛിന്നവുമായ പോരാട്ടം ആവശ്യപ്പെടുന്നു. ഫാദർ ഏമാർഡ് എഴുതുന്നു: "വ്യർത്ഥാഭിമാനത്തിനും ഇന്ദ്രിയസുഖോപഭോഗത്തിനും എതിരായി എനിക്കു നടത്തേണ്ട നിരന്തര പോരാട്ടത്തെക്കുറിച്ചാലോചിക്കുമ്പോൾ, ഞാൻ ഞടുങ്ങുന്നു. ഇപ്പോൾ, എന്നത്തേക്കാളും കൂടുതലായി, പ്രാർത്ഥനയുടെ ആവശ്യം എനിക്കനുഭവപ്പെടുന്നു."

ഇതിനുപരി, അദ്ദേഹം കണ്ടുപിടിക്കുവാൻ ശ്രമിച്ചതു്, ബാഹ്യപ്രവർത്തനങ്ങളിലുള്ള അമിതാസക്തിയുടേയും, വിശുദ്ധി സമ്പാദനത്തിലുള്ള തൻെറ അനാസ്ഥയുടേയും മൂലകാരണത്തെയാണ്. ആധ്യാത്മികലാഘവത്തിലും, അസ്ഥിരതയിലുമുള്ള തൻെറ ചാച്ചിലിലാണു തെററു സ്ഥിതിചെയ്യുന്നതെന്നു് അദ്ദേഹത്തിനു മനസ്സിലായി.

"(1) ബുദ്ധിയുടെ അസ്ഥിരത. വ്യർത്ഥമായ പ്രവർത്തനത്തേയും എല്ലാ നിയന്ത്രണത്തിൽനിന്നുമുള്ള സ്വാതന്ത്ര്യത്തേയുമാണ് എൻെറ ബുദ്ധി നിരന്തരം ആഗ്രഹിക്കുന്നതു്. അതിനു

രസം നല്കുന്നതും അതിൻെറ കൗതുകത്തെ ഉണർത്തുന്നതുമായ ചിന്തയാൽ പെട്ടെന്ന് ആകൃഷ്ടയാകുവാൻ അതു സ്വയം അനു വദിക്കുന്നു. എന്നാൽ എന്നെയും എൻെറ സ്വാതന്ത്ര്യത്തെയും പരിത്യജിച്ച് ഈശോയുടെ പാദാന്തികത്തിങ്കൽ ഇരുന്ന്, അദ്ദേഹത്തിൻെറ വാക്കുകൾ സവിനയം ശ്രവിച്ച് അങ്ങനെ എന്നിലേയ്ക്കുതന്നെ ആ ചിന്തയെ ചെലുത്തുവാൻ ശ്രമിക്കുമ്പോഴാണു കാര്യങ്ങൾക്കു മാററമുണ്ടാകുന്നത്. 'സത്യമെന്തെന്ന്' എന്നു പീലാത്തോസിനെപ്പോലെ ഞാൻ "ചോദിക്കുന്നു; അദ്ദേഹത്തെപ്പോലെതന്നെ മറുപടിക്കായി ഞാൻ കാത്തുനില്ക്കുന്നില്ല. അത് അറിയുന്നതിൽ നിന്നുത്ഭൂതമാകുന്ന ഫലങ്ങളെക്കുറിച്ചുള്ള ഭീതിമൂലം."

"(2) ഹൃദയത്തിൻെറ അസ്ഥിരത. ചഞ്ചലമാണ് എൻെറ ഹൃദയം. ക്ഷണികങ്ങളായ വികാരങ്ങളിലൂടെ അതു ജീവിക്കുന്നു ..... ഒരു ലക്ഷ്യത്തിൽനിന്നു മറെറാന്നിലേയ്ക്ക് അത് ചരിക്കുന്നു. സമാധാനത്തെ അതു കാംക്ഷിക്കുന്നു. ഈശ്വര സാക്ഷാല്ക്കാരത്തിന്നായി അതു ശ്രമിക്കുന്നു; നമ്മുടെ കർത്താവിനേയും, മനുഷ്യരുടെ നേർക്ക് അവിടുത്തേയ്ക്കുള്ള സ്നേഹത്തേയും കുറിച്ചു സംസാരിക്കുന്നതിന് അത് ആഗ്രഹിക്കുന്നു. ഇതിൽ നിന്നുളവാകുന്ന ആത്മസംതൃപ്തിക്കുവേണ്ടിയാണ് ഇതെല്ലാം അതു ചെയ്യുന്നത്. എന്നിരുന്നാലും ഇതിൻെറയെല്ലാം അടിയിൽ എൻെറ ദുർബലഹൃദയം ദൈവത്തെ ആഗ്രഹിക്കുന്നുവെന്ന് എനിക്കറിയാം; അവിടുത്തെ തൃപ്പാദത്തിങ്കൽ കിടന്നു കേഴുന്നതിന് അത് ആഗ്രഹിക്കുന്നു. എന്നാൽ അസ്ഥിരവും, ചഞ്ചലവുമായ എൻെറ ബുദ്ധി എൻെറ ഹൃദയത്തെ ഈലോകത്തോടു ബന്ധിച്ചിടുന്നു. അല്ലെങ്കിൽ, വ്യർത്ഥസംസാരങ്ങൾ കൊണ്ടും, വിചാരങ്ങൾകൊണ്ടും അതിനെ ക്ഷീണിപ്പിക്കുകയും ക്ലേശിപ്പിക്കുകയും ചെയ്യുന്നു."

"(3) മനസ്സിൻെറ അസ്ഥിരത. എൻെറ മനസ്സും മാറിക്കൊണ്ടിരിക്കുന്നതാണ്. ദൃഢനിശ്ചയങ്ങൾ എടുക്കുന്നതിൽ അതീവതീക്ഷ്ണയെങ്കിലും, ആ നിശ്ചയങ്ങളെ, നിർവ്വഹിക്കുന്നതിൽ ഏററവും നിരുന്മേഷയാകുന്നു. വ്യർത്ഥാഭിമാനത്താലും സ്വാതന്ത്ര്യാഭിലാഷത്താലും പ്രച്ചോദിതയാകുമ്പോൾ, ബാക്കി

യുള്ളവരോട് ഏററവും ഉദാരയും അവരുടെ സേവനത്തിൽ ഉത്സുകയുമാണെങ്കിലും, സ്വതേ ഏററവും കാതരയാണ് അത്. ദൈവത്തെ അതു ഭയപ്പെടുന്നു. അവിടുത്തെ തിരുമനസ്സ് അറിയുന്നതിൽ അതിനു വളരെ പേടിയാണ്; ദൈവിക തിരുവുള്ളം സ്പഷ്ടമായി പ്രത്യക്ഷപ്പെടുമ്പോൾ, അതിൽനിന്നൊഴിവാൻ പല മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നു. അങ്ങനെ, എളിമ സമ്പാദിക്കുന്നതിനു യത്നിക്കേണ്ട അവസരങ്ങളിൽ ദൈവിക മഹത്ത്വത്തിനായി തന്നെത്തന്നെ വിനിയോഗിക്കുന്നു. ആത്മപരിത്യാഗത്തെ അഭ്യസിക്കേണ്ടപ്പോൾ ബാഹ്യനിഗ്രഹങ്ങളിലാണ് ശ്രദ്ധ പതിക്കുന്നത്; ധ്യാനനിരതമായിരിക്കേണ്ട സമയത്തു ബാഹ്യപ്രവർത്തനങ്ങളിൽ അതു വ്യാപൃതമാകുന്നു! ഹാ! മിഥ്യാബോധം ഇതാ തെളിഞ്ഞിരിക്കുന്നു."

ആത്മാവിന്റെ രണ്ടാമത്തെ രോഗമെന്നു താൻ വിളിച്ചിരുന്ന, ദൈവികകാര്യങ്ങളിൽ ഉള്ള ഹൃദയത്തിന്റെ അരോചകത്വത്തെക്കുറിച്ചു പഠിക്കുന്നതിന് അടുത്ത ധ്യാനത്തിൽ ഫാദർ ഏമാർഡ് ശ്രമിച്ചു.

"സാധാരണമായി ഏററവും വികാരപരമായ എന്റെ ഹൃദയം, അശ്രുക്കളുടെ ദർശനത്തിൽ വിങ്ങുന്ന ഹൃദയം, ഏററം ചെറിയ ഉപകാരത്തേയും നന്ദിപൂർവ്വം വീക്ഷിക്കുന്ന ഹൃദയം, ദൈവത്തെക്കുറിച്ച് ഏററം അരോചകമായി വർത്തിക്കുന്നു." തന്റെ ഹൃദയത്തിന്റെ വാസ്തവസ്ഥിതിയെ വിവരിച്ചുകൊണ്ട് അദ്ദേഹം ചോദിക്കുന്നു. "എന്റെ ഹൃദയത്തെ സ്പർശിക്കുവാൻ എന്തിനു സാധിക്കും?"

അതിനുള്ള ഉത്തരം ഉടനെ അദ്ദേഹംതന്നെ നല്കുന്നു. "സ്നേഹം എന്നെ സൗഖ്യമാക്കും. ദൈവത്തിന് എന്റെ നേർക്കുള്ള സ്നേഹത്തിന്റെ അവബോധമാണ് എനിക്ക് ആവശ്യമായിട്ടുള്ളത്. ആ ദൈവികവഹ്നിയുടെ പ്രകാശദ്യുതിയുമായി എന്റെ അഹംഭാവവും സ്വാർത്ഥതയും കൂട്ടിമുട്ടുമ്പോൾ, എന്റെ ഹൃദയം സ്പർശിതമാകാതിരിക്കയില്ല."

രണ്ടു ദിവസങ്ങൾക്കു ശേഷമുള്ള കുറിപ്പ് ഇപ്രകാരമാണ്. "ദൈവം എത്ര നല്ലവനാണ്. അവിടുത്തെ പ്രാപിക്കാനായി ഞാൻ ചരിക്കേണ്ട വഴിയെ അവിടുന്ന് എനിക്കു കാണിച്ചു

തന്നിരിക്കുന്നു. ഇന്ദ്രിയനിഗ്രഹമാണു ഞാൻ അവലംബിക്കേണ്ടതെന്ന് അവിടുന്നു സ്പഷ്ടമായി എന്നെ അറിയിച്ചിരിക്കുന്നു."

മനുഷ്യൻെറ അധഃപതിച്ച പ്രകൃതിയും, ദൈവനീതിയെ തൃപ്തിപ്പെടുത്തുവാൻ അനുഷ്ഠിക്കേണ്ട തപശ്ചര്യകളുടെ ആവശ്യകതയും, എന്നീ രണ്ടു കാരണങ്ങളാണു ഫാദർ ഏമാർഡിന് ഇന്ദ്രിയനിഗ്രഹത്തിനു പ്രചോദനം നല്കിയത്. പക്ഷെ ഇത് അദ്ദേഹത്തെ തൃപ്തനാക്കിയില്ല. ദൈവസ്നേഹത്താൽ പ്രചോദിതമായ ഇന്ദ്രിയനിഗ്രഹം അനുഷ്ഠിക്കുന്നതിന് അദ്ദേഹം ആഗ്രഹിച്ചു. അദ്ദേഹം എഴുതുന്നു: "നമ്മുടെ കർത്താവിനോട്ട് ഒട്ടിച്ചേരുന്നതിനായി, സ്നേഹംമൂലം ഞാൻ ആത്മസംയമനം അനുഷ്ഠിക്കും. അവിടുത്തോടുകൂടി ഒന്നായിത്തീരുന്നതിനും, വരപ്രസാദംവഴി അവിടുത്തെ ദൈവികജീവിതത്തിൽ ഭാഗഭാക്കാവുന്നതിനും പററിയ മാർഗ്ഗം ഇതു മാത്രമാണ്. ഇങ്ങനെ ദിവ്യനാഥൻെറ ശക്തി എൻേറതായി ഭവിക്കുന്നു; കാരണം, അപ്പോൾ അവിടുന്ന് എന്നിൽ പ്രവർത്തിക്കുകയും, അവിടുത്തെ സ്വർഗ്ഗീയപിതാവിനെ മഹത്വപ്പെടുത്തുന്നതിന് എന്നെ പ്രാപ്തനാക്കുകയും ചെയ്യുന്നു. "ക്രിസ്തുവിൻെറ പീഡകളിൽ കുറവുള്ളതു ഞാൻ പൂർത്തീകരിക്കുന്നു."

"ഞാൻ ആദ്യം ഭയന്നിരുന്ന ആ വജ്രപാതമാണ് ഇത്. എനിക്കിപ്പോൾ എല്ലാം വ്യക്തമായിരിക്കുന്നു."

തുടർന്ന് അദ്ദേഹം ധ്യാനിച്ചത്, ദിവ്യകാരുണ്യത്തിൻെറ പൂർണ്ണമായ സേവനത്തിനും, ദൈവത്തോടു യോജിക്കുന്നതിനും ആവശ്യമായ സംഗതികളെക്കുറിച്ചാണ്. തന്നെ ദൈവത്തിങ്കലേയ്ക്കു നയിക്കുന്നതിനുള്ള മാർഗ്ഗമായ ആത്മപരിത്യാഗത്തിൻെറ ഒരു പൂർണ്ണമാതൃക ഈശോയിൽ അദ്ദേഹം ദർശിച്ചു. അദ്ദേഹം തുടരുന്നു: "ബാഹ്യപ്രവർത്തനങ്ങൾവഴി ദൈവത്തിൻെറ മഹത്വത്തെ വർദ്ധിപ്പിക്കുന്നതിനാണു സ്വാഭാവികമായി നാം ആഗ്രഹിക്കുന്നത്. ആന്തരികജീവിതംവഴി, നമ്മിൽത്തന്നെ ദൈവം വാഴുവാൻ നാം ഒരിക്കലും പരിശ്രമിക്കുന്നില്ല. എന്നാൽ ദൈവം നമ്മിൽനിന്ന് ആഗ്രഹിക്കുന്ന ഏററവും വലിയ മഹിമ ഇതാകുന്നു."

വേറൊരു ദിനം, മനുഷ്യജീവിതത്തിൻെറ കേന്ദ്രമാകു

വാൻ ഈശോ ആഗ്രഹിക്കുന്നുവെന്ന തത്ത്വത്തെ ധ്യാനിച്ചു കൊണ്ട്, അദ്ദേഹം തൻെറ മനസ്സാക്ഷിയെ പരിശോധിച്ചു. അതിനുശേഷം തന്നോടുതന്നെ പറയുന്നു: "എൻെറ ആത്മാവേ, ഈലോകത്തെ വിട്ടുപേക്ഷിക്കുക. സ്വാത്മചിന്തയാൽ അഹംഭാവിയാകാതിരിക്കുക. ദിവ്യകാരുണ്യസ്ഥിതനായ നിൻെറ ദൈവത്തിലേയ്ക്കു പറന്നാലും. നിനക്കുവേണ്ടിയാണ് അവിടുന്ന് അവിടെ വസിക്കുന്നത്. നിന്നെ കാത്തുകൊണ്ടു തന്നെ അവിടുന്ന് ഇരിക്കുന്നു. ജീവിതയാത്രയിൽ നിനക്കു തുണയാകുന്നതിനും, തന്നെത്തന്നെ നിനക്കു നല്കുന്നതിനും, നിന്നിൽ വസിക്കുന്നതിനുമാണ്, അവിടുന്ന് ആഗ്രഹിക്കുന്നത്."

തൻെറ ആശയത്തെ വിശദീകരിക്കുന്നതിന് അദ്ദേഹം താഴെക്കാണുന്ന തത്ത്വം ഉദ്ധരിക്കുന്നു. ഈ തത്ത്വത്തിന്മേലാണ തൻെറ വ്യക്തിത്ത്വസമർപ്പണവ്രതം അടിസ്ഥാനപ്പെടുത്തിയത്. "മാനുഷികപുരുഷത്വം കൂടാതെ ഈശോയിൽ മാനുഷികസ്വഭാവം ദൈവികപുരുഷത്ത്വത്തിൽ എങ്ങിനെ ചേർന്നിരുന്നുവോ, അതുവിധമായിരിക്കണം ഈശോയോടുള്ള എൻെറ ബന്ധം." മററൊരുവാക്കിൽ പറഞ്ഞാൽ, ഫാദർ ഏമാർഡ് ദൈവത്തിനുവേണ്ടി മാത്രം ജീവിക്കുവാൻ ആഗ്രഹിച്ചു. ഈ ആത്മാർപ്പണാഭ്യസനത്തിൽ അനുസരിക്കേണ്ട നിയമങ്ങൾ അദ്ദേഹംതന്നെ സൂക്ഷ്മമായി ഉണ്ടാക്കുകയും ചെയ്തു. തൻെറ ഇന്ദ്രിയങ്ങളോടും, മനസ്സിനോടും ഹൃദയത്തോടും എങ്ങനെ പെരുമാറണമെന്നുള്ളതിന് അദ്ദേഹം ഈ ധ്യാനത്തിൽ നിശ്ചിതമായ ഒരു പരിപാടിയുണ്ടാക്കി.

പരിത്യാഗത്തിൻെറ പരുപരുത്ത പഥത്തെ ധൈര്യപൂർവം തരണംചെയ്യുന്നതിന് ഒരുത്തൻെറ ഹൃദയം സുദൃഢവും സുശക്തവുമായിരിക്കണം. സ്വകീയമായുള്ള ബന്ധങ്ങളെ മുറിക്കുന്നതും, മമതകളെ നിഗ്രഹിക്കുന്നതും നന്ന്. പക്ഷെ ഇതുമൂലം ഹൃദയത്തിൽ ഉണ്ടാകുന്ന വിടവ് എന്തുകൊണ്ടു നികത്തും? ദിവ്യകാരുണ്യസ്ഥനായ ഈശോയുടെ ഉദാരതയേയും, നമ്മോടുകൂടി വസിക്കുന്നതിന് അവിടുന്നു സഹിക്കുന്ന പരിത്യാഗങ്ങളേയും പററിയുള്ള ചിന്തകൊണ്ടുതന്നെ. അപരിമേയമായ വിധം തന്നെത്തന്നെ മറക്കുന്ന ഈ സ്നേഹത്തിൻെറ ദർശന

ത്തിൽ, യാതൊരാത്മാവിനും ഉദാസീനമായി സ്ഥിതിചെയ്യു വാൻ സാധ്യമല്ല. ഈശോയ്ക്കു തന്നെത്തന്നെ പൂർണ്ണമായി സമർപ്പിക്കേണ്ടതിന്റെ കാരണം അതിന് അനുഭവപ്പെടുന്നു. അങ്ങനെ, ഫാദർ ഏമാർഡ് മാർച്ച് 21-ാംതീയതി തന്റെ വ്യക്തിത്വസമർപ്പണം നടത്തി. ദിവ്യപൂജയ്ക്കുശേഷമുള്ള കൃത ജ്ഞതാപ്രകാശനസമയത്താണ് ഈ നിത്യവ്രതം അദ്ദേഹം അനുഷ്ഠിച്ചത്.

ഇനിമുതൽ ഈശോയായിരിക്കും തന്റെ ജീവിത ത്തിന്റെ ഏകാധിപതിയെന്നും തന്റെ പ്രവൃത്തിയുടെ ആദി യും അന്ത്യവുമെന്നും അദ്ദേഹം നിശ്ചയിച്ചു.

ദൈവപുത്രന്റെ മനുഷ്യാവതാരത്തിൽ, ഈ വ്യക്തിത്വാ ർപ്പണത്തിന് അദ്ദേഹം ഒരു ഉദാഹരണം കണ്ടു. "ഈശോയിൽ മാനുഷികസ്വഭാവം അതിന്റെ പുരുഷാത്മകത്വത്തിൽനിന്നു വേർപെട്ടിരുന്നതിനാൽ അതു സ്വന്ത ഇഷ്ടങ്ങളൊന്നും ആഗ്ര ഹിച്ചിരുന്നില്ല. അതുപോലെ ഞാനും സ്വാർത്ഥപരമായ സകല ആഗ്രഹങ്ങളിൽനിന്നും മുക്തി നേടണം. അതുവഴി മാത്രമേ, സ്വപിതാവിന്റെ മഹിമയ്ക്കു മാത്രമായി, എന്നിൽ വസിക്കുന്ന എന്റെ നാഥന്റെ ആഗ്രഹങ്ങൾ എന്റേതാക്കാൻ സാധി ക്കുകയുള്ളു."

ഈ ആത്മാർപ്പണം തന്നിൽനിന്ന് ആവശ്യപ്പെടുന്ന ത്യാഗ ങ്ങളെപ്പറ്റി അദ്ദേഹത്തിനു നല്ല ബോധ്യമുണ്ടായിരുന്നു. അദ്ദേ ഹത്തിന്റെ കുറിപ്പുകൾതന്നെ ഇതിനു സാക്ഷ്യം വഹിക്കുന്നു.

"തടിയോടു ബന്ധപ്പെടാത്തപക്ഷം ശിഖരങ്ങൾക്കു തനി ച്ചു ഫലം പുറപ്പെടുവിക്കാൻ കഴിയുന്നതല്ല. എന്റെ വിചാര ങ്ങൾ അവിടുത്തെ വിചാരങ്ങളോടും, എന്റെ വചനങ്ങൾ അവിടുത്തെ വചനങ്ങളോടും, എന്റെ ആഗ്രഹങ്ങൾ അവി ടുത്തെ ആഗ്രഹങ്ങളോടും, എന്റെ പ്രവൃത്തികൾ അവിടുത്തെ പ്രവൃത്തികളോടും സംയോജിപ്പിച്ചുകൊണ്ട്, ഞാൻ നമ്മുടെ കർത്താവിൽ വസിക്കുന്നില്ലായെങ്കിൽ എനിക്കും ആധ്യാത്മിക ഫലങ്ങൾ ഉൽപാദിപ്പിക്കുവാൻ സാധ്യമാകയില്ല."

"ഹാ! ഈ ദൈവികസംസർഗ്ഗത്തെ ഞാൻ ഇതേവരെ എല്ലപ്രകാരമാണ് അവഗണിച്ചിരിക്കുന്നത്? എത്രയോ യോഗ്യ

തകൾ നഷ്ടമായി! എത്ര വർഷങ്ങൾ വൃഥാ കളഞ്ഞു! നിഷ്ഫലങ്ങളായ എത്രയോ നൽവരങ്ങൾ! . . . . ."

"എന്നോടു സക്ഷമം പ്രവൎത്തിച്ച ദൈവം എത്രയോ നല്ലവൻ."

കൎത്താവുമായുള്ള ഈ ഐക്യത്തിൽ നിരന്തരമായി ജീവിക്കുന്നതു ശ്രമസാധ്യമായതാണ്. കാരണം, അധഃപതിച്ച പ്രകൃതി, നായകത്വം നേടുന്നതിന് എപ്പോഴും ശ്രമിക്കുന്നു. സുശക്തമായി ഇതിനോട്ട് എതിരിടുകതന്നെ വേണം.

സദാപി ഈ ഐക്യത്തിൽ ചരിക്കുന്നതിനുപയുക്തമായ വരങ്ങൾക്കായി ഫാദർ ഏമാർഡ് ഈ ധ്യാനാന്ത്യത്തിൽ ഈശോയോട്ട് അപേക്ഷിച്ചു. തന്റെ അപേക്ഷ കേൾക്കപ്പെട്ടിരിക്കുന്നുവെന്ന ബോധം അദ്ദേഹത്തിനുളവായി. അങ്ങനെ തന്റെ ധ്യാനം അദ്ദേഹം അവസാനിപ്പിക്കുകയും ചെയ്തു.

# പതിനാറാം അദ്ധ്യായം.

## സുകൃതങ്ങൾ.

"എനിക്കുവേണ്ടിത്തന്നെ സുകൃതവാനായിരിക്കുക എന്നതല്ല എന്റെ ലക്ഷ്യം. പക്ഷെ ദിവ്യകാരുണ്യപരമായ സേവനം, എന്റെ നാഥനു പ്രീതനായിരിക്കുന്നതിനും, അവിടുത്തേയ്ക്കുവേണ്ടി സുകൃതം സമ്പാദിക്കുന്നതിനും എന്നോട്ട് ആവശ്യപ്പെടുന്നു." ഫാദർ ഏമാർഡിന്റെ വാക്കുകളാണ് ഇവ.

തന്മൂലം ഒരു ഉത്തമ സേവകനുണ്ടായിരിക്കേണ്ട ഗുണഗണങ്ങളെ സമ്പാദിക്കുന്നതിന്, അദ്ദേഹം ബദ്ധശ്രദ്ധനായി.

ഈശോയുടെ തിരുഹൃദയത്തിനനുസൃതമായ ആ ഗുണങ്ങൾ മൂന്നാണ്. അതായതു്: അടക്കം, എളിമ, സൗമ്യത.

ഇവ സമ്പാദിക്കുന്നതിന് അദ്ദേഹം ഒരേ മാർഗ്ഗത്തെയാണ് അവലംബിച്ചതു്. നമ്മുടെ കർത്താവ് അനുഷ്ഠിച്ചിരുന്നവണ്ണം അദ്ദേഹം അവയെ വീക്ഷിച്ചു. സകല പൂർണ്ണതയോടുംകൂടി പ്രത്യക്ഷപ്പെട്ട ആ സുകൃതങ്ങൾ അദ്ദേഹത്തെ അതീവം ആകർഷിച്ചു.

## I

"അടക്കം എന്ന പുണ്യത്തിൻെറ മൂർത്തീകരണമായിരുന്നു ഈശോ. ആദിമക്രിസ്ത്യാനികൾ ഇതു് അവിടുത്തെ വിശേഷ ഗുണങ്ങളിൽ പ്രധാനമായി കരുതിയിരുന്നു. ഇതുമൂലമാണു വിശുദ്ധ പൗലോസിന് അവരോടു പറയാൻ സാധിച്ചതു്: "ക്രിസ്തുവിൻെറ അടക്കം എന്ന സുകൃതത്തിൻെറപേരിൽ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു" എന്നു്.

"പരിശുദ്ധ കന്യകയ്ക്കു് ഏററം പ്രീതികരമായ ഒരു സുകൃതമായിരുന്നു ഇതു്. അതിനാൽ ദിവ്യകാരുണ്യശുശ്രൂഷിയുടെ ഒരു വിശേഷ അടയാളമായി ഇതു ശോഭിക്കേണ്ടതാണ്. ദിവ്യകാരുണ്യത്തിൻെറ രാജകീയസേവനത്തിൽ അനുസരിക്കേണ്ട ഉപചാരമാണ് അടക്കം."

"ആന്തരികമായ അടക്കംവഴി ദിവ്യനാഥൻെറ തൃപ്പാദങ്ങളിൽ എൻെറ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു. ബാഹ്യമായതോ, മററു സുകൃതങ്ങളുടെ അഭ്യസനത്തേയും, ഇന്ദ്രിയങ്ങളുടെ നിരന്തരമായ നിഗ്രഹത്തേയും ആവശ്യപ്പെടുന്നു. ഒരുത്തൻെറ സംസാരത്തിനു മധുരിമയും, നോട്ടത്തിനു ഗരിമയും, അമിതാഭിലാഷങ്ങൾക്കു നിയന്ത്രണവും ഇതു നല്കുന്നു."

"ഈ പുണ്യം സമ്പാദിക്കുന്നതിനും, അതിനെ പരിരക്ഷിക്കുന്നതിനും ഞാൻ സദാ, എന്നിൽ വസിക്കുന്ന ഈശോയുടെ സാന്നിധ്യത്തിൽ വസിക്കണം."

"തങ്ങളുടെ രഹസ്യസംസാരത്തിൽ അടക്കം പാലിക്കുന്നവരായി സന്യാസികളിൽപ്പോലും വളരെ കുറച്ചുപേരെ മാത്രമേ ഞാൻ കണ്ടിട്ടുള്ളു. പാപത്തെ ഭയന്ന്, പരോക്ഷ

മായി അടക്കം പാലിക്കുന്നതിന് ഒരുവൻ നിർബന്ധിതനാകുന്നു. പക്ഷെ രഹസ്യജീവിതത്തിൽ ഇതു വളരെ വിഷമമേറിയതാണ്. അടക്കമുള്ളവനാകണമെങ്കിൽ, ഏവരോടും പ്രകൃത്യതീതമായി പെരുമാറണം."

ഈ സുകൃതം ഫാദർ ഏമാർഡിൽ നിതരാം ശോഭിച്ചിരുന്നു. അനുസ്യൂതമായ അഭ്യസനം ഹേതുവാൽ അതു സ്വാഭാവികമായിത്തീർന്നിരുന്നു അദ്ദേഹത്തിന്. അങ്ങനെ, തന്നോടു സംസാരിച്ചിരുന്നവരുടെ മുഖത്തു് അദ്ദേഹം ഒരിക്കലും ദൃഷ്ടി പതിപ്പിച്ചിരുന്നില്ല. സമീപസ്ഥമായ ഏതെങ്കിലും നല്ല പടത്തിൽ അപ്പോഴെല്ലാം, അദ്ദേഹം നോക്കിക്കൊണ്ടിരിക്കുമായിരുന്നു. യാത്രയിൽ ഒരിക്കലും ഈ അടക്കം അദ്ദേഹം ഉപേക്ഷിച്ചിരുന്നില്ല.

സന്യാസസംഘാംഗങ്ങളോടുള്ള ഒരു സൗഹൃദഭാഷണത്തിൽ അദ്ദേഹം ഒരിക്കൽ പറഞ്ഞു. "ലോകത്തോടു ലജ്ജയുള്ളവരായിരിക്കുക. കർത്തൃസ്യൻ സഭാശ്രേഷ്ഠൻെറപക്കൽനിന്ന്, പതിനെട്ടാമത്തെ വയസ്സിൽ, എനിക്കു കിട്ടിയ ഉപദേശമാണിതു്. അത്യധികം ഉപകാരപ്രദമായിരുന്നിട്ടുണ്ട് എനിക്ക് ഈ ഉപദേശം."

തൻെറ വൈദികാന്തസ്സിൻെറ രക്ഷാകവചമായിരുന്നു ഫാദർ ഏമാർഡിൻെറ അടക്കം. ഇതുവഴിയാണു ശുദ്ധത എന്ന പുണ്യത്തെ അത്യധികമായ വിധം അദ്ദേഹത്തിനു സമ്പാദിക്കുവാൻ സാധിച്ചതു്. വാസ്തവത്തിൽ, അടക്കത്തിൻെറ ഫലമാണു ശുദ്ധത. ഇതുവഴി "നാം രാജാവിൻെറ" സ്നേഹിതരായി ഭവിക്കുന്നു. അപ്പോൾ ഈശോ നമ്മിൽ, കന്യകകളിൽ കന്യകയായ പരിശുദ്ധ മറിയത്തെ സ്നേഹിക്കുന്നു.

## II

എളിമയുടെ അഭ്യസനത്തിലും അദ്ദേഹം സദാ ശ്രദ്ധനായിരുന്നു. അവഹേളനങ്ങളെ സക്ഷമം സഹിക്കുന്ന ഈശോയുടെനേർക്കുള്ള സ്നേഹമാണ് എളിമ. എല്ലാ അപകർഷത്തേയും, ദൈവത്തിൽ നിന്നുള്ള കൃപാദാനമായി കരുതിക്കൊണ്ട്,

താഴ്മയോടെ സ്വീകരിക്കുന്നതിലാണ് അത് അടങ്ങിയിരിക്കുന്നത്. സ്വജീവിതാവസ്ഥയുടെ കടമകളെ വിശ്വസ്തതാപൂർവ്വം അനുഷ്ഠിക്കുന്നവനും, അതുപോലെതന്നെ തന്റെ സ്ഥിതി എത്ര താഴ്ന്നതായിരുന്നാലും അതിൽ ലജ്ജ തോന്നാത്തവനുമാണ സാക്ഷാൽ എളിമയുള്ളവൻ."

"ഞാൻ ഈശോയെ സ്നേഹിക്കുന്നുണ്ടെങ്കിൽ, അവിടുത്തെ പ്രവൃത്തികളെ അനുകരിക്കണം; അവിടുന്ന് എല്ലാററിലും കൂടുതലായി വിലമതിച്ചിരുന്നതിനെ ഞാൻ സ്നേഹിക്കണം."

"ആന്തരികമായ ഈ എളിമ, അഭ്യസിക്കുന്നതിന് അധികം വിഷമമില്ല. ഒരുത്തന്റെ അഭിമാനത്തിന് എതിരായിട്ടുള്ളതല്ല ഇത്. നേരേമറിച്ച് അത് ഒരുവനെ കൂടുതൽ പൂർണ്ണനാക്കുന്നു. കാരണം, ശാന്തനും, ഹൃദയ എളിമയുള്ളവനുമായ ഈശോയെ സ്നേഹിക്കുന്നതിലും അനുകരിക്കുന്നതിലുമാണ് ഇത് അടങ്ങിയിരിക്കുന്നത്."

ഇവ്വിധം വീക്ഷിക്കപ്പെട്ടപ്പോൾ, എളിമ സുകരമായി തീരുന്നു. അപകർഷംവഴി ആത്മാവു വാസ്തവത്തിൽ ഈശോയോടു താദാത്മ്യം പ്രാപിക്കുന്നുവെന്നു മനസ്സിലാക്കുമ്പോൾ, മനുഷ്യപ്രകൃതി ഈ അപകർഷത്തെ വകവയ്ക്കുകയില്ല.

ഫാദർ ഏമാർഡ് പറയുന്നതുപോലെ "എളിമയെ സ്നേഹിക്കുവാനല്ലാ ദൈവം നമ്മോട്ട് ആവശ്യപ്പെടുന്നത്. ഹൃദയ എളിമയുള്ളവനായ ഈശോയെ സ്നേഹിക്കുന്നതിനാണ്."

എന്നാൽ, എല്ലാററിലും ആവശ്യമായ ത്യാഗങ്ങൾ സദൃശങ്ങളാണ്. പക്ഷെ ഒരു വ്യത്യാസം മാത്രം. ത്യാഗത്തിനു വേണ്ടിയുള്ള ത്യാഗം, മനുഷ്യപ്രകൃതിക്കു സ്പൃഹണീയമല്ല. എന്നാൽ പ്രിയപ്പെട്ട ഒന്നിനുവേണ്ടിയുള്ള ത്യാഗം മനുഷ്യപ്രകൃതിക്കനുയോജ്യമാകുന്നു. ഉദാഹരണമായി, തന്റെ സ്നേഹപാത്രമായ കുഞ്ഞിനുവേണ്ടി ഒരു അമ്മ സഹിക്കുന്ന ത്യാഗങ്ങളും സങ്കടങ്ങളും എത്ര ? എന്നാൽ ആ ത്യാഗങ്ങളെപ്പററി ഒരു വിചാരംപോലും അവൾക്കില്ല.

ജയത്തിലും അപജയത്തിലും, സുസ്ഥിതിയിലും ദുസ്ഥിതിയിലും ഒന്നുപോലെ എളിമ അഭ്യസിക്കുതിനാണ് ഫാദർ ഏമാർഡ് പരിശ്രമിച്ചിരുന്നത്.

വിജയത്തിലും ഐശ്വര്യത്തിലും എളിമ അഭ്യസിക്കുന്നതു സുകരമെന്ന് അദ്ദേഹംതന്നെ സമ്മതിക്കുന്നു. "എന്നാൽ വഞ്ചനകളും, അപകടങ്ങളും, ദുഃഖങ്ങളും അനുഭവപ്പെട്ടമ്പോൾ, ദൈവത്തിനു സ്തോത്രം നല്കുക എന്നതു് അത്ര സുകരമല്ല. ഇതാണു വാസ്തവത്തിലുള്ള എളിമ; ഈശോയും വിശുദ്ധരും അഭ്യസിച്ചിരുന്ന എളിമ."

ഇങ്ങനെയൊക്കെയാണെങ്കിലും, ഫാദർ ഏമാർഡിൻെറ എളിമ ഏററം പ്രീതികരമായതായിരുന്നു. തൻെറ സുകൃതത്തെ മറയ്ക്കുന്നതിന് അദ്ദേഹം ശ്രമിച്ചിരുന്നു. അതിനാൽ, പ്രശംസകളെ കാര്യമായി ഗണിക്കുന്നപോലെയാണ് അദ്ദേഹം പ്രത്യക്ഷപ്പെട്ടിരുന്നതു്. എന്നാൽ ഹൃദയാന്തർഭാഗത്തിൽ അദ്ദേഹം ഏററം വെറുത്തിരുന്ന ഒന്നാണു പ്രശംസ. അദ്ദേഹം പറഞ്ഞിട്ടുള്ളതു നോക്കുക. "പരിഹാസവും അവമാനവുംപോലെ പ്രശംസകൾ എന്നിൽ പ്രവർത്തിക്കുന്നു . . . . ."

## III

എളിമയോടു സാദൃശ്യം വഹിക്കുന്ന ഒരു സുകൃതമാണു സൗമ്യത. ഫാദർ ഏമാർഡ് എഴുതുന്നു: "ആത്മജ്ഞാനം ഒരുത്തനുണ്ടെങ്കിൽ, കഷ്ടതകളിൽ അവൻ സൗമ്യനായിരിക്കും. എന്തെന്നാൽ ദൈവതൃക്കരങ്ങളിൽനിന്ന് ഇതിലും ഹീനമായതിനു താൻ അർഹനാണെന്ന് അവനു ബോധമുണ്ടു്; അയല്ക്കാരനോടു് അവൻ സൗമ്യനായിരിക്കും; കാരണം, ശത്രുതയിൽ ദൈവതൃക്കരത്തെ അവൻ ദർശിക്കും; തന്നോടുതന്നെ അവൻ സൗമ്യനായിരിക്കും . . . . . ."

ഇതാണു മനുഷ്യർ ആദരിക്കുന്നതും ദൈവം സ്നേഹിക്കുന്നതുമായ സൗമ്യത. ഇതു സമ്പാദിക്കുവാനായിരുന്നു ഫാദർ ഏമാർഡ് ശ്രമിച്ചതും. ഇതിന് അദ്ദേഹം അനുഗമിച്ച മാർഗ്ഗത്തെപ്പററി അദ്ദേഹം എഴുതുന്നു: സൗമ്യഹൃദയനായ ഈശോയെക്കുറിച്ചു ഞാൻ ധ്യാനിക്കും . . . . . നമ്മുടെ കർത്താവു് അഭ്യസിച്ചിരുന്നപോലെ വീക്ഷിക്കപ്പെടുന്ന ഒരു സുകൃതം ഏററം ആകർഷകവും സുസ്സാധ്യവുമായി ഭവിക്കുന്നു . . . ."

"പുണ്യസമ്പാദനത്തിന് ഏററം ഉപകരിക്കുന്ന ഒന്നാണു ദിവ്യകാരുണ്യം. അതിനാൽ, ദിവസേനയുള്ള ദിവ്യകാരുണ്യ സ്വീകരണത്തിൽ, സുകൃതസമ്പാദനത്തിനാവശ്യമുള്ള ശക്തികൾ സംഭരിക്കുന്നതിനു ഞാൻ ശ്രമിക്കും." ദൈവസേവകരുടെ സേവകനായി തന്നെത്തന്നെ കരുതിയിരുന്ന ഫാദർ ഏമാർഡിന് ഈ സുകൃതത്തിൻെറ സമ്പാദനം തൻെറ ഒരു കടമയായിത്തോന്നി.

തൻെറ ദിവ്യനാഥനിൽ ദർശിച്ച സൗമ്യതയെ തന്നിലേയ്ക്കു പകർത്തുന്നതിനു ഫാദർ ഏമാർഡിനു കഴിഞ്ഞു. അദ്ദേഹത്തിൻെറ സ്വഭാവത്തിന് ഒരു മോഹനഭൂഷണമായി അതു ശോഭിക്കയും ചെയ്തു. തൻെറ സന്യാസസഭാഭരണത്തിൽ അദ്ദേഹം ഇതുതന്നെ അനുസരിച്ചിരുന്നു.

സന്യാസികളോട് അദ്ദേഹം ഇപ്രകാരം പറഞ്ഞിരുന്നു: "പൈതൃകമായ സ്നേഹത്തോടെ മററുള്ളവർ നിങ്ങളോടു പെരുമാറിയേക്കാം. എന്നാൽ ഞാൻ നിങ്ങൾക്ക് ഒരു മാതാവായിരിക്കാനാണ് ആഗ്രഹിക്കുന്നത്."

"ഒരു കുററം കണ്ടാൽ അപ്പോൾത്തന്നെ തിരുത്തുന്നതിനാഗ്രഹിക്കുന്നതു സങ്കുചിതമനസ്ഥിതിയുടെ ഒരു പ്രത്യേകലക്ഷണമാണ്. എൻെറ പരിപാടി അങ്ങനെയല്ല. തൻെറ കുററത്തെപ്പററിയുള്ള അവബോധം ഒരുത്തനു ദിവ്യനാഥൻ തന്നെ നല്കുന്നതുവരെ ഞാൻ കാത്തിരിക്കും. അതിനുശേഷമേ ഞാൻ പ്രവർത്തിക്കുകയുള്ളൂ. അല്ലെങ്കിൽ, ദൈവവരപ്രസാദത്തിനുമുമ്പേ പ്രവർത്തിക്കുകയല്ലേ? നിഷ്ഫലമായിരിക്കും ആ പ്രവർത്തനം. . . . "

ഫാദർ ഏമാർഡിൻെറ ദയാലുത്വത്തെ തെളിയിക്കുന്ന സംഭവങ്ങൾ നിരവധിയാണ് — അധഃസ്ഥിതരോടുകൂടിയുള്ള സംസർഗ്ഗത്തിൽ ഇതു പ്രത്യേകം ദൃശ്യമായിരുന്നു. ഉദാഹരണത്തിന് ഒരു സംഭവം താഴെ ചേർക്കുന്നു.

ദൈവാലയത്തിൻെറ പ്രവേശനദ്വാരത്തിൽവച്ച് ഒരിക്കൽ ഒരു ഭക്തസ്ത്രീയെ അദ്ദേഹം കണ്ടുമുട്ടി. അവളുടെ പട്ടി അവളെ അനുഗമിച്ചിരുന്നതിനാൽ പള്ളിയിൽ കയറി പ്രാർത്ഥിക്കുന്നതിനു കഴിവില്ലാതെ നില്ക്കുകയായിരുന്നു അവൾ. ഇതു

മനസ്സിലാക്കിയ ഫാദർ ഏമാർഡ്, അവൾ വിസീത്തകഴിച്ചു മടങ്ങിവരുവോളം ആ പട്ടിയെ സൂക്ഷിക്കുന്നതിനു സമ്മതിക്കുകയും, അപ്രകാരം ചെയ്യുകയും ചെയ്തു.

ഫാദർ ഏമാർഡിന്റെ സുകൃതങ്ങളെപ്പററിയുള്ള ഈ പ്രതിപാദനം ഏററം ഹ്രസ്വമായിരിക്കുന്നെങ്കിലും, അദ്ദേഹത്തിന്റെ സ്വഭാവത്തെപ്പററി ഒരു സൂക്ഷ്മജ്ഞാനം ഇതു നമുക്കു നല്കുന്നു. സമകാലീനന്മാരുടെ ദൃഷ്ടിയിൽ, അടക്കത്തിന്റേയും, സൗമ്യതയുടേയും, എളിമയുടേയും ഒരു വിശിഷ്ടമാതൃകയായിരുന്നു ഫാദർ ഏമാർഡ്. യാതൊരു അഭിനയവും ഇല്ലാത്തതായിരുന്നു അദ്ദേഹത്തിന്റെ അടക്കം; തന്നെ മററുള്ളവർക്കു സ്നേഹപാത്രമാക്കുവാൻ യോഗ്യമായതായിരുന്നു അദ്ദേഹത്തിന്റെ എളിമ; എല്ലാ സാഹചര്യങ്ങളിലും ഒന്നുപോലെ വർത്തിച്ചിരുന്നതായിരുന്നു അദ്ദേഹത്തിന്റെ സൗമ്യത. ആത്മനിഗ്രഹത്തിന്റേയും, ക്രിസ്തുവിലുള്ള തന്റെ പുതിയ ജീവിതത്തിന്റേയും ബഹിർസ്ഫുരണങ്ങളായിരുന്നു ഈ സുകൃതങ്ങൾ.

# പതിനേഴാം അധ്യായം.

## ആദ്യത്തെ പൊതുചാപ്റ്റർ—പുതിയ സ്ഥാപനങ്ങൾ.

1865 മാർച്ച് 30-ാംതീയതി ഫാദർ ഏമാർഡ് റോമിൽ നിന്നു പാരീസിലേയ്ക്കു തിരിച്ചു. തന്റെ അഞ്ചു മാസത്തെ അസാന്നിധ്യത്തിൽ ജോലികൾ വളരെ വർദ്ധിച്ചിരുന്നു. ജൂലൈയിൽ മാത്രമേ അദ്ദേഹത്തിന് എല്ലാം ചെയ്തുതീർക്കുവാൻ സാധിച്ചുള്ളു. സന്യാസസംഘത്തിന്റെ ഒരു പൊതുചാപ്ററർ വിളിച്ചുകൂട്ടുന്നതിനായിരുന്നു അദ്ദേഹം പിന്നീടു ശ്രമിച്ചതു്.

ഇതിനുള്ള ക്ഷണക്കത്തുകൾ അദ്ദേഹംതന്നെ ഓരോ സന്യാസിക്കും എഴുതി. ഈ ചാപ്റ്ററർ, ഒരു സുപ്പീരിയർ ജനറലിനെ തിരഞ്ഞെടുക്കുന്നതാണെന്നു ക്ഷണക്കത്തിൽ പ്രത്യേകം അദ്ദേഹം കാണിച്ചിരുന്നു. തന്നിൽനിന്ന് അധികാര ഭാരത്തെ എടുത്തുമാററുന്നതിന് അദ്ദേഹം വളരെ ആഗ്രഹിച്ചിരുന്നു. ഇതിനാൽ പ്രേരിതനായ അദ്ദേഹം, തന്നെ തിരഞ്ഞെടുക്കരുതെന്ന്, ഓരോ സന്യാസിയോടും നേരത്തെ അഭ്യർത്ഥിക്കുകയും ചെയ്തു.

അദ്ദേഹം തൻെറ പ്രഥമ സഹപ്രവർത്തകന് എഴുതുന്നതു നോക്കുക. "ഒരു സാധാരണ സന്യാസിയായി, ഏകാന്തത അനുഭവിക്കുന്നതിനാണു ഞാൻ ആഗ്രഹിക്കുന്നത്. അതിനാൽ, നമ്മുടെ സ്നേഹത്തിൻെറ ലക്ഷ്യമായി, അങ്ങ് എനിക്കു വോട്ടു ചെയ്യരുത്. തിരഞ്ഞെടുക്കപ്പെടുന്നവരോടു പരിപൂർണ്ണമായ കീഴ്വഴക്കം ഞാൻ വാഗ്ദാനം ചെയ്യുന്നു. സംഘത്തിൻെറ ഉപരിഗുണത്തിനായി എന്നാലാവുംവിധം ഞാൻ പ്രവർത്തിക്കുന്നതുമാണ്."

ജൂലൈ 3—ാംതീയതി ചാപ്പ്ററർ സമാരംഭിച്ചു. മൂന്നു ദിവസത്തെ ധ്യാനത്തിനു ശേഷം യോഗാംഗങ്ങൾ സുപ്പീരിയർ ജനറലിനെ തിരഞ്ഞെടുക്കുന്നതിനു നിശ്ചയിച്ചു. ഒരാളൊഴിച്ചു മററുള്ളവരെല്ലാം ഫാദർ ഏമാർഡിനെ ജീവപര്യന്തം സുപ്പീരിയറായി തിരഞ്ഞെടുക്കുകയും ചെയ്തു.

തൻെറ ആഗ്രഹത്തിനു വിപരീതമായ ഈ സംഭവം അദ്ദേഹത്തെ ശോകസമുദ്രത്തിൽ താഴ്ത്തി. ഉച്ചഭക്ഷണത്തിന് അദ്ദേഹത്തെ വിളിക്കാൻ വന്ന സന്യാസികൾ മുറിയിൽ മുട്ടിന്മേൽ നിന്നുകൊണ്ടു വിലപിക്കുന്നതായിട്ടാണ് അദ്ദേഹത്തെ കണ്ടത്.

സ്വസന്യാസികളുടെ ഈ പ്രവൃത്തിയിൽ ദൈവാഭീഷ്ടത്തെ ദർശിച്ച ഫാദർ ഏമാർഡ്, സുപ്പീരിയർ ജനറലിൻെറ സ്ഥാനം സ്വീകരിച്ചു. ഇതേപ്പററി അദ്ദേഹം എഴുതുന്നു: "എൻെറ ബലഹീനതയെപ്പററി എനിക്കു നല്ല ബോധമുണ്ട്. ദൈവത്തിനുവേണ്ടി കൂടുതൽ ഉത്തമമായി ജീവിക്കുന്നതിനാണു ഞാൻ ഈ ഭാരത്തെ നീക്കുന്നതിന് ആഗ്രഹിച്ചത്.

പക്ഷേ ദൈവനിശ്ചയം മറിച്ചാണ്. അവിടുത്തെ ദിവ്യാഭീഷ്ടം വാഴ്ത്തപ്പെട്ടതാകട്ടെ . . . . ."

## II

ഉദ്യോഗത്തിൽ വീണ്ടും ആരോഹിതനായ അദ്ദേഹം, തൻെറ സന്യാസസഭയുടെ വളർച്ചയ്ക്കും അഭ്യുന്നതിക്കുമായി പ്രവർത്തിക്കുന്നതിന് ഒരുങ്ങി.

ഈ അവസരത്തിലാണു രണ്ടു പുതിയ സന്യാസഗൃഹങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഭാഗ്യം അദ്ദേഹത്തിനു സിദ്ധിച്ചതു്. 1866 ഫെബ്രുവരി 2—ാംതീയതി ബ്രസ്സൽസിൽ സ്ഥാപിതമായതാണ് അതിൽ ഒന്ന്. ഫ്രാൻസിനു പുറത്തു സ്ഥാപിതമായ ആദ്യത്തെ ആശ്രമമാണ് ഇതു്. ദുർഘടപൂർണ്ണമായിരുന്നു ആദ്യത്തെ മാസങ്ങൾ. പതിന്നാലു മണിക്കൂറുകൾ നീണ്ടുനിന്നിരുന്ന ആരാധന നടത്തുന്നതിന് അഞ്ചു സന്യാസികൾ മാത്രമേ ഉണ്ടായിരുന്നുള്ളു.

അദ്ദേഹം പറയുന്നു: "ദാരിദ്ര്യം ഈ സ്ഥാപനത്തിൻെറ ആത്മാവായിരിക്കുന്നു."

"എന്നാൽ ഒരുത്തനും ഇതേപ്പററി ആവലാതിപ്പെടാത്തതിൽ ഞാൻ അത്ഭുതപ്പെടുന്നു. വിശ്വസ്തനും സ്നേഹിക്കുന്നവനുമായ ഒരു ആരാധകൻെറ ലക്ഷണമാണ് ഇവ്വിധത്തിലുള്ള മഹാമനസ്കത."

ഈ വിഷയത്തിൽ സന്യാസികൾക്കൊരു ഉത്തമദൃഷ്ടാന്തമായിരുന്നു ഫാദർ ഏമാർഡ്. ഒരു മാസത്തെ അശ്രാന്തമായ ജോലിമൂലം അദ്ദേഹം അത്യന്തം ക്ഷീണനായിത്തീർന്നു. ഉഗ്രമായ പനി അദ്ദേഹത്തെ ബാധിച്ചു. അദ്ദേഹത്തിൻെറ രോഗശാന്തിയെപ്പററിക്കൂടി സന്ദേഹം ജനിച്ചു. എങ്കിലും താമസിയാതെ രോഗത്തിനു ശമനം കണ്ടുതുടങ്ങി. ഈ രോഗം അദ്ദേഹത്തിൻെറ ആരോഗ്യത്തെ സ്പർശിക്കാതെയിരുന്നില്ല. ആരാധനാവൃത്തി തുടരുന്നതിന് അദ്ദേഹം അശക്തനായിത്തീർന്നു. അദ്ദേഹത്തിൻെറ ഈ ഒഴിവിനെ പരിഹരിക്കുന്നതിന്, വേറൊരു സന്യാസസഹോദരൻ ബ്രസ്സൽസിലേയ്ക്കു് ആനീത

നായി. ഇങ്ങനെ ബ്രസ്സൽസിലെ സഭാംഗങ്ങളുടെ എണ്ണം ആറായി വദ്ധിച്ചു. പാപസങ്കീത്തനം നടത്തുന്നതിനും പ്രസംഗത്തിനും കുറേ സമയം ഇതുവഴി ഫാദർ എമാർഡിനു ലഭിച്ചു. കേവലം അപരിചിതനായിട്ടാണ ബ്രസ്സൽസിൽ ഫാദർ എമാർഡ് വന്നതു്. പക്ഷെ രണ്ടു മാസങ്ങൾക്കുള്ളിൽ അദ്ദേഹത്തിൻെറ വിശുദ്ധിയുടെ പരിമളം അവിടെങ്ങും പരന്നു കഴിഞ്ഞു. അദ്ദേഹത്തെ കാണുന്നതിന് ആളുകൾ അനുസ്യൂതം പ്രവഹിച്ചുകൊണ്ടിരുന്നു."

"അദ്ദേഹത്തിൻെറ വാക്കുകളെ, ഒരു വിശുദ്ധൻേറതു പോലെ ഞങ്ങൾ സ്വീകരിച്ചു." ഒരു സന്ദശ്കൻെറ സാക്ഷ്യമാണിതു്. ഒരു ദിവസം ദൈവാലയത്തിൽനിന്നു മടങ്ങിയ വേറൊരാൾ ഉൽഘോഷിച്ചു: "ഇന്നു പ്രസംഗിച്ച അച്ചൻ ഏതാണ്? വേറൊരു ഫ്രാൻസീസ് സേവ്യറിനെപ്പോലെ എനിക്കു തോന്നി." മുട്ടിന്മേൽ നിന്നു പ്രാത്ഥിക്കുന്ന അദ്ദേഹത്തിൻെറ ദശ്നംതന്നെ അദ്ദേഹത്തെ അനുകരിക്കുന്നതിന് ഏവരേയും ഉത്തേജിപ്പിക്കുമായിരുന്നുവെന്നു വേറൊരുത്തൻ സാക്ഷിക്കുന്നു.

ബ്രസ്സൽസിലേ തൻെറ വാസത്തിൻെറ അവസാന മാസങ്ങളിൽ ഫാദർ എമാർഡ് "അൽമായരുടെ ദിവ്യകാരുണ്യ ലീഗ്" (Peoples' Eucharistic League) സ്ഥാപിച്ചു. അദ്ദേഹത്തിൻെറ ശ്രമം വിജയത്തിൽ പര്യവസാനിച്ചു. അദ്ദേഹം ബ്രസ്സൽസ് വിട്ട അവസരത്തിൽ, ലീഗിന് 120 അംഗങ്ങളോളം ഉണ്ടായിരുന്നു.

## III

ഏപ്രിൽ 23—ാംതീയതി ഫാദർ എമാർഡ് പാരീസിലേയ്ക്കു മടങ്ങി. പാരീസിൽനിന്നു, കുറച്ചുകൂടി ഏകാന്തമായ ഒരു സ്ഥലത്തേയ്ക്കു നോവീസ്യാത്തു മാററുന്നതിലായിരുന്നു അദ്ദേഹത്തിൻെറ ആദ്യത്തെ ശ്രദ്ധ പതിഞ്ഞതു്. അന്നുവരെ നോവീസ്യാത്തു നടത്തിയിരുന്നവർ താമസിച്ചിരുന്നതു മാതൃഭവനത്തിൽത്തന്നെയാണ്. അത്ഥികളുടെ എണ്ണം വദ്ധിച്ചുവന്നിരു

ന്നതിനാലും, പരിതസ്ഥിതികൾ സന്യാസജീവിതത്തിന് അത്ര പററിയതല്ലാതിരുന്നതിനാലും, ഫാദർ ഏമാർഡ് ശിക്ഷണാലയത്തെ മാററുന്നതിനു നിശ്ചയിച്ചു.

എന്നാൽ ഉചിതമായ സ്ഥലം ലഭിക്കുന്നതിന് അദ്ദേഹത്തിനു വളരെ ശ്രമിക്കേണ്ടിവന്നു. പല വിഷമതകൾ ഇതിലും അദ്ദേഹത്തിന് അനുഭവപ്പെട്ടു. എങ്കിലും ഒന്നും അദ്ദേഹത്തെ ഭഗ്നാശനാക്കിയില്ല.

ദൈവികപരിപാലനയിൽ അദ്ദേഹം പൂർണ്ണമായി വിശ്വസിച്ചുകൊണ്ടാണു പ്രവർത്തിച്ചത്. ഒടുവിൽ സമുചിതമായ ഒരു സ്ഥലം അദ്ദേഹം കണ്ടുപിടിച്ചു. സെൻ–മൗരീസിനടുത്തു സ്ഥിതിചെയ്തിരുന്ന ഒരു എസ്റ്റേററായിരുന്നു ആ സ്ഥലം. പാരീസിനു വളരെ അടുത്തും, എന്നാൽ ആ വലിയ പട്ടണത്തിൻെറ ബഹളങ്ങളിൽനിന്നു വേർപെട്ടുമാണ് അതു സ്ഥിതിചെയ്തിരുന്നത്. അതു മിതമായ വിലയ്ക്കു വാങ്ങിക്കുന്നതിനു ഫാദർ ഏമാർഡിനു സാധിച്ചു. ഉടനെ തൻെറ സന്യാസസഭാംഗങ്ങൾക്കു താമസത്തിനു വേണ്ട ഒരുക്കങ്ങൾ അദ്ദേഹം നടത്തി. 1866—ലെ ക്രിസ്തുമസ് ദിനത്തിൽ അവിടെ പുതിയ നോവീസ്യാത്തു ഗൃഹം ആരബ്ധമായി. ഫാദർ ഏമാർഡ് തന്നെയാണു ക്രിസ്തുമസ് കുർബാനയും മററു ദിവ്യകർമ്മങ്ങളും നടത്തിയത്.

പതിനാലു നവസന്യാസികൾ മാത്രമായിരുന്നു ആദ്യത്തെ ആരാധകന്മാർ. 1870—വരെ അവിടെ അനുസ്യൂതമായ ആരാധനാകർമ്മം നടന്നുകൊണ്ടിരുന്നു. 1870—ൽ ഉണ്ടായ യുദ്ധംമൂലം സന്യാസികൾക്ക് ആ ഗൃഹം വിടേണ്ടതായി വന്നു. ഒരു കൊല്ലത്തിനു ശേഷമേ വീണ്ടും അവിടെ ആരാധന തുടങ്ങുവാൻ സാധ്യമായുള്ളു. എന്നാൽ 1880–ൽ ജൂലസ്ഫെറിയുടെ കല്പനയാൽ, പുരുഷന്മാരുടെ സന്യാസാലയങ്ങൾ ഫ്രാൻസിൽ അടയ്ക്കപ്പെട്ടതോടുകൂടി, ഈ ഗൃഹവും അടയ്ക്കപ്പെട്ടു.

സെൻ–മൌരീസിലെ ഈ ആലയത്തോട് ഒരു പ്രത്യേക പ്രതിപത്തി ഫാദർ ഏമാർഡ് പ്രദർശിപ്പിച്ചിരുന്നു. "ഏകാന്തതയേയും ധ്യാനപരമായ ജീവിതത്തേയും ആഗ്രഹിക്കുന്നവരായ ആരാധകർക്കായുള്ള, "കർത്താവിൻെറ പറുദീസാ" എന്നാണ് അതിനെ അദ്ദേഹം അഭിസംബോധനം ചെയ്തിരുന്നത്.

തൻെറ ജീവിതത്തിൻെറ അവസാനത്തെ പതിനെട്ടു മാസങ്ങളിൽ, പ്രാത്ഥനയിലും ഏകാന്തതയിലും തൻെറ ഒഴിവു സമയങ്ങൾ കഴിക്കുന്നതിന്, അദ്ദേഹം സാധാരണ അഭയം തേടിയിരുന്ന സ്ഥലമായിരുന്നു ഇതു്. അങ്ങനെ, ഏതു നിമിഷത്തിലും അദ്ദേഹത്തിൻെറ ആഗമനത്തെ പ്രതീക്ഷിച്ചിരുന്ന സന്യാസികൾ, ഒരു മുറി അദ്ദേഹത്തിനായി സദാ ഒഴിച്ചിട്ടിരുന്നു. ഈ മുറിയിൽ നിന്നു നോക്കിയാൽ പരിശുദ്ധ ദിവ്യകാരുണ്യത്തെ ദശിക്കുന്നതിന് അദ്ദേഹത്തിനു കഴിയുമായിരുന്നു. രാത്രിയിലും, പകലും, പല പ്രാവശ്യം, അദ്ദേഹം തൻെറ ദിവ്യനാഥനെ ഇവിടെവച്ചു് ആരാധിക്കുമായിരുന്നു. തൻെറ ജീവിതാന്ത്യത്തിൽ അനുഭവിച്ച പല യാതനകളേയും പരീക്ഷകളേയും സഹിക്കുന്നതിനുള്ള വരവും ശക്തിയും, ഈ അവസരങ്ങളിലാണ് അദ്ദേഹം സമാജ്ജിച്ചതു്.

## IV

ഗവമ്മെണ്ടിൻെറ ആവശ്യപ്രകാരം, ആൻജേഴ്സിലെ സന്യാസഗൃഹം അടച്ചുകളയേണ്ടതായി വന്നുവെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. എന്നാൽ ആ ഗൃഹം വീണ്ടും തുറക്കുന്നതിനുള്ള പരിതസ്ഥിതികൾ ഉണ്ടായി. പക്ഷെ അതിൻെറ പുനസ്ഥാപനത്തിനായി, അദ്ദേഹത്തിനു സഹിക്കേണ്ടിവന്ന ആകുലതകൾ വളരെയായിരുന്നു.

എങ്കിലും ആൻജേഴ്സിലെ ആശ്രമം വീണ്ടും തുറന്നു കാണുവാനുള്ള ഭാഗ്യം ഫാദർ ഏമാർഡിനുണ്ടായി. ഏററം ആശ്വാസസന്ദായകമായ ഒരു സംഗതിയായിരുന്നു അദ്ദേഹത്തിനിതു്. എന്നാൽ ഈ അവസരത്തിൽ അദ്ദേഹത്തിനു സഹിക്കേണ്ടിവന്ന കഷ്ടതകളും ദുരിതങ്ങളും ദിവ്യകാരുണ്യനാഥൻെറ രാജ്യത്തിൻെറ വളച്ചയിൽനിന്നും തൻെറ സഭയുടെ അഭിവൃദ്ധിയിൽനിന്നും തനിക്കുളവാകുന്ന സംതൃപ്തിയേയും ആശ്വാസത്തേയും ഞെക്കിക്കളയുകതന്നെ ചെയ്തു.

# പതിനെട്ടാം അധ്യായം.

## മുള്ളുകൾക്കിടയിൽ.

---

ഫാദർ ഏമാർഡ് തന്റെ ജീവിതാന്ത്യഘട്ടത്തിൽ എത്തിച്ചേർന്നു. ആ ഘട്ടം ഉഗ്രമായ പരീക്ഷകളാലും, ദാരുണമായ പീഡകളാലും പൂരിതമായിരുന്നു. പക്ഷെ, പീഡാസഹനം കൊണ്ടു മാത്രം ആത്മാവിൽ ഉളവാകുന്ന ആ വിശുദ്ധി പാരമ്യത്തിൽ എത്തിച്ചേരുന്നതിന്, ദൈവം അദ്ദേഹത്തെ അനുവദിച്ചില്ല; അത്രയ്ക്കു ദൈവം അദ്ദേഹത്തെ സ്നേഹിച്ചിരുന്നു.

താൻ ബേത്ലെഹം എന്നു വിളിച്ചിരുന്നതും തന്റെ സഭയുടെ ഉത്ഭവസ്ഥാനവുമായ റൂഡെൻഫർ അദ്ദേഹത്തിന് എപ്രകാരം ത്യജിക്കേണ്ടിവന്നുവെന്നും, ഭൂഡുഫൂബർഗ് സെൻഷാക്സിൽ സൗകര്യപ്രദമായ താമസസ്ഥലങ്ങൾ ലഭിക്കുന്നതിന് അദ്ദേഹത്തിന് എത്രമാത്രം പ്രയാസപ്പെടേണ്ടി വന്നുവെന്നുമുള്ളതു മുന്നൊരധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലോ.

ഒരു പുതിയ റോഡിന്റെ പുറപ്പാടിൽ തന്റെ രണ്ടാമത്തെ സന്യാസാശ്രമം നശിപ്പിക്കപ്പെട്ടുമെന്നു മനസ്സിലാക്കിയ ഏമാർഡച്ചൻ മുനിസിപ്പൽ അധികാരികൾക്കു സ്ഥലം വില്ക്കുന്നതിനുറച്ചു. പക്ഷെ അവർ അതിനു വഴിപ്പെട്ടില്ല. 1867—ലെ മാർച്ചുമാസത്തിൽ 30 ദിവസത്തിനുള്ളിൽ സ്ഥലം വിടേണമെന്ന് അദ്ദേഹത്തിനു കല്പന ലഭിച്ചു. അദ്ദേഹത്തിന്റെ സ്ഥിതി വളരെ കഷ്ടതരമായിരുന്നു. ഒരു പുതിയ സ്ഥലം വാങ്ങിക്കുന്ന കാര്യം തികച്ചും അസാധ്യമായിരുന്നു. സ്ഥലം വാടകയ്ക്കു ലഭിക്കുന്നതിനും അന്നു പല വിഷമങ്ങളുമുണ്ടായിരുന്നു. എങ്കിലും അദ്ദേഹത്തിന് ഒരു സ്ഥലം വാടകയ്ക്കു വാങ്ങിക്കുന്നതിനു സാധിച്ചു. മോൽട്ട്പർണാസ്സെ റോഡിനു സമീപം പരിത്യക്തമായ ഒരു ജീർണ്ണിച്ച സ്കൂളാണ് അദ്ദേഹത്തിനു ലഭിച്ച സ്ഥലം. ഏപ്രിൽ 12—ാംതീയതി വ്യാകുലമാതാവിന്റെ തിരുനാളിൽ, ദിവ്യകാരുണ്യാരാധന അവിടെ

ആരബ്ധമായി. എന്തൊരു ദാരിദ്ര്യമായ സ്ഥിതി! കൂടുതൽ നല്ല ഒരു സ്ഥലം ഉണ്ടാക്കുവാൻ ഫാദർ എമാർഡിനു സാധിച്ചില്ല.

## II

നമ്മുടെ കർത്താവിൻെറ മഹത്ത്വത്തിനുവേണ്ടി പ്രവർത്തിക്കുന്നതിനു സ്വയം അർപ്പിച്ചിരുന്ന അദ്ദേഹത്തിന്, ഈ സംഭവം ഏററവും ശോകപ്രദമായിരുന്നു. ഇതിനെത്തുടർന്നു വേറൊരു ക്ഷതംകൂടി അദ്ദേഹത്തിൻെറ മൃദുലഹൃദയത്തിന് ഏല്ക്കേണ്ടതായി വന്നു. അതെ, നെമൂർസിലെ സന്യാസഗൃഹം അടച്ചുകളയുവാൻ അദ്ദേഹം നിർബന്ധിതനായി.

1865 ഡിസംബർ 8—ാംതീയതി നെമൂർസിൽ, ധനികയായ ഒരു ഉപകർത്രിയുടെ ദാനമായി കിട്ടിയ ഒരു എസ്റ്റേററിൽ, സന്യാസസഹോദരികൾക്കായി രണ്ടാമത്തെ മഠം അദ്ദേഹം സ്ഥാപിച്ചു. വലിയ പ്രത്യാശകളോടുകൂടി തുടങ്ങിയ ആ സ്ഥാപനം കടുത്ത നിരാശയിൽ കലാശിച്ചു.

ആ ഉപകർത്രി, സന്യാസമഠത്തിന് അടുത്തുതന്നെയാണു വസിച്ചിരുന്നത്. അങ്ങനെ അവൾ സഭാംഗങ്ങളുടെ കാര്യത്തിൽ ക്രമേണ കൈകടത്തിത്തുടങ്ങി. മഠാധിപ ആദ്യം അതിന് അധികവിഷമങ്ങൾ ഒന്നും കാണിച്ചില്ല. എന്നാൽ ഈ കൈകടത്തൽ കൂടിക്കൂടി വന്നതിനാൽ, ശ്രേഷ്ഠത്തി അവ തടയാൻ നിർബന്ധിതയായിത്തീർന്നു.

തുടർന്ന്, ദുഷ്ടനായ തൻെറ പിതാവിൻേറയും, സന്യാസസഭകളെ ദ്വേഷിച്ചിരുന്ന ഒരു നിയമജ്ഞൻേറയും പ്രേരണകൾക്കു വശംഗയായ ആ സ്ത്രീ തൻെറ ഇഷ്ടാദാനത്തെ റദ്ദാക്കുന്നതിനു തീരുമാനിച്ചു. ഫാദർ എമാർഡിൻെറ നിർബന്ധത്താലാണു താൻ ഈ ദാനം ചെയ്തതെന്നായിരുന്നു അവൾ ഉന്നയിച്ച കാരണം. ഫാദർ എമാർഡ് കൊണ്ടുവന്ന തെളിവുകളും, വിശദീകരണങ്ങളും കേവലം നിഷ്ഫലങ്ങളായിത്തീർന്നു. കാര്യങ്ങൾ ഗ്രഹിച്ച മെത്രാൻ, സന്യാസസഹോദരികൾ, കഴിയുന്നതും വേഗത്തിൽ സ്ഥലം വിടണമെന്നു നിശ്ചയിക്കുകയും ചെയ്തു.

1867 മേയ് മാസത്തിൽ ഫാദർ ഏമാർഡ് നെമൂർസിൽ എത്തി. ഹൃദയഭേദകമായ ഒരു കർമ്മമാണ് അദ്ദേഹത്തിനു നിർവ്വഹിക്കുവാനുണ്ടായിരുന്നത്. ആരാധനാപീഠത്തിൽനിന്നു ദിവ്യകാരുണ്യത്തെ എടുത്തുമാററുക എന്നതായിരുന്നു അത്. ഈ കർമ്മം അദ്ദേഹം നടത്തിയപ്പോൾ അശ്രുബിന്ദുക്കൾ ധാരധാരയായി ഒഴുകിയിരുന്നു. തൻെറ ദിവ്യനാഥന്, ഒരു ആരാധനാസ്ഥലം നഷ്ടപ്പെടുന്നുവല്ലോ എന്നതായിരുന്നു അദ്ദേഹത്തിൻെറ വ്യസനഹേതു. "എത്ര ശ്രമിച്ചിട്ടും എന്നെ സാന്ത്വനപ്പെടുത്താൻ എനിക്കുതന്നെ സാധിക്കുന്നില്ല" എന്നാണദ്ദേഹം പറഞ്ഞത്.

ഇതിനുപരി, വേറെ നഷ്ടങ്ങളും അദ്ദേഹത്തിനു സഹിക്കേണ്ടതായി വന്നിട്ടുണ്ട്. എന്നാൽ ഇതുമൂലമുണ്ടായ ആത്മീയനഷ്ടമാണ് അദ്ദേഹത്തെ കൂടുതൽ വേദനപ്പെടുത്തിയത്. ആദ്യമായി, പല അംഗങ്ങളും സന്യാസസഭയെ ഉപേക്ഷിച്ചു. അവരിൽ മൂന്നു പേരുടെ പ്രവൃത്തികൾ അദ്ദേഹത്തിൻെറ ഹൃദയത്തെ കൂടുതൽ മുറിപ്പെടുത്തി.

പല കുററങ്ങളും അദ്ദേഹത്തിൽ ആരോപിതമായി. അദ്ദേഹം അവിവേകിയും അപകടബുദ്ധിയുമാണെന്നു മററുള്ളവർ വിധിയെഴുതി. സന്യാസസഭകളെക്കുറിച്ച് അത്ര നല്ല അഭിപ്രായമില്ലാതിരുന്ന, പാരീസിലെ ഡാർബോ മെത്രാപ്പോലീത്ത അദ്ദേഹത്തെ ഒരു വഞ്ചകനായി എണ്ണി. ഫാദർ ഏമാർഡ്, തിരുപ്പട്ടത്തിനായി ശുപാശ് ചെയ്ത ഒരു സഹോദരനെപ്പററിയുള്ള റിക്കാർഡുകളിൽ ഒന്നു കാണാതിരുന്നപ്പോൾ ആ മെത്രാപ്പോലീത്താ, അദ്ദേഹത്തെ നുണയൻ എന്നുകൂടി വിളിച്ചു. എന്നുമാത്രമല്ല, മുറിയിൽനിന്നും വെളിക്കു പോകുവാൻ അദ്ദേഹത്തോട് ആജ്ഞാപിക്കയും ചെയ്തു.

ഈ സംഭവത്തെപ്പററി ഫാദർ ഏമാർഡ് തന്നെ പറയുന്നതു കേൾക്കുക. "കോപത്താൽ ജ്വലിച്ചിരുന്നു മെത്രാപ്പോലീത്തായുടെ മുഖം. നേരേമറിച്ച്, അനന്യസാധാരണമായ ഒരു ഹൃദയസമാധാനമാണ് എനിക്ക് അനുഭവപ്പെട്ടത്. ഞാൻ ആനന്ദിച്ചു. നമ്മുടെ കർത്താവ് നമ്മുടെ അപകർഷങ്ങളാൽ, എത്രമാത്രം മഹത്ത്വം പ്രാപിക്കുന്നു."

അദ്ദേഹത്തിൻെറ കുരിശുകൾ ഇതുകൊണ്ടും അവസാനിച്ചില്ല. ഈ ഉഗ്രപാതത്തിൽനിന്നു പൂൎണ്ണസുഖം ലഭിക്കുന്നതിനു മുമ്പായി വേറൊന്ന് അദ്ദേഹത്തിൽ പതിച്ചു. അതും തൻെറ ആദ്യത്തെ സഹപ്രവൎത്തകനായിരുന്ന ഒരു സന്യാസിയിൽനിന്ന്. ഫാദർ ഡെകേർസായിരുന്നു ആ സന്യാസി. നേരത്തെ ഒരു നാവികോദ്യോഗസ്ഥനായിരുന്നു അദ്ദേഹം. പെട്ടെന്നു വഴങ്ങാത്ത ഒരു സ്വഭാവമായിരുന്നു അദ്ദേഹത്തിൻേറത്. ഈ സന്യാസി കഠിന തപശ്ചര്യകളേയും ഏകാന്തതയേയുമാണ് ആഗ്രഹിച്ചിരുന്നത്. തൻെറ അഭിപ്രായത്തിന് അനുകൂലിയായിരുന്നില്ല ഫാദർ ഏമാർഡ് എന്നുള്ള വസ്തുത ഫാദർ ഡെകേർസിൻെറ മനസ്സിൽ വിരോധത്തെ ഉളവാക്കി. ആ വിരോധമനസ്ഥിതി നാൾക്കുനാൾ പ്രബലപ്പെട്ടുകൊണ്ടുതന്നെയിരുന്നു. 1865—ൽ നടന്ന പൊതുചാപ്ററ്റിനു ശേഷം അതു കൂടുതൽ വളൎന്നിരുന്നു.

മാർസെയിൽസിലുള്ള സന്യാസഗൃഹത്തിൻെറ ശ്രേഷ്ഠനായി അദ്ദേഹം നിയമിക്കപ്പെട്ടു. തൻെറ ആഗ്രഹസാഫല്യത്തിനായി പ്രവൎത്തിക്കേണ്ട അവസരം ഇതുതന്നെ എന്നു നിശ്ചയിച്ച് അതിനാവശ്യകമായ പ്രാരംഭനടപടികൾ അദ്ദേഹം സ്വീകരിച്ചു. പൊതുചാപ്ററർ കഴിഞ്ഞിട്ട് ഒരു കൊല്ലമേ അപ്പോൾ ആയിട്ടുണ്ടായിരുന്നുള്ളു.

“ദിവ്യകാരുണ്യ ഏകാന്തവാസി”കളുടെ ഒരു സംഘം സ്ഥാപിക്കുക എന്നതായിരുന്നു അദ്ദേഹത്തിൻെറ ലക്ഷ്യം. ഇതിനുവേണ്ടി, ആയിന്ദ്രപതിലേ, റോക്കഫാമോർ എന്നു പേരായ ജലാശയത്തിനടുത്ത് ഒരു വിജനപ്രദേശം അദ്ദേഹം നേരത്തേ തിരഞ്ഞെടുത്തിരുന്നു.

വേണ്ടിയിരുന്ന ഒരുക്കങ്ങൾ എല്ലാം കഴിഞ്ഞപ്പോൾ വ്രതവാഗ്ദാനങ്ങളിൽനിന്നുള്ള വിമുക്തിക്കായി അദ്ദേഹം റോമിലേയ്ക്കു് അപേക്ഷ അയച്ചു. പതിവനുസരിച്ച്, തിരുസ്സംഘം, ഇതേപ്പററിയുള്ള അഭിപ്രായം അറിയുന്നതിന്, ഈ സംഗതി സുപ്പീരിയർ ജനറലിനെ അറിയിച്ചു.

എഴുത്തു വായിച്ചപ്പോഴത്തെ ഫാദർ ഏമാർഡിൻെറ വികാരങ്ങൾ ഊഹിക്കയാണുത്തമം. അദ്ദേഹം സ്തംഭിച്ചു നിന്നു

പോയി. കാരണം, ഫാദർ ഡെകേർസിൻെറ ഈ നിശ്ചയത്തെപ്പററി ഒരു നേരിയ സംശയംപോലും അദ്ദേഹത്തിനുണ്ടായിരുന്നില്ല. ആ സമയം, ഏതോ കാരണവശാൽ, ഫാദർ ഡെകേർസ് പാരീസിൽ വന്നു. ഫാദർ ഏമാർഡുമായി ഒരു അഭിമുഖ സംഭാഷണത്തിന് അനുമതി അഭ്യർത്ഥിച്ചുകൊണ്ട് അദ്ദേഹം സന്യാസഗൃഹത്തിൽ എത്തി. ഏററം സന്തോഷത്തോടും സ്നേഹത്തോടും കൂടി അദ്ദേഹത്തെ ഫാദർ ഏമാർഡ് സ്വീകരിച്ചു. കാര്യങ്ങളെപ്പററി അവർ രണ്ടുപേരുംകൂടി ദീർഘനേരം സംഭാഷിച്ചു. സന്യാസസഭയിൽത്തന്നെ നിന്നുകൊണ്ടു തൻെറ പ്ലാൻ പരീക്ഷിച്ചുനോക്കുന്നതിനു തൻെറ സഹകാരിയെ അദ്ദേഹം ഉപദേശിച്ചു. വ്രതവിമുക്തിക്കായുള്ള ഫാദർ ഡെകേർസിൻെറ പരിശ്രമത്തെക്കുറിച്ചു സംശയിക്കാൻപോലും ഒരാൾക്കും അദ്ദേഹം ഇടം കൊടുത്തില്ല. ഫാദർ ഡെകേർസിൻെറ ഈ പുതിയ പ്രവർത്തനത്തെ ന്യായീകരിക്കാൻ ഏമാർഡച്ചൻ പരിശ്രമിച്ചിരുന്നു.

ഇപ്രകാരമാണു വിശുദ്ധർ പ്രവർത്തിക്കുന്നത്. പരസ്നേഹത്താൽ പ്രേരിതരായ അവർക്ക്, അന്യൻെറ ദോഷങ്ങളെ മറയ്ക്കുന്നതിനു നല്ലപോലെ അറിയാം. വിശുദ്ധർ നിർവികാരന്മാരെന്നല്ല ഇതിൻെറ അർത്ഥം. പല ക്ഷതങ്ങളും അവരുടെ ഹൃദയങ്ങളേയും സ്പർശിക്കുന്നു. അപ്രകാരമുള്ള ഒന്നായിരുന്നു ഫാദർ ഡെകേർസിൻെറ ഒരു സംഘം സ്ഥാപനത്തിനായുള്ള ഈ ഉദ്യമം. അതൊരു ഉദ്യമം മാത്രമായിരുന്നു. കാരണം, വളരെ നല്ല പ്രതീക്ഷകളോടുകൂടി തുടങ്ങിയ അതിനു പ്രതികൂലപരിതസ്ഥിതികളെ ചെറുത്തു വിജയം കൈവരിക്കുന്നതിനു സാധിച്ചില്ല. ആ സംരംഭം തിരസ്കൃതമായി. ഫാദർ ഏമാർഡ് മുന്നറിയിപ്പു നല്കിയിരുന്നതുപോലെ, ഫാദർ ഡെകേർസ് സഭയിലേയ്ക്കുതന്നെ പ്രത്യാഗമിച്ചു. അതിൻെറ രണ്ടാമത്തെ സുപ്പീരിയർ ജനറൽ ആവുന്നതിനുള്ള ഭാഗ്യം അദ്ദേഹത്തിനുണ്ടാകുകയും ചെയ്തു. പക്ഷെ ഈ പ്രത്യാഗമനം കാണുന്നതിനുള്ള ഭാഗ്യം ഫാദർ ഏമാർഡിനുണ്ടായില്ല. അദ്ദേഹത്തിൻെറ മരണംവരെ, തൻെറ ഈ പ്രഥമ സഹകാരിയിൽനിന്നു പ്രാതികൂല്യമാണ് അദ്ദേഹത്തിന് അനുഭവപ്പെട്ടിരുന്നത്.

# III

അദ്ദേഹത്തിനു സഹിക്കേണ്ടിവന്ന പീഡകളെപ്പററി മാത്രം പറഞ്ഞ് ഇങ്ങനെ തുടൎന്നുപോയാൽ, ജീവിതത്തിൻെറ അവസാനദിനങ്ങളിൽ അദ്ദേഹത്തിന് അനുഭൂതമായ വിഷാദാത്മകത്വത്തെക്കുറിച്ചു നമുക്ക് ഒരു അറിവും കിട്ടുകയില്ല. ദൌൎഭാഗ്യത്താൽ മർദ്ദിതഹൃദയനായും, സ്വജനങ്ങളാൽ തിരസ്കൃതനായുംതീൎന്ന തന്നെ ദൈവവുംകൂടി ഉപേക്ഷിച്ചുവെന്ന് അദ്ദേഹത്തിനു തോന്നി. ഈ അവസാനത്ത്യാഗമായിരുന്നു, അദ്ദേഹത്തിൻെറ കുരിശുകളിൽ ഏററം വലിയത്.

തൻെറ പീഡാപാനപാത്രത്തിലെ അവസാനത്തുള്ളിയുംകൂടി കുടിക്കുന്നതിനു ദൈവം അദ്ദേഹത്തെ നിയോഗിച്ചു. പാരീസ് പട്ടണത്തിലെ വികാരിയച്ചൻ, അധികകാലം ഒരു മിണ്ടാവേദക്കാരനാൽ അവഹേളിക്കപ്പെട്ടിരുന്ന ഒരു തിരുവോസ്തി ഫാദർ ഏമാർഡിൻെറ പക്കൽ കൊണ്ടുവന്നു. പതിന്നാലു കൊല്ലങ്ങൾക്കു മുമ്പു മതവിദ്വേഷികളായ കുറേ മിണ്ടാവേദക്കാർ ഒരു ദിവ്യസക്രാരി കുത്തിത്തുറന്നു. തിരുവോസ്തികളെല്ലാം നിലത്തിട്ടു ചവുട്ടിമെതിച്ചു. ഒന്നും അപഹരിക്കാതെ അവർ മടങ്ങിപ്പോകുകയും ചെയ്തു.

അതിലൊരാൾ വീട്ടിലെത്തിയപ്പോൾ, തൻെറ ചെരിപ്പിൻെറ അടിയിൽ തിരുവോസ്തി പററിപ്പിടിച്ചിരിക്കുന്നതായി കണ്ടു. അതു നശിപ്പിച്ചുകളയുവാൻ ധൈര്യമില്ലാതിരുന്ന അയാൾ, രണ്ടു കൊല്ലത്തോളം, തൻെറ പോക്കററ് ബുക്കിൽ അതു സൂക്ഷിച്ചുകൊണ്ടു നടന്നു. ഒരു ദിവസം, അയാൾ ഭയചകിതനായി വിചാരിച്ചു. "ഞാൻ ദൈവത്തെത്തന്നെയാണ് ഇങ്ങനെ കൊണ്ടുനടക്കുന്നതെങ്കിൽ!" ഉടൻതന്നെ തിരുവോസ്തിയെ ഒരു ചെറിയ പെട്ടിയിലാക്കി, തൻെറ മേശയിൽ അയാൾ ഭദ്രമായി സൂക്ഷിച്ചു. പന്ത്രണ്ടു കൊല്ലങ്ങൾക്കു ശേഷം, അയാൾ മനസ്സു തിരിഞ്ഞപ്പോൾ, ആ തിരുവോസ്തി വികാരിയച്ചനെ ഏല്പിക്കയും ചെയ്തു. അതാണ് ഇപ്പോൾ ഫാദർ ഏമാർഡിൻെറ പക്കൽ കൊണ്ടുവരപ്പെട്ട തിരുവോസ്തി.

ഈ സംഭവം ഫാദർ ഏമാർഡിനെ തപ്തഹൃദയനാക്കി.

ആദ്യം തൻെറ വികാരങ്ങളെ അദ്ദേഹം അടക്കി. വൈകുന്നേരമായപ്പോൾ, അവഹേളനാപാത്രമായ ആ തിരുവോസ്തിയെ, ആരാധനാപീഠത്തിൽ എഴുന്നള്ളിച്ചുവച്ചിട്ട്, അവഹേളനത്തിനും നിന്ദയ്ക്കും പരിഹാരമായി, രാത്രിമുഴുവൻ ചെലവഴിക്കുന്നതിനു തൻെറ സന്യാസികളെ അദ്ദേഹം ക്ഷണിച്ചു. തൻെറ ക്ഷീണസ്ഥിതി ഗൗനിക്കാതെ, അദ്ദേഹവും അധികസമയം ദിവ്യനാഥൻെറ മുമ്പിൽ പരിഹാരമനുഷ്ഠിച്ചു.

## IV

തൻെറ ജീവിതത്തിൻെറ അന്ത്യവർഷങ്ങളിൽ, കുരിശുകളായിരുന്നു അദ്ദേഹത്തിൻെറ ദൈനംദിനാനുഭവം എന്നു പറയുന്നതിൽ അതിശയോക്തി ലവലേശമില്ല. ഇതിൽ അദ്ദേഹത്തിന് അത്ഭുതം തോന്നിയില്ല.

അദ്ദേഹം എഴുതുന്നു: "ദൈവം നമ്മെ അത്യന്തം സ്നേഹിക്കുന്നു. കുരിശുകൾവഴിയാണ്, ദൈവം തൻെറ സ്നേഹിതരോടു പ്രതിദാനം ചെയ്യുന്നത്. ഉദാഹരണത്തിന്, വിശുദ്ധ സ്നാപകയോഹന്നാനെത്തന്നെ എടുക്കുക. നിത്യവചനത്തിൻെറ വരവിനെക്കുറിച്ച് അദ്ദേഹം പ്രസംഗിച്ചു. സധൈര്യം അതിനു സാക്ഷ്യം നല്കി. എന്നാലോ, അദ്ദേഹം ശിരച്ഛേദത്താൽ മരണം വരിക്കുവാൻ ദൈവം അനുവദിച്ചു. ഈ രക്തസാക്ഷിത്വത്തെ സസ്നേഹം അദ്ദേഹം സ്വീകരിച്ചു. തൻെറ വിധിയെ അദ്ദേഹം പഴിച്ചില്ല . . . . . "

ആന്തരികമായ കുരിശുകളേയും പരീക്ഷകളേയും കുറിച്ചു പറയുമ്പോൾ മററുള്ളവ കേവലം നിസ്സാരങ്ങളായി ഭവിക്കുന്നു. കാരണം, നമ്മുടെ കർത്താവുതന്നെയാണ് ഈ ആന്തരികകുരിശുകൾവഴി ആത്മാവിനെ പീഡിപ്പിക്കുന്നത്. ഫാദർ ഏമാർഡ് തന്നെ അവയെ പ്രത്യക്ഷീകരിച്ചില്ലായിരുന്നുവെങ്കിൽ നമുക്ക് അവയിൽ ഒന്നും അറിയുവാൻ സാധിക്കുമായിരുന്നില്ല. സാക്ഷാത്തായ സ്നേഹത്തെപ്പററി പഠിച്ചുകൊണ്ടിരുന്നപ്പോൾ, അദ്ദേഹം അറിയാതെ ഈ ആന്തരിക കുരിശുകളെപററി പറയുവാൻ തുടങ്ങി. സ്വന്താനുഭവത്തിൽനിന്നാണു താൻ ഇതൊക്കെ

പറയുന്നതെന്ന്, അദ്ദേഹത്തിന്റെ മുഖം അന്നേരം വീക്ഷിച്ചിരുന്ന ഏവനും ബോധ്യമാകുമായിരുന്നു.

"ദൈവത്തെപ്രതി ദൈവത്തെ സ്നേഹിക്കുന്ന ഒരുതരം സ്നേഹമുണ്ട്. പരിത്യാഗത്തിലാണ് അതു ജീവിക്കുന്നത്." സാക്ഷാത്തായ സ്നേഹം പരിത്യാഗത്തിലും, സ്വമനസ്സാലെയുള്ള സഹനത്തിലും അടങ്ങിയിരിക്കുന്നു . . . . ഈ വിധം ദൈവത്തെ സ്നേഹിക്കുവാൻ ആഗ്രഹിക്കുന്ന ഒരു ആത്മാവിനെ ദൈവം പീഡിപ്പിക്കുന്നു. ഭയങ്കരങ്ങളായ കുരിശുകൾ, അതിനു സഹിക്കേണ്ടിവരും! അവിടുന്ന് അതിനെത്തന്നെ ബലി കഴിക്കും – സ്വാതന്ത്ര്യ അതിൽ വീണ്ടുംവീണ്ടും പ്രത്യക്ഷപ്പെട്ട ബോൾ, ദൈവം അതിദാരുണം അതിനെ പീഡിപ്പിക്കുന്നു. ആദ്ധ്യാത്മികാന്ധകാരത്തിൽ ആത്മാവ് നിപതിക്കുന്നു. വിശ്വാസത്തിനും ശരണത്തിനും എതിരായ പ്രലോഭനങ്ങളാൽ ആത്മാവ് വലയംചെയ്യപ്പെടുന്നു. എല്ലായിടത്തും അസ്സമാധാനം അതിന് അനുഭവപ്പെടുന്നു. ആത്മീയനിയന്താവിന് ഇതിൽ ഒന്നും ചെയ്യാൻ സാധിക്കുന്നില്ല. കഴിഞ്ഞതിനെപ്പററി ഓക്കുമ്പോൾ അതു ഞെട്ടുന്നു. വത്തമാനസ്ഥിതിയെ നോക്കുമ്പോൾ അതു ഞെട്ടുന്നു. എന്താണു ചെയ്യേണ്ടത്? — എല്ലാം ക്ഷമയോടെ സഹിക്കണം. നമ്മുടെ കത്താവ് ഈ സ്ഥിതിയെ അനുവദിക്കുന്നു. പക്ഷെ അതു നമ്മെ അറിയിക്കുന്നില്ല.

— — — — — — —

"തന്നിലേയ്ക്കു് ആകർഷിക്കുന്നതിനു താൻ ആഗ്രഹിക്കുന്ന സവ് ആത്മാക്കളോടും ദൈവം ചെയ്യുന്നത് ഈ വിധമാണ്. സഹനംവഴി മാത്രമേ ദൈവവുമായി ഒന്നിക്കുവാൻ സാധിക്കയുള്ളൂ."

## V

ഏവംവിധങ്ങളായ പീഡകളും, ദുരിതങ്ങളും, കുരിശുകളും ഫാദർ ഏമാർഡിന്റെ ആരോഗ്യത്തെ സാരമായി സ്പർശിച്ചു. തന്റെ മരണത്തിനുമുമ്പുള്ള ഒരു കൊല്ലം, അദ്ദേഹം വിവിധ രോഗങ്ങളാൽ ബാധിതനായി. കുഴിമാടംവരെ അവ അദ്ദേഹത്തെ പീഡിപ്പിച്ചുമിരുന്നു. ഏററം ദാരുണമായിരുന്നു അദ്ദേ

ഹത്തെ ഗ്രസിച്ച വാതരോഗം. അദ്ദേഹത്തിൻെറ ഓരോ അവയവത്തേയും അതു മാറിമാറി പീഡിപ്പിച്ചിരുന്നു.

ഈ രോഗത്തെപ്പററി ഏമാർഡച്ചൻ പറയുന്നതു കേൾക്കുക: "സൗകര്യപ്രദമായ ഒരു രോഗമാണിത്. യാതൊരു ബാഹ്യലക്ഷണവും ഇതിനില്ല. എന്നാൽ ഒരുത്തൻ ഉള്ളിൽ അനവധി പീഡകൾ സഹിക്കുന്നു. അന്യരിൽനിന്നുള്ള അനുകമ്പ ഇതുമൂലം ആകർഷിക്കപ്പെടുന്നില്ല. അങ്ങനെ സകലതും കർത്താവിനുവേണ്ടി സഹിക്കുന്നതിന് ഒരുവനു കഴിയുന്നു."

ഈ രോഗം അദ്ദേഹത്തിൻെറ പുണ്യവർദ്ധനവിന് ഉതകിയതുതന്നെയായിരുന്നു.

ഞരമ്പുവലിവ് എന്ന രോഗത്താൽ അദ്ദേഹം പലപ്പോഴും ഉഗ്രമായി പീഡിപ്പിക്കപ്പെട്ടിരുന്നു. ഏററം ചെറിയ കാരണം മതിയായിരുന്നു ഇതു് ഉണ്ടാകുന്നതിന്. ഇങ്ങനെയെല്ലാം പീഡിതനായിരുന്നെങ്കിലും ദിനംപ്രതിയുള്ള ആരാധനയും, ദിവ്യകാരുണ്യത്തെക്കുറിച്ചുള്ള പ്രഭാഷണവും ഒന്നും അദ്ദേഹം മുടക്കിയിരുന്നില്ല.

ഇതിനിടയിൽ, തൻെറ അന്ത്യത്തെപ്പററിയുള്ള ചിന്ത അദ്ദേഹത്തിന് ഉണ്ടായിക്കൊണ്ടിരുന്നു. ഈ വിചാരം അദ്ദേഹത്തിന്, ആശ്വാസദായകവും അതേസമയം ആകുലകാരണവുമായിരുന്നു. അദ്ദേഹം എഴുതുന്നു: "എനിക്ക് ഇനിയും പലതും ചെയ്യേണ്ടതായിട്ടുണ്ട്. സർവ്വതും ചെയ്തുതീർക്കുന്നതിനുള്ള സമയം എനിക്കു ലഭിക്കുവാൻ പ്രാർത്ഥിച്ചാലും. അന്യരുടെ കാര്യങ്ങളിൽ സദാ വ്യാപൃതനാണു ഞാൻ. വിശ്രമത്തിന് ഒരു നിമിഷംപോലും എനിക്കില്ല."

വാസ്തവത്തിൽ, സകല മണിക്കൂറിലും സന്ദർശകന്മാർ നിരവധി വന്നുകൊണ്ടിരുന്നു. എല്ലാവരേയും ഒന്നുപോലെ അദ്ദേഹം സ്വീകരിച്ചുമിരുന്നു.

ഈ സന്ദർശനങ്ങൾക്കൊക്കെ ഒരു കൃത്യസമയം നിശ്ചയിക്കണമെന്നും, അതുവിട്ട് ഒരു സന്ദർശകനേയും സ്വീകരിക്കുകയില്ല എന്നു നിഷ്കർഷിക്കണമെന്നും ഒരിക്കൽ ഒരു സ്നേഹിതൻ ഫാദർ ഏമാർഡിനെ ഉപദേശിച്ചു. അദ്ദേഹത്തിൻെറ ഉത്തരം ഇപ്രകാരമായിരുന്നു. "നമ്മുടെ കർത്താവിനു നിശ്ചിത സമയം

ഒന്നുമില്ലല്ലോ. നിങ്ങളുടെ ഉപദേശം ഞാൻ അനുസരിക്കയാണെങ്കിൽ ഞാൻ അവിടുത്തേ സേവകനായിരിക്കയില്ല. യജമാനൻ എല്ലാ സമയത്തും മററുള്ളവരെ സ്വീകരിക്കുന്നതിനു തയ്യാറായിരിക്കുന്നതുപോലെ സേവകനും, സന്നദ്ധനായിരിക്കണം."

നിസ്സാര സംഗതികളാൽ താൻ ആവഹിക്കപ്പെടുന്നുവെന്ന്, ഒരിക്കൽ ഒരാൾ അദ്ദേഹത്തെ കുററപ്പെടുത്തി. അദ്ദേഹം പ്രതിവചിച്ചു: "എൻെറ സാഹായ്യം അഭ്യർത്ഥിച്ചുവരുന്നവൎക്ക്, ഞാൻ നിസ്സാരമെന്നു കരുതുന്ന കാര്യങ്ങൾ, അതിപ്രധാനങ്ങൾതന്നെയാണ്. തീൎച്ച."

പ്രാൎത്ഥനാപീഠത്തിൽവച്ചു മരണമടയുന്നതിനാണു ഫാദർ എമാർഡ് അഭിലഷിച്ചത്. എന്നാൽ ഈ വരം ദിവ്യനാഥൻ അദ്ദേഹത്തിനു നല്കിയില്ല. തൻെറ വിശ്വസ്തദാസൻ കുറേക്കൂടി സഹിക്കുന്നതിന് അവിടുന്നു നിശ്ചയിച്ചു.

# പത്തൊമ്പതാം അദ്ധ്യായം.

## ദിവ്യകാരുണ്യനാഥ.

സെൻ മൌരീസിലുള്ള നവസന്യാസഗൃഹത്തിൽ, അവിടുത്തേ ഏകാന്തതയിൽ പ്രാൎത്ഥനാനിരതനാകുന്നതിനുവേണ്ടി സാധാരണ ഫാദർ എമാർഡ് പൊയ്ക്കൊണ്ടിരുന്നു. 1868 മേയ് 1—ാംതീയതി, അവിടെവച്ച് അക്കൊല്ലത്തെ മേയ്മാസഭക്തി അദ്ദേഹം ഉൽഘാടനം ചെയ്തു. ആ അവസരത്തിൽ അദ്ദേഹം ചെയ്ത പ്രസംഗം, പരിശുദ്ധ കന്യകയോടു നമുക്കുള്ള കടമകളെക്കുറിച്ചായിരുന്നു. ആ പ്രസംഗത്തിൻെറ അവസാന

ഭാഗം ഇങ്ങനെയായിരുന്നു: "പരിശുദ്ധ പരമദിവ്യകാരുണ്യത്തിൻെറ മാതാവെന്നു നമുക്കു മറിയത്തെ അഭിസംബോധന ചെയ്യാം. "പരിശുദ്ധ പരമദിവ്യകാരുണ്യത്തിൻെറ മാതാവേ, ആരാധകക്കു മാതൃകയും മാതാവുമായവളേ, നിൻെറ സഹായം അഭ്യത്ഥിക്കുന്ന ഞങ്ങൾക്കുവേണ്ടി പ്രാത്ഥിക്കേണമേ" എന്നു നമുക്കു തുടരെത്തുടരെ ഉരുവിടാം."

സ്വഗ്ഗീയനാഥയോടുള്ള ഭക്തിയും ബഹുമാനവും കൃതജ്ഞതയും അദ്ദേഹത്തിൻെറ വദനം സമൃക്കായി ദ്യോതിപ്പിച്ചിരുന്നു. ദിവ്യകാരുണ്യത്തിലേയ്ക്കു തന്നെ ആനയിച്ചതു് അവളായിരുന്നു. തൻെറ ദുരിതപൂണ്ണമായ ദിനങ്ങളിൽ ആശ്വാസഗേഹമായിരുന്നതും അവളായിരുന്നു. തൻെറ അവസാന നിമിഷങ്ങൾ അടുത്തുവരുന്ന ഈ അവസരത്തിൽ, തൻെറ സന്യാസികൾക്ക് ഈ നാഥയെക്കാൾ ഉറച്ച ഒരു സങ്കേതം ഉണ്ടാകുവാനില്ല.

ദിവ്യകാരുണ്യനാഥ എന്ന അഭിധാനത്തിൽ പരിശുദ്ധ കന്യകയെ മഹത്വപ്പെടുത്തേണമെന്നുള്ള ആഗ്രഹം അദ്ദേഹത്തിൻെറ ഹൃദയത്തിൽ കുടികൊള്ളുവാൻ തുടങ്ങിയിട്ട് അധികനാളുകളായിരുന്നു. 1855—ൽ അഭിവന്ദ്യ ഫാദർ ജാൻഡലിനു് അദ്ദേഹം അയച്ച എഴുത്തു് ഇതിനു സാക്ഷ്യം വഹിക്കുന്നു. എന്നാൽ ഈ നവീനാഭിധാനത്തിലുള്ള ഭക്തി പ്രചരിപ്പിക്കുന്നതിൽ അദ്ദേഹം വളരെ അവധാനതയോടുകൂടിയാണു പ്രവത്തിച്ചുകൊണ്ടിരുന്നതു്.

എന്നാൽ, തൻെറ മരണം അടുത്തുവരുന്ന ഈ ഘട്ടമാണു് ഈ ഭക്തിയെ ഔപചാരികമായി സന്യാസികൾക്കു് ഉപദേശിച്ചുകൊടുക്കേണ്ട അവസരം എന്നു് അദ്ദേഹത്തിനു ബോധ്യമായി.

## II

ഫാദർ എമാർഡ് പറയുന്നു: "ദിവ്യകാരുണ്യനാഥ എന്നുള്ളതു് ഒരു പഴയ സത്യത്തിൻെറ പുതിയ പേരാകുന്നു."

മറിയത്തിൻെറ ജീവിതത്തിലെ എല്ലാ രഹസ്യങ്ങളേയും നാം ബഹുമാനിക്കുന്നു. അതിനുതകത്തക്കതായ കാരണങ്ങളു

മുണ്ട്. ധ്യാനനിരതരായ ആത്മാക്കൾക്ക് ഒരു മാതൃകയാണ് നസ്രത്തിലെ മറിയത്തിൻെറ ജീവിതം. മറിയത്തിൻെറ വ്യാകുലതകളെക്കുറിച്ചുള്ള ധ്യാനം, പീഡിതരായ ആത്മാക്കൾക്ക് ആശ്വാസദായകമാണ്. — ചുരുക്കത്തിൽ, പരിശുദ്ധ കന്യകയുടെ ഓരോ പ്രവൃത്തിയും ഏവനും, ആകർഷകവും അനുകരണാർഹവുമാകുന്നു. ഇപ്രകാരമുള്ള ഒന്നാണ്, മറിയം നയിച്ച ജീവിതം. ദിവ്യകുമാരൻെറ സ്വർഗ്ഗാരോഹണത്തിനു ശേഷം, അനവധി വർഷങ്ങൾ അവൾ ലോകത്തിൽ ജീവിച്ചു. അവൾ എങ്ങിനെയാണ് ആ ദിവസങ്ങൾ കഴിച്ചത്? നമ്മുടെ അമ്മയുടെ ജീവിതത്തിൻെറ പ്രധാനമായ ഈ ഘട്ടത്തിൽ നിന്ന് എന്തെല്ലാം പുതിയ നന്മകളാണു നമുക്ക് ആർജ്ജിക്കുവാൻ സാധിക്കുന്നത്? ശ്ലീഹന്മാരുടെ നടപടിപ്പുസ്തകം അതിന് ഉത്തരം നല്കുന്നു. "അവർ, അപ്പത്തിൻെറ മുറിക്കലിൽ പങ്കുകൊണ്ടു നിരന്തരം ജീവിച്ചു." (നടപടി - II - 42)

ദിവ്യകാരുണ്യത്തിലും ദിവ്യകാരുണ്യത്താലുമുള്ള ജീവിതം — ഇതായിരുന്നു ആദിമകാലത്തിലെ സഭയുതെ പ്രത്യേകത. വിശുദ്ധ ലൂക്കാ എഴുതിയ 'ശ്ലീഹന്മാരുടെ നടപടികൾ' എന്ന ആദിമസഭാചരിത്രം, ഈ വസ്തുതയ്ക്കു സാക്ഷ്യം നല്കുന്നു. ഇതായിരുന്നു പരിശുദ്ധ കന്യകയുടേയും ജീവിതാന്ത്യദശയുടെ ചുരുക്കം. തൻെറ ഉദരത്തിൻെറ പരിശുദ്ധ ഫലത്തെത്തന്നെ അവൾ ആരാദ്ധ്യമായ തിരുവോസ്തിയിൽ വീണ്ടും ദർശിച്ചു. അതുപോലെ ബെത്‌ലെഹമിലേയും നസ്രത്തിലേയും തൻെറ ജീവിതംതന്നെ ദിവ്യകാരുണ്യവുമായുള്ള സംസർഗ്ഗത്തിൽ അവൾക്ക് അനുഭവപ്പെട്ടു. മറിയമായിരുന്നു, എല്ലാററിലും കൂടുതലായി ദിവ്യകാരുണ്യപരമായ ജീവിതം കഴിച്ചത്.

ആയതിനാൽ, ദിവ്യകാരുണ്യത്തിനായി മാത്രം ജീവിക്കുന്നതിന് ആഗ്രഹിക്കുന്നവർക്കും, ദിവ്യകാരുണ്യത്തെ, തങ്ങളുടെ ജീവിതകേന്ദ്രമായി നിശ്ചയിച്ചിട്ടുള്ളവർക്കും, ദിവ്യകാരുണ്യസേവനം മാത്രം തങ്ങളുടെ പരിപാടിയാക്കിയിട്ടുള്ളവർക്കും മറിയത്തിൽ ഒരു വിശിഷ്ടമാതൃകയെ ദർശിക്കുവാൻ സാധിക്കുന്നു. അവൾ ചെയ്തതുപോലെ, അവരും ആ ജീവിതത്തിൽ നിരന്തരം നിലനില്ക്കണം.

ഇവയെപ്പററിയെല്ലാം വിശദീകരിച്ചുകൊണ്ടു ഫാദർ എമാർഡ് തുടരുന്നു: "മറിയത്തെ ഒരമ്മയായി നമുക്കു കർത്താവു നല്കിയിരിക്കുന്നു. അതുകൊണ്ട്, സ്നേഹസുതരെപ്പോലെ നാം അവളെ ബഹുമാനിക്കയും സ്നേഹിക്കയും വേണം.

"എന്നാൽ നമ്മുടെ ദൈവവിളിയുടെ ആ ചൈതന്യം നമുക്കു ലഭിക്കുന്നതിനും മററുമായി, മറിയം നയിച്ച ആ ജീവിതത്തെ അനുകരിക്കുന്നതിനു നാം ശ്രമിക്കണം. ദിവ്യകാരുണ്യ സേവനത്തിനും, അതിൻെറ മഹത്ത്വത്തിനുമായി, ചെലവഴിക്കപ്പെട്ട ഒരു ജീവിതമായിരുന്നു അത്."

"യേശുവിനോടുകൂടി മരിക്കുന്നതിനാണു മറിയം കാൽവരിമുകളിലേയ്ക്കു കയറിയത്. എന്നാൽ പ്രേഷ്ഠശിഷ്യനായ വിശുദ്ധ യോഹന്നാനിൽ തനിക്കു ലഭിച്ച ദത്തുപുത്രനോടുകൂടി അവൾ മലമുകളിൽനിന്നിറങ്ങി. അതെ, ദിവ്യകാരുണ്യസ്ഥിതനായ ഈശോയുടെ പാദത്തിൻകീഴെ അവളുടെ പുതിയ മാതൃത്വം ആരംഭിക്കുന്നതിനുതന്നെ."

"നിങ്ങൾ ദിവ്യകാരുണ്യസേവനത്തിനായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നെങ്കിൽ അതിനുള്ള കാരണം മറിയമാണ്. അവളാണ്, നമ്മുടെ കർത്താവിൻപക്കലേയ്ക്കു നിങ്ങളെ ആനയിച്ചിട്ടുള്ളത്."

"അവളായിരിക്കട്ടെ നിങ്ങളുടെ നായിക. രാജാവായ യേശുക്രിസ്തുവിൻെറ വിശ്വസ്തസേവകരായിത്തീരുന്നതിന്, ആദ്യം, ആ ദിവ്യനാഥൻെറ സേവകരുടെ രാജ്ഞിയും മാതാവുമായ മറിയത്തിൻെറ വിശ്വസ്തമക്കളായിരിക്കുക. തൻെറ ദൈവികസുതൻെറ സുകൃതങ്ങളുടെ ഒരു ഉത്തമമാതൃകയാണ് അവൾ. അവിടുത്തെ സ്നേഹത്തിൻെറ രഹസ്യം അവർക്കു സുജ്ഞാതമാണ്. നമ്മിൽ ഈശോയുടെ പ്രതിരൂപം ഉണ്ടാക്കുക എന്നതാണ് അവളുടെ മഹനീയമായ വേല . . . . "

"തൻെറ മക്കളുടെ രൂപവൽക്കരണവും വിദ്യാഭ്യാസവുമാണ് ഒരു മാതാവിൻെറ കടമ. കുരിശിൽ മരണാസന്നനായി തൂങ്ങിക്കിടന്നിരുന്നപ്പോൾ നമ്മുടെ കർത്താവ് അവളോട് ഇപ്രകാരം പറഞ്ഞിരിക്കണം. "ഞാൻ നിർവ്വഹിച്ച മനുഷ്യോദ്ധാരണത്തിൻെറ ഫലങ്ങൾ മുഴുവനും മനുഷ്യരുടെ നിത്യരക്ഷാ

സമ്പാദനവും, എന്റെ സ്നേഹക്രൂദാശയുടെ സേവനവും ഞാൻ നിനക്കു വിട്ടുതരുന്നു. നീ ചെയ്യുതുപോലെ എന്നെ ആരാധിക്കുന്നവരും സേവിക്കുന്നവരുമായ ആരാധകരെ ഉണ്ടാക്കുക നിന്റെ ജോലിയായിരിക്കുന്നു."

"അതിനാൽ ഈശോയുമായുള്ള നിങ്ങളുടെ സഹവാസത്തിൽ, മറിയത്തിന്റെ വിചാരങ്ങളെ പ്രതിഫലിപ്പിക്കുവാനും, അവളുടെ സംസാരത്തെ ഉദ്ഗിരണംചെയ്യുവാനും, അവളുടെ പ്രവൃത്തികളെ അനുകരിക്കാനും, അവളുടെ സ്നേഹത്തിലും സഹനത്തിലും ഭാഗഭാക്കുകളാകുവാനും ശ്രമിക്കുവിൻ. അങ്ങനെ, മറിയംവഴി, എല്ലാം ക്രിസ്തുവിനെ പ്രതിബിംബിപ്പിക്കും. അവിടുത്തെ കൂടുതൽ മഹത്ത്വത്തിനുവേണ്ടി പ്രവർത്തിക്കുന്നതിനും, അവിടുത്തെ ഉപര്യുപരി സേവിക്കുന്നതിനും നിങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും."

നമ്മുടെ പ്രധാന കടമകളെ അദ്ദേഹം വിശദീകരിച്ചിരിക്കുന്നു. മറിയംവഴി, അവയുടെ നിർവ്വഹണത്തിനുള്ള മാർഗ്ഗങ്ങൾ അദ്ദേഹം നിർദ്ദേശിക്കുന്നു.

"മറിയത്തിന്റെ ജീവിതമായിരിക്കട്ടെ നിങ്ങളുടേയും മാതൃക. അവിടെ, ദിവ്യകാരുണ്യാരാധകയും സേവകയും ആയി അവൾ സ്ഥിതിചെയ്യുന്നു. അതെ, അവളോടുകൂടി നിങ്ങളും മുട്ടുകുത്തി അവളോടുകൂടി ആരാധിക്കുക. ദിവ്യകാരുണ്യത്തിന്റെ മുമ്പിൽ രാത്രിയുടേയും പകലിന്റേയും പ്രധാന ഭാഗം അവൾ ചെലവഴിച്ചിരുന്നുവെന്ന് ആർക്കാണു നിഷേധിക്കുവാൻ സാധിക്കുന്നത്. അവിടെ അവളുടെ ദിവ്യപുത്രൻ സന്നിഹിതനാണ്. അവൾ അവിടുത്തെ പൂർണ്ണമായി ആരാധിച്ചു. രണ്ടുപേരുടേയും ഹൃദയങ്ങൾ, ദൈവമഹത്ത്വത്തിന്റെ ദീപനാളങ്ങളായി ഒന്നിച്ചു ജ്വലിച്ചു. ദൈവം, തന്റെ ദാസിയാൽ, പരിപൂർണ്ണമായി ആരാധിതനായി."

"തന്റെ ദിവ്യമാതാവിന്റെ ഈ ഭക്ത്യാദരവിനെ സ്വീകരിക്കുന്നതിൽ ഈശോ എത്രയോ സന്തോഷിച്ചിരിക്കണം! തന്റെ ദിവ്യകാരുണ്യസന്നിധാനം അവൾക്ക് എത്രകണ്ട് ആശ്വാസദായകമായിത്തീർന്നിരിക്കുന്നു എന്ന വിചാരം അവിടുത്തേയ്ക്ക് എത്രയോ പ്രീതിജനകമായിരിക്കണം! മറിയത്തിനു

വേണ്ടി മാത്രം ഈശോ ദിവ്യകാരുണ്യം സ്ഥാപിക്കുമായിരുന്നേനെ! . . . ."

ദിവ്യകാരുണ്യജീവിതത്തിൻെറ മററൊരു പ്രധാന കടമ ദിവ്യകാരുണ്യസ്വീകരണമാണ്.

ദിവ്യകാരുണ്യസ്വീകരണത്തിനായി നിങ്ങൾ പോകുമ്പോൾ മാതാവിൻെറ വിചാരങ്ങളും വികാരങ്ങളും നിങ്ങളിൽ ഉണ്ടാക്കുവാൻ ശ്രമിക്കുക. അതുവഴി അവളുടെ വിശ്വാസത്തോടും സ്നേഹത്തോടുംകൂടി നിങ്ങൾ നമ്മുടെ കത്താവിനെ സ്വീകരിക്കും."

"അതെ! ദിവ്യകാരുണ്യസ്വീകരണത്തിന് ഏററവും ഉത്തമമായ ഒരുക്കം ഇതാണ്. നിങ്ങളിൽ തൻെറ പരിശുദ്ധ അമ്മയെ ദർശിക്കുന്ന യേശു, വളരെ സംപ്രീതനായി നിങ്ങളുടെ ഹൃദയങ്ങളിലേയ്ക്കു് എഴുന്നെള്ളും."

ദിവ്യകാരുണ്യസേവനത്തിൻെറ മാതൃകയും മറിയം തന്നെയാണ്.

"പ്രാത്ഥനാലയത്തിൽ, മറിയമാണു ദിവ്യകാരുണ്യത്തിനാവശ്യമുള്ള സാധനങ്ങൾ ഒരുക്കിയിരുന്നതു്. നിങ്ങൾ ഇപ്രകാരം പ്രവത്തിക്കുമ്പോൾ, മറിയത്തെക്കുറിച്ചു ധ്യാനിക്കുക – ഈ വിചാരം നിങ്ങൾക്കു സന്തോഷദായകമായിരിക്കും."

മറിയത്തിൻെറ ദിവ്യകാരുണ്യരഹസ്യം മുഴുവൻ ഫാദർ ഏമാർഡ് വിശകലനംചെയ്തു. ഈ പഠനത്തിന് അദ്ദേഹം അനുസരിച്ചതു്, പുണ്യവാന്മാരുടേയും സഭാപിതാക്കന്മാരുടേയും കൃതികളായിരുന്നു. ഫാദർ ഏമാർഡ് എഴുതുന്നു: "സെറാഫിം, കെരൂബിം മുതലായ മാലാഖാമാരുടെ ജ്ഞാനത്തെ അതിശയിക്കുന്ന ഒരു ജ്ഞാനമാണു മറിയത്തിനുള്ളതു്. ഇതു് ഈശോയുടെ ഹൃദയത്തെ അവഗാഢം അറിയുന്നതിന് അവളെ പര്യാപ്തയാക്കി. ദിവ്യകാരുണ്യമാകുന്ന ദാനത്തിൻെറ മഹനീയതയെ, എല്ലാ സൃഷ്ടികളേയുംകാൾ കൂടുതൽ അവൾ പൂണ്ണമായി മനസ്സിലാക്കിയിരുന്നു.

ഈ കൂദാശയുടെ സ്ഥാപനത്തിൽ, ഈശോയ്ക്കു് അനുഭവിക്കേണ്ടിവന്ന സകല ത്യാഗങ്ങളും, ആന്തരികയാതനകളും ഒലിവു തോട്ടത്തിൽവച്ച് അവിടുന്ന് അനുഭവിച്ച ഭയങ്കര

പീഡകൾ അറിഞ്ഞിരുന്നതുപോലെ, അവൾ ഗ്രഹിച്ചിരുന്നു. ഈ ക്രൂദാശവഴി തന്റെ പ്രിയസുതൻ നീചമനുഷ്യരിൽ നിന്ന് അനുഭവിക്കുവാനിരിക്കുന്ന അധിക്ഷേപങ്ങളും അവ ഹേളനങ്ങളും അവൾ നേരത്തെ കണ്ടിരുന്നു."

കാൽവരിമലമുകളിൽ തന്നെ ബലിയായി അർപ്പിക്കുന്നതിനു നമ്മുടെ കർത്താവ്, പരിശുദ്ധ കന്യകയിൽനിന്ന്, അനുവാദം ചോദിച്ചുവെന്നുള്ളത് ഒരു പാരമ്പര്യവിശ്വാസമാണ്. ഇതിനെ അടിസ്ഥാനമാക്കി ഫാദർ ഐമാർഡ് എഴുതുന്നു: "തന്റെ അന്തിമവിജയത്തിനുള്ള സമയം സമാഗതമായിരിക്കുന്നുവെന്നും, ആരാധ്യമായ ദിവ്യകാരുണ്യക്രൂദാശയെ താൻ സ്ഥാപിക്കുവാൻ പോകുന്നുവെന്നും മറ്റും അവിടുന്ന്, ഒടുക്കത്തേ അത്താഴത്തിനുമുമ്പ് അവളെ അറിയിച്ചപ്പോൾ, എത്ര മാത്രം അവൾ സന്തോഷിച്ചിട്ടുണ്ടാവും."

"ഇത്ര മഹത്തായ വാർത്താശ്രവണത്തിൽ, അവൾ തന്റെ കുമാരനെ കൃതജ്ഞതാഭരിതമായ ഹൃദയത്തോടുകൂടി പ്രണമിച്ചു. . . . . . ദിവ്യകാരുണ്യത്തിൽ അവിടുത്തേ സേവിക്കുന്നതിനു തന്നെത്തന്നെ അർപ്പിച്ചു . . . . ."

"ഹാ! എന്തൊരു അമ്മയാണ് അവൾ! എന്തൊരു മാതൃക! അവളോടുകൂടി ആരാധന നടത്തുന്നതിനും, അവളിൽനിന്ന് ദിവ്യരക്ഷകനെ സ്നേഹിക്കേണ്ട വിധം അഭ്യസിക്കുന്നതിനും സാധിച്ച ശ്ലീഹന്മാർ എത്രയോ ഭാഗ്യവാന്മാർ!"

മറിയത്തെക്കുറിച്ചുള്ള ഫാദർ ഐമാർഡിന്റെ പ്രഭാഷണത്തിൽനിന്ന് ഉദ്ധരണികൾ ഇനിയും നല്കുന്നതിനു സ്ഥലം അനുവദിക്കുന്നില്ല.

ദിവ്യസുതനും, അമ്മയും തമ്മിലുള്ള ഈ ബന്ധത്തെക്കാറം കൂടുതൽ വാസ്തവികവും, മഹനീയവും, മഹത്വപൂർണ്ണവുമായ വേറെ ഒന്നുംതന്നെയില്ല.

ഇങ്ങനെയുള്ളതായിരുന്നു ഫാദർ ഐമാർഡ് ദിവ്യകാരുണ്യത്തിനു നല്കിയ അന്ത്യമഹത്വം. അതെ, ദിവ്യക്രൂദാശയിൽ വാഴുന്ന കർത്താവിനും അവിടുത്തേ മാതാവിനും നല്കിയ മഹത്വം.

# ഇരുപതാം അധ്യായം.

## അന്തിമനിമിഷങ്ങൾ.

"അതിസൂക്ഷ്മത്വം എന്നിൽനിന്നു ദിവ്യനാഥൻ ആവശ്യപ്പെടുന്നതിനാൽ, എൻെറ അന്ത്യം സമീപിച്ചിരിക്കുന്നുവെന്ന് എനിക്കു തോന്നുന്നു" ഫാദർ ഏമാർഡ്.

മലിനമായ യാതൊന്നിനും പ്രവേശിക്കുവാൻ വഹിയാത്ത സ്വർഗ്ഗജീവിതത്തിനു തന്നെ കൂടുതൽ പ്രാപ്തനാക്കുന്നതിനാണു തന്നിൽനിന്ന് ഏററവും സാന്ദ്രമായ നിഷ്കളങ്കതയെ ദിവ്യനാഥൻ ആവശ്യപ്പെടുന്നതെന്ന്, ദൈവത്തിൻെറ വഴികളെ അറിഞ്ഞിരുന്ന, അദ്ദേഹം സകാരണം അനുമിച്ചു. തൻെറ ആത്മീയസ്ഥിതിയെപ്പററി പരിചിന്തിക്കുന്നതിന്, ജീവിതത്തിൻെറ ഈ അന്ത്യദശയിൽ അദ്ദേഹത്തിനു സൗകര്യം ലഭിച്ചു. ഏററം ആശ്വാസജനകമായിരുന്നു ഇത്. ദിവ്യകാരുണ്യമാതാവിൻെറ സംരക്ഷണത്തിൽ, അദ്ദേഹം നടത്തിയ ധ്യാനത്തിൻെറ നിശ്ശബ്ദമായ യാമങ്ങളിൽ, വിധിയാളൻെറ മുമ്പിൽ പ്രത്യക്ഷപ്പെടുന്നതിനു മുമ്പായി, തന്നെ കൂടുതൽ ശുദ്ധീകരിക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചു.

തൻെറ ആത്മാവിൻെറ അന്തരാളത്തെ തുറന്നു കാട്ടുന്നതോടുകൂടി തനിക്കെതിരായി അദ്ദേഹംതന്നെ കൊണ്ടുവന്ന കുററാരോപണങ്ങളെ നാം ശ്രവിക്കയാണെങ്കിൽ, ദൈവത്തിൻെറ പരിശുദ്ധിയുടെ ഒരു രശ്മിതന്നെ അദ്ദേഹത്തിൻെറ അന്തരാത്മാവിനെ സ്പർശിച്ചെന്നും, അദ്ദേഹത്തെ അതു ഭയചകിതനാക്കിയെന്നും നമുക്കു തോന്നിപ്പോകും.

"കർത്താവ് എന്നിൽ സംപ്രീതനല്ലെന്ന് എനിക്കു തോന്നുന്നു. കാരണം, അവിശ്വസ്തദാനമാണു ഞാൻ. അവിടുത്തെ മഹിമയെ ഞാൻ ഗൗനിക്കുന്നില്ല. അവിടുത്തെ സ്നേഹത്തെ ഞാൻ വകവയ്ക്കുന്നില്ല."

"എന്നാൽ, ഓ, എൻെറ ദൈവമേ, എൻെറ നികൃഷ്ട

തയെ അറിയിക്കുവാൻ അവിടുന്ന് എന്നെ അനുവദിക്കുന്നതു കൊണ്ട്, എനിക്കു മാപ്പു ലഭിക്കുമെന്നല്ലേ ഞാൻ ആശിക്കേണ്ടതു്? ഞാൻ പ്രാർത്ഥിക്കുന്നതിന് അവിടുന്ന് ആഗ്രഹിക്കുന്നതുകൊണ്ട്, എന്റെ പ്രാർത്ഥന ചെവിക്കൊള്ളപ്പെടുമെന്നല്ലേ ഞാൻ വിശ്വസിക്കേണ്ടതു്? നീ എന്നും വാഴ്ത്തപ്പെട്ടവനാകട്ടെ. എന്തെന്നാൽ, കരുണാപൂർവം നീ പാപിയായ ഈ സേവകനെ വീക്ഷിച്ചിരിക്കുന്നു.''

തനിക്കു നല്കപ്പെട്ട നിരവധി കൃപാവരങ്ങൾ എന്തുകൊണ്ടാണ് അവയ്ക്കനുസൃതമായ ഫലങ്ങൾ നല്കാതിരുന്നതെന്നു ഫാദർ എമാർഡ് ആരായുവാൻ തുടങ്ങി. താൻതന്നെയാണ് അപരാധിയെന്ന് അദ്ദേഹത്തിനു ബോധ്യപ്പെട്ടു. ക്രിസ്തുവിന്റെ എളിമയെ, സുദൃഢം അനുകരിക്കുന്നതിനും അതിനെ അവഗാഢം ആശ്ലേഷിക്കുന്നതിനും പകരം, ദൈവശുശ്രൂഷയിലുള്ള ആ മഹത്ത്വത്തെ അതെ, ദിവ്യകാരുണ്യസേവനംവഴിയുള്ള തന്റെ ഉയർച്ചയെ — മാത്രമേ ആഗ്രഹിച്ചുള്ളു എന്നതായിരുന്നു അദ്ദേഹം തന്നിൽക്കണ്ട അപരാധം.

അദ്ദേഹം പറയുന്നു: "എല്ലാററിലും മുമ്പായി എന്നെ പ്രതിഷ്ഠിക്കുന്നതിനുള്ള ഈ ആഗ്രഹം, ഉദ്ധൃതമായ എന്റെ പ്രകൃതിയുടെ അവസാനത്തെ അടയാളമാണ്. ഓ, മറിയമേ! ഒരിക്കൽ നീ എന്നെ ഈശോയ്ക്കു സമർപ്പിച്ചു. ഇതാ ഇപ്പോൾ വീണ്ടും അവിടുത്തേ പക്കലേയ്ക്കു് എന്നെ നീ ആനയിക്കുക.''

തന്റെ സ്നേഹവിഷയങ്ങളെക്കുറിച്ച്, ഒന്നുംതന്നെ പഴിക്കേണ്ടതായി അദ്ദേഹം കണ്ടില്ല. "ദിവ്യകാരുണ്യസ്ഥിതനായ ഈശോയിൽ എന്നും അധിഷ്ഠിതമായതാണ് എന്റെ ഹൃദയം. വേറെ ആരും അതിനെ കൈവശമാക്കിയിട്ടില്ല.'' അദ്ദേഹത്തിന്റെ ഈ വാക്കുകൾ യഥാർത്ഥങ്ങളായിരുന്നു.

അതിനാൽ, ദുഷ്ടതാബീജം അന്യത്രയാണെന്നു തെളിഞ്ഞു. അതിന്റെ ആസ്ഥാനം കണ്ടുപിടിക്കുവാൻ എമാർഡച്ചന് അധികസമയം വേണ്ടിവന്നില്ല. അനുസ്യൂതം അടിച്ചമർത്തിയിട്ടും, പിന്നെയും തലപൊക്കിയിരുന്ന സ്വാർത്ഥതയാണ് ആ ദോഷാസ്ഥാനമെന്ന് അദ്ദേഹം അറിഞ്ഞു.

അദ്ദേഹം പറയുന്നു: "എന്റെ ആത്മാവ് അലസതയിൽ

അഴന്നെങ്കിൽ അതിനുള്ള കാരണം, എൻെറ ബുദ്ധിയുടെ ഔദ്ധത്യമാണ്. ബാഹ്യമാത്രമായ ഗുണത്തെ കാംക്ഷിക്കുന്നതിൽ എൻെറ ബുദ്ധി അതീവതല്പരയാണ്. സവ്വവിധ ഗുണങ്ങളുടേയും അസ്ഥാനമായ ദൈവത്തെ അതു തള്ളിക്കളയുന്നു. ഇവിടെയാണു തെററു സ്ഥിതിചെയ്യുന്നത്. ഇവിടെയ്ക്കാണ് എൻെറ സവ് ശ്രദ്ധയും തിരിയേണ്ടത്. സ്വാഭീഷ്ടമനുസരിച്ചുള്ള അഭിപ്രായത്തെ തള്ളിക്കളഞ്ഞ് ദൈവത്തിൻെറ ഇഷ്ടാനുസാരം പ്രവത്തിക്കുവാൻ ഞാൻ പരിശ്രമിക്കണം. എല്ലാററിലും എൻെറ നാഥനെയാണ് ആശ്രയിക്കേണ്ടത്."

ഈ വിനീത മനസ്ഥിതിയാണു നമ്മുടെ കത്താവു കാത്തുകൊണ്ടിരുന്നത്. അതോടെ മനസ്സമാധാനം അദ്ദേഹത്തിനു കൈവന്നു. കൃതജ്ഞതാപൂണ്ണമായ ഹൃദയത്തോടുകൂടി അദ്ദേഹം ഉൽഘോഷിച്ചു. "ഓ! ഈശോയേ, എനിക്കു സത്യവും, പ്രകാശവും, എൻെറ ആഗ്രഹങ്ങൾക്കുള്ള നിയമവും നീയായിരിക്കും. . . . . . . നിൻെറ നിശ്ശബ്ദതയിൽ, ഞാൻ നിന്നിൽനിന്നുള്ള അടയാളത്തെ പാത്തിരിക്കും. സകല പ്രവൃത്തികളിലും എൻെറ ഉദ്ദേശത്തെ ഞാൻ ഉപേക്ഷിക്കും. . . . ദിവ്യകാരുണ്യസ്ഥിതനായ എൻെറ നാഥനുവേണ്ടി, എൻെറ ജീവിതത്തിലെ ഓരോ നിമിഷവും ഞാൻ ചെലവഴിക്കും."

അദ്ദേഹത്തിൻെറ ഈ നിശ്ചയം വളരെ കാര്യങ്ങളെ സമാഹരിക്കുന്നു. അതെ, ദൈവം കാണുന്നതുപോലെ ഫാദർ ഏമാർഡ് തന്നെത്തന്നെ ദശിച്ചു. ദൈവത്തിൻെറ അനന്തനന്മയിൽ സമാശ്രയിച്ചുകൊണ്ട്, തൻെറ ഏക യജമാനൻെറ ശുശ്രൂഷയിൽ ദിവസങ്ങൾ സന്തോഷപൂവ്വം അദ്ദേഹം നയിച്ചു. തന്നിൽ നിശ്ചയിക്കപ്പെട്ട കാര്യങ്ങളെ അദ്ദേഹം നിവ്വഹിച്ചോ ഇല്ലയോ എന്നദ്ദേഹം നോക്കിയിരുന്നില്ല; കാരണം, എല്ലാററിലും ദൈവതിരുമനസ്സനുസരിച്ചാണ് അദ്ദേഹം പ്രവത്തിച്ചിരുന്നത്.

## II

തൻെറ അന്ത്യദിവസങ്ങൾ അടുത്തുവരുന്നതായി ഫാദർ ഏമാർഡിനു ബോധ്യമായി. എന്നാൽ മററുള്ളവർ അതിൽ

ആകുലരാകുന്നതിന് അദ്ദേഹം ആഗ്രഹിച്ചില്ല. അന്തിമനിമിഷം വരെ സ്വയമേവ അനവസാനമായി പ്രവർത്തിക്കുവാനായിരുന്നു അദ്ദേഹത്തിൻെറ അഭിലാഷം. എന്നാൽ അദ്ദേഹത്തിൻെറ ക്ഷീണസ്ഥിതി സഹവാസികളുടെ ദൃഷ്ടിയിൽപ്പെടുകയും, ലാമ്പ രേയിലുള്ള തൻെറ ഗൃഹത്തിലേയ്ക്കു പോകുന്നതിന് അവർ അദ്ദേഹത്തെ നിർബന്ധിക്കുകയും ചെയ്തു. അവിടെയുള്ള വാസം, അദ്ദേഹത്തിൻെറ ആരോഗ്യസ്ഥിതിയെ നന്നാക്കുമെന്നാണ് അവർ ആശിച്ചത്.

"മഹത്ത്വമാതാവി"ൻെറ ആലയത്തെ വീണ്ടും സന്ദർശിക്കുന്നതിനുള്ള അവസരത്തെ കാത്തുകൊണ്ടിരുന്ന അദ്ദേഹം ഒടുവിൽ, തൻെറ സഹവാസികളുടെ നിർബന്ധങ്ങൾക്കു വിധേയനായി. അദ്ദേഹം എഴുതുന്നു: "പരിശുദ്ധ കന്യക, എനിക്ക് ഏററവും വലിയ കരുണാദാനങ്ങളെ നല്കിയ സ്ഥലത്തേയ്ക്കു പോകുവാൻ ഞാൻ എപ്രകാരം ആഗ്രഹിക്കുന്നു? പന്ത്രണ്ടു വയസ്സുള്ളപ്പോൾ, പൊതുപാപസങ്കീർത്തനാനന്തരം എൻെറ പാപങ്ങളെക്കുറിച്ചു പശ്ചാത്തപിച്ചു കണ്ണീരൊഴുക്കിയ ആ സ്ഥലം ഞാൻ ഇപ്പോഴും ദർശിക്കുന്നു. ഇഷ്ടംപോലെ അവിടെനിന്നു പ്രാർത്ഥിക്കുവാൻ ഞാൻ എത്രമാത്രം അഭിലഷിക്കുന്നു."

ജൂലൈ 17-ാംതീയതി വെള്ളിയാഴ്ച അദ്ദേഹം പാരീസ് വിട്ടു. യാത്രയുടെ തലേദിവസം മുഴുവനും വാതരോഗത്തിൻെറ കഠിനയാതനകളാൽ പീഡിതനായിരുന്നുവെങ്കിലും, വൈകുന്നേരം പതിവുപോലുള്ള പ്രസംഗം നടത്തുകതന്നെ ചെയ്തു.

അദ്ദേഹത്തിൻെറ ആ അവസാന പ്രസംഗത്തിൻെറ അന്തിമവചസ്സുകൾ ഇതായിരുന്നു. "ദൈവത്തിൻെറ സ്നേഹത്തെ നാം അറിഞ്ഞിരിക്കുന്നു." ദൈവം നമ്മെ സ്നേഹിക്കുന്നുവെന്നു ദൃഢമായി വിശ്വസിക്കുന്നതിലാണു നമ്മുടെ ആധ്യാത്മികജീവിതം അടങ്ങിയിരിക്കുന്നത്. പ്രവൃത്തിപരമായ വിശ്വാസം, സത്യത്തെ അറിയുന്നതുകൊണ്ടു മാത്രം തൃപ്തിപ്പെടുന്നില്ല; അതിനെ സ്നേഹിക്കുന്നതിന്, അതു വെമ്പുന്നു. ദിവ്യകാരുണ്യസ്ഥിതനായ ഈശോതന്നെയാണു സ്നേഹം. അതിനാൽ ദിവ്യകാരുണ്യത്തിലുള്ള ജീവത്തായ ഒരു വിശ്വാസം

വഴിയാണ്, ക്രിസ്തുനാഥന്റെ സ്നേഹത്തിനു പ്രതിസ്നേഹം നാം പ്രകാശിപ്പിക്കേണ്ടത്. അതുകൊണ്ട്, ദിവ്യകാരുണ്യത്തിൽ പരിശുദ്ധവും നിഷ്കപടവുമായ ഒരു വിശ്വാസം ലഭിക്കാനായി പ്രാർത്ഥിക്കുക. നിത്യസത്യങ്ങളുടെ അതിസൂക്ഷ്മങ്ങളായ വശങ്ങളെ വിശകലനംചെയ്തു പഠിപ്പിക്കുന്നതിനു മനുഷ്യർക്കു സാധിച്ചേക്കാം. എന്നാൽ അവയിൽ വിശ്വസിക്കുന്നതിനു പ്രാപ്തന്മാരാക്കുന്നതിന് ഈശോയ്ക്കു മാത്രമേ സാധിക്കുകയുള്ളൂ. നിങ്ങളുടെ വിശ്വാസത്തിന്റെ ഐന്ദ്രികവശങ്ങളെ ആസ്വദിക്കുന്നതിനും അനുഭവിക്കുന്നതിനും മാത്രമല്ല, അതിനെ നിങ്ങളിൽ ദൃഢീകരിക്കുന്നതിനും ഉജ്ജ്വലിപ്പിക്കുന്നതിനും യത്നിക്കയാണു നിങ്ങൾ ചെയ്യേണ്ടത്.

"ആ! ദിവ്യകാരുണ്യം ഉള്ളപ്പോൾ, നമുക്കു എന്താണു പോരാത്തതായുള്ളത്."

ഗ്രേനോബിളിലെ, 'ലാസാലെററ് മാതാ'വിന്റെ ആലയത്തിൽ ജൂലൈ 21—ാംതീയതി ഫാദർ ഏമാർഡ് ദിവ്യപൂജ അർപ്പിച്ചു. മുപ്പത്തിരണ്ടു കൊല്ലങ്ങൾക്കു മുമ്പു തന്റെ പ്രഥമ ദിവ്യപൂജ അർപ്പിക്കപ്പെട്ടതു മാതാവിന്റെ ഒരു ആലയത്തിൽ തന്നെയായിരുന്നു. എത്രയോ വരങ്ങളാണ് അന്നു പരിശുദ്ധ കന്യക അദ്ദേഹത്തിനു നല്കിയത്! ഇന്നും അവളുടെ അൾത്താരയിൽ ദിവ്യകർമ്മങ്ങൾ അനുഷ്ഠിക്കുന്നതിന്, ക്ഷീണഗാത്രനായ ഈ സേവകനെ പ്രാപ്തനാക്കിയതു് അവൾതന്നെയാണ്. കൃതജ്ഞതാപ്രകാശനത്തെ മുഴുവനാക്കുവാൻ ക്ഷീണാധിക്യത്താൽ അദ്ദേഹത്തിന് അന്നു കഴിഞ്ഞില്ല.

സായാഹ്നമായപ്പോഴം അദ്ദേഹത്തിന് അല്പം സുഖം തോന്നി. ലാമൂരേയിലേയ്ക്കുള്ള തന്റെ യാത്രയെ തുടരുന്നതിന് അദ്ദേഹം നിശ്ചയിച്ചു. എന്നാൽ അദ്ദേഹത്തിന്റെ രോഗസ്ഥിതി യാത്രയ്ക്കു പററിയതായിരുന്നില്ല. തലച്ചോറു സംബന്ധിച്ച ഒരു രോഗം അദ്ദേഹത്തെ ബാധിച്ചു. തലയുടെ പകുതിഭാഗം മരവിച്ചുപോയി. ഒരു വാക്കുപോലും ഉച്ചരിക്കുന്നതിന് അദ്ദേഹത്തിനു കഴിയാതെയാവുകയും ചെയ്തു.

വാഹനത്തിൽനിന്നിറങ്ങിയതോടെ അദ്ദേഹം തന്റെ സോദരിയുടെ കരങ്ങളിലേയ്ക്കു വീണു. അവസാന മണിക്കൂറു

കൾ സ്വസഹോദരിയോടുകൂടി ചെലവഴിക്കുന്നതിന്, അദ്ദേഹത്തെ അനുവദിച്ചുകൊണ്ട്, ആ സഹോദരിയുടെ സഹോദരസ്നേഹത്തെ ദൈവം സമ്മാനിച്ചു.

ഫാദർ എമാർഡിൻെറ അന്ത്യസമയം കൂടുതൽ അടുത്തു. രോഗം ഉഗ്രമായി അദ്ദേഹത്തെ പീഡിപ്പിക്കുവാൻ തുടങ്ങി. അതിനെ ചെറുത്തുനില്ക്കുവാനുള്ള ശക്തി അദ്ദേഹത്തിൻെറ ശരീരത്തിനില്ലായിരുന്നു. എന്നാൽ നിശിതമായിരുന്ന ആ രോഗപീഡകൾ അദ്ദേഹം സക്ഷമം സഹിച്ചു. ക്ഷമയുടേയും പരിത്യാഗത്തിൻേറയും ഉത്തമമാതൃകയായി അദ്ദേഹം പ്രശോഭിച്ചു. തൻെറ സുഖപ്രാപ്തിക്കായി നടത്തപ്പെട്ട പ്രാത്ഥനകൾ, അദ്ദേഹം മന്ദസ്മിതസമന്വിതം സ്വീകരിച്ചു. സംസാരിക്കുന്നതിന് അദ്ദേഹം അപ്രാപ്തനായിരുന്നു. ജീവിതത്തേയും മരണത്തേയും ഒരുപോലെ അദ്ദേഹം വീക്ഷിച്ചു. ദിവ്യകാരുണ്യപരമായ ശുശ്രൂഷയിലെ ഒരു സാധാരണ പ്രവൃത്തിയായി അദ്ദേഹം മരണത്തെ കരുതി. നിരവധി ദുരിതങ്ങൾ സഹിച്ചു സ്ഥാപിക്കപ്പെട്ട സഭയിൽനിന്നു വേർപെടുത്തപ്പെട്ട്, മരണത്തിനു തന്നെത്തന്നെ ഒരുക്കേണ്ടിവന്നതു് ഒരു പരിത്യാഗപ്രവൃത്തിയായി അദ്ദേഹം എണ്ണി. ഇതുമൂലം സ്വനാഥൻെറ അഭീഷ്ടാനുസൃതമാണു പ്രവത്തിക്കുന്നതെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. ഇതിനാലാണു തന്നെ സന്ദശിക്കുവാൻ വന്ന രണ്ടു സന്യാസികളോട്ട് അദ്ദേഹം പറഞ്ഞതു്. “നിങ്ങൾ എന്തിനാണു വന്നതു്? ഇത്ര ബുദ്ധിമുട്ടേണ്ട ആവശ്യമില്ലായിരുന്നല്ലോ!”

തൻെറ ശയനമുറിയിൽവച്ചു രണ്ടു പ്രാവശ്യം ദിവ്യപൂജ കാണുന്നതിനുള്ള ഭാഗ്യം അദ്ദേഹത്തിനുണ്ടായി. ഇതായിരുന്നു അദ്ദേഹത്തിന് ആ ദിവസങ്ങളിൽ ദിവ്യനാഥൻ നല്കിയ ആശ്വാസം. രണ്ടാമത്തേ തവണ അദ്ദേഹം തൃപ്പാഥേയം സ്വീകരിച്ചു. തലേദിവസം അന്ത്യക്രൂദാശകൾ അദ്ദേഹത്തിനു നല്കപ്പെട്ടിരുന്നു. അതിനുശേഷം സ്വസഹോദരിയോട്ട് അദ്ദേഹം പറഞ്ഞു: “ഞാൻ പോകട്ടെ, പ്രിയസോദരീ, എല്ലാം പൂത്തിയായിരിക്കുന്നു.”

അദ്ദേഹം പറഞ്ഞതു ശരിയായിരുന്നു. തൃപ്പാഥേയം സ്വീകരിച്ചിട്ടു കുറേ മണിക്കൂറുകൾക്കുശേഷം അദ്ദേഹം അന്ത്യ

ശ്വാസം വലിച്ചു. മരണപാരവശ്യം ഒന്നും അപ്പോൾ ദൃശ്യമായിരുന്നില്ല. ക്രൂശിതനായ യേശുവിന്റെ പ്രതിമയിൽ നിക്ഷിപ്തങ്ങളായിരുന്നു അദ്ദേഹത്തിന്റെ നയനങ്ങൾ അപ്പോൾ.

മരണാനന്തരം, അദ്ദേഹത്തിന്റെ മുഖം ഒരു അസാധാരണ പ്രഭയാൽ പൂരിതമായി. മൃത്യുവിനെക്കാൾ, ജീവനാണു മുഖത്തു കാണപ്പെട്ടത്. അടുത്തുനിന്ന അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ വിലപിച്ചിരുന്നെങ്കിലും അദ്ദേഹത്തിന്റെ മുഖം ഒരു ചെറുമന്ദസ്മിതത്താൽ ശോഭിച്ചിരുന്നു. "ഞാൻ ഇവിടെ ഉണ്ടെങ്കിലും ഇല്ലെങ്കിലും അതു കാര്യമില്ല. നിങ്ങൾക്കു സദാ ദിവ്യകാരുണ്യം അടുത്തില്ലേ?" എന്ന് അവരോടു പറയുന്നതുപോലെ തോന്നും ആ മുഖഭാവം കണ്ടാൽ.

ഒരു ശനിയാഴ്ചയായിരുന്നു അദ്ദേഹം മരണമടഞ്ഞത്. 'ബന്ധിതനായ വിശുദ്ധ പത്രോസി'ന്റെ തിരുനാൾദിനമായ ആഗസ്റ്റ് 1—ാംതീയതിയായിരുന്നു അത്. അന്ന് അദ്ദേഹത്തിന് 57 വയസ്സു പ്രായമുണ്ടായിരുന്നു.

വൈദികവസ്ത്രങ്ങളിൽ പൊതിയപ്പെട്ട ആ മൃതദേഹം, ഞായറാഴ്ച വൈകുന്നേരംവരെ, പ്രേക്ഷകർ വണങ്ങുന്നതിനായി, പ്രദർശിപ്പിക്കപ്പെട്ടു. അദ്ദേഹത്തിന്റെ ദേഹത്തു സ്പർശിക്കുന്നതിനു സാധനങ്ങൾ കൊണ്ടുവന്ന ആളുകളുടെ എണ്ണം നിസ്സീമമായിരുന്നു.

അടുത്തുള്ള ഇടവകകളിലെ വൈദികർ, ശവമഞ്ചം വഹിക്കുന്നതിന്, സ്വയം മുൻപോട്ടു വന്നു. അത് ഒരു വലിയ ബഹുമാനമായി അവർ കരുതി. ഒരു വലിയ ജനക്കൂട്ടം സന്നിഹിതമായിരുന്നു അദ്ദേഹത്തിന്റെ സംസ്കാരകർമ്മങ്ങളിൽ.

ദൈവാലയത്തിന്റെ മുഖപ്പിനടുത്താണ് അദ്ദേഹത്തിന്റെ മൃതദേഹം സംസ്കരിക്കപ്പെട്ടത്. ഈ ദൈവാലയത്തിൽവച്ചാണ്, ഈശോ അദ്ദേഹത്തെ അവിടുത്തെ ശുശ്രൂഷയ്ക്കായി ആദ്യം വിളിച്ചത്.

1877—ൽ ആ ശരീരം പാരീസിലേയ്ക്കു മാററപ്പെട്ടു. കോർപ്പുസ് ക്രിസ്റ്റി ചാപ്പലിന്റെ അൾത്താരയ്ക്കു കീഴിൽ അതു സൂക്ഷിക്കപ്പെടുകയും ചെയ്തു. ദിവ്യകാരുണ്യത്തിന്റെ മഹാരാധകനും പ്രചാരകനുമായ ഫാദർ ഏമാർഡിന്റെ ആഗ്രഹം

അങ്ങനെ സഫലീകൃതമായി. "നാഥനായ ഈശോയേ, നീ വാഴുക. നിൻെറ ദിവ്യകാരുണ്യസിംഹാസനത്തിന് ഒരു പാദപീഠമായിത്തന്നെ ഞാൻ തീരട്ടെ."

# ഇരുപത്തിയൊന്നാം അദ്ധ്യായം.

## മരണാനന്തരം.

ദിവ്യകാരുണ്യസഭയുടെ ശൈശവദശയിലാണ ഫാദർ ഐമാർഡ് മരണമടഞ്ഞത്. എന്നാൽ സ്വചൈതന്യത്തെ ഉൾക്കൊള്ളുന്നതും തൻെറ അന്യാദൃശമായ പുണ്യവിശേഷങ്ങളുടെ മങ്ങാത്ത ദൃഷ്ടാന്തത്തെ എടുത്തുകാട്ടുന്നതുമായ ഒരു നിയമസംഹിത, അന്ത്യശാസനമെന്നോണം അദ്ദേഹം അതിനു നല്കിയിട്ടുണ്ടായിരുന്നു. അദ്ദേഹത്തിൻെറ പുണ്യവിശേഷങ്ങളിൽ സമ്യക്കായി പ്രകാശിച്ചിരുന്നതു രണ്ടെണ്ണമാണ്: തിരുവോസ്തിയിലെ ക്രിസ്തുവിൻെറ സാന്നിധ്യത്തിലുള്ള സുദൃഢമായ വിശ്വാസം; ആരാധ്യനായ ദിവ്യനാഥൻെറ മഹിമയ്ക്കായുള്ള നിസ്സീമമായ തീക്ഷ്ണത.

തങ്ങളുടെ സഭാസ്ഥാപകൻെറ വിശുദ്ധിയുടെ വീരോചിതത്വത്തിൽ, ഫാദർ ഐമാർഡിൻെറ പ്രഥമാനുയായികൾക്കു പൂർണ്ണമായ വിശ്വാസമുണ്ടായിരുന്നു. ഇതിനുള്ള തെളിവുകൾ അദ്ദേഹത്തിൻെറ മരണാനന്തരം സജ്ജമാക്കപ്പെട്ട രേഖകൾ തന്നെയാണ്. പക്ഷേ, അദ്ദേഹത്തെ അനുഗൃഹീതനെന്നു പേരു വിളിക്കുന്നതിലേയ്ക്കുവേണ്ടി പ്രവത്തിക്കുവാൻ അവർ ഓത്തതേയില്ല. കൂടാതെ 1870—ൽ യുദ്ധം പൊട്ടിപ്പുറപ്പെടുകയും ചെയ്തു. പത്തു കൊല്ലങ്ങൾക്കു ശേഷം സന്യാസസഭകളെ

ബഹിഷ്കരിച്ചുകൊണ്ടുള്ള ശാസനങ്ങൾ പുറത്തുവന്നു. ഫ്രാൻസിലുണ്ടായ സകല സന്യാസാശ്രമങ്ങളും അടച്ചുപൂട്ടപ്പെട്ടു. ദിവ്യകാരുണ്യസഭാസന്യാസികളെല്ലാം, ബ്രസ്സൽസിൽ ഫാദർ ഏമാർഡിനാൽത്തന്നെ സ്ഥാപിതമായ ആലയത്തിൽ അഭയം പ്രാപിച്ചു.

കുറച്ചു കൊല്ലങ്ങൾക്കു ശേഷം റോമയിൽ നവമായി ഒരു ആശ്രമം തുറക്കപ്പെട്ടു. എങ്കിലും 1899-ൽ മാത്രമേ നാമകരണത്തെ സംബന്ധിച്ചുള്ള അന്വേഷണങ്ങൾ തുടങ്ങുന്നതിനു സാധ്യമായുള്ളൂ. ഈ കാര്യത്തിനുവേണ്ടി അവിശ്രമം പരിശ്രമിച്ചവരിൽ ഫാദർ എഡ്‌മോ ടെനായിയോ പ്രഥമസ്ഥാനം അർഹിക്കുന്നു.

1908 ആഗസ്റ്റ് 12-ാംതീയതി ദിവ്യകാരുണ്യസഭാസന്യാസികൾക്ക് അത്യന്തം ആനന്ദപൂർണ്ണമായ ഒരു ദിവസമായിരുന്നു. അന്നാണ്, പരിശുദ്ധ പിതാവ് ഫാദർ ഏമാർഡിന്റെ സിദ്ധപ്രഖ്യാപനസംരംഭത്തെ അംഗീകരിച്ചുവെന്നും, അതിനെ ഉന്നയിച്ചുകൊണ്ടുള്ള ലിഖിതങ്ങളിൽ അവിടുന്ന് ഒപ്പുവച്ചു എന്നുമുള്ള സന്തോഷവാർത്ത അവർക്കു ലഭിച്ചത്. അന്നത്തെ നടപ്പനുസരിച്ച് ഏമാർഡച്ചന്, അപ്പോൾ മുതൽ വന്ദ്യനെന്ന നാമം നല്കാമായിരുന്നു.

താമസിയാതെ, റീത്തുകളുടെ തിരുസ്സംഘം, വന്ദ്യനായ ഏമാർഡച്ചന്റെ സുകൃതങ്ങളെപ്പററിയുള്ള പരിശോധന നടത്തുന്നതിന്, ഗ്രേനോബിളിലേയും പാരീസിലേയും മെത്രാന്മാരെ നിയോഗിച്ചു. ഫാദർ ടെനായിയോയുടെ തീക്ഷ്ണമായ പ്രവർത്തനത്താൽ, കാര്യങ്ങൾ കാലതാമസംകൂടാതെതന്നെ തുടന്നു. 1909 ആഗസ്റ്റ് 10-ാംതീയതി 'സൂപ്പർനോൺ കൾത്തു' (Supernon Cultu) എന്ന, നാമകരണത്തെ സംബന്ധിച്ചുള്ള, ആദ്യതിരുവെഴുത്തു പ്രസിദ്ധീകൃതമായി. 'ദെ ഫാമാ സാൻതിത്താത്തിസ്' (De fama Sanetetates) 'ദെ വാലിദിത്താത്തെ ഓമ്നിയും പ്രൊചെസ്സൂം' (De Validitate Omnium Processuum) എന്ന തിരുവെഴുത്തുകൾ 1913-ലും 1914-ലും പരസ്യമാക്കപ്പെട്ടു.

1922 ജൂൺ 11—ാംതീയതി, പരിശുദ്ധ പിതാവിന്റെ പ്രത്യേകാഗ്രഹപ്രകാരം വന്ദ്യനായ ഏമാർഡിന്റെ പുണ്യങ്ങ

ളുടെ വീരോചിതത്വത്തെ പ്രഖ്യാപിച്ചുകൊണ്ടുള്ള തിരുവെഴുത്തും പ്രസിദ്ധീകൃതമായി.

## II

ഫാദർ ഏമാർഡിൻെറ മാധ്യസ്ഥ്യത്താൽ സംസിദ്ധമായ രണ്ട് അത്ഭുത രോഗശമനങ്ങൾ പിന്നീട് പരിശോധിക്കപ്പെട്ടു.

1916 ഏപ്രിൽ 30-ാംതീയതി, ചില്ലിയിൽ സൻടിയാഗോ ദേശത്ത്, ഉദരസംബന്ധമായ ഒരു ഉഗ്രവ്രണത്താൽ ബാധിതയായ ലൂസിൻഡാ സിഫുയെൻറസ് എന്ന യുവതിയുടെ സുഖപ്രാപ്തിയായിരുന്നു ആ അത്ഭുതസംഭവങ്ങളിൽ ആദ്യത്തേത്.

അധികനാളുകളായി ദുസ്സഹമായ പീഡകൾ അനുഭവിച്ചിരുന്ന പ്രസ്തുത സ്ത്രീയെപ്പററി ഡോക്ടർ പച്ചെക്കോ നല്കുന്ന സാക്ഷ്യം ഇതാണ്: "അവളുടേ അടുക്കലേയ്ക്കു ആനീതനായ എന്നോട്ട് രോഗത്തെ സംബന്ധിച്ചുള്ള എൻെറ അഭിപ്രായം എഴുതിക്കൊടുക്കണമെന്ന് അവളുടെ വീട്ടുകാർ ആവശ്യപ്പെട്ടു. തീർച്ചയായും അർബ്ബുദമാണു രോഗമെന്നു ഞാൻ വിധിയെഴുതുകയും ചെയ്തു. എൻെറ ഈ അഭിപ്രായത്തോടു മററ് അഞ്ചു ഡോക്ടർമാരും യോജിച്ചു. അന്ത്യദശയിൽ ഈ രോഗത്തെ തിരിച്ചറിയുന്നതിനും ഒരു വിഷമവുമില്ല. എൻെറ 27 കൊല്ലത്തെ വൈദ്യജോലിക്കിടയിൽ ഇത്രയും പ്രകടമായ ഒരു അർബ്ബുദരോഗം ഞാൻ കണ്ടിട്ടില്ല. മിസ്സ് സിഫുയെൻറസ് അതിദാരുണമായ പീഡകൾക്കു വിധേയയായിരുന്നു. ഒരു മരുന്നിനും, അവയെ ഒന്നു ശമിപ്പിക്കാൻകൂടി കഴിയുമായിരുന്നില്ല . . . . . അവൾക്കു കുറച്ചു നാളുകൾ മാത്രമേ ജീവിക്കുവാനുള്ളു എന്ന് അവളെ ആദ്യം ചികിത്സിച്ചിരുന്ന ഡോക്ടർമാർ ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടു . . . . . അസ്ഥിപഞ്ജരമോ എന്നു തോന്നും അവളെക്കണ്ടാൽ. അനുക്ഷണം മരിച്ചുകൊണ്ടിരിക്കുന്ന ഒരാളുടെ സകല ലക്ഷണങ്ങളും അവളിൽ ഞാൻ കണ്ടു . . . . ."

ഭൗതികമായ സർവ്വ ഔഷധങ്ങളും ഫലശൂന്യമെന്നു കണ്ട സിഫുയെൻറസ് ഫാദർ ഏമാർഡിൻെറ മാധ്യസ്ഥ്യം തേടി. പതിനഞ്ചു ദിവസത്തിനകം താൻ സുഖം പ്രാപിക്കുന്നുവെങ്കിൽ,

സിദ്ധപ്രഖ്യാപനത്തിനു വേണ്ടിവരുന്ന ചെലവു മുഴുവൻ നിർവ്വഹിക്കുന്നതാണെന്ന് അവൾ വാഗ്ദാനംചെയ്തു. തന്റെ പ്രാർത്ഥന ചെവിക്കൊള്ളപ്പെട്ടുമെന്നുള്ള ബോധം അവൾക്ക് അപ്പോൾ മുതൽ ഉളവായി. വേദന ഉഗ്രമാകുമ്പോൾ അവൾ ഉരുവിട്ടുമായിരുന്നു: "വന്ദ്യ ഏമാർഡച്ചാ, എന്നെ സുഖപ്പെടുത്തുക." അദ്ദേഹത്തിന്റെ വസ്ത്രത്തിന്റെ ഒരു കഷണത്തോടുകൂടിയ അദ്ദേഹത്തിന്റെ ഛായാപടം അവൾ തന്റെ ഉദരത്തിൽ സ്പർശിക്കുകയും ചെയ്തിരുന്നു. തന്റെ രോഗത്തിന്റെ സാക്ഷാത്തായ പ്രകൃതിയെക്കുറിച്ച് അവൾക്ക് ഒന്നുംതന്നെ അറിവില്ലായിരുന്നു. ഏപ്രിൽ 27—ാംതീയതിയോടുകൂടി രോഗശമന ലക്ഷണങ്ങൾ കണ്ടുതുടങ്ങി. മൂന്നു ദിവസങ്ങൾക്കുശേഷം അവൾ പൂർണ്ണസൗഖ്യം പ്രാപിച്ചു. ഭയങ്കരമായ ആ ഉദരരോഗത്തിന്റെ ലക്ഷണങ്ങളൊന്നും കാണുന്നില്ലെന്ന് ഡോക്ടർ സാക്ഷ്യം നല്കുകയും ചെയ്തു.

രണ്ടാമത്തെ അത്ഭുത രോഗശാന്തി ഇപ്രകാരമായിരുന്നു:- ഫ്രാൻസിൽ, അൻജേർസ് എന്ന സ്ഥലത്ത്, റെനീ ഫൂഷെറു എന്ന പേരോടുകൂടിയ പതിനഞ്ചു വയസ്സു പ്രായമുള്ള ഒരു പെൺകുട്ടി, ഇടത്തെ മുട്ടിൽ ഓസ്റ്റേയോമാ (Osteoma) എന്ന രോഗത്താൽ ബാധിതയായി. മൂന്നു കൊല്ലം തുടർച്ചയായി ഡോക്ടർമാർ അവളെ ചികിത്സിച്ചു. എന്നാൽ എല്ലാം നിഷ്ഫലങ്ങളായിരുന്നു. അതിദാരുണമായിരുന്നു അവളുടെ സ്ഥിതി. നിശിതമായി ആ അസ്ഥിപിളപ്പു രോഗം അവളെ പീഡിപ്പിച്ചുകൊണ്ടിരുന്നു.

തന്റെ രോഗശാന്തിയെപ്പററി അവൾതന്നെ നല്കുന്ന സാക്ഷ്യം ഇതാണ്: "1919 ജനുവരി 11—ാംതീയതി വന്ദ്യനായ പീററർ ജൂലിയൻ ഏമാർഡിനോട് ഒരു നവനാൾ ഞങ്ങൾ തുടങ്ങി. ആദ്യത്തെ ആറു ദിവസം എനിക്കു സഹിക്കേണ്ടിവന്ന വേദന വർണ്ണനാതീതമാണ്. എന്നാൽ അത്യത്ഭുതമേ! ഏഴാംദിനം, വേദന എങ്ങോ പോയി മറഞ്ഞു...... എന്റെ കാൽമുട്ടിന്റെ എക്സ്റേ ഫോട്ടോ എടുക്കപ്പെട്ടു. അരോഗദൃഢമായി അതു കാണപ്പെട്ടു. രോഗപീഡ അതിനുശേഷം എന്നെ ബാധിച്ചിട്ടില്ല."

രോഗശാന്തി പരിപൂൎണ്ണമായിരുന്നു; അതുപോലെ അതു പെട്ടെന്നുമായിരുന്നു. ഇതിന് അവളെ ചികിത്സിച്ചിരുന്ന ഡോക്ടർതന്നെ സാക്ഷിയാണ്.

തിരുസ്സംഘത്താൽ നിയമിതരായ നാലു ഡോക്ടർമാർ ഈ രണ്ടു രോഗശമനങ്ങളെ പരിശോധിച്ചു; അത്ഭുതസംഭവങ്ങളെന്ന് അവർ വിധിക്കുകയും ചെയ്തു.

ഫാദർ എമാർഡിൻെറ പുണ്യങ്ങളുടെ വീരോചിതത്വത്തെയും, അദ്ദേഹത്തിൻെറ മദ്ധ്യസ്ഥതയാൽ സംഭവിച്ച അത്ഭുത രോഗശമനങ്ങളേയും പ്രഖ്യാപിച്ചുകൊണ്ടുള്ള തിരുവെഴുത്തുകളുടെ പരസ്യത്തിനുശേഷം, അദ്ദേഹത്തെ അനുഗ്രഹീതനെന്നു പേർ വിളിക്കുന്നതിനു മുമ്പായി, 'ദെതുത്തോ' എന്നു പേരായ ഒരു യോഗംകൂടെ തിരുസ്സംഘത്തിനു കൂടേണ്ടിയിരുന്നു. 1925 മേയ് 12-ാംതീയതി മാർപ്പാപ്പായുടെ സാന്നിദ്ധ്യത്തിൽ തിരുസ്സംഘം ഈ യോഗം കൂടി. അടുത്ത കൊല്ലത്തിൽ ധന്യരെന്നും വിശുദ്ധരെന്നും നാമകരണം ചെയ്യേണ്ടവരുടെ പട്ടികയിൽ ഫാദർ എമാർഡിൻെറ നാമവും ചേർക്കപ്പെട്ടു. ഇപ്രകാരം പ്രാഥമികചടങ്ങുകൾ തുടങ്ങിയിട്ട് 25 കൊല്ലത്തിനുശേഷം ഫാദർ എമാർഡ് അനുഗ്രഹീതനെന്നു പ്രഖ്യാപിക്കപ്പെട്ടു. ഇതു നടന്നത് 1925 ജൂലൈ 12—ാംതീയതിയായിരുന്നു. സെൻറ് പീറേറഴ്സ് ബസിലിക്കായിൽ, വന്ദ്യനായ ഫാദർ എമാർഡിനെ അനുഗ്രഹീതനെന്നു പ്രഖ്യാപിക്കുന്ന തിരുവെഴുത്തു വായിക്കപ്പെട്ടു. 'തെദേവും' എന്ന സ്തുതിഗീതം ആലപിച്ചതോടുകൂടി, അനുഗ്രഹീതനായ ഫാദർ പീററർ ജൂലിയൻ എമാർഡിൻെറ ദീപ്തിമത്തായ രൂപം കാണികൾക്കു കാണാറായി.

ഇങ്ങനെ ക്രിസ്തീയ നഭോമണ്ഡലത്തിൽ, അനന്തമായി പ്രകാശിക്കുവാനിരിക്കുന്ന ഒരു വെള്ളിനക്ഷത്രം ഉദിച്ചുയൎന്നു— അനുഗ്രഹീതനായ പീററർ ജൂലിയൻ എമാർഡ്.

ACHARYA ... LIBRARY ... 15458

നിരീക്ഷകൻ



നിരീക്ഷകൻ

B 77/124

/209-222
OUT